# സമഗ്രവികസനരേഖ

## ശ്രീകൃഷ്ണപുരം
## ഗ്രാമ പഞ്ചായത്ത്



# ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്



# ഒൻപതാം പദ്ധതി ജനകീയ പദ്ധതി

## ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ

# പഞ്ചായത്ത് രാജ്
# ജനങ്ങളാൽ
# ജനങ്ങൾക്കുവേണ്ടി



Designed & Printed at : VIKAS Prints, Pgt. 1. Ph. : 530849

# ജനകീയാസൂത്രണം

## ജില്ലാതല പരിശീലനം നേടിയവർ

1. എം. സി. വാസുദേവൻ
2. സി. സി. ജയശങ്കർ
3. ടി. നീലകണ്ഠൻ
4. പി. വി. മുരളീധരൻ
5. എം. എം. സാവിത്രി
6. സി. അംബികാദേവി
7. എം. കുട്ടികൃഷ്ണൻ
8. കെ. അച്ച്യുതൻ നായർ
9. പി. ഗിരീശൻ
10. കെ. സുബ്രഹ്മണ്യൻ
11. ആർ. ചാമുണ്ണി
12. ഡേ. കെ. പി. അച്ച്യുതൻ കുട്ടി.
13. സരോജിനി അമ്മ.


## എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ:

എം. സി. വാസുദേവൻ

എഡിറ്റോറിയൽ സ്റ്റാഫ്:

സി. അംബികാദേവി
എം. കുട്ടികൃഷ്ണൻ
കെ. അച്ച്യുതൻ നായർ
കെ. സുബ്രഹ്മണ്യൻ
സി. സി. ജയശങ്കർ
എം. എം. സാവിത്രി
വി. സി. ഉണ്ണികൃഷ്ണൻ
ആർ. ചാമുണ്ണി

# ഉള്ളടക്കം


1. ആമുഖം
2. പഞ്ചായത്ത് : പൊതുവിതരണം
3. പ്രകൃതിയും, വിഭവങ്ങളും
4. സാമൂഹിക സാമ്പത്തിക സഹായം
5. കൃഷി , ജലസേചനം
6. മൃഗസംരക്ഷണം, മത്സ്യബന്ധനം
7. വ്യവസായം
8. വിദ്യാഭ്യാസം
9. കുടിവെള്ളവും പോതുജനാരോഗ്യവും
10. ഗതാഗതം
11. പാർപ്പിടവും സാമൂഹ്യക്ഷേമവും
12. സംസ്കാരം
13. വനിത
14. സഹകരണം
15. പട്ടികജാതി / പട്ടികവർഗ്ഗക്ഷേമവും
16. തൊഴിൽ
17. വിഭവസമാഹരണം
18. ഉപസംഹാരം

# ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് സാരഥികൾ



**അംബികാദേവി**
പ്രസിഡണ്ട്



**എം. കുട്ടികൃഷ്ണൻ**
വൈസ് പ്രസിഡണ്ട്



**കെ. അച്യുതൻ നായർ**
സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ



**പി. വത്സലകുമാരി**
സ്റ്റാന്റിങ്ങ്കമ്മിറ്റി മെമ്പർ



**വി.സി. ഉണ്ണികൃഷ്ണൻ**
സ്റ്റാന്റിങ്ങ്കമ്മിറ്റി മെമ്പർ



**പി. ഗിരീശൻ**
മെമ്പർ



**കെ. സുബ്രഹ്മണ്യൻ**
മെമ്പർ



**പി. അരവിന്ദാക്ഷൻ**
മെമ്പർ



**സി. മാധവിക്കുട്ടി**
മെമ്പർ



# 1

# ആമുഖം

ഭാരത ചരിത്രത്തിന് തിലകക്കുറി ചാർത്തിക്കൊണ്ട് വികസനത്തിന് പുതിയ നാന്ദി കുറിയ്ക്കലാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം. വികസന പ്രശ്നങ്ങളിൽ അന്യം നിന്നിരുന്ന ജനങ്ങളെ ആയുധമാക്കിക്കൊണ്ട് സ്വയം പര്യാപ്ത ഗ്രാമങ്ങൾ സൃഷ്ടിക്കലാണ് ഇതിന്റെ പരമ ലക്ഷ്യം. നാടിനെ അറിയലും നാട്ടറിവ് പ്രയോജനപ്പെടുത്തലും പ്രധാന ഘടകങ്ങളാണ്. വിവധ വകുപ്പുകൾ പരസ്പരബന്ധിയാകാതെ സമാന്തരമായിപോയിരുന്ന വികസനം, അതുപോലെ തുടർന്നാലുണ്ടാകുന്ന ദോഷം പരിഹരിക്കലാണ് ഈ പ്രസ്ഥാനത്തിന്റെ കാതൽ. അതിനാൽ ഉദ്യോഗസ്ഥാനുദ്യോഗസ്ഥ സാധാരണ ജനവിഭാഗങ്ങളുടെ ഇടപെടൽ സാധ്യതമാകും വിധമാണ് ഈ പ്രസ്ഥാനം തയ്യാറാക്കിയിട്ടുള്ളത്, കഴിഞ്ഞ പദ്ധതികളുടെ ഗുണങ്ങളെ സ്വാംശീകരിക്കുന്നതോടൊപ്പം കോട്ടങ്ങളെ നികത്തലും പ്രധാനമാണ്. ജനങ്ങളിൽ നിക്ഷിപ്ത മായ സാങ്കേതിക അറിവിനെ, സമൂഹത്തിന്റെ ഒത്താശയാൽ പദ്ധതികളിലൂടെ പ്രയോജനപ്പെ ടുത്തുകയാണ് ഈ ആസൂത്രണം ലക്ഷ്യമാക്കുന്നത്. അകലം പിടിച്ച് നീങ്ങിയ വകുപ്പുകളെ ജനഹസ്തങ്ങളിലൂടെ അടുപ്പിച്ച് വികസനത്തിന് ഊടും പാവും നെയ്യുക വഴി ഗ്രാമങ്ങളെ സ്വയം പര്യാപ്തമാക്കാൻ ഈ പ്രസ്ഥാനം വഴികാട്ടുന്നു. സാങ്കേതിക വിദ്യകൾ നാട്ടറിവിലൂടെ ഉയർന്നതാണെന്ന സത്യം പ്രവൃത്തി പഥത്തിൽ കൊണ്ടുവരാൻ ഇതുവഴി കഴിയുന്നു, കേരള ചരിത്രത്തിൽ ജനകീയ പ്രസസ്ഥാനങ്ങൾക്ക് മുഖ്യമായ സ്ഥാനം ഉണ്ട്. ഈ അറിവ് മണ്ണിൽ പ്രയോജനകരമാക്കുകയും ഈ പ്രസ്ഥാനം ലക്ഷ്യമിടുന്നു. ജനകീയ പ്രസ്ഥാനങ്ങൾ കേരള ചരിത്രത്തിന്റെ ഇഴകളാണ്. ജനകീയ സാക്ഷരതയെ വികസന സാക്ഷരതയിലേക്ക് നീക്കുമ്പോൾ കേരളം പുതിയ ചരിത്രം സൃഷ്ടിക്കുന്നു. രാഷ്ട്രീയ വൈരങ്ങളെ വികസന ചാണയിൽ തടവുമ്പോൾ പുതിയ ചരിത്രത്തിന് കേരളം സാക്ഷ്യം വഹിക്കുകയാണ്. അതിനാൽ ഏവരും ഇതിനെ ഹർഷപുളകിതമായി വരവേല്ക്കുന്നു. അതുവഴി വികസനത്തിന്റെ പുതിയ സത്ത ജനങ്ങൾ ഉൾക്കൊള്ളുന്നു. വികസനം എന്നാൽ ജീവിതം ചിട്ടപ്പെടുത്തലാണ് എന്ന സത്യം ഈ പ്രസ്ഥാനത്തിലൂടെ ജനം അറിയുന്നു.

ശ്രീ കൃഷ്ണപുരം പഞ്ചായത്ത് ഭരണസമിതി ഈ പ്രസ്ഥാനത്തെ താത്പര്യത്തോടെ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഓരോ തലത്തിലും നല്ല രീതിയിലുള്ള നേതൃത്വം ഏറ്റെടുത്ത് നടപ്പിലാക്കി യിട്ടുണ്ട്. യഥാസമയം വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ അതീവ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

ഈ പ്രസ്ഥാനത്തിന്റെ പഞ്ചായത്തിലെ വ്യത്യസ്തതല പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു.

1. ഒന്നാം ഘട്ട പരിശീലനം

പഞ്ചായത്തിൽ, ഈ പ്രസ്ഥാനത്തിന് നേതൃത്വപങ്കുവഹിക്കാൻ ജില്ലാ പരിശീലകരായി 5 പേർ 1996 Sept. 11,12,13 തിയതികളിൽ ഒറ്റപ്പാലത്തെ ക്യാമ്പിൽ പങ്കെടുത്തു. 1. M.C. വാസുദേവൻ, 2. T. നീലകണ്ഠൻ, 3. P.V. മുരളീധരൻ, 4. C.C. ജയശങ്കർ, 5. M.M. സാവിത്രി. കൂടാതെ ഭരണസമിതിയിലെ മൂന്ന് അംഗങ്ങൾ പങ്കെടുത്തു. വിശേഷാൽ ഗ്രാമസഭകൾ എങ്ങനെ സംഘടിപ്പിക്കാം. എന്നതു ലക്ഷ്യമാക്കി 1996 Sep. 21ന് ശ്രീ കൃഷ്ണപുരം ഹൈസ്കൂളിൽ പരിശീലനം നടത്തി. പങ്കാളിത്തം പട്ടികയിൽ കാണിച്ചിരിക്കുന്നു.

## 2. രണ്ടാം ഘട്ട പരിശീലനം

വികസന റിപ്പോർട്ട് തയ്യാറാക്കൽ, വികസന സെമിനാർ സംഘടിപ്പിക്കൽ എന്നീ പ്രവർത്തങ്ങളിൽ പരിശീലനത്തിന് 1996 ഒക്ടോബർ 25,26,27 തീയതികളിൽ ചെർപ്പുള്ളശ്ശേരി ക്യാമ്പിൽ മുൻ പരിശീലകർ, പഞ്ചായത്തംഗങ്ങൾ, ഉദ്യോഗസ്ഥമേധാവികൾ എന്നിവർ പങ്കെടുത്തു. അതേ തുടർന്ന് പഞ്ചായത്ത് ശിൽപശാല 1996 നവമ്പർ 6ന് ശ്രീകൃഷ്ണപുരം യു.പി. സ്കൂളിൽ നടത്തി. പങ്കാളിത്തം പട്ടികയിൽ ചേർത്തിരിക്കുന്നു. പഞ്ചായത്തിലൂടെ ആസൂത്രണ പ്രസ്ഥാന കാഹളമോതി കലാ ജാഥ നടത്തിയിരുന്നു. അത് പുതിയ അനുഭവം ജനങ്ങളിലുണ്ടാക്കി.

### വിശേഷാൽ ഗ്രാമസഭ

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ജീവനാഡികളായ ഗ്രാമസഭകൾ വിളിച്ചുചേർക്കുന്ന പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ ഉർജ്ജിതമായി നടന്നു. ഗ്രാമസഭകളുടെ വിജയത്തിനായി വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ വിവിധ രാഷ്ട്രീയ, സാമൂഹ്യ സംഘടനകൾ ഏറ്റെടുത്ത് നടത്തിയിരുന്നു. വിളംബര ജാഥകൾ, ഗ്രാമജ്യോതി തെളിയിക്കൽ, സൈക്കിൾ റാലികൾ, പ്രസ്ഥാന പ്രാധാന്യം കുറിക്കുന്ന ക്വിസ് പ്രോഗ്രാമുകൾ, പോസ്റ്ററുകൾ, ബാനറുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു, വിവിധ ഗ്രാമസഭാ പങ്കാളിത്തം പട്ടികയിൽ ചേർത്തിട്ടുണ്ട്. ഗ്രാമസഭകളിൽ ശരാശരി 210 പേർ വീതം പങ്കെടുത്തു. സ്ത്രീ, പട്ടികജാതി പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. ഉയർന്ന നിലവാരത്തിലുള്ള സജീവ ചർച്ച എടുത്ത് പറയേണ്ടതാണ്.

പട്ടിക 1
ഒന്നാംഘട്ട പരിശീലനം
1996 സെപ്തമ്പർ 21.

| വാർഡ് | സ്ത്രീ | പു | ആകെ |
|---|---|---|---|
| 1 | 1 | 8 | 9 |
| 2 | 1 | 11 | 12 |
| 3 | 1 | 9 | 10 |
| 4 | 0 | 12 | 12 |
| 5 | 0 | 8 | 8 |
| 6 | 0 | 16 | 16 |
| 7 | 0 | 13 | 13 |
| 8 | 0 | 10 | 10 |
| 9 | 4 | 7 | 11 |
| ആകെ | 7 | 94 | 101 |

പട്ടിക 2
രണ്ടാംഘട്ട പരിശീലനം
1996 നവമ്പർ 6

| വാർഡ് | സ്ത്രീ | പു | ആകെ |
|---|---|---|---|
| 1 | 1 | 8 | 9 |
| 2 | 1 | 7 | 8 |
| 3 | 1 | 6 | 7 |
| 4 | 1 | 6 | 7 |
| 5 | 0 | 3 | 3 |
| 6 | 1 | 8 | 9 |
| 7 | 1 | 10 | 11 |
| 8 | 0 | 2 | 2 |
| 9 | 3 | 8 | 11 |
| ഉദ്യോഗസ്ഥർ | 3 | 14 | 17 |
| ആകെ | 12 | 72 | 84 |

## പട്ടിക 3

## വിശേഷാൽ ഗ്രാമസഭ

| വാർഡ് | സ്ത്രീ | പു | SC / ST | ആകെ |
|---|---|---|---|---|
| 1 | 53 | 147 | 15 | 200 |
| 2 | 5 | 51 | 0 | 56 |
| 3 | 153 | 272 | 70 | 425 |
| 4 | 118 | 246 | 38 | 364 |
| 5 | 23 | 107 | 5 | 130 |
| 6 | 103 | 159 | 31 | 262 |
| 7 | 35 | 118 | 28 | 153 |
| 8 | 18 | 129 | 35 | 147 |
| 9 | 26 | 106 | 15 | 132 |
| ആകെ | 534 | 1335 | 237 | 1869 |



# പഞ്ചായത്ത് : പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | ശ്രീകൃഷ്ണപുരം I-ാം വില്ലേജ്, ശ്രീകൃഷ്ണപുരം II-ാം വില്ലേജിലെ മംഗലാംകുന്ന്, കോടർമണ്ണ, തലയണക്കാട്, പാർത്തല, തോട്ടര ദേശങ്ങൾ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | ശ്രീകൃഷ്ണപുരം |
| ബ്ലോക്ക് പഞ്ചായത്ത് | : | ശ്രീകൃഷ്ണപുരം |
| താലൂക്ക് | : | ഒറ്റപ്പാലം |
| ജില്ല | : | പാലക്കാട് |
| അസംബ്ലിമണ്ഡലം | : | ശ്രീ കൃഷ്ണപുരം |
| ലോകസഭാമണ്ഡലം | : | പാലക്കാട് |
| വിസ്തീർണ്ണം | : | 29.6 ച. കി. മീ. |
| അതിരുകൾ | : | വടക്ക് - കരിമ്പുഴ പുഴ<br>തെക്ക് - പൂക്കോട്ടുകാവ്, കടമ്പഴിപുറം പഞ്ചായത്തുകൾ<br>കിഴക്ക് - കടമ്പഴിപുറം പഞ്ചാത്തത്ത്<br>പടിഞ്ഞാറ് - വെള്ളിനേഴി പഞ്ചായത്ത് |
| ജനസംഖ്യ | : | 18,610 |
| പുരുഷൻ | : | 8,936 |
| സ്ത്രീ | : | 9,674 |
| പട്ടികജാതി | : | 3,718 |
| ജനസാന്ദ്രത | : | 629 ച.കി.മീ. |
| അക്ഷരാഭ്യാസമുള്ളവർ | : | |
| വാർഡുകൾ | : | 9 |
| പ്രസിഡണ്ടിന്റെ പേര് | : | സി. അംബികാ ദേവി |
| വൈസ് പ്രസിഡണ്ട് | : | എം. കുട്ടികൃഷ്ണൻ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | കെ. അച്യുതൻ നായർ |

1-1-1962-ൽ രൂപീകൃതമായ ശ്രീ കൃഷ്ണപുരം പഞ്ചായത്തിൽ 19-12-1963 -ൽ ആദ്യ ഭരണ സമിതി നിലവിൽ വന്നു. ആദ്യ പ്രസിഡണ്ട് ഡോ. കെ. ആർ. നായർ ആയിരുന്നു. ആ സമിതി 16 വർഷം ഭരണം തുടർന്നു. ആദ്യ ഭരണസമിതി അംഗങ്ങൾ ഡോ. കെ. ആർ. നായർ (പ്രസി.), പി. അച്യുതൻ നായർ (വൈ.പ്രസി.), വി. കണ്ടൻ, എം. മാധവൻ നമ്പൂതിരി, കെ. ബാലകൃഷ്ണ ഗുപ്തൻ, കെ. പി. അച്യുത മേനോൻ, കെ. എൻ. ലക്ഷ്മണയ്യർ, Mrs. ദേവകി മാധവൻ, എൻ. വി. ബാലകൃഷ്ണ ഗുപ്തൻ എന്നിവരായിരുന്നു. തുടർന്ന് 1979-ൽ

സെപ്റ്റംബർ 29ന് ശ്രീ. പി. ഗോവിന്ദൻകുട്ടി മാസ്റ്ററുടെ നേതൃത്വത്തിൽ ഭരണസമിതി നിലവിൽ വന്നു. അന്നത്തെ ഭരണസമിതി അംഗങ്ങൾ, പി. ഗോവിന്ദകുട്ടി മാസ്റ്റർ (പ്രസി.), എം.ആർ. കുഞ്ഞിരാമ ഗുപ്തൻ (വൈ.പ്രസി.), കെ. കുഞ്ഞിരാമൻ, എൻ. വി. ലീലാ ഗോപാലൻ, കെ.കെ. രാമകൃഷ്ണൻ, പി. രാമകൃഷ്ണൻ, എം. സി, ഈര, കെ. ബാലകൃഷ്ണ ഗുപ്തൻ എന്നിവരായിരുന്നു.

എം. ആർ. കുഞ്ഞിരാമ ഗുപ്തന്റെ നിര്യാണത്തെതുടർന്ന് ശ്രീ. കെ. കെ. രാമകൃഷ്ണനെ വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുത്തു, 1984 സെപ്റ്റംബർ 15-ന് സർക്കാർ ഉത്തരവനുസരിച്ച് മറ്റു പഞ്ചായത്തുകളോടൊപ്പം ഈ ഭരണസമിതിയും പിരിച്ചുവിട്ടു. പിന്നീട് 1988 ജനുവരി 23-ാന്. ശ്രീ. സി. എൻ. ശങ്കരനാരായണന്റെ നേതൃത്വത്തിൽ പുതിയ ഭരണസമിതി നിലവിൽ വന്നു. ഭരണസമിതിയംഗങ്ങൾ ഇവരാണ്. 1. സി.എൻ. ശങ്കരനാരായണൻ,(പ്രസി.) 2. പി. ശങ്കരൻ നമ്പൂതിരിപ്പാട് (വൈ,പ്രസി.), 3. എം. പരമേശ്വരൻ, 4. പി. ശോഭന, 5. ടി. നീലകണ്ഠൻ, 6. ടി, പത്മാവതിയമ്മ, 7. പി.സി. ചാമി, 8. വി.എം. ഗോപാലകൃഷ്ണൻ, 9. കെ. കുഞ്ഞിരാമൻ. 1995 സെപ്റ്റംബർ 21-ന് ഇപ്പോഴത്തെ ഭരണസമിതി സ്ഥാനമേറ്റു. 1-1-62 ൽ നിലവിൽ വന്ന ശ്രീ കൃഷ്ണപുരം പഞ്ചായത്തിന്റെ താനിക്കുന്ന്, കാട്ടുകുളം ദേശങ്ങൾ 1978-ൽ പുതിയതായി രൂപീകരിച്ച പൂക്കോട്ടുകാവ് പഞ്ചായത്തിലേക്ക് മാറ്റപ്പെട്ടു.

*ഇാ പഞ്ചായത്തിൽ നിലവിലുള്ള വകുപ്പ് ഓഫീസുകൾ താഴെ ചേർക്കുന്നു.*

1. KPIP സബ് ഡിവിഷൻ ഓഫീസ്
2. ശ്രീകൃഷ്ണപുരം I വില്ലേജ്
3. കൃഷിഭവൻ.
4. ആയുർവ്വേദ ആശുപത്രി
5. സബ്ട്രഷറി
6. ഗ്രാമപഞ്ചായത്ത് ഓഫീസ്.
7. മൃഗാശുപത്രി
7. ബ്ലോക്ക് ഓഫീസ്
9. K.S.E.B. റൂറൽ സെക്ഷൻ ഓഫീസ്
10. പ്രാഥമികാരോഗ്യകേന്ദ്രം
11. L.P. സ്കൂളുകൾ - 8
12. U.P. സ്കൂൾ - 1
13. ഹൈസ്കൂൾ - 1
14. കോളേജ് - 1
15. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
16. കനറാബാങ്ക്
17. പാലക്കാട് ജില്ലാ കോ.ഓപ്പറേറ്റിവ് ബാങ്ക്
18. ശ്രീകൃഷ്ണപുരം സർവ്വീസ് സഹകരണബാങ്ക്
19. തപാലാപ്പീസ് - 3
20. ടെലഫോൺ എക്സ്ചേഞ്ച്
21. അംഗൻവാടി - 16
22. പഞ്ചായത്ത് ബാലവിഹാർ (1)
23. IPP സെന്റർ-4,

ഇ പഞ്ചായത്തിന്റെ ഗ്രേഡ് - ഒന്ന്.

3

# ഭൂപ്രകൃതിയും വിഭവങ്ങളും



പാലാക്കാട് ജില്ലയുടെ വടക്കുപടിഞ്ഞാറായും, ഒറ്റപ്പാലം താലൂക്കിന്റെ വടക്കു കിഴക്കു ഭാഗത്തായും നിമ്നോന്നതമായി കിടക്കുന്ന ഭൂവിഭാഗമാണ് ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്. കല്ലടിക്കോടൻ മലയിൽ നിന്നുത്ഭവിച്ച് പൊന്നാനിക്ക് സമീപം ഭാരതപ്പുഴയിൽ ചേരുന്ന കുന്തിപ്പുഴ, എല്ലാസമയത്തും ജലം തരുന്ന കരിമ്പുഴപ്പുഴ എന്നപേരിൽ ഈ പഞ്ചായത്തിന് വടക്ക് 9 കി.മീ.ദൂരം അതിർത്തിയായി കിടക്കുന്നു. സമുദ്രനിരപ്പിൽ നിന്ന് 110 മീറ്റർ ഉയരമുള്ള മരുങ്ങോടൻ മലയാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം.

വടക്ക് കരിമ്പുഴപ്പുഴയും, തെക്ക് പൂക്കോട്ടുകാവ് പഞ്ചായത്തും കിഴക്ക് കടമ്പഴിപുറം പഞ്ചായത്തും പടിഞ്ഞാറ് വെള്ളിനേഴി പഞ്ചായത്തും അതിരുകളായി 29.6 ച.കി.മി. വിസ്തീർണ്ണത്തിൽ വ്യത്യസ്ത പ്രകൃതിജാലങ്ങളുമേന്തി പരിലസിക്കുന്ന ഭൂവിഭാഗമാണ് ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്.

ഭൂപ്രകൃതിയനുസരിച്ച് ശ്രീകൃഷ്ണപുരം പഞ്ചായത്തിനെ അഞ്ച് മേഖലകളാക്കി തിരിക്കാം.

1. ഉയർന്ന കുന്നുകൾ
2. ചെറു ചെരിവ്
3. ഇടത്തരം ചെരിവ്
4. സമതലം
5. തീരസമതലം (പുഴയോരം)

മരുങ്ങോടൻമല, ചാത്തൻകുന്ന്, ചിന്മയക്കുന്ന്, നിലവിളിക്കുന്ന്, പാറക്കുന്ന്, കോട്ടമല, പന്തലങ്ങാടൻ മല, പെരുമ്പോത്ത്മല എന്നിവയാണ് പ്രധാന കുന്നിൻ പ്രദേശങ്ങൾ. ഈ പഞ്ചായത്തിന്റെ 75% ഭാഗവും ചുവന്ന മണ്ണും 25% ചെങ്കൽ പ്രദേശവുമാണ്. പാലക്കാടൻ കാലാവസ്ഥാ മേഖലയിലാണ് ഈ പഞ്ചായത്ത്. ഇത് ഹൈലാന്റ് പ്രദേശമാണ്.

## ജലലഭ്യത

വർഷത്തിൽ ശരാശരി 330 മി.മി. മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്. പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലൂടെ ഒഴുകുന്ന കരിമ്പുഴപ്പുഴ 9.കി.മി. നീളം വരും. കാഞ്ഞിരപ്പുഴ പദ്ധതിയുടെ പ്രധാന കനാൽ 5.6 കി.മി. ഉം, ഈശ്വരമംഗലം, വലമ്പിലിമംഗലം, മണ്ണമ്പറ്റ കൈ കനാലുകളായി 5 കി.മി. റോളം നീളം വരും. എന്നാൽ ഇവ ഉപയോഗശൂന്യമായാണ് കിടക്കുന്നത്. പഞ്ചായത്ത് മേഖലയിൽ 8 ഏക്കറോളം ആകെ വിസ്തൃതി വരുന്ന വ്യത്യസ്ത കുളങ്ങൾ ഉണ്ട്. സ്വകാര്യകുളങ്ങൾ 100 എണ്ണമുണ്ട്. പുഞ്ചപ്പാടം (2കി.മി.) , കാഞ്ഞിരംപാറ (6.കി.മി.), പുളിനെല്ലി (7.കി.മി.), വെട്ടിക്കുഴിത്തോട് (2കി.മി.) വളാങ്കരത്തോട് (2.കി.), കൂടത്തിങ്കൽ തോട് (3.കി.മി) എന്നിവയാണ് പഞ്ചായത്തിലെ പ്രധാനതോടുകൾ. ഇവയാണ് ഉപരിതല ജലസ്രോതസ്സുകൾ.

ഏകദേശം 19 ച.കി.മി., പ്രദേശങ്ങളിൽ സാധാരണ ശുദ്ധജലം ലഭിക്കുന്ന പ്രദേശങ്ങളാണ്. കാലികമായി മോശമായി ജലം ലഭിക്കുന്ന പ്രദേശങ്ങളുമുണ്ട്. ഏപ്രിൽ മെയ് മാസങ്ങളിലാണ് ഏറ്റവും കുടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്. കുന്നിൻ പ്രദേശങ്ങളും, ചെരുവുകളും ഉൾക്കൊള്ളുന്ന മംഗലാം കുന്ന്, തലയിണക്കാട്, കുളക്കാട്ടുക്കുറിശ്ശി, ഈശ്വരമംഗലം, മണ്ണമ്പറ്റ പ്രദേശങ്ങൾ ജലക്ഷാമം അനുഭവപ്പെടുന്നവയാണ്.

## പഞ്ചായത്തിലെ പൊതു കുളങ്ങൾ, പൊതു കിണറുകൾ പട്ടികയായി ചേർക്കുന്നു

### കുളങ്ങളുടെ എണ്ണം (വിസ്തീർണ്ണമനുസരിച്ച്)

| വാർഡ് | 10സെന്റിൽ താഴെ | 10–20 | 20–30, | 30–40 | 40–50 | 50ന് മുകളിൽ | കിണറുകൾ |
|---|---|---|---|---|---|---|---|
| 1 | | 1 | 1 | | 1 | | |
| 2 | | | 1 | | | | |
| 3 | | | | | | | |
| 4 | | 1 | | | | | |
| 5 | 2 | | | | | | |
| 6 | | 1 | | | | | |
| 7 | | 1 | | | | | |
| 8 | | 1 | 2 | | | | |
| 9 | | 1 | | | | | |
| | 2 | 6 | 4 | | 1 | | ആകെ 32 |

**ജനപ്രകൃതി**

1996ലെ കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ ജനസംഖ്യ 18,610 ആണ്. ഇതിൽ 8,936 പുരുഷന്മാരും, 9,674 സ്ത്രീകളുമാണ്. പുരുഷന്മാരേക്കാൾ 738 സ്ത്രീകൾ അധികമാണ്. ആകെ വീടുകൾ 4,993 ആകുന്നു. അതായത് ശരാശരി വീടൊന്നിന് 4 ആളുകൾ വീതം ഉണ്ട്. ജനസാന്ദ്രത ച.കി.മി. ന് 629 ആണ്. 5 വയസിനു താഴെ ഉള്ള കുട്ടികളുടെ എണ്ണം 1504 ആണ്.

വിദ്യാഭ്യാസരംഗത്ത് പാലക്കാട് ജില്ലയിൽ മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് ശ്രീകൃഷ്ണപുരം. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുക്രമമായി വർദ്ധനവുണ്ട്. അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാലെ ഇതിനൊരു മാറ്റം ഉണ്ടാവുകയുള്ളൂ.

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമായിരുന്ന കാർഷിക രംഗം ആദായകരമല്ലാതായതോടെ മറ്റു തൊഴിൽ മേഖലകളിലേക്കുള്ള കടന്നുകയറ്റം വർദ്ധിച്ചിരിക്കുകയാണ്. പ്രധാനമായും കെട്ടിട നിർമ്മാണ രംഗത്തേക്കാണ് ഇങ്ങനെ കടന്നുകയറ്റം നടന്നുകൊണ്ടിരിക്കുന്നത്. പരമ്പരാഗത തൊഴിൽ മേഖല തകർന്നുകൊണ്ടിരിക്കുകയാണ്. അഭ്യസ്ഥവിദ്യരിൽ രൂക്ഷമായ തൊഴിലില്ലായ്മ അനുഭവിക്കുന്നത് സ്ത്രീകളാണ്. തൊഴിലെടുക്കാൻ ശേഷിയുള്ളവരിൽ 4 ൽ ഒരുഭാഗത്തിന് യാതൊരു തൊഴിലുമില്ല.

4

# സാമൂഹ്യസംസ്കാരിക ചരിത്രം

കർഷകന്റെ തേക്കുപാട്ടും അനുഷ്ഠാനങ്ങളുടെ താളലയങ്ങളും അനുഗ്രഹീതമാക്കിയ പ്രദേശമാണ് ശ്രീകൃഷ്ണപുരം. പ്രകൃതി രമണീയതയുടെ കളിത്തൊട്ടിലായ ഈ പ്രദേശം സംസ്കാരിക സമന്വയത്തിന്റേയും ദേശീയ നവോത്ഥാനത്തിന്റെയും മഹനീയ മാതൃക കാണിക്കുന്നു. പാണ്ഡവർ നീരാട്ടിനിറങ്ങിയതെന്ന് പറയപ്പെടുന്ന കുന്തിപ്പുഴ യുടെ ഭാഗമായ കരിമ്പുഴ വടക്കേ അതിരായി ഒഴുകുന്നു. ശ്രീകൃഷ്ണപുരം, ഈശ്വരമംഗലം, വലമ്പിലി മംഗലം, പെരുമങ്ങാട് എന്നീ 4 ദേശങ്ങൾ അടങ്ങിയതാണ് ശ്രീകൃഷ്ണപുരം അംശം. ഈ അംശത്തിലെ പ്രധാന ക്ഷേത്രം ശ്രീകൃഷ്ണ ക്ഷേത്രമായിരുന്നു. ഈ ക്ഷേത്രവുമായി ബന്ധപ്പെട്ടായിരിക്കാം ഈ പ്രദേശം ശ്രീകൃഷ്ണപുരം എന്നറിയപ്പെട്ടത്. പിന്നീട് മലബാർ, ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായപ്പോൾ ശ്രീകൃഷ്ണപുരം ഒരു റവന്യൂ ഫർക്കയായി മാറി (റവന്യൂ ഇൻസ്പെക്ടറുടെ അധികാര പരിധിയിൽ ഉണ്ടായിരുന്ന സ്ഥലമാണ് ഫർക്ക). ചരിത്ര രേഖകളുടെ ദൗർലഭ്യം പൗരാണിക കാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്നില്ല. എന്നാൽ ഈ പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കണ്ടെടുത്ത 'നന്നങ്ങാടികൾ', വടുകനാം കുർശ്ശി ക്ഷേത്രത്തിൽ കാണുന്ന 'വട്ടെഴുത്ത്' തുടങ്ങിയവ പഠനവിധേയമാക്കേണ്ട ചരിത്രരേഖകളാണ്. രാജവാഴ്ച യുടെ കാലത്ത് ഈ പ്രദേശം സാമൂതിരിയുടെ ഭരണത്തിൻ കീഴിലായിരുന്നു. ഇവടത്തുകാർ മങ്കടരാജാവിന് കരം കൊടുത്തുവന്നിരുന്നതായി കാണുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ അലകൾ ശ്രീകൃഷ്ണപുരത്തും ദൃശ്യമായി. ശ്രീകൃഷ്ണപുരം, വെള്ളിനേഴി, ചെർപ്പുള്ളശ്ശേരി ഗ്രാമങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് കോൺഗ്രസ്സ് കമ്മിറ്റികൾ രൂപം കൊണ്ടിരുന്നു, പി. സി. നാരായണൻ നമ്പൂതിരിപ്പാട്, മേലേക്കളം കൃഷ്ണൻനായർ, പുത്തൂരത്ത് ശങ്കരൻ നായർ, കിഴക്കേപ്പാട്ട് ശിവരാമമേനോൻ, മൂർത്തിയേടത്ത് മാധവൻ നമ്പൂതിരി, കുഞ്ഞുകുട്ട വാരിയർ, എന്നിവരുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് പ്രസ്ഥാനം ശക്തിപ്പെട്ടു. ഖിലാഫത്ത് പ്രസ്ഥാനത്തിന് ഇവിടെ വേണ്ടത്ര വേരുകൾ ഉണ്ടായിരുന്നില്ല. സമീപ പ്രദേശങ്ങൾ മലബാർ ലഹളയുടെ പിടിയിലമർന്നപ്പോഴും ശ്രീകൃഷ്ണപുരം അതിൽനിന്ന് മുക്തമായിരുന്നു. ഇക്കാലത്ത് കാക്കത്തോട് പാലം പൊളിക്കുന്നതിൽ പങ്കെടുത്ത് പെരുമനം അഷ്ടമൂർത്തി നമ്പൂതിരി ജയിൽ വാസം അനുഷ്ഠിച്ചിട്ടുണ്ട്.

ഗാന്ധി ഭക്തിയിൽ ആകൃഷ്ടരായ ഇന്നാട്ടുകാർ, അദ്ദേഹത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ സഹകരിച്ചിരുന്നു. കാട്ടുകുളത്ത് ഈശ്വരവാര്യരുടെ വീട്ടിൽ സ്ഥാപിതമായ 'ശിവമഠം' നിരവധി നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. നൂൽനൂൽപ്പ് ഒരു ജീവിതചര്യയായി നിരവധി പേർ സ്വീകരിച്ചിരുന്നു. പൊടിപൊടിച്ചു കിടക്കുന്ന ചർക്കകൾ ഇതിലേക്ക് വെളിച്ചം വീശുന്നുണ്ട്. അയിത്തോച്ചാടനവും മദ്യവർജ്ജനവും സജീവമായിത്തീർന്നു. ചെറുമുറ്റത്ത് ശ്രീധരന്റേയും കൈകണ്ടത്ത് ജാതവേദൻ നമ്പൂതിരിയുടെയും നേതൃത്വത്തിൽ തോട്ടരയിൽ മിശ്രഭോജനം നടന്നു. ഉമ്മൻതോണിയിൽ കുഞ്ഞൻ വൈദ്യർ ക്ഷേത്ര പ്രവേശനത്തിന് നേതൃത്വം നൽകി. മണിയടിച്ച് തൊഴാൻ ധൈര്യം കാണിച്ചു. സ്വാതന്ത്ര്യാനന്തരം പച്ചായിൽ ക്ഷേത്രത്തിൽ കേളപ്പന്റെ നേതൃത്വത്തിൽ ഹരിജനങ്ങൾ കയറിയതും തുടർന്നുള്ള അദ്ദേഹത്തിന്റെ മരണം ഇതിന്റെ ശാപമായി വ്യാഖ്യാനിക്കപ്പെട്ടതും ഇത്തരുണത്തിൽ സ്മരണീയമാണ്. മാടമ്പി അടിശ്ശേരിപ്പാട് വിദേശവസ്ത്ര ബഹിഷ്കരണത്തിൽ പങ്കെടുത്ത വ്യക്തിയായിരുന്നു. 1931 ൽ ഹരിജൻ പ്രസിദ്ധീകരണത്തിന്റെ ധനശേഖരണാർത്ഥം ഗാന്ധിജി ശ്രീകൃഷ്ണപുരം സന്ദർശിക്കുകയുണ്ടായി. ഇന്നാട്ടുകാർ അദ്ദേഹത്തിന് ഷെഡ്ഡിൻ കുന്നത്ത് വെച്ച് ഹാർദ്ദമായ വരവേല്പാണ് നൽകിയത്. സ്കൂൾ വിട്ട് അദ്ധ്യാപകർ ഈ യോഗത്തിന് എത്തിയിരുന്നു. പാണക്കാട് നാരായണൻ നമ്പൂതിരിപ്പാടിന്റെ പത്നി സ്വർണ്ണമാല

സംഭാവനയായി നൽകിയത്രേ, മാത്രമല്ല അദ്ദേഹം ഗാന്ധിജിയോടൊപ്പം തീവണ്ടിയിൽ തൃശ്ശൂർ വരെ സഹയാത്രികനായി പോയിരുന്നു. ഉപ്പ് സത്യാഗ്രഹത്തിലും തുടർന്ന് നടന്ന വ്യക്തി സത്യാഗ്രഹം, ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭം തുടങ്ങിയവയിലും ഈ നാടിന് തനത് സംഭാവനകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കിഴക്കേപ്പാട്ട് ശിവരാമ മേനോനും, മാടമ്പി ജാതദേവൻ അടിശ്ശേരി പ്പാടിനും സ്വാതന്ത്ര്യ സമരസേനാനി എന്ന നിലയിൽ താമ്രപത്രം ലഭിച്ചിട്ടുണ്ട്. എം. സുകുമാരൻ ഇപ്പോഴും ജീവിച്ചിരിക്കുന്ന സ്വാതന്ത്ര്യ സമരസേനാനിയാണ്.

1939 മുതൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് ചിന്താഗതി വ്യാപകമായി. ഇത് ക്രമേണ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയിൽ എത്തുകയും ചെയ്തു. ഈ നൂതന ചിന്താഗതി ഈ പ്രദേശത്തിന്റെ നവോത്ഥാനത്തിന്നിടയാക്കുകയും ചെയ്തു. ബഹുജന പങ്കാളിത്തത്തോടെ യുള്ള സമരങ്ങൾ ഉണ്ടായത് ഇതിന് ശേഷമാണ്. പാട്ടഭൂമി ഒഴിപ്പിക്കലിനെതിരായും, നെല്ല് കരിഞ്ചന്തയായി വില്ക്കുന്നതിനെതിരായും, ചോളം വാങ്ങുന്നവർക്കുമാത്രമേ അരി നൽകൂ എന്നീ നിബന്ധനക്കെതിരായും ജനങ്ങളെ അണി നിരത്താൻ ഈ പ്രസ്ഥാനത്തിന് കഴിഞ്ഞു. ഏ.കെ.ജി.യുടെ നേതൃത്വത്തിലുള്ള പട്ടിണിജാഥ ജനങ്ങളിൽ ആവേശം ഉളവാക്കി. എന്നാൽ കൃഷി ഒഴിപ്പിക്കലിന്നെതിരെയുള്ള സമരത്തിൽ കർഷകരെ സംഘടിതരായി അണി നിരത്താൻ പ്രസ്ഥാനത്തിന് കഴിഞ്ഞില്ല. ഈ സമരങ്ങൾ ഒറ്റപ്പെട്ടവയായി മാറി. കർഷക സംഘത്തിൽ മെമ്പർഷിപ്പും പൊതുയോഗങ്ങളിൽ പങ്കാളിത്തവും ഉണ്ടായിരുന്നെങ്കിലും ജന്മിമാർക്ക് എതിരെ യുള്ള സംഘട്ടനത്തിന് കുടിയാന്മാർ തയ്യാറായിരുന്നില്ല. കുടുയാന്മാർക്ക് നമ്പൂതിരിമാരായ ജന്മിമാരായുള്ള നല്ല ബന്ധമായിരിക്കാം ഇതിന് കാരണം. 1937 ലെ വോട്ടെടുപ്പിൽ വിദ്യാഭ്യാസ മുള്ളവർക്കും നികുതിദായകർക്കും മാത്രമായിരുന്നു വോട്ടവകാശം. 1946 ൽ മലപ്പുറം നിയോജക മണ്ഡലത്തിലായിരുന്നു ശ്രീകൃഷ്ണപുരം ഉൾപ്പെട്ടിരുന്നത്. ഇ. എം. എസ്സും., എം.പി ഗോവിന്ദമേനോനുമായിരുന്നു പ്രധാന എതിരാളികൾ. സ്ഥാനാർത്ഥികൾക്ക് പ്രത്യേക നിറങ്ങളുള്ള പെട്ടികളാണ് അനുവദിച്ചിരുന്നത്. 1947 ൽ സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ ഫർക്കാടിസ്ഥാനത്തിൽ തിരുവാഴിയോട് വെച്ചാണ് നടന്നത്. കമ്യൂണിസ്റ്റുകാരെ ഈ യോഗത്തിൽ നിന്നൊഴിവാക്കിയിരുന്നു.

1948 ൽ കമ്യൂണിസ്റ്റ് പാർട്ടി നിയമവിരുദ്ധമാക്കപ്പെട്ടു. നേതാക്കൾ ഒളിവിലായി. ശ്രീകൃഷ്ണപുരം അവർക്കൊരഭയകേന്ദ്രമായിരുന്നു. നിരവധി നേതാക്കളുടെ ഒളിത്താവളങ്ങൾ ഇവിടെയുണ്ടായിരുന്നു. മംഗലാംകുന്ന് രാമഗുപ്തന്റെ വീട്ടിൽ പി. കൃഷ്ണപ്പിള്ളയും ആനാറിമനയിൽ കെ. പി. ആർ. ഗോപാലനും, കണ്ണന്തോട്ടത്തിൽ കുട്ടികൃഷ്ണഗുപ്തന്റെ വീട്ടിൽ ഇ. എം. എസ്സും. ഒളിവിൽ താമസിച്ചിട്ടുണ്ടത്രേ. യുവാക്കൾ സന്ദേശവാഹകരായും, പാർട്ടി ക്ലാസ്സുകളിലും പങ്കെടുത്തിരുന്നു. ചെറുമുറ്റത്ത് ശ്രീധരന്റെ മരണം ഇതുമായി ബന്ധപ്പെട്ടതത്രേ. കർഷക പ്രസ്ഥാനവും അദ്ധ്യാപക പ്രസ്ഥാനവും സമാന്തര ധാരകളായി വളർന്നു വന്നിരുന്നു. വേലകൾ, പൂരങ്ങൾ, എന്നിവ നടക്കുന്ന സമയങ്ങളിൽ ക്ഷേത്ര പരിസരത്ത് രാഷ്ട്രീയ പ്രചാരണയോഗങ്ങൾ നടന്നിരുന്നു. പെരുമാങ്ങോട് ചന്ത മറ്റൊരു പ്രവർത്തന കേന്ദ്രമായിരുന്നു,

1951 ൽ നടന്ന തെരുഞ്ഞെടുപ്പിൽ മണ്ണാർക്കാട് മണ്ഡലഭാഗമായ ശ്രീകൃഷ്ണപുരത്ത് കെ. സി. ഗോപാലനുണ്ണി തെരഞ്ഞെടുക്കപ്പെട്ടു. 1954 ൽ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ടായി വന്ന പി.ടി, ഭാസ്കരപ്പണിക്കർ ഈ പ്രദേശത്ത് വിദ്യാഭ്യാസരംഗത്ത് സമൂല പരിഷ്ക്കാരത്തിന് നേതൃത്വം നൽകി. കെ. സി. ഗോപാലനുണ്ണി, കൊങ്ങശ്ശേരി കൃഷ്ണൻ,

ഒ. എം. എസ്സ്. എന്നിവർ ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ജയിൽ വാസം അനുഷ്ഠിച്ചവരാണ്. മലബാറിലേയും പിന്നീട് കേരളത്തിലേയും മിക്കവാറും എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കളും ഈ പ്രദേശത്ത് വന്നിട്ടുണ്ട്. ഐക്യ കേരള രൂപീകരണത്തിനു ശേഷം നടന്ന തെരഞ്ഞടുപ്പിൽ ഈ പ്രദേശത്തിന്റെ പ്രതിനിധിയായി കൊങ്ങശ്ശേരി കൃഷ്ണൻ തെരഞ്ഞെടുക്കപ്പെട്ടു.

## സാമൂഹ്യ പശ്ചാത്തലം.

പതിനാല് ദേശമെന്നറിയപ്പെട്ടിരുന്ന ഈ പ്രദേശത്തെ ഭൂമിയുടെ ഉടമസ്ഥാവകാശം മുഴുവൻ ബ്രാഹ്മണർക്കോ ക്ഷേത്രങ്ങൾക്കോ ആയിരുന്നു. നെൽകൃഷി നടത്തിയിരുന്നത് പാട്ടക്കുടി യാന്മാരായിരുന്നു. നാടുവാഴികളെന്നു പറയാവുന്ന ഒന്നുരണ്ട് നായർകുടുംബങ്ങൾ ഇതിനൊരപവാദമായിരുന്നു. കിഴക്കേപ്പാട്ട്, മാമ്പള്ളിക്കളം എന്നീ നായർ കുടുംബങ്ങളിലുള്ള വർക്ക് ആദ്യംമുതലേ പാശ്ചാത്യാ വിദ്യാഭ്യാസം ലഭിച്ചിരുന്നു. കേരള സംസ്ഥാന രൂപീകരണത്തെത്തുടർന്ന് ഗവർണരുടെ ഉപദേശകനായിരുന്ന രാവുണ്ണിമേനോൻ, സബ്ജഡ്ജി കൃഷ്ണമേനോൻ എന്നിവർ കിഴക്കേപ്പാട്ട് തറവാട്ടുകാരായിരുന്നു. പ്രശസ്ത ശാസ്ത്രജ്ഞനായ ഡോ. എം. ജി. കെ. മേനോൻ മാമ്പള്ളിക്കളത്തിലെ അംഗമാണ്.

യോഗക്ഷേമ സഭയൊഴികെ മറ്റ് സമുദായ സംഘടനകളൊന്നും ഇവിടെ ഉണ്ടായിരുന്നില്ല. എന്നാൽ നമ്പൂതിരി സമുദായത്തിലുണ്ടായ നവോത്ഥാന പ്രസ്ഥാനം യോഗക്ഷേമ സഭയുടെ നേതൃത്വത്തിൽ ശക്തമായി. പെരുമനം, കി ഴക്കേടം, മൂർത്തിയേടം, പാണക്കാട് തുടങ്ങിയ ഇല്ലക്കാർ ഇതിൽ ആദ്യംമുതൽ പ്രവർത്തിച്ചിരുന്നു. ഘോഷാ ബഹിഷ്ക്കരണം അഫൻമാരുടെ വേളി തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഇവർ പിന്തുണ നൽകിയിരുന്നു. ക്രമേണ പുരോഗമനവാദികളായ നമ്പൂതിരി യുവജനസംഘം പൂർണ്ണമായും കോൺഗ്രസ്സ് സോഷ്യലിസ്റ്റുകളായി മാറി. യോഗക്ഷേമസഭയുടെ ൪൦ം വാർഷികത്തിന്റെ തീരുമാനപ്രകാരം പുതിയ തലമുറക്ക് പാശ്ചാത്യ വിദ്യാഭ്യാസം നൽകണമെന്ന് തീരുമാനിച്ചു. ഇതിന്റെ ഫലമായി നമ്പൂതിരിമാരുടെ നേതൃത്വത്തിൽ പല സ്കൂളുകളും ആരംഭിച്ചു. ഇത് സാമൂഹ്യ നവീകരണത്തിന് തുടക്കം കുറിച്ചു. ഭൂപരിഷ്കരണപ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തതും ഇവർതന്നെയായിരുന്നു. ഇത് പല കുടുംബങ്ങളേയും സാമ്പത്തികമായി തളർത്തുകയും ചെയ്തു. ഈ സാമൂഹ്യ മാറ്റങ്ങൾ മറ്റു സമുദായങ്ങളിലും സ്വാധീനം ചെലുത്തി.

## സാസ്കാരിക പശ്ചാത്തലം

വള്ളുവനാടൻ സംസ്കാരത്തിന്റെ കേന്ദ്രമായി ശ്രീകൃഷ്ണപുരം അറിയപ്പെട്ടിരുന്നു. മനോഹരമായ മലയാൺമയുടെ ഉടമകളാണിവർ. അനഷ്ഠാനുകലകളുടെ വിളനിലമാണിവിടം എന്ന് പറയാം. തോറ്റംപാട്ടുകൾ, സർപ്പം പാട്ടുകൾ, സംഘകളിപ്പാട്ടുകൾ, അയ്യപ്പൻ പാട്ട്, ബ്രാഹ്മണിപ്പാട്ടുകൾ തുടങ്ങിയവ അനുഷ്ഠാന പരങ്ങളാണ്. കളമെഴുത്ത് നടത്തി, നാഗപ്പാട്ട് പാടാൻ മുറിച്ചിറ രാമനുള്ള വൈദഗ്ദ്യം എടുത്ത് പറയത്തക്കതാണ്. ക്ഷേത്രങ്ങൾ ഒരുകാലത്ത് സാംസ്കാരിക കേന്ദ്രങ്ങളായിരുന്നു. ഷേത്രങ്ങളിൽ നടന്നിരുന്ന 'വാരം' വേദപ്രകടനത്തിനുള്ള വേദിയായിരുന്നു. ഉത്സവങ്ങളോടനുബന്ധിച്ച് കളമെഴുത്ത്, പാന, കൂത്ത്, കൂടിയാട്ടം, കഥകളി, എന്നീകലകൾ അരങ്ങേറിയിരുന്നു. നമ്പൂതിരിമാർ ഈ കലാകാരന്മാരെ പ്രോത്സാഹിപ്പിച്ചിരുന്നു. പാനേം കളി അഥവാ സംഘകളി ട്രൂപ്പുതന്നെ ഇവിടെ ഉണ്ടായിരുന്നു.

സാമൂഹ്യമാറ്റങ്ങൾക്കനുസരിച്ച് പുതിയ കലാരൂപങ്ങൾ ഇവിടേയും സജ്ജമായി.

കേരളത്തിലെ പുകൾപെറ്റ ശ്രീ. പരിയാനംബറ്റ ക്ഷേത്രം ഈ പ്രദേശത്താണ്. 14 ദേശങ്ങൾ തട്ടകമായി കാണുന്ന ഈ ക്ഷേത്രത്തിൽ നാനാഭാഗത്തുനിന്നും പതിനായിരകണക്കിന് ഭക്തജനങ്ങൾ എത്തുന്നു, അഭീഷ്ടസിദ്ധി പ്രസാദിയായി ഭക്തജനങ്ങൾ കരുതുന്ന ഈശ്വര മംഗലം ഗണപതിക്ഷേത്രം ഈ പഞ്ചായത്തിലാണ്. 'ഗണപതിയപ്പം' ഇവിടെ പ്രധാനവഴിപാടായി നടത്തുന്നു. കേരളത്തിന്റെ തനതു കലയായ കഥകളി തുടർച്ചയായി 7 ദിവസവും നടത്തി വന്നിരുന്ന പച്ചായിൽ ശിവ ക്ഷേത്രം ഈ പ്രദേശത്താണ്.

ശ്രീകൃഷ്ണപുരത്ത് അമേചർ, പ്രൊഫഷണൽ നാടകവേദികളുടെ പ്രവർത്തനം ശ്രദ്ധേയമാണ്. അമ്പതിലധികം വർഷം പ്രായമുള്ള ശ്രീകൃഷ്ണപുരം പൊതുജനവായനശാല സാസ്ക്കാരിക സിരാകേന്ദ്രമായിത്തീർന്നു. മംഗലാംകുന്ന്, കുളക്കാട്ടുകുർശ്ശി, വലമ്പിലിമംഗലം, മണ്ണമ്പറ്റ തുടങ്ങിയ സ്ഥലങ്ങളിലെ വായനശാലകളും അതാതു പ്രദേശങ്ങളുടെ സാംസ്ക്കാരിക കേന്ദ്രമായി മാറിയിട്ടുണ്ട്. ശ്രീകൃഷ്ണപുരം വായനശാലയുടെ നേതൃത്വത്തിൽ നിരവധി കവിസമ്മേളനങ്ങളും സെമിനാറു കളും നടന്നിട്ടുണ്ട്. വള്ളത്തോൾ, മുണ്ടശ്ശേരി, സുകുമാർ അഴീക്കോട് തുടങ്ങിയ സാഹിത്യ നായകന്മാർ ഈ വായനശാല സന്ദർശിച്ചിട്ടുണ്ട്.

സാമൂഹ്യ സാംസ്ക്കാരിക മേഖലകളിൽ കേരളത്തിലെ ഇതര പ്രദേശങ്ങൾക്ക് മാതൃകയാ വാൻ കഴിയുംവിധം ശ്രീകൃഷ്ണപുരം മഹത്തായ ഒരു പൈതൃകത്തിന്റെ ഉടമയായി വളർന്നു കൊണ്ടിരിക്കുന്നു.

കടപ്പാട് :

കെ.സി. വാസുദേവൻ നമ്പൂതിരി, മലപ്പുറം. കൃഷ്ണൻകുട്ടി മാസ്റ്റർ, പി.സി. നാരായണൻ നമ്പൂതിരിപ്പാട്, ഗോവിന്ദൻകുട്ടി മാസ്റ്റർ, ആട്ടുതല ദിവാകരൻ നമ്പൂതിരി, ടി. കെ. ഡി. നമ്പൂതിരി, മുണ്ടക്കൽ പറമ്പിൽ അയ്യപ്പൻ.





# 5

# കൃഷി – ജലസേചനം

ശ്രീകൃഷ്ണപുരം പൂർണ്ണമായും ഒരു കാർഷിക ഗ്രാമമാണ്. വടക്ക് കരിമ്പുഴയിലെ നിറഞ്ഞൊഴുകുന്ന വെള്ളംകൊണ്ട് അനുഗൃഹീതമാണ് ഈ ഗ്രാമം. ചെറുകുന്നുകൾ, സമതലങ്ങൾ, ചെരിവുകൾ എന്നിങ്ങനെ നമ്മുടെ ഭൂമിയെ തരം തിരിക്കാം. ഇതിൽ തോടുകൾ കുളങ്ങൾ, കിണറുകൾ, പുഴ എന്നിവയാണ് നമ്മുടെ ജലസ്രോതസ്സുകൾ.

ഈ നൂറ്റാണ്ടിന്റെ ആദ്യകാലം മുതൽ ഇവിടത്തെ പ്രധാന തൊഴിലും, ഉപജീവനമാർഗ്ഗവും കൃഷിയായിരുന്നു. ഇവിടുത്തെ ഭൂമി ജന്മിമാരുടെയും ദേവസ്വങ്ങളുടേയും കൈവശമായിരുന്നു. ജന്മിമാരിൽ ഭൂരിഭാഗവും ചെറുകിട ഇടത്തരം വിഭാഗത്തിൽപ്പെട്ടവരായിരുന്നു. ഭൂവുടമ – കുടിയാൻ – അടിയാൻ എന്ന രീതിയിലായിരുന്നു ഇവിടത്തെ സാമൂഹ്യബന്ധം. ജന്മി കുടിയാന് ഭൂമി പാട്ടത്തിന് കൊടുക്കുകയും കുടിയാന്റെ നേതൃത്വത്തിൽ അടിയാന്മാരെ ഉപയോഗിച്ച് വിളവിറക്കുകയും ചെയ്തിരുന്നു. ഇതിന് ജന്മി കുടിയാന്റെമേൽ പാട്ടം ചുമത്തി. ജന്മി – കാണാരി – വെറുമ്പാട്ടക്കുടിയാൻ ബന്ധവും നിലനിന്നിരുന്നു. ജന്മിയിൽ നിന്ന് കാണാരിയും, കാണാരിയിൽ നിന്ന് വെറുമ്പാട്ടത്തിനു കുടിയാനും ഭൂമി കൃഷി ചെയ്യാൻ പാട്ടത്തിനെടുത്തിരുന്നു. കാണാരി ജന്മിക്കു നൽകുന്ന പ്രതിഫലത്തിന് മിച്ചവാരം എന്നും കുടിയാൻ കാണാരിക്കു കൊടുക്കുന്നത് പാട്ടമെന്നും പറഞ്ഞിരുന്നു. ജന്മിയും കാണാരിയും തമ്മിലുള്ള കരാർ 12 വർഷത്തേക്കാണ്. 12 വർഷത്തിലൊരിക്കൽ കരാർ പുതുക്കിയിരുന്നു. വെറുമ്പാട്ട കുടിയാന് ഒരു കൊല്ലത്തെ കാലാവധിക്കാണ് ഭൂമി കൊടുത്തിരുന്നത്. മകര മാസത്തിലെ ഉച്ചാറൽ പിറ്റേന്ന് ഭൂമി ഒ ഴിഞ്ഞു കൊടുക്കണം. ചിലർ കാലാവധി ദീർഘിപ്പിക്കുകയും ആയതിന് കൂടുതൽ പാട്ടം ചുമത്തുകയും ചെയ്തിരുന്നു. ആകാലങ്ങളിൽ കുടിയാന്മരുടേയും കർഷകത്തൊഴിലാളികളുടേയും ജീവിതം വിഷമസ്ഥിതിയിലായിരുന്നു. കൊടുക്കുന്ന പാട്ടത്തിന് പലപ്പോഴും രേഖ കൊടുത്തിരുന്നില്ല. പാട്ട ബാക്കിയുടെ പേരിൽ ഒഴ ിപ്പിക്കലും നടന്നിരുന്നു. ഈ സ്ഥിതി 1970 വരെ തുടർന്നു. 1969ൽ പാസാക്കിയ ഭൂപരിഷ്രണ നിയമം നാട്ടിൻ പുറത്തെ സാമൂഹ്യബന്ധങ്ങളിൽ സമൂല മാറ്റങ്ങൾ വരുത്തി.

നെല്ല്, പച്ചക്കറി, തെങ്ങ്, കവുങ്ങ്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, എന്നിവയായിരുന്നു പ്രധാന കൃഷികൾ. ജലലഭ്യതയുള്ള പ്രദേശങ്ങളിൽ മൂപ്പ്കൂടിയ വിത്തുകൾ ഉപയോഗിച്ച് വന്നിരുന്നു. രണ്ടാം വിളയ്ക്ക് വെള്ളം കിട്ടാത്ത പള്ള്യാൽ പ്രദേശങ്ങളിൽ കുളങ്ങളിൽ നിന്ന് ഏത്തപൂട്ടിയും, തോടുകളിൽ ചിറകൾ കെട്ടിനിർത്തിയും, വെള്ളം എത്തിച്ച് കൃഷി ചെയ്തുവന്നു. പൊതുവെ ഒറ്റവിളയായിരുന്നു കൃഷിചെയ്തിരുന്നത്. തരിശു പറമ്പുകൾ ധാരാളമുണ്ടായിരുന്നു. ചില പറമ്പുകളിൽ മോടൻ, എള്ള്, മരച്ചീനി എന്നിവ കൃഷി ചെയ്തിരുന്നു. പള്ള്യാലിൽ ചാമകൃഷിയും ഉണ്ടായിരുന്നു. 1969 ലെ ഭൂപരിഷ്കരണ ബില്ലിലൂടെ കുടിയാന് ഭൂമിയിൽ കൈവശ അവകാശം കിട്ടി. കാർഷികമേഖലയിൽ ജന്മിക്കുപകരം അദൃശ്യനായ മുതലാളിത്തം കടന്നുകയറുകയും കൃഷിക്കാരൻ വീണ്ടും അമിത ചൂഷണത്തിന് വിധേയനാവുകയും ചെയ്തു. ജന്മിക്ക് നൽകിയിരുന്ന പാട്ടം യഥാർത്ഥത്തിൽ, കൃഷിക്കാരന്റെ സമ്പാദ്യമാവേണ്ടതായിരുന്നു.

ഇപ്പോൾ കൃഷിയിടങ്ങളിൽ വ്യത്യസ്തമാറ്റങ്ങൾ കാണുന്നുണ്ട്.

1. വീട്ടുവളപ്പുകളിൽ പച്ചക്കറികൃഷി കുറഞ്ഞുവരുന്നു.

2 ജൈവ വളത്തിന്റെ ഉപയോഗം കുറച്ച്, രാസവളപ്രയോഗം കൂട്ടിയതിനാൽ മണ്ണിന്റെ ക്ഷമത കുറഞ്ഞുവരുന്നു.

3. നെൽപ്പാടങ്ങൾ മറ്റുകൃഷിക്ക് ഉപയോഗപ്പെടുത്തുന്നു.

4. തരിശുഭൂമികളിൽ മറ്റുകൃഷികൾ വന്നതുമൂലം ജലലഭ്യത കുറയുന്നു.

5. വീട്ടുവളപ്പിലുണ്ടായിരുന്ന മാവ്, പ്ലാവ്, പുളി തുടങ്ങിയ ഫലവൃക്ഷങ്ങൾ അപ്രത്യക്ഷമായി. കൃഷിരീതിയിലെ ഇത്തരം മാറ്റങ്ങൾ, ഈ മേഖല ലാഭത്തിനുപകരം നഷ്ടത്തിനു കാരണമായി.

6. വീട്ടു വളപ്പുകൾക്കു ചുറ്റുമുള്ള വേലികൾ ഇല്ലാതായി. ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ തന്മൂലം ഔഷധ സസ്യങ്ങൾ നശിച്ചു.

നെൽപ്പാടങ്ങൾ മറ്റുകൃഷികൾക്ക് ഉപയോഗിക്കുകയും, തെങ്ങ്, റബ്ബർ എന്നിവ തരിശു പറമ്പുകളിൽ സ്ഥാനം പിടിക്കുകയും ചെയ്തു. ഇത് നെൽകൃഷി ഭൂമിയുടെ വിസ്തീർണ്ണ കുറവിന്നുകാരണമായി. ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ പ്രധാന നെൽകൃഷി, കൂട്ടുമുണ്ടകനാണ്. കാർഷിക ചെലവിനനുസൃതമായ വിളവെടുപ്പിൽ ഉല്പാദനം ഇല്ലാതായ തിനാലാണ്. താരതമ്യേന ചെലവു കുറഞ്ഞ ഇത്തരം കൃഷിയിലേക്ക് തിരിയേണ്ടിവന്നത്. അതുകൊണ്ടു തന്നെ കൃഷി ഇവിടെ അനുഷ്ഠാനമാക്കുകയാണ് ചെയ്യുന്നത്. ജൈവ വളത്തിന്റെ ഉപയോഗക്കുറവും രാസവളത്തിന്റെ അമിതോപയോഗവും മണ്ണിന്റെ ഘടനയിൽ മാറ്റം വരുത്തി. ഇത് ഉത്പാദനക്കുറവ് ഉണ്ടാക്കി, മാത്രമല്ല നെൽകൃഷിയെ നഷ്ടത്തിലാക്കുകയും ചെയ്തു. അതിനാൽ നെൽപ്പാടങ്ങൾ കുറേശ്ശ മറ്റുകൃഷികൾക്ക് വഴിമാറുകയോ തരിശിടുകയോ ചെയ്തു.

ഉത്പാദനവുമായി ബന്ധപ്പെടുത്തുമ്പോൾ ഇവിടുത്തെ മറ്റു കൃഷികളും പരിശോധിക്കേണ്ട താണ്. അടുത്ത കാലത്തോടെ നെല്ലും, റബ്ബറും തുല്യമായി കൃഷിചെയ്തുവരികയാണെന്ന് കാണാം. പയർ, എള്ള്, പച്ചക്കറികൾ, ഉഴുന്ന്, തെങ്ങ്, വാഴ, മരച്ചീനി കുരുമുളക്, കശുഅണ്ടി, കവുങ്ങ്, തുടങ്ങിയവയും കൃഷിചെയ്യുന്നുണ്ട്. ജലസേചനക്കുറവു കാരണം തെങ്ങുകൃഷിയിടം കുറവാണ്. ഉത്പാദനക്ഷമത പൊതുവെ എല്ലാ കൃഷികളിലും കുറവാണ്. ഇതിന്റെ കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

1. ജലസേചന സൗകര്യക്കുറവ്

2. നെൽകൃഷിക്കുള്ള മണ്ണൊരുക്കുന്നതിൽ കാട്ടുന്ന താത്പര്യമില്ലായ്മ. (ആധുനിക കൃഷിരീതി തുടരുന്നതിനാൽ ഉപയോഗിക്കുന്ന ജൈവവളം, പച്ചില വളം, എന്നിവ മണ്ണിൽ അലിഞ്ഞു ചേരാൻ വേണ്ടത്ര സമയം കിട്ടുന്നില്ല)

3. ജൈവവള പ്രയോഗക്കുറവും, അമിത രാസവളപ്രയോഗവും.

4. മണ്ണ് പരിശോധന കുറവ്.

5. പുതിയ വിത്തിനങ്ങൾ ഉപയോഗിക്കാൻ കാണിക്കുന്ന വിമുഖത

6. ശാസ്ത്രീയ കൃഷി രീതി അവലംബിക്കായ്കയും, ഇതിനുവേണ്ടിയുള്ള കൃഷിഭവന്റെ പ്രവർത്തനക്കുറവും

7. കീടാക്രമണം ഫലപ്രദമായി തടയാൻ കഴിയായ്ക.

| | | | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വില്ലേജ് | പുര യിടം | നിലം | പുറം മ്പോക്ക് | തരിശ് | ആകെ | 1–10 സെന്റ് | 10–25 സെന്റ് | 25–50 സെന്റ് | 50–100 സെന്റ് | 1–2 ഏക്കർ | 2–5 ഏക്കർ | 5 ഏക്കർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ശ്രീകൃഷ്ണപുരം 1 | 3990.34 | 1090.83 | 239.03 | – | 5020.20 | | | | | | | |
| ശ്രീകൃഷ്ണപുരം 2 | 1459 | 636 | 141 | 60 | 2296 | 600 | 310 | 340 | 265 | 136 | 83 | 47 |
| ആകെ | 5449.34 | 1726.83 | 380.03 | 60 | 7316.20 | | | | | | | |

ഈ ഗ്രാമത്തിലെ പ്രധാന ഉത്പന്ന വിപണന കേന്ദ്രമായിരുന്ന പെരുമാങ്ങോട് ചന്ത, ഇന്ന് ആ സ്ഥിതിയിലല്ല. ആഴ്ചയിലൊരിക്കൽ, നല്ലരീതിയിൽ കൊടുക്കൽ, വാങ്ങൽ നടത്തിവന്നിരുന്നു. ഇന്ന് പ്രാദേശിക കച്ചവട സ്ഥാപനങ്ങൾ ഏറിവന്നതിനാൽ ചന്തയുടെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. റബ്ബർ സംഭരണത്തിന് ഒരു മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഡിപ്പോയും മലഞ്ചരക്ക് ഉത്പന്നങ്ങൾ സംഭരിക്കാൻ രണ്ട് സ്വകാര്യ ഏജൻസികളും ഈ പഞ്ചായത്തിലുണ്ട്. മറ്റു കാർഷിക വിഭവങ്ങൾ സംഭരിക്കാൻ, സ്വകാര്യ ഏജൻസികളാണുള്ളത്. ഇത് കർഷകനു കിട്ടേണ്ട യഥാർത്ഥവിലയിൽ കുറവു വരുത്തുന്നു.

***കൃഷി ഭൂമിയുടെ കൈവശത്തെ സംബന്ധിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.***

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1–2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനുമുകളിൽ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 318 | 216 | 6 |
| 2 | 390 | 275 | 10 |
| 3 | 399 | 295 | 12 |
| 4 | 412 | 197 | 8 |
| 5 | 455 | 201 | 9 |
| 6 | 426 | 209 | 15 |
| 7 | 400 | 193 | 9 |
| 8 | 437 | 180 | 12 |
| 9 | 385 | 175 | 4 |

മേൽ പട്ടികയിൽ നിന്നും ഭൂരിഭാഗവും 1 ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ളവരാണ് എന്ന് ബോധ്യപ്പെടും. അതിൽ തന്നെ ഭൂരിപക്ഷത്തിനും ഒരു ഏക്രയിൽ താഴെ മാത്രമെ കൃഷിഭൂമിയുള്ളൂ. ഇവർ സ്വയം അധ്വാനിച്ച് കൃഷിചെയ്തുവരുന്നു. ഈ മേഖലയിലെ തൊഴിലാളികൾ, കൂടുതൽ സൗകര്യങ്ങൾ കിട്ടുന്ന മറ്റു മേഖലയിലേക്ക് തിരിയുകയാൽ, കാർഷികവൃത്തിക്ക് തൊഴിലാളി ലഭ്യതക്കുറവ് അനുഭവപ്പെടുന്നുണ്ട്.

റബ്ബർ കൃഷിക്ക് പ്രചാരം വന്നതോടെ മുമ്പു ണ്ടായിരുന്ന തരിശു പ്രദേശങ്ങളിലും മറ്റു ഭാഗങ്ങളിൽ കശുമാവ് ഫലവൃക്ഷങ്ങൾ എന്നിവ വെട്ടിമാറ്റിയും റബ്ബർകൃഷി ചെയ്യാൻ കൃഷിക്കാർ താത്പര്യം കാണിക്കുന്നുണ്ട്. ഏതാണ്ട് 750 ഏക്കർ ഭൂമിയിൽ റബ്ബർ കൃഷിയുണ്ട്. റബ്ബറിന് അടുത്തകാലത്തുണ്ടായ വിലവർദ്ധനവ് ഈ രംഗത്തുള്ള കൃഷിക്കാരുടെ സാമ്പത്തികനില മെച്ചപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്. നെൽ കൃഷി ചെയ്തിരുന്ന ഭൂമിയിൽ വാഴ, തെങ്ങ്, കവുങ്ങ്, തുടങ്ങിയ കൃഷികൾ ചെയ്തുവരുന്ന തായി കാണാം. പൊതുവെ കൂലി നിരക്കിൽ ഐകരൂപ്യമില്ല. പ്രാദേശികഭേദമനുസരിച്ച് വ്യത്യാസപ്പെടുന്നു. പുരുഷന് 60 – 70 രൂപയും സ്ത്രീക്ക് 50 – 60 രൂപയുമാണ് ഏകദേശം കൂലിനിരക്ക്.

വളം

സഹകരണമേഖലയിൽ ഒന്നും സ്വകാര്യമഖേലയിൽ രണ്ടും രാസവളവിൽപന കേന്ദ്രങ്ങളുണ്ട്. 80% കൃഷിക്കാരും രാസവളമാണ് ഉപയോഗിക്കുന്നത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടന്നിട്ടേയില്ല. ആവശ്യമായ അളവിൽ കാലിവളവും പച്ചിലവളവും ലഭ്യമല്ലാത്തതിനാൽ ഏവരും രാസവളത്തെ ആശ്രയിക്കുകയാണ്. ഇത് കാർഷികചെലവ് ഉയർത്തുന്നു. ഈ പഞ്ചായത്തിലെ രാസവളത്തിന്റെ ഉപയോഗം താഴെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 1993 | – | 1994 | – | 2,51,600 കി. ഗ്രാം |
| 1994 | – | 1995 | – | 2,40,205 കി. ഗ്രാം |
| 1995 | – | 1996 | – | 2,14,805 കി. ഗ്രാം |

ഇതിൽ നിന്നും രാസവള ഉപയോഗം കുറയ്ക്കുന്നത് കാണാം. ഇതിന് പ്രധാനമായും 2 കാരണങ്ങൾ കണ്ടെത്താനാവും.

1. രാസവള പ്രയോഗമുണ്ടായിട്ടും, ഉത്പാദന ക്ഷമതയില്ലാത്തതിനാൽ ഇതിനോട് താത്പര്യം കുറയുന്നു.
2. രാസവളത്തിന്റെ അമിത വിലവർദ്ധനവ്

നെല്ല്, വാഴ, പച്ചക്കറി എന്നീ കൃഷികൾക്കാണ് കാര്യമായി കീടനാശിനി പ്രയോഗിക്കുന്നത്. പഞ്ചായത്തിലെ ഉപയോഗകണക്ക് ചുവടെ ചേർക്കുന്നു.

| കീടനാശിനി | | ഖരം |
|---|---|---|
| 1993 – 1994 | 2,80,800 മി.ലി. | 850 കി. ഗ്രാം |
| 1994 – 1995 | 2,13,700 മി.ലി. | 690 കി. ഗ്രാം |
| 1995 – 1996 | 1,33,705 മി.ലി. | 310 കി. ഗ്രാം |

മറ്റ് വളങ്ങളും, കീടനാശനിയും ഉപയോഗത്തിലുണ്ട്. ജൈവവളവും മറ്റും അയൽ സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നുണ്ട്. വ്യക്തമായ കണക്ക് ലഭ്യമല്ല.

**കാർഷികോപകരണങ്ങൾ**

പാടശേഖരക്കമ്മിറ്റികൾക്കായി കൃഷിഭവൻ മുഖേന 2 പവർ ട്രില്ലർ, 20 റോക്ക് സ്പ്രേയർ, 38 നാപ്സ്റ്റാക്ക് സ്പ്രേയർ, 2 ചെറിയ സ്പ്രേയറുകൾ, 1 മെതിയന്ത്രം, 1 തെങ്ങ് കയറ്റ യന്ത്രം 284 പോർട്ടബിൾ പമ്പ് സെറ്റ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. സുമാർ 100 ജോഡി ഉഴവുമാടുകളും പഞ്ചായത്തിലുണ്ട്. ഇതിന് പുറമെ പഞ്ചായത്തിനു പുറത്തുള്ള വ്യക്തികളുടെ ട്രാക്ടറുകളും ഉഴവിന് ഉപയോഗിക്കുന്നുണ്ട്.

**പാടശേഖര സമിതികൾ**

കൃഷിഭവന്റെ മേൽനോട്ടത്തിൽ കർഷകരെ യോജിപ്പിച്ചുകൊണ്ട് 23 പാടശേഖര സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂട്ടുകൃഷിയിലൂടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കലാണ് ഈ സമിതികൾകൊണ്ട് ലക്ഷ്യമിട്ടിരുന്നത്. അത് പൂർണ്ണമായില്ല, മാത്രമല്ല സമിതികൾക്ക് ഫലപ്രദമായി പ്രവർത്തിക്കാനും കഴിഞ്ഞില്ല. ഈ പഞ്ചായത്തിലെ പാടശേഖര സമിതികളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | പാടശേഖരത്തിന്റെ പേര | വിസ്തീർണ്ണം | | വാർഡ് നമ്പർ |
|---|---|---|---|---|
| | | ഏക്കർ | സെന്റ് | |
| 1 | പെരിയപ്പാടം | 39 | 52 | 3 |
| 2 | പെരുങ്കൊല്ലപ്പടി | 52 | 47 | 4 |
| 3 | മുണ്ടക്കോട് | 18 | 01 | 9 |
| 4 | ചെറുമുഖം | 32 | 10 | -- |
| 5 | മാത്തൂരി – കിഴിയപ്പാടം | 43 | 53 | 2 |
| 6 | കുളക്കാട്ടുകുർശ്ശി | 64 | 54 | 4 |
| 7 | പൂന്തിയിൽ | 40 | 73 | 8 |
| 8 | കുണ്ടൻ പാടം | 23 | 73.5 | 8 |
| 9 | മണലി – കൂട്ടാല | 63 | 65 | 6 |
| 10 | കാളങ്കല്ലിങ്ങൽ | 59 | 19 | 4 |
| 11 | കുയിലോട് പാടം | 75 | 28 | 1 |

| നമ്പർ | പാടശേഖരത്തിന്റെ പേര | വിസ്തീർണ്ണം | | വാർഡ് നമ്പർ |
|---|---|---|---|---|
| | | ഏക്കർ | സെന്റ് | |
| 12 | അമ്പാഴപ്പുള്ളി | 44 | 27 | 2 |
| 13 | കൊടുങ്ങൽ പാടം | 81 | 26 | 9,11 |
| 14 | തലയണക്കാട് | 99 | 27 | 5 |
| 15 | ചെണ്ടേക്കോട് | 41 | 70 | 3 |
| 16 | മുണ്ടയ്ക്കൽ പടി | 38 | 03 | 3,4 |
| 17 | താഴത്തെപ്പാടം | 15 | 57 | 7 |
| 18 | ഇടപ്പള്ളി | 46 | 28 | 6 |
| 19 | പച്ചായിൽ | 132 | 47 | 3 |
| 20 | വെട്ടിക്കുഴി | 56 | 99 | 3,6 |
| 21 | വെങ്കലപ്പാടം | 60 | 78 | 7 |
| 22 | പുഞ്ചപ്പാടം | 62 | 29 | 5,6 |
| 23 | തരത്തിൽപ്പാടം | 41 | 50 | 1 |
| 24 | പൂക്കോട്ടുപാടം | 50 | 00 | 8 |

## *വായ്പാ സൗകര്യങ്ങൾ*

3 സഹകരണ ബാങ്കുകളും 2 ദേശസാൽകൃത ബാങ്കുകളുമാണ് പഞ്ചായത്ത് പരിധിൽ വരുന്നത്. ഇതിൽ ശ്രീകൃഷ്ണപുരം സർവ്വീസ് സഹകരണ ബാങ്ക്, കടമ്പഴിപുറം സർവ്വീസ് സഹകരണ ബാങ്ക്, എന്നിവിടളിൽ നിന്ന് നെല്ല്, മരച്ചീനി, വാഴ എന്നീ കൃഷികൾക്ക് ഹ്രസ്വകാല വായ്പപകൾ നൽകുന്നുണ്ട്. ദേശസാൽകൃത ബാങ്കുകൽ കാർഷിക വായ്പകൾ നൽകിവരുന്നുണ്ട്. വായ്പകൾ പലപ്പോഴും യഥാർത്ഥ ആവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നില്ല. റബ്ബർ, തെങ്ങ്, കവുങ്ങ്, കശുമാവ്, തുടങ്ങിയ കൃഷികൾക്ക് വായ്പ കൊടുക്കുന്നുണ്ട്. ഇതിന്ന് പുറമെ, ഒറ്റപ്പാലം കാർഷിക വികസന ബാങ്ക് കാർഷിക മേഖലയിൽ നെൽ കൃഷിയൊഴികെ എല്ലാ കൃഷികൾക്കും ദീർഘകാല വായ്പകൾ നൽകുന്നുണ്ട്.

## *പ്രശ്നങ്ങൾ*

1. കൃഷിപ്രദേശങ്ങളിലെ മണ്ണിന് പൊതുവായി ഫലപുഷ്ടിക്കുറവുണ്ട്.
2. ജലസേചന സൗകര്യക്കുറവുമൂലം കൃഷിച്ചെയ്യാവുന്ന ഭൂമി തരിശിട്ടിരിക്കുന്നു.
3. ചിലഭാഗങ്ങളിൽ തോടുകൾ പൊട്ടുന്നതുമൂലം നീർക്കെട്ടുണ്ടാവുന്നു.
4. നെൽകൃഷിയിടങ്ങൾ മറ്റു കൃഷികൾക്ക് ഉപയോഗിക്കുന്നു.

5. സാന്ദർഭികമായുള്ള മഴയുടെ ലഭ്യതക്കുറവ്.

6. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ യഥാസമയം കിട്ടായ്ക.

7. ഉത്പാദനക്ഷമതയുടെ കുറവ്.

8. ജൈവ വള ദൗർബല്യം.

9. കർഷകതൊഴിലാളികളുടെ അപര്യാപ്തത.

10. യന്ത്രോപകരണങ്ങൾ സന്ദർഭാനുസരണം ലഭ്യമാകുന്നില്ല.

11. ഉത്പന്നങ്ങളുടെ വിലകുറവ്.

12. കൃഷിഭവനിൽ നിന്ന് യഥാസമയം സാധനസാമഗ്രികളുടെ ലഭ്യതക്കുറവ്.

13. ജലസേചനത്തിന്റെ അപര്യാപ്തത.

14. ഉത്പന്ന സംസ്ക്കരണത്തിനുള്ള സൗകര്യമില്ലായ്മ.

15. കൃഷിഭൂമി തുണ്ടുതുണ്ടായിക്കിടക്കുന്നു.

16. ഭൂമിയുടെ നിമ്നോന്നാവസ്ഥ.

17. ആധുനിക കൃഷിരീതിയുടെ പ്രചാരക്കുറവ്.

18. രാസവളപ്രയോഗം മണ്ണിന്റെ ഘടനയിൽ വരുത്തുന്ന മാറ്റം

19. കീടനാശിനികളുടെ അമിതോപയോഗം, പ്രകൃതിനിയന്ത്രണ ശേഷി കുറയ്ക്കുന്നു.

20. കാർഷിക വായ്പയുടെ സമയോചിത ലഭ്യതക്കുറവ്.

21. സമൂഹത്തിൽ കാർഷികവൃത്തിക്കുള്ള മാന്യതക്കുറവ്.

22. സമൂഹത്തിൽ കർഷകനുള്ള അപകർഷത.

23. ഉൽപന്നങ്ങൾക്ക് വിപണനകേന്ദ്രം ഇല്ല.

24. ഇടനിലക്കാരുടെ ചൂഷണം.

25. ഉപഭോഗസംസ്ക്കാരത്തിന്റെ സ്വാധീനം.

26. മണ്ണുപരിശോധനയില്ലായ്മ.

27. കൃഷിഭൂമി അന്യർക്ക് പാട്ടത്തിന് നൽകൽ.

28. വൈദ്യുതിയുടെ ലഭ്യതക്കുറവ്.

29. കാർഷികാനുബന്ധ ചെറുകിട വ്യവസായങ്ങൾ ഇല്ലായ്മ.

## സാദ്ധ്യതകൾ

1. കാലാനുസൃതമായി മണ്ണുപരിശോധന നടത്തണം.
2. ജൈവവളത്തിന് പ്രാധാന്യം നൽകണം. പച്ചിലവളത്തിന് ഭൗതികസാഹചര്യം തയ്യാറാക്കണം, പച്ചിലമകങ്ങളായ ശീമക്കൊന്ന, പൊൻഗാമിയ എന്നിവ നട്ടുവളർത്താൻ പ്രോത്സാഹിപ്പിക്കുക, അടുക്കള കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, വള ഉപയോഗം പ്രോത്സാഹിപ്പിക്കുക, കന്നുകാലി വളം ഉപയോഗപ്പെടുത്തൽ.
3. പച്ചില വള വിത്തുകൾ കൃഷിഭവൻ വഴി വിതരണം ചെയ്യുക.
4. എല്ലാതോടുകളുടേയും ഇരു കരകളിലും പാടശേഖര സമിതികളുടെ നേതൃത്വത്തിൽ ബണ്ടുകെട്ടുക.
5. നെൽപ്പാടങ്ങൾ മറ്റു കൃഷികൾക്ക് ഉപയോഗിക്കുന്നത് നിരുൽസാഹപ്പെടുത്തുക.
6. അത്യുൽപാദന ശേഷിയുള്ള നെൽവിത്തുകൾ ഉപയോഗ്യമാക്കണം.
7. പാടശേഖരക്കമ്മിറ്റികൾക്ക് വേണ്ടുന്ന ഉപദേശങ്ങൾ സന്ദർഭാനുസരണം നൽകി സജീവമാക്കുക.
8. കാർഷികോൽപ്പന്ന വിപണനത്തിന് മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുക.
9. പാടശേഖരങ്ങളിൽ കൂട്ടു കൃഷി സമ്പ്രദായം നടപ്പിലാക്കുക.
10. ജലസേചന സൗകര്യം വർദ്ധിപ്പിക്കണം.
11. നെൽകൃഷിക്ക് ഉൽപാദന ചെലവിന്റെ 50% സബ്സിഡി വരുന്ന 5 വർഷം നൽകുക.
12. കാർഷികോപകരണങ്ങൾ യഥാസമയം ലഭ്യമാക്കുക.
13. നാളികേരത്തിന്റെ താങ്ങുവില ഉയർത്തുക.
14. കാർഷികോത്പന്നങ്ങൾ സംസ്കരിച്ചെടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക.
15. പാടശേഖരങ്ങളിലേക്ക് ട്രാക്റ്റർ ഇറക്കാനുള്ള റാമ്പുകൾ നിർമ്മിക്കുക.
16. പഞ്ചായത്തിനനുയോജ്യമായ കാർഷിക കലണ്ടർ തയ്യാറാക്കുക.
17. വിള ഇൻഷൂറൻസ് നിർബന്ധമാക്കുക.
18. പാടശേഖരങ്ങളിൽ ജലസേചനത്തിനും, ഡ്രൈനേജിനും വേണ്ട സൗകര്യം ചെയ്യുക.
19. ഒരിപ്പൂനിലങ്ങളെ ഇരിപ്പൂവും, ഇരിപ്പൂനിലങ്ങളെ മൂന്ന് പൂവ്വൻ കൃഷിയിടവുമാക്കി മാറ്റണം.

## പച്ചക്കറി കൃഷി.

മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ പൊതുവെ കൃഷികൾക്കും, വിശേഷിച്ച് നെൽകൃഷിക്കും പ്രയോജനപ്രദമായ വസ്തുതകളാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ഊർജ്ജിത പച്ചക്കറി കൃഷി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. അന്യപ്രദേശങ്ങളിൽ നിന്നു എത്തുന്ന പച്ചക്കറിയുടെ വിപണനമാണ് ഇപ്പോഴുള്ളത്. ഇത് അഭികാമ്യമായ പരിപാടിയല്ല. നമുക്ക് വേണ്ടുന്ന പച്ചക്കറികൾ നമ്മുടെ വളപ്പുകളിൽ തയ്യാറാക്കാൻ ഉതകുന്ന പരിപാടികൾ കണ്ടെത്തണം.

## സാദ്ധ്യതകൾ

1. പഞ്ചായത്തിന്റെ നേതൃത്വത്തിൽ പച്ചക്കറി കൃഷി വികസന സമിതി രൂപീകരിണം. കൂടാതെ വാർഡു തലത്തിൽ ഉപസമിതികളും വേണം.
2. വീട്ടുവളപ്പിൽ പച്ചക്കറികൃഷി എന്ന പരിപാടിയാണ് ഏറ്റെടുക്കേണ്ടത്.
3. എല്ലാ വീടുകളും സമിതിയിലെ അംഗങ്ങളാവണം.
4. കൃഷിഭവന്റെ നേതൃത്വത്തിൽ നാടൻ പച്ചക്കറികളുടെ വിത്തു പൊതികൾ വിതരണം ചെയ്യണം.
5. കൃഷിഭവനിൽ നിന്നുള്ള കാർഷിക ഉപദേശങ്ങൾ വാർഡു് ഉപസമിതികൾ വഴി ജനങ്ങളിലെത്തണം.
6. ജൈവവളവും, കീടനാശിനിയും ഉപയോഗിക്കുന്നത് ഉറപ്പുവരുത്തണം.
7. പഞ്ചായത്തിൽ പച്ചക്കറിദിനം കൊണ്ടാടണം.
8. ഉത്പന്നങ്ങൾ പഞ്ചായത്ത് സമിതിയുടെ കീഴിൽ സംഭരിക്കുക.
9. തെരഞ്ഞെടുത്ത തോട്ടങ്ങൾ വിത്തുത്പാദനത്തിന് സജ്ജമാക്കുക.
10. ഇത് തുടർ പ്രക്രിയയാക്കി മാറ്റണം.

## മറ്റുകൃഷികൾ

തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി സുഗന്ധവ്യജ്ഞനകൃഷി തുടങ്ങേണ്ടതാണ്. ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവ ഇതിൽപ്പെടുത്താം. ഇതുവഴി തോട്ടങ്ങളെ ഫലപ്രദമായി മറ്റു കൃഷികൾക്ക് പ്രയോജനപ്പെടുത്താനാവും.

തരിശു പ്രദേശങ്ങളിൽ ഔഷധ സസ്യങ്ങൾ വെച്ചുപിടിപ്പിക്കുന്നത് അഭികാമ്യമാണ്. ആയുർവ്വേദ ആരോഗ്യ രംഗത്ത് അവശ്യം വേണ്ടുന്ന ഔഷധസസ്യങ്ങൾ ഇതിന് ഉപയോഗിക്കണം.

വീട്ടമ്മമാർക്കും, തൊഴിൽ രഹിത യുവതികൾക്കും പരിഗണനീയമാക്കാവുന്ന ഒന്നാണ് കൂൺകൃഷി. വേണ്ടുന്ന സാങ്കേതികവശങ്ങൾ കൃഷിഭവനുകൾ വഴി തയ്യാറാക്കണം. ഇതിന് തയ്യാറാവുന്ന യുവതികൾക്ക് ആവശ്യമായ സാങ്കേതിക ജ്ഞാനം നൽകേണ്ടതാണ്. ഉത്പാദിപ്പിക്കപ്പെടുന്ന കൂണുകൾക്ക്, പഞ്ചായത്ത് സമിതി, വിപണനം തയ്യാറാക്കണം.

വീട്ടമ്മമാർക്ക് ഉപതൊഴിലായി പൂ കൃഷി പരിഗണിക്കാം. ഒഴിവുസമയ പ്രചാരണം കൊണ്ട് ഉയർന്ന ആദായം ഉണ്ടാക്കാൻ കഴിയുന്നു. ഇതിന് ആവശ്യമായ സാങ്കേതിക അറിവുനൽകാൻ പഞ്ചായത്തുതല സംവിധാനം ഒരുക്കണം.

'വ്യക്തിക്ക് ഒരുമരം' എന്ന പരിപാടി പഞ്ചായത്തിൽ നടപ്പിലാക്കണം. ഇതിൽ ഫലവൃക്ഷങ്ങൾ, വനവൃക്ഷങ്ങൾ എന്നിവ ഉൾപ്പെടുത്തണം. ഇതിന് ആവശ്യമായ വൃക്ഷത്തൈകൾ കൃഷിഭവനുകൾ വഴി വിതരണം ചെയ്യണം. പഞ്ചായത്തിലുള്ള തരിശുഭൂമികൾ ഇത്തരം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാൻ ഉപയുക്തമാക്കണം. ഇവയുടെ നടത്തിപ്പ് ഉറപ്പുവരുത്താൻ പഞ്ചായത്തുതല സമിതികൾ തയ്യാറാക്കണം. ഇവ പഞ്ചായത്തിലെ ജൈവ വൈവിദ്ധ്യം

നിലനിറുത്താൻ ഉപകാരപ്രദമാണ്. ഇതു കൂടാതെ കാലം കഴിഞ്ഞ ഫലവൃക്ഷങ്ങൾ മുറിച്ചു മാറ്റേണ്ടതാണ്. വൃക്ഷവിളകൾ പുനരുദ്ധരിക്കേണ്ടതും അത്യാവശ്യമാണ്.

## *ജലസേചനം*

കാർഷിക പ്രധാനമായ പഞ്ചായത്തിൽ ജലസേചനം ഒരു പ്രശ്നമാണ്. മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന ഇവിടെ 3 ഘട്ടങ്ങളിലായി മഴജലം ലഭ്യമാകുന്നു. ജൂൺമുതൽ ആഗസ്റ്റ്വരെ ലഭ്യമാകുന്ന കാലവർഷവും, സെപ്തമ്പർ മുതൽ ഒക്ടോബർ വരെ കിട്ടുന്ന തുലാവർഷവും അല്ലാതെ ലഭിക്കുന്ന മഴകളും ജലം തരുന്നു. പാലക്കാട് കാലാവസ്ഥാമേഖലയിലാണ് ഈ പ്രദേശം.

## *പഞ്ചായത്തിലെ ജലസ്രോതസ്സുകൾ*

ഈ പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായി കരിമ്പുഴപുഴയിൽ. എല്ലാകാലത്തും ജലം ലഭ്യമാകുന്നു. 20 ഏക്കറോളം ആകെ വിസ്തൃതിതരുന്ന 120ഓളം കുളങ്ങളുണ്ട്. 6 തോടുകളും ഈ പ്രദേശത്തുണ്ട്. 5.6 കി.മി. നീളത്തിൽ കാഞ്ഞി രപ്പുഴ കനാൽ പഞ്ചായത്തിന് കുറുകേ കടന്നു പോകുന്നുണ്ട്.

മഴ സമയങ്ങളിൽ എത്തുന്ന ജലം മുഴുവനായി സംഭരിക്കപ്പെടുന്നില്ല. ഭൂമിയിൽ പതിക്കുന്ന ജലത്തിന്റെ ഭൂരിഭാഗവും ഉപരിതല ജലമായി ഒഴുകുന്നു. ബാക്കി ജലത്തിൽ പകുതി കുളം, തോട് എന്നിവയിലെത്തുന്നു. ശേഷിക്കുന്ന ജലം ഭൂഗർഭത്തിലെത്തുന്നു. കാഞ്ഞിരപ്പുഴ കനാലിൽ വർഷത്തിൽ കൂടുതൽ കാലവും ജലമില്ല.

മേൽ കാണിച്ച കാരണങ്ങളാൽ ഉപരിതലത്തിലെത്തുന്ന ജലത്തെ സംഭരിക്കേണ്ടത് അത്യാവശ്യമാണ്. വെള്ളത്തെ ആശ്രയിച്ച് കൃഷിനടത്തുന്നുത്. അതിനാൽ ജലസേചനം പൂർണ്ണമാക്കാൻ കഴിഞ്ഞാൽ കൃഷി അഭിവൃദ്ധിപ്പെടുത്താനാവും. മുൻപ് പാടശേഖരങ്ങളിൽ വാൽകുളങ്ങൾ ഉണ്ടായിരുന്നു. ഏത്തം ഉപയോഗിച്ച് ജലസേചനം നടത്തി രണ്ടുവിളകൾ എടുക്കുകയും പച്ചക്കറി കൃഷി നടത്തുകയും ചെയ്തുവന്നിരുന്നു. ഈ രീതി ഇപ്പോൾ ഇല്ലാത്തതിനാൽ കുളങ്ങൾ തൂർന്നസ്ഥിതിയിലാണ്.

### *പ്രശ്നങ്ങൾ*

1. പഞ്ചായത്തിലെ കൃഷി മഴയെ ആശ്രയിച്ചു നീങ്ങുന്നു.
2. പഞ്ചായത്തിലുള്ള പൊതു കുളങ്ങൾ, സ്വകാര്യകുളങ്ങൾ, പാടങ്ങളിലെ വാൽകുളങ്ങൾ എന്നിവ വേണ്ട രീതിയിൽ ഉപയോഗപ്പെടുന്നില്ല.
3. ഉപരിതലത്തിലെത്തുന്ന ജലം സംഭരിക്കപ്പെടുന്നില്ല.
4. ഉപരിതലജലം മണ്ണൊലിപ്പിനും കാരണമാണ്.
5. പഞ്ചായത്തിലെ ഒരു തോട്ടിലും തടയണകൾ ഇല്ല.
6. തോടുകൾക്ക് സമീപം ബണ്ടുകൾ ഇല്ല.
7. മണ്ണൊലിപ്പ് തടയാനുള്ള ബണ്ടുകൾ ഇല്ല.

## *സാദ്ധ്യതകൾ*

1. പുഴയോരത്തിൽ ജലസേചന സൗകര്യം ഉണ്ടാക്കാൻ സംഭരണവിയർ ഉണ്ടാക്കണം.
2. തോടുകളിലൂടെ എത്തുന്ന ജലത്തിനും തടയണകൾവേണം.
3. പാടങ്ങളിലെ വാൽക്കുളങ്ങൾ പുനരുദ്ധരിക്കണം. ഇല്ലാത്ത സ്ഥലങ്ങളിൽ വാൽക്കുളങ്ങൾ നിർമ്മിക്കണം.
4. തോടിന് ബണ്ടുകൾ കെട്ടണം.
5. മണ്ണൊലിപ്പു പ്രദേശങ്ങളിൽ ചെറിയ ബണ്ടുകൾ കെട്ടണം.
6. പഞ്ചായത്തിലെ പൊതുകുളങ്ങൾ പുനരുദ്ധരിച്ച്, മഴജലം സംഭരിക്കാൻ പാകപ്പെടുത്തണം. ഇത് ജലസേചനത്തിന് തുറന്നുകൊടുക്കണം.
7. വീട്ടുമുറ്റത്തെ മണ്ണ് സംരക്ഷിക്കലും, വീട്ടുവളപ്പുകൾ ജലസംഭരണികളാക്കുകയും വേണം. അതിനു പറ്റും വിധം പറമ്പുകളിൽ മൺതടകൾ നിർമ്മിക്കണം.
8. കാഞ്ഞിരപ്പുഴ കനാൽ പദ്ധതി എത്രയും വേഗം പൂർത്തിയാക്കി ജലസേചനത്തിന് തുറന്ന് കൊടുക്കണം.
9. കാഞ്ഞിരപ്പുഴ കനാൽ പദ്ധതിയിലെ സബ്കനാലുകൾ ആഴം കൂട്ടി ഉപയോഗ പ്രദമാക്കണം.
10. തുപ്പനാട് ജലസേചന പദ്ധതി പൂർത്തിയാക്കി നമ്മുടെ പഞ്ചായത്തിനും ജലമെത്തിക്കണം.
11. വലിയ തോട്ടങ്ങളിലെ കൈത്തോട്ടിലൂടെ ഒഴുകുന്ന ജലം തൊട്ടികൾ കെട്ടി സംഭരിക്കണം. വേനൽക്കാലങ്ങളിൽ ഇതിൽ നിന്നും ജലസേചനം നടത്തണം.





# 6
# മൃഗസംരക്ഷണവും മത്സ്യബന്ധനവും

കൃഷിപ്രധാനമായ നമ്മുടെ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ നിയന്ത്രിക്കുന്ന മുഖ്യ ഘടകങ്ങളിലൊന്നാണ് ഇവിടുത്തെ കന്നുകാലി സമ്പത്ത്. നമ്മുടെ സംസ്ഥാനത്തിലെ കാർഷിക വരുമാനത്തിന്റെ 40% ലഭിയ്ക്കുന്നത് മൃഗസംരക്ഷണ മേഖലയിൽ നിന്നാണ്. കൂടാതെ അനുദിനം വർദ്ധിച്ചു വരുന്ന നമ്മുടെ ജനതയ്ക്ക് ഭക്ഷണാവശ്യങ്ങൾ നേടിക്കൊടുക്കുന്നതിലും കന്നുകാലികൾക്ക് വലിയ പങ്കുണ്ട്. അത്രമേൽ നമുക്കുപകരിയ്ക്കുന്ന ഈ മേഖലയുടെ അഭിവൃദ്ധിയ്ക്കുവേണ്ടി വിവിധ പദ്ധതികളിലൂടെ വർഷംതോറും ചെലവഴിയ്ക്കുന്നത് ആകെയുള്ള വിഹിതത്തിന്റെ 1.3% മാത്രമാണ്.

കേരളത്തിന്റെ മൃഗസംരക്ഷണ രംഗത്ത് കഴിഞ്ഞ 25 വർഷങ്ങൾക്കിടയ്ക്കുണ്ടായ വളർച്ചയും വികാസവും പരിശോധധിച്ചാൽ ഏറ്റവും പ്രകടമായി കാണുന്ന വസ്തുത പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിലും ഉപയോഗത്തിലും ഉണ്ടായ ഗണ്യമായ വർദ്ധനവാണ്. എന്നാൽ ഈ രംഗങ്ങളിൽ മാത്രമായി ഈ മേഖല ഒതുങ്ങി നിൽക്കുന്നില്ല. പോഷക പ്രദാനങ്ങളായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിനുപുറമെ വ്യവസായാവശ്യത്തിനുള്ള തുകൽ, എല്ല്, ജെലാറ്റിൻ, ഓസ്സീൻ, കൊഴുപ്പ്, ഔഷധനിർമ്മാണത്തിനുള്ള ഹോർമോൺ, വാക്സിൻ, എൻസൈമുകൾ എന്നീ ഉല്പന്നങ്ങൾ, പരീക്ഷണശാലകളിലേയ്ക്ക് ആവശ്യമുള്ള മൃഗങ്ങൾ എന്നിവ ഈ മേഖലയുടെ സംഭാവനകളാണ്. ഇതിനുപുറമെ കാർഷിക മേഖലയ്ക്ക് ആവശ്യമായ ജൈവവളം, നിലം ഒരുക്കുന്നതിനും ഭാരം വലിയ്ക്കുന്നതിനും ഉള്ള മൃഗശക്തി, വീട്ടാവശ്യത്തിനുള്ള ബയോഗ്യാസ് തുടങ്ങിയവയും നമ്മുടെ കന്നുകാലി സമ്പത്തിനെ ആശ്രയിച്ചാണ്.

മാംസ പരിശോധനയിലൂടെ ഉല്പാദിപ്പിയ്ക്കുന്ന ശുദ്ധമായ മാംസം, ശാസ്ത്രീയമായ മൃഗസംരക്ഷണത്തിലൂടെ ലഭിയ്ക്കുന്ന ശുദ്ധമായ പാൽ, മുട്ട, വളർത്തുമൃഗങ്ങളിലെ പേവിഷബാധാ നിയന്ത്രണം, മൃഗങ്ങളിൽ നിന്നും മനുഷ്യനുപകരുന്ന മറ്റു രോഗങ്ങളുടെ നിയന്ത്രണം തുടങ്ങിയ പൊതു ജനാരോഗ്യ സേവനങ്ങൾ മൃഗസംരക്ഷണ മേഖലയുടെ പ്രവർത്തന പരിധിയിൽ വരുന്നു.

നാൾക്കുനാൾ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയ്ക്ക് വളരെ ആശ്വാസം പകരുന്ന ഒരു മേഖലകൂടിയാണിത്. ഒരു ഉപതൊഴിലായും, മുഖ്യതൊഴിലായും പലരും പശു വളർത്തൽ, ആടു വളർത്തൽ, പന്നി വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയവ പണ്ടു മുതലേ സ്വീകരിച്ചുപോരുന്നു. ഇനിയും ധാരാളം തൊഴിൽ സാദ്ധ്യതകൾ ഈ രംഗത്തുണ്ട്. ഇങ്ങനെ നോക്കുമ്പോൾ മനുഷ്യന്റെ ദൈനം ദിന ജീവിതത്തിലെ ഒരു അവിഭാജ്യ ഘടകമായിത്തീർന്നിട്ടുണ്ട് നമ്മുടെ വളർത്തു മൃഗങ്ങൾ.

കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലെ ചെറുകിട നാമ മാത്ര കർഷകരുടെ കൈയ്യിലായതുകൊണ്ട് ഈ മേഖലയുടെ വികസനം നമ്മുടെ ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശക്തമാക്കും.

മൃഗസംരക്ഷണ മേഖലയിൽ 60 ശതമാനം അദ്ധ്വാനവും സ്ത്രീകൾ നിർവ്വഹിയ്ക്കുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിലെ വികസന പരി

പാടികൾ സ്ത്രീകളുടെ ഉന്നമനത്തിന് വഴി തെളിയിയ്ക്കുന്നു.

വളരെ വർഷങ്ങൾക്കു മുൻപുതന്നെ മൃഗപരിപാലനത്തിന് പ്രമുഖ്യം നൽകിയ ഒരു ഗ്രാമമായിരുന്നു ശ്രീകൃഷ്ണപുരം. നാടൻ കന്നുകാലികൾ നിറഞ്ഞു നിൽക്കുന്ന നീണ്ട തൊഴുത്ത് ഒരു കാലത്ത് ജന്മിത്വത്തിന്റെ പ്രതീകമായിരുന്നു. സമ്പദ് സമൃദ്ധിയുടെയും, പ്രൗഢിയുടേയും ലക്ഷണങ്ങളായിരുന്നു കൃഷിയും മൃഗസമ്പത്തും. വിവാഹാലോചനയുമായി ഒരു വീട്ടിൽ കയറിചെന്നാൽ ആദ്യമായി നോക്കുന്നത് വലിയ തൊഴുത്തുണ്ടോ? വൈയ്ക്കോൽ കൂനയ്ക്ക് എത്ര ഉയരമുണ്ട്? എന്നൊക്കെയായിരുന്നു. പ്രഭാതമായാൽ നാടൻ പശുക്കളുടെ നീണ്ട നിര ഇത്തരം വീടുകളിൽ നിന്നും മേയാൻ പുറത്തു പോകുന്നതു കാണാം; സന്ധ്യയായാൽ താനേ മടങ്ങിയെത്തിക്കൊള്ളും. ധാരാളം മേച്ചിൽ സ്ഥലങ്ങളുള്ളതു കൊണ്ട് മേഞ്ഞു നടന്ന് വയർ നിറച്ചുകൊള്ളും. വീട്ടിൽ മിച്ചം വരുന്ന കഞ്ഞിവെള്ളമോ, തവിടു കലക്കിയ വെള്ളമോ കുറച്ചു കൊടുത്താൽ മാത്രം മതി; ആഹാരത്തിന് യാതൊരു ചെലവുമില്ല. കുറച്ചു പാൽ മാത്രമോ ലഭിയ്ക്കുകയുള്ളൂവെങ്കിലും നല്ലകൊഴുപ്പുള്ളപാൽ, രോഗങ്ങളും കുറവ്, പഴമക്കാർ ഇന്നും നാടൻ പശുക്കളെ പുകഴ്ത്തിപറയുന്നതു കേൾക്കാം.

കൃഷിപ്പണിയ്ക്കുവേണ്ടി പോത്തുകളെയും, കാളകളെയും മിക്കവീടുകളിലും വളർത്തി യിരുന്നു. പത്തും, പന്ത്രണ്ടും ജോഡി പോത്തുകളുണ്ടായിരുന്ന വീടുകൾ ശ്രീകൃഷ്ണപുരം ഗ്രാമത്തിൽ കുറവായിരുന്നില്ല. ഗതാഗത സൗകര്യം തീരെയില്ലായിരുന്ന അക്കാലത്ത് ഭാരം വലിയ്ക്കുന്നതിനും, യാത്രചെയ്യുന്നതിനും കാളവണ്ടിയോ, പോത്തു വണ്ടിയോ ആയിരുന്നു ആശ്രയം. പോത്തുകളെ കൊണ്ട് വലിപ്പിച്ച് പ്രവർത്തിച്ചിരുന്ന നാടൻ ചക്കുകൾ ഇവിടെ ധാരാളം ഉണ്ടായിരുന്നു. കൃത്രിമ ബീജധാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ വിത്തുകാളകളെ പലവീടുകളിലും വളർത്തിയിരുന്നു.

മണ്ണു ചികഞ്ഞു നടക്കുന്ന നാടൻ കോഴികളുടെ കൂട്ടം മിക്ക വീട്ടുമുറ്റത്തും കാണാമായി രുന്നു. വൈയ്ക്കോൽ കൂനകളിലൊ, മച്ചിൻ മുകളിലോ കയറി മുട്ടയിടുന്നതോ, കുഞ്ഞുങ്ങളെ വിരിച്ചിറക്കുന്നതോ ആരും തന്നെ അറിഞ്ഞെന്നു വരില്ല. രാത്രി സമയങ്ങളിൽ സ്വയം രക്ഷ തേടുന്നതും പലപ്പോഴും ഏതെങ്കിലും വൃക്ഷശിഖരങ്ങളിലായിരിക്കും.

കർഷകരുടെയും, കർഷകതൊഴിലാളികളുടേയും പ്രധാന വിനോദമായിരുന്നു 'കന്നു പൂട്ടു' മത്സരം. ഇതിനുവേണ്ടി മാത്രം തീറ്റി പോറ്റി വളർത്തുന്ന 'തെളിക്കന്നുകൾ' മിക്ക കർഷക ജന്മിമാരുടേയും പ്രൗഢിയുടെ മുഖമുദ്രയായിരുന്നു.

ആടുകൾ കന്നുകാലികളെ പോലെത്തന്നെ സുലഭമായിരുന്നില്ലെങ്കിലും നാട്ടു ചികിത്സ വ്യാപകമായിരുന്നതുകൊണ്ട് ആട്ടിൻ പാലും, ആട്ടിൻ മാംസവും വിലപ്പെട്ട വസ്തുക്കളായിരുന്നു.

പകർച്ച വ്യാധികൾ പിടിപെട്ട് വളർത്തുമൃഗങ്ങൾ മരണമടയുന്നതും വിരളമായിരുന്നില്ല. എല്ലാ വർഷവും കുളമ്പുദീനം പടർന്ന്പിടിയ്ക്കും; ഏക ആശ്രയമായ നാടൻ ചികിത്സകൊണ്ട് കുറെയൊക്കെ രക്ഷപ്പെടും. കൂടാതെ തിരിച്ചറിയാത്ത പല മാരക രോഗങ്ങളും ഇടയ്ക്കൊക്കെ കന്നുകാലികളെ കൂട്ടത്തോടെ നശിപ്പിയ്ക്കാറുണ്ടായിരുന്നു. ചികിത്സാ സൗകര്യങ്ങളുടെ അഭാവം തികച്ചും പ്രകടമായ അനുഭവങ്ങളും ഇവിടെ ധാരാളം. ക്രമേണ ഈ അവസ്ഥകൾക്കെല്ലാം മാറ്റം വന്നുകൊണ്ടിരുന്നു.

പാൽ, മുട്ട, മാംസം എന്നിവ നമ്മുടെ ആഹാരത്തിൽ ഒഴിച്ചു കൂടാൻ പറ്റാത്ത ഘടകങ്ങ ളായിത്തീർന്നു. പാലിന്റെയും, പാലിൽ നിന്നുള്ള മറ്റു ഉല്പന്നങ്ങളുടെയും ഉപയോഗം വർദ്ധി ച്ചതോടെ കൂടുതൽ പാലുല്പാദനശേഷിയുള്ള പശുക്കൾ ആവശ്യമായിവന്നു. അതിന്റെ ഫലമായി

വടക്കെ ഇന്ത്യയിൽ നിന്നും കുടിയേറിപ്പാർപ്പിച്ച ഇനമാണ് 'സിന്ധി'. സിന്ധി കാളകളുടെ ബീജമുപയോഗിച്ച് കൃത്രിമ ബീജധാനം വ്യാപകമാക്കിയതു കാരണം ധാരാളം സിന്ധിപശുക്കൾ നമ്മുടെ നാട്ടിൽ ഉടലെടുത്തു. എന്നാൽ വലിയആകാരം, കുറഞ്ഞ തീറ്റ പരിവർത്തനശേഷി, കുറഞ്ഞ രോഗപ്രതിരോധശക്തി എന്നീ കാരണങ്ങളാൽ ഈ വർഗ്ഗത്തിന് കൂടുതൽ കാലം പിടിച്ചു നിൽക്കാനായില്ല. കൂടുതൽ പാലുല്പാദനം ലക്ഷ്യമിട്ടുകൊണ്ട് ജഴ്സി, ഹോൾസ്റ്റീൻ, ബ്രൗൺ സ്വിസ്സ് തുടങ്ങിയ വിദേശ ജനുസ്സുകളുടെ സങ്കരയിനം പശുക്കൾ വ്യാപകമായി; അതോടൊപ്പം നാടൻ പശുക്കളുടെ എണ്ണം കുറഞ്ഞുകൊണ്ടിരുന്നു. ശ്രീകൃഷ്ണപുരം ഗ്രാമത്തിൽ ഇപ്പോൾ പകുതിയോളം സങ്കരയിനം പശുക്കളാണ്.

പ്രോട്ടീൻ സംപുഷ്ടമായ മുട്ടയുടെ ഉപയോഗം വർദ്ധിച്ചതോടെ വർഷത്തിൽ 60 – 80 മുട്ടയിടുന്ന നാടൻ കോഴികളുടെ സ്ഥാനത്ത് മികച്ച ഉല്പാദനശേഷിയുള്ള വിദേശ ജനുസ്സു കോഴികളെ വളർത്തേണ്ടതാവശ്യമായിവന്നു. മുട്ടയുല്പാദനം കുറഞ്ഞ കോഴികളെയും, അധികം വരുന്ന പൂവൻ കോഴികളെയും ഇറച്ചിയ്ക്കുവേണ്ടി ഉപയോഗിച്ചു. കോഴിയിറച്ചിയുടെ ഉപയോഗം വർദ്ധിച്ചതോടെ ഇറച്ചിയ്ക്കുവേണ്ടി മാത്രമുള്ള കോഴികൾക്കു ജന്മം നൽകി. അങ്ങിനെ വിദേശ ജനുസ്സിൽപെട്ട മുട്ടകോഴികളും, ഇറച്ചികോഴികളും നമ്മുടെ നാട്ടിൽ എത്തി. ശ്രീകൃഷ്ണപുരം പ്രദേശങ്ങളിൽ ഇപ്പോഴും നാടൻ കോഴികളെ യഥേഷ്ടം കാണാം. നാടൻ കോഴിമുട്ടയും, നാടൻ കോഴിയിറച്ചിയുമാണ് ഇപ്പോഴും ജനങ്ങൾക്ക് പ്രിയങ്കരം.

മേച്ചിൽ സ്ഥലങ്ങളുടെ അഭാവം, ഭാരിച്ച തീറ്റ ചെലവ്, നെൽകൃഷി സ്ഥലങ്ങളുടെ കുറവ്, കൃഷിമേഖലയിലെ യന്ത്രവൽക്കരണം എന്നീ കാരണങ്ങളാൽ കാളകളും, പോത്തുകളും അപ്രത്യക്ഷമായിക്കൊണ്ടിരിയ്ക്കയാണ്. ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ അവിടവിടെയായി കുറച്ചു പോത്തുകൾ മാത്രം കാണാം. പാലുല്പാദനത്തിനുവേണ്ടി എരുമകളെ വളർത്തുന്നവരും ഇവിടെ വളരെ കുറവ്. കൃത്രിമ ബീജധാനം വ്യാപകമായതോടുകൂടി വിത്തുകാളകൾ ഇല്ല എന്നുതന്നെപറയാം.

ഇന്ന് എല്ലാവരേയും ആകർഷിച്ചുകൊണ്ടിരിയ്ക്കുന്ന ഒരു മേഖലയാണ് ആടുവളർത്തൽ. പണ്ട് ഇവിടെ വളരെ കുറച്ചുപേർമാത്രമെ ആടുകളെ വളർത്തിയിരുന്നുള്ളുവെങ്കിൽ ഇന്ന് പലരുടെയും ശ്രദ്ധ ഇതിലേയ്ക്ക് തിരിഞ്ഞിട്ടുണ്ട്.

ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ഏക സ്ഥാപനം ഇവിടെയുള്ള മൃഗാസ്പത്രിയാണ്. ഇത് സ്ഥാപിതമായത് 1–3–1964 ൽ ശ്രീകൃഷ്ണപുരംN.E.S. ബ്ലോക്കിന്റെ കീഴിൽ ഒരു വാടകകെട്ടിടത്തിലായിരുന്നു. പിന്നീട് കോടനാട്മന ഭവദാസൻ നമ്പൂതിരി 40 സെന്റ് സ്ഥലം മൃഗാസ്പത്രിയ്ക്കുവേണ്ടി സൗജന്യമായി നൽകുകയും, അവിടെ സർക്കാർ വക കെട്ടിടം പണിയുകയും ചെയ്തു. 1–10–1968 മുതൽ പ്രസ്തുത കെട്ടിടത്തിലാണ് പ്രവർത്തിയ്ക്കുന്നത്. ബ്ലോക്കിന്റെ സ്റ്റേജ്കാലാവധി കഴിഞ്ഞതോടുകൂടി ഈ സ്ഥാപനം മൃഗസംരക്ഷണവകുപ്പിന് കൈമാറി. 1995 വർഷത്തിൽ വെറ്ററിനറി സർജൻ തസ്തിക ഉയർത്തി, 'സീനിയർ വെറ്ററിനറി സർജൻ' തസ്തികയാക്കി. ഇപ്പോൾ ഈ സ്ഥാപനത്തിലുള്ള ജീവനക്കാർ:– 'സീനിയർ വെറ്ററിനറി സർജൻ' – ഒന്ന്, 'ലൈവ്സ്റ്റോക് ഇൻസ്പെക്ടർ' – ഒന്ന്, 'അറ്റൻഡന്റ്' – ഒന്ന്, 'പാർട്ടൈം സ്വീപ്പർ' – ഒന്ന്,

ദിവസേന 20 – 25 മൃഗങ്ങൾ പരിശോധനയ്ക്കെത്തുന്നു. ചികിത്സ, കൃത്രിമ ബീജധാനം, വന്ധ്യതാനിവാരണം, രോഗപ്രതിരോധ കുത്തിവെയ്പുകൾ തുടങ്ങിയ സൗകര്യങ്ങൾ ഈ സ്ഥാപനത്തിലുണ്ട്.

നമ്മുടെ പഞ്ചായത്തിൽ മൃഗസംരക്ഷണ രംഗത്തെ വിവിധ മേഖലകളിൽ ആശാവഹമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കറവുമാടുകളിൽ കൃത്രിമ ബീജസങ്കലന പരിപാടി വ്യാപകമായതോടെ സങ്കരയിനം പശുക്കളുടെ എണ്ണം വർഷം തോറും കൂടിവരുന്നതായി കാണാം. 1987 വർഷത്തിൽ 184 സങ്കരയിനം പശുക്കൾ മാത്രമുണ്ടായിരുന്നപ്പോൾ, 1996 ആയപ്പോഴേയ്ക്കും 1500 എണ്ണമായി. ഇതിനനുപാതമായി നാടൻ പശുക്കളുടെ എണ്ണം കുറയുകയും ചെയ്തു. കൂടുതൽ പേർ ആടുവളർത്തലിൽ ഏർപ്പെട്ടു തുടങ്ങിയെങ്കിലും അത്യല്പാദന ശേഷിയുള്ള സങ്കരയിനം ആടുകൾ ഇനിയും കർഷകരുടെയിടയിൽ എത്തിയിട്ടില്ല.

പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

*പട്ടിക – 1.*

| | | |
|---|---|---|
| കാള – സങ്കരം | വംശവർദ്ധനവ് | 2 |
| | മറ്റുള്ളവ | 27 |
| നാടൻ | വംശവർദ്ധനവ | ഇല്ല |
| | മറ്റുള്ളവ | 144 |
| പശു – സങ്കരം | കറവയുള്ളത് | 505 |
| | കറവയില്ലാത്തത് | 994 |
| നാടൻ | കറവയുള്ളത് | 601 |
| | കറവയില്ലാത്തത് | 1382 |
| എരുമ | കറവയുള്ളത് | 28 |
| | കറവയില്ലാത്തത് | 35 |
| പോത്ത് | | 206 |
| ആട് | | 1215 |
| പട്ടി | | 1104 |

വളരെ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു മേഖലയാണ് കോഴി വളർത്തൽ. 1987 വർഷത്തിൽ 12358 കോഴികൾ ഉണ്ടായിരുന്നപ്പോൾ 1996-ൽ 13640 കോഴികളാണുള്ളത്. കോഴികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിലും നാടൻ കോഴികളുടെ സ്ഥാനത്ത് അത്യുല്പാദന ശേഷിയുള്ള പുതിയ ഇനം കോഴികൾ വന്നു തുടങ്ങിയെന്നതാണ് സവിശേഷത. മുട്ടയുല്പാദനത്തിൽ വർദ്ധനവ് ഉണ്ടായി എങ്കിലും ഇനിയും ഈ മേഖലയിൽ വളരെയധികം പുരോഗതി കൈവരിയ്ക്കേണ്ടിയിരിയ്ക്കുന്നു.

പട്ടിക – 2

വളർത്തു പക്ഷികളുടെ കണക്ക്.

| | | |
|---|---|---|
| പൂവൻ കോഴി | | 3,048 |
| പിട കോഴി | മുട്ടയിടുന്നത് | 6,277 |
| | മുട്ടയിടാത്തത് | 4,335 |
| താറാവ് | | 24 |
| മറ്റുള്ളവ | | 6 |

അത്യുല്പാദന ശേഷിയുള്ള സങ്കരയിനം കന്നുകാലികളുടെ എണ്ണം വർദ്ധിക്കുന്നതോടൊപ്പം തന്നെ ഒരോ ദിവസവും ചികിത്സ തേടി ആശുപത്രിയിൽ കൊണ്ടുവരുന്ന മൃഗങ്ങളുടെ എണ്ണവും ഗണ്യമായി കൂടിവരുന്നതായി കാണാം.

1995 – 96 വർഷത്തിൽ വിവിധ രോഗങ്ങൾ പിടിപെട്ട് ശ്രീകൃഷ്ണപുരം മൃഗാശുപത്രിയിൽ കൊണ്ടുവന്ന മൃഗങ്ങളുടെ വിവരം പട്ടിക – 3ൽ കൊടുത്തിരിക്കുന്നു.

*പട്ടിക – 3.*

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | ആന |
|---|---|---|---|---|---|---|---|---|
| 1 | ദഹന സംബന്ധമായവ (Digestive Disorders) | 540 | 59 | 280 | – | 12 | 120 | 1 |
| 2 | ശ്വാസകോശ സംബന്ധം (Respiratory Disorders) | 82 | 3 | 18 | – | – | 5 | – |
| 3 | ഉപാപചയ സംബന്ധം (Metabolic Diseases) | 38 | 6 | 12 | – | – | – | – |
| 4 | ത്വക് രോഗങ്ങൾ (Skin Diseases) | 66 | 1 | 11 | 1 | 1 | – | – |

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | ആന |
|---|---|---|---|---|---|---|---|---|
| 5 | പോഷകകമ്മി (Defiaevey Disease) | 15 | 1 | 7 | – | – | 10 | – |
| 6 | പരാദരോഗങ്ങൾ (Parasitie Diseases) | 483 | 30 | 48 | – | 3 | 39 | – |
| 7 | പ്രത്യുല്പാദനവുമായി ബന്ധപ്പെട്ടവ (Gyreecological) | 203 | 13 | 25 | – | – | – | – |
| 8 | വന്ധ്യത (Infertiflity) | 87 | 4 | 2 | – | – | – | – |
| 9 | അകിടുവീക്കം (Mastitis) | 78 | 2 | 12 | – | – | – | – |
| 10 | മുടന്തൻ പനി (Ephemeral fever) | 77 | – | – | – | – | – | – |
| 11 | പകർച്ചവ്യാധികൾ (Contageous Disease) | – | – | – | – | – | 18 | – |
| 12 | പേവിഷ ബാധാ പ്രതിരോധകുത്തിവെയ്പ്പ് | – | – | – | – | 40 | – | – |
| 13 | കടിയേറ്റതിനുശേഷം പേവിഷബാധാകുത്തിവെയ്പ്പ് | 14 | – | 9 | – | 4 | – | – |

*എട്ടാം പഞ്ചവത്സര പദ്ധതികാലത്ത് ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിൽ പല വികസന പദ്ധതികളും നടപ്പിലാക്കി.*

1992–1993 വർഷത്തിൽ വടക്കേടത്ത് കുന്ന് കോളണിയിൽ പ്രത്യേക ഘടക പദ്ധതി പ്രകാരം 22 കുടുംബങ്ങൾക്ക് ഓരോ പെണ്ണാടുകളേയും, രണ്ടു കുടുംബങ്ങൾക്ക് ഓരോ മുട്ടനാടിനേയും സൗജന്യമായി നൽകി. 12,210/- രൂപ ഈ പദ്ധതിയ്ക്കു വേണ്ടി വിനിയോഗിച്ചു.

ഇതേ വർഷം തന്നെ സ്കൂൾ കുട്ടികളിൽ സമ്പാദ്യശീലം വളർത്താൻ ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയനുസരിച്ച് ശ്രീകൃഷ്ണപുരം ഹൈസ്കൂളിൽ 30 കുട്ടികൾക്ക് 3 പിടക്കോഴികളെ വീതം സൗജന്യമായി നൽകി. ഇതിന് വേണ്ടി 1710/- രൂപയാണ് ചെലവഴിച്ചത്.

1993–94, 1994–95 വർഷങ്ങളിലായി നടപ്പിലാക്കിയ ഒരു ബൃഹത്തായ പദ്ധതിയായിരുന്നു 'വിപുലമായ കോഴി വളർത്തൽ'. കർഷകർക്ക് കോഴി വളർത്തുവാൻ പ്രേരണ നൽകുവാനും, നമുക്കാവശ്യമുള്ള മുട്ട നമ്മുടെ നാട്ടിൽ തന്നെ ഉല്പാദിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് തുടങ്ങിയ ഈ പദ്ധതിയനുസരിച്ച് 2 – 21/2 മാസം പ്രായമുള്ള രണ്ടു പിടക്കോഴികളെയും, ഒരു പൂവൻ കോഴിയെയും വീതം പകുതി വിലയ്ക്ക് കർഷകർക്ക് നൽകി. 1000 കോഴികളെ വിതരണം ചെയ്യാനുദ്ദേശിച്ചുകൊണ്ടാണ് പദ്ധതി തുടങ്ങിയതെങ്കിലും ആവശ്യക്കാരുടെ ബാഹുല്യം കാരണം

1341 കോഴികളെ 447 കർഷകർക്കു നൽകി. 21,115/– രൂപയുടെ ധനസഹായമാണ് ഈ പദ്ധതി പ്രകാരം നൽകിയത്.

1994 – 95 വർഷത്തിൽ 'തേക്കിൻകാട്' കോളനിയിൽ 8 കുടുംബങ്ങൾക്ക് 2 പെൺ ആടുകൾ വീതവും ഒരു കുടുംബത്തിന് ഒരു മുട്ടനാടിനേയും സൗജന്യമായി നൽകി. കൂടാതെ 6 കുടുംബങ്ങൾക്ക് 2 – 21/2 മാസ് പ്രായമുള്ള 5 പിടക്കോഴികളെ വീതം നൽകി. ഇതേ കോളനിയിൽ 1995 – 96 വർഷത്തിൽ 5 കുടുംബങ്ങൾക്ക് 2 പെൺ ആടുകൾ വീതവും, 1 കുടുംബത്തിന് 1 മുട്ടനാടിനേയും നൽകി. 2 വർഷങ്ങളിലായി ഈ കോളനിയിൽ 17,260/– രൂപയുടെ ധനസഹായം നൽകി.

1994–95 വർഷത്തിൽ ശ്രീകൃഷ്ണപുരം മൃഗാശുപത്രിയിൽ വെച്ച് 'ഒരു ഗോരക്ഷാ ക്യാംപ്' നടത്തുകയുണ്ടായി. 200/– രൂപയാണ് ഇതിനായി ചെലവഴിച്ചത്. ഈ വർഷവും ഗോ രക്ഷാക്യാംപ് നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

കൂടാതെ എല്ലാ വർഷവും 'കാലിവസന്ത നിർമാർജ്ജന പദ്ധതി'യുടെ ഭാഗമായി കാലി വസന്ത രോഗത്തിനെതിരേ കന്നുകാലികളിൽ കുത്തിവെയ്പ്പു നടത്തിവരുന്നു.

'പേ വിഷബാധാ നിർമാർജ്ജന പദ്ധതി'യനുസരിച്ച് വളർത്തു നായ്ക്കളിൽ വാക്സിനേഷൻ എല്ലാ വർഷവും സൗജന്യമായി ചെയ്ത്കൊടുക്കുന്നുണ്ട്. ശ്രീകൃഷ്ണപുരം പഞ്ചായത്തതിർത്തി ക്കുള്ളിലെ എല്ലാ നായ്ക്കളിലും പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുന്നതിനു വേണ്ടി ഒരു പദ്ധതി ഈ വർഷം ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 1000 രൂപയാണ് നീക്കിവെച്ചിട്ടുള്ളത്.

കന്നുകാലികളിൽ കാണുന്ന വന്ധ്യത പരിശോധിച്ച് ചികിത്സ നിർദ്ദേശിക്കുന്നതിനു വേണ്ടി ഒരു 'വന്ധ്യതാ പരിശോധനാ ക്യാംപ്' ഈ വർഷം നടത്തുന്നുണ്ട്. 650/– രൂപയാണ് ഈ പദ്ധതിയിൽ ചെലവഴിക്കുന്നത്. കന്നുകാലികളിൽ കാണുന്ന മറ്റു പകർച്ച വ്യാധികളായ കുളമ്പുദീനം, കോരലടപ്പൻ തുടങ്ങിയ രോഗങ്ങൾക്കെതിരെ കുത്തിവെയ്പ്പ് എല്ലാ വർഷവും നടത്തുന്നുണ്ട്.

മേൽക്കാണിച്ച ക്ഷേമപദ്ധതികളെല്ലാം തന്നെ നമ്മുടെ കന്നുകാലി സമ്പത്ത് പുഷ്ടിപ്പെ ടുത്തുവാൻ വളരെയധികം സഹായിച്ചു. കോളനിയിൽ നൽകിയ ആടുകളെ ഗുണഭോക്താക്കൾ വളരെ ശ്രദ്ധയോടെ വളർത്തി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ കോളനി യിലെ നിവാസികൾക്ക് വളരെ ആശ്വാസം നൽകിയ പദ്ധതികളായിരുന്നു ഇവ. സ്കൂൾ കുട്ടികളിൽ സമ്പാദ്യശീലം വളർത്താൻ ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കിയ പദ്ധതി ഒരു വൻ വിജയമായിരുന്നു എന്ന് ഒരു വർഷത്തിനുശേഷം നടത്തിയ അവലോകന പഠനത്തിൽ നിന്നും തെളിഞ്ഞു.

എല്ലാ കർഷകരേയും ആകർഷിച്ച പദ്ധതിയായിരുന്നു 'വിപുലമായ കോഴിവളർത്തൽ' പദ്ധതി, എന്നാൽ വളരെയധികം കോഴികൾ മുട്ടയുത്പാദനത്തിനു മുമ്പും, മുട്ടയുത്പാദം ആരംഭിച്ചയുടനേയും ചത്തുപോയതു കാരണം ഈ പദ്ധതി പ്രതീക്ഷിച്ച ഫലം നൽകിയില്ല.

കാലിവസന്ത രോഗത്തിനെതിരെ എല്ലാ വർഷവും നടത്തിവരുന്ന കുത്തിവെയ്പ്പു കാരണം കഴിഞ്ഞ 5 വർഷമായി ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ ഈ രോഗം റിപ്പോർട്ട് ചെയ്തിട്ടില്ല.

പേ വിഷബാധാ നിർമാർജ്ജന പദ്ധതിയുടെ ഭാഗമായി വളർത്തുനായ്ക്കളിൽ എല്ലാവർഷവും വാക്സിനേഷൻ നടത്തുന്നുണ്ടെങ്കിലും ഇതിന്റെ പ്രാധാന്യം ഇനിയും ജനങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. പ്രതിരോധ കുത്തിവെയ്പ്പ് എടുക്കാത്ത നായ്ക്കൾ ഇപ്പോഴും ഇവിടെ വളരെയേറെയുണ്ട്.

## *പ്രശ്നങ്ങൾ*

കേരളത്തിലെ മൊത്തം വാഷിക വരുമാനത്തിന്റെ പത്തുശതമാനവും ലഭിയ്ക്കുന്നത് മൃഗ സംരക്ഷണമേഖലയിൽ നിന്നാണ്. എന്നാൽ ഈ മേഖലയിൽ വിവിധ ക്ഷേമ പദ്ധതി കൾക്കായി നീക്കിവെയാക്കുന്നതാകട്ടെ ഒരു ശതമാനവും. അതുകൊണ്ടുതന്നെ വളരെയേറെ പ്രശ്നങ്ങൾ ഈ മേഖലയിൽ പരിഹരിക്കാതെ കിടക്കുകയാണ്. ഈ പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കി 9-ാം പഞ്ചവത്സര പദ്ധതികാലത്ത് അവ ദൂരീകരിയ്ക്കാനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്താൽ മാത്രമേ മൃഗസംരക്ഷണ മേഖല കൂടുതൽ വികസിയ്ക്കുകയും തദ്വാര നമ്മുടെ നാടിന്റെ സാമ്പത്തിക നില മെച്ചപ്പെടുകയുമുള്ളു.

## *1. പാൽ ഉല്പാദന രംഗം*

(1) ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ പ്രതിദിനം 3800 ലിറ്റർ പാൽ ഉല്പാദിപ്പിയ്ക്കുന്നുണ്ട്. ഇതിനുപുറമെ 1000 ലിറ്റർ പാൽ പുറത്തുനിന്നും കൊണ്ടുവരുന്നുമുണ്ട്. അതായത് ഓരോ വർഷവും സുമാർ 18 ലക്ഷം രൂപയുടെ പാൽ നാം പുറത്തുനിന്നും വാങ്ങുകയാണ്. വിപണന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം ഇവിടെ ഉല്പാദിപ്പിയ്ക്കുന്ന പാൽ തന്നെ വിറ്റ ഴിയ്ക്കുവാൻ കർഷകർക്ക് വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നു. അതുകാരണം പലരും ഈ മേഖലയിലേയ്ക്ക് കയറിവരുവാൻ മടിക്കുകയാണ്.

2. കന്നുകാലി വളർത്തലിൽ ഏർപ്പെടുന്നവർ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് അവയ്ക്കുവേണ്ടിവരുന്ന ഭാരിച്ച തീറ്റച്ചെലവ് ആകെവരുന്ന ചെലവിന്റെ 70 % വും ഈ യിനത്തിലാണ്. അതുകൊണ്ടുതന്നെ ഈ ചിലവിന്റെ അടിസ്ഥാനത്തിലാണ് ഈ വ്യവസായ ലാഭത്തിലോ നഷ്ടത്തിലോ അവസാനിക്കുന്നത്. മേച്ചിൽ സ്ഥലങ്ങളുടേയും, തീറ്റപ്പുൽ കൃഷി യുടേയും അഭാവം കന്നുകാലി വളർത്തലിന് പ്രതികൂലമായി ബാധിക്കുന്നു. വൈയ്ക്കോ ലിന്റെ ഉല്പാദനം വളരെയേറെ കുറഞ്ഞു വരികയാണ്. വൈയ്ക്കോൽ പുറത്തുനിന്നും വാങ്ങേണ്ടിവരുന്നു.

3. കന്നുകാലികളുടെ മുഖ്യ ആഹാരമായ സാന്ദ്രീകൃത കാലിത്തീറ്റ ( Concentrate mixture ) മുഴുവനും ഇറക്കുമതി ചെയ്യുകയാണ്. ഒരു വർഷം 25 ലക്ഷം രൂപയ്ക്കുള്ള കാലി ത്തീറ്റ ഇറക്കുമതി ചെയ്യുന്നു. ഈ ഭാരിച്ച ചെലവുകാരണം പലരും ശാസ്ത്രീയമായ രീതിയിലുള്ള തീറ്റ നൽകുന്നില്ല. അതുകൊണ്ട് ഇന്നുള്ള കറവുമാടുകളുടെ ഉല്പാദന ശേഷിതന്നെ പൂർണ്ണമായി ചൂഷണം ചെയ്യാൻ നമുക്ക് കഴിയുന്നില്ല.

4. ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ സങ്കരയിനത്തിൽപെട്ട 368 പശുകിടാക്കളും 358 കിടാരികളും ഉണ്ടെന്നാണ് കണക്ക്. സമീകൃതാഹാരത്തിന്റെ അപര്യാപ്തത കാരണം ഇവയിൽ ഭൂരിഭാഗവും വളർച്ച മുരടിയ്ക്കുകയോ, പ്രായപൂർത്തിയെത്തുവാൻ കാലതാമസ്സം നേരിടുകയോ ചെയ്യുന്നു. ഇത് നമ്മുടെ പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടം വരുത്തിത്തീർക്കുന്നു.

5. നമ്മുടെ കന്നുകാലികളിൽ വന്ധ്യത ഒരു പ്രധാന പ്രശ്നമായി തീർന്നിട്ടുണ്ട്. 1995 – 96 വർഷത്തിൽ ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ 87 പശുക്കളിലും 4 എരുമകളിലും വന്ധ്യത കാണുകയുണ്ടായി. താല്ക്കാലികമായെങ്കിലും പ്രത്യുല്പാദനശേഷി നഷ്ടപ്പെടുന്നതു കാരണം കർഷകന് ഭാരിച്ച നഷ്ടമാണ് നേരിടേണ്ടി വരുന്നത്.

6. കന്നുമാടുകളിൽ കാണുന്ന മറ്റൊരു മാരകമായ രോഗമാണ് അകിടു വീക്കം. അശാസ്ത്രീയീമായ പരിപാലന രീതികളാണ് ഇതിന് കാരണം. 1995 – 96 വർഷത്തിൽ ഈ പഞ്ചായത്തിൽ 78 പശുക്കളില്ലും, 2 എരുമകളിലും, 12 ആടുകളിലും അകിടു വീക്കം ബാധിയ്ക്കുകയുണ്ടായി; കുറേയെണ്ണത്തിന്റെ പാൽഉത്പാദന ശേഷി നഷ്ടപ്പെടുകയുണ്ടായി. വളരെയധികം സാമ്പത്തിക നഷ്ടം വരുത്തുന്ന ഈ രോഗം കർഷകരെ സംബന്ധിച്ചെടത്തോളം ഒരു പ്രധാന പ്രശ്നം തന്നെയാണ്.

## *II. മാംസോല്പാദനം*

(1) ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ 90% പേരും മാംസഭുക്കുകളാണ്. ഇവിടെ ദിനം പ്രതി വിവിധ സ്ഥലങ്ങളിൽ വെച്ച് 5–6 ആടുകളെ കശാപ്പുചെയ്യുന്നു. കൂടാതെ സുമാർ 500 കിലോഗ്രം മാട്ടിറച്ചി അയൽ പഞ്ചായത്തുകളിൽ നിന്നും കൊണ്ടുവരുന്നുമുണ്ട്. ഇതിന് പുറമേയാണ് നിത്യേന ഉപയോഗിക്കുന്ന കോഴിയിറച്ചി. ആടുമാടുകളെ കശാപ്പുചെയ്യുന്നതിന് ശാസ്ത്രീയമായ രീതിയിലുള്ള അറവു ശാലയോ, മാംസപരിശോധനയോ ഈ പഞ്ചായത്തിലോ, അയൽ പഞ്ചാത്തുകളിലോ ഇല്ല. തീരെ വൃത്തിഹീനമായ സ്ഥലങ്ങളിൽ വെച്ച് വിദഗ്ദ പരിശോധന കൂടതെ മൃഗീയമായ രീതിയിൽ കശാപ്പുച്ചെയ്യുന്നതുമൂലം ഈ മാംസം ഭക്ഷിയ്ക്കുന്ന മനുഷ്യന് പല മാരക രോഗങ്ങളും വരാനുള്ള സാധ്യത വളരേയേറെയാണ്.

(2) ആടുവളർത്തൽ മേഖല – മാംസോല്പദനത്തിന് ആവശ്യമുള്ള ആടുകളിൽ 90% മറ്റു പഞ്ചായത്തുകളിൽ നിന്ന് കൊണ്ടുവരികയാണ്. ആണ്ടിൽ 15 ലക്ഷം രൂപയാണ് ഈ യിനത്തിൽ പഞ്ചായത്തിൽ നിന്ന് നഷ്ടപ്പെടുന്നത്. ശാസ്ത്രീയമായ ആടുവളർത്തൽ യൂണിറ്റുകൾ ഇവിടെ ഇനിയും ആരംഭിക്കേണ്ടിയിരിയ്ക്കുന്നു. ആട്ടിൻ കുഞ്ഞുങ്ങളുടെ ലഭ്യത, തീറ്റയുടെ ലഭ്യത എന്നീ കാര്യങ്ങളിൽ കർഷകർ നേരിടുന്ന പ്രയാസങ്ങൾ ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

(3) പന്നിവളർത്തൽ – മികച്ചയിനം പന്നികളെ വളർത്തുന്ന യൂണിറ്റുകൾ ശ്രീകൃഷ്ണപുരം പഞ്ചായത്തിലില്ല. ഈ മേഖലയിൽ താല്പര്യമുള്ളവരുണ്ടെങ്കിലും പരിശീലനത്തിന്റെ അഭാവം, പന്നിക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ട്, അറവു ശാലയുടെ അഭാവം, എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ.

(4) മൂരിക്കുട്ടികളെ / പോത്തിൻ കുട്ടികളെ വളർത്തൽ :– ഓരോ വർഷവും ഇവിടെ യുണ്ടാകുന്ന മൂരിക്കുട്ടികളും, പോത്തിൻ കുട്ടികളും 70 – 90%വും വളർച്ച മുരടിയ്ക്കുകയോ അകാലത്തിൽ മരണമടയുകയോ ചെയ്യുന്നു. 1996ലെ കാനേഷുമാരി കണക്കനുസരിച്ച് ഈ പന്നായത്തിൽ 109 മൂരിക്കുട്ടികളും, 14 പോത്തിൻകുട്ടികളും ഉണ്ട്. കൂടാതെ ഓരോ വർഷവും 200 മൂരിക്കുട്ടികളും, 25 പോത്തിൻ കുട്ടികളും ജനിയ്ക്കുന്നുമുണ്ട്. ഇവയെ വളർത്തുന്നതിൽ ശാസ്ത്രീയമായ സമീപനം കൈക്കൊണ്ടിട്ടില്ല എന്നതാണ് ഈ രംഗത്തെ പ്രധാന പ്രശ്നം.

5. മുയൽ വളർത്തൽ : മാംസോല്പാദനത്തിനുവേണ്ടിയുള്ള മുയലുകളെ വളർത്തുന്നതിനുവേണ്ടത്ര പ്രചാരം ഇനിയും ലഭിച്ചിട്ടില്ല. മുയൽ കുഞ്ഞുങ്ങളുടെ ലഭ്യത ശാസ്ത്രീയമായ മുയൽ വളർത്തലിൽ പരിശീലനം വിപണന സൗകര്യം എന്നീ കാര്യങ്ങൾ ഈ മേഖലയിൽ തരണം ചെയ്യേണ്ട പ്രശ്നങ്ങളാണ്.

6. കാടവളർത്തൽ :- തീരെ അപ്രത്യക്ഷമായിക്കൊണ്ടിരിയ്ക്കുന്ന ഒരു മേഖലയാണിത്. കാടക്കുഞ്ഞുങ്ങളെ ലഭിയ്ക്കുവാനുള്ള ബുദ്ധിമുട്ട്, വിപണനത്തിനുള്ള അസൗകര്യങ്ങൾ എന്നിവയാണ് ഇതിന് കാരണം.

7. ഇറച്ചിക്കോഴിവളർത്തൽ. :- ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ ഒരു വർഷം 9.6 ലക്ഷം രൂപയുടെ ഇറച്ചിക്കോഴി വിറ്റഴിയ്ക്കുന്നുണ്ടെന്നാണ് കണക്ക്. ഇതിൽ 90% വരുന്നത് പുറത്ത് നിന്നാണ്. അതായത് സുമാർ 8.5 ലക്ഷം രൂപ ഈയിനത്തിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും പുറത്തേയ്ക്ക് ഒഴുകുന്നു. 1996 ലെ കണക്കനുസരിച്ച് ഇവിടെ 767 ഇറച്ചിക്കോഴികളാണുള്ളത്. വെറും 11/2 – 2 മാസംവരെ വളർത്തുന്ന കോഴികളായതിനാൽ ഇത് ഒരു സ്ഥായിയായ കണക്കല്ല. എങ്കിലും വിജയകരമായി നടത്തുന്ന ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ ഇവിടെ ഇല്ല. കുഞ്ഞുങ്ങളെ ലഭിക്കുവാനുള്ള ബുദ്ധിമുട്ട് ഭാരിച്ച തീറ്റച്ചെലവ്, വിപണനത്തിനുള്ള അസൗകര്യം എന്നീ പ്രശ്നങ്ങളാണ് പലരും ഈ രംഗത്തേയ്ക്ക് വരാൻ മടിയ്ക്കുന്നത്.

## *III. കോഴിമുട്ടയുടെ ഉല്പാദനം*

ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ മുട്ട ഉല്പാദനം ആരംഭിച്ച 350 മേൽത്തരം കോഴികളും 5936 നാടൻ കോഴികളും ഇപ്പോൾ ഉണ്ട്. ഈ കോഴികളിൽ നിന്നും ഒരു വർഷം 4,00,000 മുട്ട പ്രതീക്ഷിയാക്കാം. എന്നാൽ അയൽ സംസ്ഥനങ്ങളിൽ നിന്നും ആണ്ടിൽ പത്ത് ലക്ഷം മുട്ടയാണ് ഇവിടെ ഇറക്കുമതി ചെയ്യുന്നത്. അതായത് 12 ലക്ഷം രൂപ ഈയിനത്തിൽ നമ്മുടെ പഞ്ചായത്തിന് നഷ്ടമാവുന്നു, ഈ വ്യവസായത്തിന് വേണ്ടിവരുന്ന ഭാരിച്ച തീറ്റച്ചെലവാണ് ഈ മേഖലയിൽ ആരും ഇറങ്ങിച്ചെല്ലാത്തതിനു കാരണം.

## *IV. കോഴികുഞ്ഞുങ്ങളുടെ ലഭ്യത :-*

കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതയുടെ കാര്യത്തിലും പ്രശ്നങ്ങൾ നേരിടാറുണ്ട്. കേരളത്തിലെ വിവിധ സർക്കാർ ഫാമുകൾ നമ്മുടെ ആവശ്യത്തിന്റെ 10% പോലും നിറവേറ്റൻ പര്യാപ്തമല്ല.

## *V. കന്നുകാലി ഇൻഷുറൻസിന്റെ അപാകതകൾ :-*

കന്നുകാലികളുടെ ആകസ്മിക മരണം, അംഗവൈകല്യം, രോഗം മൂലം ഉല്പാദനശേഷി ന ശിക്കൽ തുടങ്ങിയ പ്രശ്നങ്ങൾ കർഷകരെ പലപ്പോഴും തീരാ നഷ്ടത്തിലാക്കുന്നു. ഈ അവസ്ഥയിൽ നിന്നും സംരക്ഷണം നൽകുന്നതിനുവേണ്ടി ഏർപ്പെ ടുത്തിയ ഇൻഷുറൻസ് പദ്ധതി സ്വീകരിയ്ക്കുവാൻ കർഷകർ പലപ്പോഴും വിമുഖത കാണിയ്ക്കുന്നു. ഉയർന്ന പ്രീമിയം സമഗ്ര ഇൻഷുറൻസ് സംവിധാനമില്ലായ്മ എന്നിവയാണ് ഇതിലെ പോരായ്മകൾ.

## VI. പേവിഷ നിർമാർജ്ജനം :-

ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ ആകെയുള്ള 1104 നായ്ക്കളിൽ 257 എണ്ണം ഉടമസ്ഥനില്ലാതെ അലഞ്ഞു നടക്കുന്നവയാണ്. ഈ തെരുവുനായ്ക്കളാണ് മനുഷ്യനും മൃഗങ്ങൾക്കും ഭീഷിണിയായ പേ വിഷബാധയ്ക്ക് കാരണം. 1995 – 1996 വർഷത്തിൽ 14 പശുക്കളേയും 9 ആടുകളേയും 4 പട്ടികളേയും അലഞ്ഞു നടക്കുന്ന നായ്ക്കളുടെ കടിയേറ്റ് ചികിത്സയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. 40 നായ്ക്കളിൽ മാത്രമാണ് പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുള്ളത്. അതായത് ഈ രോഗത്തെക്കുറിച്ച് ഇനിയും ജനങ്ങൾ തികച്ചും ബോധവാന്മാരായിട്ടില്ല. അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാനുള്ള സംവിധാനം തീരെ അപര്യാപ്തമാണ്.

## VII. കർഷക പരിശീലനം :-

തൊഴിൽ രഹിതരായ നിരവധി യുവതീ യുവാക്കൾ മൃഗസംരക്ഷണ രംഗത്തേയ്ക്ക് കടന്നുവരാൻ താല്പര്യമുള്ളവരാണെങ്കിലും ഈ രംഗത്തെ വിവിധ മേഖലകളെക്കുറിച്ചുള്ള അജ്ഞത കാരണം പലരും മടിച്ചു നിൽക്കുന്നു. കർഷകർക്ക് ഈ മേഖലകളേക്കുറിച്ച് ശാസ്ത്രീയമായ അറിവ് നൽകുന്നതിനുള്ള സംവിധാനം ജില്ലാതലത്തിൽ പോലും ഇല്ലാത്തതാണ് ഇതിനുള്ള പ്രധാനകാരണം.

## VIII. ക്ഷീര കർഷകരെ ആദരിക്കൽ :-

മൃഗസംരക്ഷണ മേഖലയിലെ കർഷകരെ നാം പ്രത്യേകം ആദരിക്കാറില്ല. നമ്മുടെ സംസ്ഥാനത്തിന്റെ വാർഷിക വരുമാനത്തിന്റെ 10% അധികം സംഭാവന ചെയ്യുന്ന ഈ വിഭാഗത്തെ പാടെ അവഗണിയ്ക്കുകയാണ് പതിവ്. അർഹമായി പ്രോത്സാഹനത്തിന്റെ അഭാവം പലപ്പോഴും ഈ മേഖലയെ തളർത്താൻ ഇടയാക്കാറുണ്ട്.

## IX. കന്നുകാലി പ്രദർശനവും സെമിനാറും :-

നല്ലയിനം കന്നുകാലികളെ കണ്ടെത്തി വിലയിരുത്തുന്ന സംവിധാനം തൃപ്തികരമല്ല. കർഷകർ തമ്മിൽ ആശയ വിനിമയം നടത്താനോ മൃഗപരിപാലന രംഗത്തെ പുതിയ – ശാസ്ത്ര സാങ്കേതിക വളർച്ച കർഷകരിൽ എത്തിയ്ക്കുവാനോ ഉള്ള പരിപാടികൾക്ക് പ്രാധാന്യം നൽകാറില്ല. മൃഗ സംരക്ഷണ മേഖലയിലെ പുത്തൻ അറിവുകൾ അത് പ്രബല്യത്തിൽ വരുത്തേണ്ട കർഷകർക്ക് പകർന്നുകൊടുക്കുവാൻ കാലതാമസം നേരിടുന്നു.

## X. ശ്രീകൃഷ്ണപുരം മൃഗാശുപത്രി :-

പ്രവർത്തനമാരംഭിച്ചിട്ട് 32 വർഷമായെങ്കിലും കാര്യക്ഷമമായ പ്രവർത്തനത്തിന് ഇന്നും വളരെയധികം പ്രശ്നങ്ങൾ നേരിടുന്നു. ഈ സ്ഥാപനത്തിലെ ചുറ്റുമതിൽ ഇതുവരെ നിർമ്മിച്ചിട്ടില്ല. ഒന്നിലധികം ദിവസം ചികിത്സ വേണ്ടിവരുന്ന ഉരുക്കളെ താമസിപ്പിക്കുവാനുള്ള വാർഡിന്റെ അഭാവം കർഷകർക്ക് വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നു. ഇവിടെ ജലവിതരണ സൗകര്യം ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. കൂടാതെ ഓപ്പറേഷൻ തിയേറ്റർ ജീവനക്കാർക്ക് താമസിക്കാനുള്ള വസതികൾ, വാഹനം, ഫോൺ, എന്നി ആവശ്യങ്ങളും മുൻപന്തിയിൽ

നിൽക്കുന്നു. കാര്യമായ അറ്റകുറ്റപ്പണികൾ ഒന്നും തന്നെ ഇതുവരെ നടത്തിയിട്ടില്ല. ഓരോ വർഷവും ലഭിക്കുന്ന മരുന്നുകൾ ആവശ്യത്തിന് തികയാറില്ല.

### *സാദ്ധ്യതകൾ*

### *1. ക്ഷീരോല്പാദക സഹകരണ സംഘം രൂപീകരിയ്ക്കൽ*

സഹകരണാടസ്ഥാനത്തിൽ ഒരു ക്ഷീരവിപണന കേന്ദ്രം സ്ഥാപിയ്ക്കുകയും, എല്ലാവർഡുകളിലും പാൽ ശേഖര യൂണിറ്റുകൾ ആരംഭിയ്ക്കുകയും ചെയ്തു.

### *2. കറവു മാടുകൾക്ക് സഹായനിരക്കിൽ കാലിത്തീറ്റ നൽകൽ*

ഇപ്പോഴുള്ള സങ്കരയിനം പശുക്കളുടെ ഉല്പാദനശേഷി പരമാവധി വർദ്ധിപ്പിയ്ക്കാൻ വേണ്ടി സമീകൃതാഹാരം കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക.

### *3. കന്നുകുട്ടി പരിപാലന പദ്ധതി*

ജനിതക ഗുണങ്ങളുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി ആദ്യ പ്രസവം 30-ാം മാസത്തിൽ തന്നെ സാദ്ധ്യമാക്കാൻ വേണ്ടി സമീകൃത കാലിത്തീറ്റ സഹായ നിരക്കിൽ നൽകുന്ന പരിപാടി നടപ്പിൽ വരുത്തുക.

### *4. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിയ്ക്കൽ*

ഒഴിഞ്ഞു കിടക്കുന്ന ഭൂമി, തെങ്ങിൻ തോപ്പുകൾ, വഴിയോരങ്ങൾ, വരമ്പുകൾ, തുടങ്ങിയ സ്ഥലങ്ങളിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് പുൽ വിത്തുകൾ സൗജന്യമായി നൽകുകയും, സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിയ്ക്കുകയും ചെയ്യുക.

### *5. വന്ധ്യതാ പരിശോധനാ ക്യാമ്പ് നടത്തുക*

കറവുമാടുകളിലെ വന്ധ്യത കാലാകാലങ്ങളിൽ പരിശോധിച്ച് യഥാസമയം ചികിത്സ നൽകുന്നതിനുള്ള സംവിധാനങ്ങൾ.

### *6. അകിടു വീക്കം നിയന്ത്രിക്കൽ*

ശാസ്ത്രീയമായ തൊഴുത്ത് നിർമ്മിയ്ക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും, പരിപാലന രീതികളെക്കുറിച്ച് പരിശീലനം നൽകുകയും ചെയ്യുക.

7. ശാസ്ത്രീയമായ രീതിയിലുള്ള അറവു ശാല സ്ഥാപിച്ച് മാംസപരിശോധന നിർബന്ധമാക്കുക.

8. *ആടുവളർത്തൽ*

ആട്ടിൻ കുഞ്ഞുങ്ങളെ വളർത്തി ഇറച്ചിയ്ക്കുവേണ്ടി ഉപയോഗിയ്ക്കുന്ന യൂണിറ്റുകളും, പാലിനുവേണ്ടിയും കുഞ്ഞുങ്ങളെ ഉല്പാദിപ്പിയ്ക്കുന്നതിനും വേണ്ടി ആടുകളെ വളർത്തുന്ന യുണിറ്റുകളും ആരംഭിയ്ക്കുക.

9. *പന്നി വളർത്തൽ*

ഹോട്ടൽ വേസ്റ്റ് അറവുശാല വേസ്റ്റ് തുടങ്ങിയവ ലഭിയ്ക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ തെരഞ്ഞെടുത്ത് പന്നിവളർത്തൽ യൂണിറ്റുകൾ ആരംഭിയ്ക്കുക.

10. *മൂരിക്കുട്ടികളെ / പോത്തിൻകുട്ടികളെ വളർത്തൽ*

നമുക്കാവശ്യമുള്ള മാട്ടിറച്ചി ഇവിടെത്തന്നെ ഉല്പാദിപ്പയ്ക്കാനുതകുമാറ് ഇവിടെ ജനിയ്ക്കുന്ന മൂരിക്കട്ടികളേയും, പോത്തിൻകുട്ടികളേയും ശാസ്ത്രീയമായ രീതിയിൽ വളർത്തുന്നതിനുള്ള പദ്ധതികൾ.

11. *മുയൽ വളർത്തൽ*

രുചികരവും പോഷകമൂല്യവുമുള്ള ഇറച്ചി കുറഞ്ഞ കാലയളവിനുള്ളിൽ നൽകുന്ന മുന്തിയ ഇനം മുയലുകളെ വളർത്തുന്ന യൂണിറ്റുകൾ എല്ലാ വാർഡുകളിലും ആരംഭിയ്ക്കുക.

12. *കാടവളർത്തൽ*

എല്ലാ വാർഡുകളിലും കാടവളർത്തൽ കേന്ദ്രങ്ങൾ ആരംഭിയ്ക്കുക. കാടമുട്ടയുടെയും കാടയിറച്ചിയുടേയും പ്രത്യേകതകൾക്ക് പ്രചാരം നൽകി വിപണന സാധ്യത വർദ്ധിപ്പിയ്ക്കേണ്ടതാണ്.

13. *ഇറച്ചിക്കോഴി വളർത്തൽ*

എല്ലാ വാർഡുകളിലും ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിയ്ക്കുക. കുറഞ്ഞ വിലയ്ക്ക് കോഴിത്തീറ്റ ലഭ്യമാക്കേണ്ടതാണ്. കോഴിക്കുഞ്ഞുങ്ങളെ കൊണ്ടുവരുന്നതിന് സഹകരണാടിസ്ഥാനത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യുക.

14. *വീട്ടുമുറ്റത്ത് കോഴി വളർത്തൽ. (ബാക്ക്യാർഡ് കോഴി വളർത്തൽ)*

മുട്ടയുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടുവാൻ നടപ്പിലാക്കാവുന്ന പദ്ധതിയാണിത്. വനിതകൾക്ക് മുൻഗണന നൽകേണ്ടതാണ്.

15. *മുട്ട മാംസം എന്നിവയുടെ സഹകരണ വിപണനകേന്ദ്രം എല്ലാ വാർഡുകളിലും സ്ഥാപിയ്ക്കുക.*

## 16. സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ കോഴിത്തീറ്റ ഉല്പാദന കേന്ദ്രം

പഞ്ചായത്തിലൊരുല്പാദന കേന്ദ്രം സ്ഥാപിച്ച് എല്ലാ വർഡുകളിലും വിപണനകേന്ദ്രം ആരംഭിയ്ക്കുക.

## 17. മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ നഴ്സറി

ബാക്ക്യാർഡ് കോഴിവളർത്തൽ യുണിറ്റുകളിൽ കോഴികളെ വിതരണം ചെയ്യുന്നതിനു വേണ്ടിയും മറ്റു പദ്ധതികൾക്കുവേണ്ടിയും പഞ്ചായത്തിൽ ഒരു നഴ്സറി സ്ഥാപിയ്ക്കുക.

## 18. സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക

## 19. കർഷക പരിശീലനം

മൃഗ പരിപാലന രംഗത്തെ കർഷകർക്ക് പരിശീലനം നൽകുന്നതിന് ഒരു ജില്ലാതല പരിശീലന കേന്ദ്രം ഈ ജില്ലയിൽ ആരംഭിയ്ക്കുക.

## 20 . പേ വിഷ നിർമ്മാർജ്ജന പദ്ധതി

ഉടമസ്ഥനില്ലാതെ അലഞ്ഞു നടക്കുന്ന നായ്ക്കളെ മുഴുവൻ നശിപ്പിയ്ക്കുകയും, മറ്റുള്ള വയ്ക്ക് പ്രതിരോധകുത്തിവെയ്പ്പ് നടത്തുകയും ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യുക.

## 21. ക്ഷീരകർഷകരെ ആദരിയ്ക്കൽ

എല്ലാവർഷവും പഞ്ചായത്ത്തലത്തിലും, ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ക്ഷീര കർഷകരെ ആദരിയ്ക്കുകയും, അവാർഡുനൽകുകയും ചെയ്യുക.

## 22. കന്നുകാലി പ്രദർശനവും സെമിനാറും.

പഞ്ചായത്ത് തലത്തിലും, ജില്ലാതലത്തിലും എല്ലാവർഷവും നടത്തുക.

## 23. മൃഗാശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക

ചുറ്റുമതിൽ, ജലവിതരണം, ഓപ്പറേഷൻ തിയ്യേറ്റർ, രോഗികൾക്കുള്ള വാർഡ്, വാഹനം, ഫോൺ സൗകര്യം ജീവനക്കാരുടെ വസതികൾ, ആവശ്യത്തിനുള്ള മരുന്ന്, കാലാകാലങ്ങളിൽ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ എന്നീ സൗകര്യങ്ങൾ നൽകി മൃഗസംരക്ഷണ പ്രവർത്ത നങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.

## 24. വെറ്ററിനറി ക്ലിനിക്കൽ ലാബ് താലൂക്കുതലത്തിൽ ആരംഭിയ്ക്കുക

## 25. ബയോഗ്യാസ് പ്ലാന്റ്

കന്നുകാലികളെ വളർത്തുന്ന കർഷകർക്ക് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിയ്ക്കാൻ സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിയ്ക്കുക.

## 26. തുകൽ സംസ്ക്കരണം. അറവുശാലാ ഉപോല്പന്നസംസ്ക്കരണത്തിനുള്ള സംവിധാനം ജില്ലാ തലത്തിൽ നടപ്പിലാക്കുക.

## മത്സ്യ ബന്ധനം

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളിൽ 90% പേർ മാംസഭുക്കുകളാണ്. അതിന്റെ നല്ലൊരു ഭാഗം മത്സ്യമാണെന്നത് ഈ മേഖലയുടെ പ്രാധാന്യം എടുത്തു കാട്ടുന്നു. ഇവിടെ പരമ്പരാഗത മത്സ്യതൊഴിലാളികൾ വിരളമാണ്. ഏതാനും പേർ മത്സ്യം പിടിയ്ക്കുന്നുണ്ടെങ്കിലും അത് ഉപജീവനമാർഗ്ഗമായി കാണുന്നില്ല. എന്നാൽ ഓരോ ദിവസവും വിപണിയിൽ വിറ്റഴിയുന്ന മത്സ്യത്തിന്റെ കണക്ക് ആമേഖലയെ പോഷിപ്പിയ്ക്കേണ്ടതിന്റെ ആവശ്യം എടുത്തു കാട്ടുന്നു (പട്ടിക കാണുക)

ശ്രീകൃഷ്ണപുരം പഞ്ചായത്തിന്റെ വടക്കേ അതിർത്തി മുഴവനും പുഴയാണ്. ഏകദേശം 8 കി.മ. നീളത്തിൽ അതിർത്തിയായി കിടക്കുന്ന കരിമ്പുഴയിൽ ആണ്ടിൽ എല്ലാ സമയവും ജലം ലഭ്യമാണ്. പഞ്ചായത്തു നിയന്ത്രണത്തിൽ 10 ഏക്കർ വരുന്ന കുളങ്ങളും ഇത്രത്തോളംതന്നെ വിസ്തീർണ്ണം വരുന്ന വ്യക്തിഗത കുളങ്ങളും, കൃഷിയാവശ്യത്തിനുമാത്രം ഉപയോഗിയ്ക്കുന്ന ഏതാനും കിണറുകളും, നിർമ്മിയ്ക്കാനുദ്ധേശിയ്ക്കുന്ന തടയണകളും, പഞ്ചായത്തിന്റെ ഏതാണ്ട് എല്ലാ ഭാഗത്തേയും ബന്ധിപ്പിയ്ക്കുന്ന കാഞ്ഞിരപ്പുഴ കനാലും, ചില പ്രധാന തോടുകളും പഞ്ചായത്തിൽ, ജലസ്രോതസ്സുകളായി നിലനിൽക്കുന്നുണ്ട്.

മത്സ്യം വിപണിയിലെത്തുന്നത് രണ്ടുതരത്തിലാണ്.

പട്ടിക 1

| (1 ദിവസം ചെലവ്) |
|---|
| പച്ച മത്സ്യം – 600 കിലോഗ്രാം. |
| വില – 20ക. (ശരാശരി) 1.കി.ഗ്രാം |
| ഇനം – മത്തി, അയല, കോര, പച്ച മാന്തൽ,കതിരാൻ,ഫിലോപ്പിയാ, ഐെയിക്കൂറ. |

പട്ടിക 2

| (1 ദിവസം ചെലവ്) |
|---|
| ഉണക്ക മത്സ്യം – 150 കിലോഗ്രാം |
| വില 30 ക. (ശരാശരി) 1 കി.ഗ്രാം |
| ഇനം– സ്രാവ്, മുള്ളൻ, മാന്തൽ, തളയൻ, നത്തള്, പാറ, കൂന്തൽ, ഉണക്ക ചെമ്മീൻ, കതിരാൻ, മത്തി. |

പട്ടിക 3

| (1 ദിവസം ചെലവ്) |
|---|
| നാടൻ മത്സ്യം – 100 കിലോഗ്രാം. |
| വില – 60 (ശരാശരി ) 1 കി.ഗ്രാം. |
| ഇനം – മൊയ്യ്, വാള, പരൽ, ചേരൻ |

ഉൾനാടൻ മേഖലയിൽ ആയതിനാൽ നമ്മുടെ പഞ്ചായത്ത് ഉൾനാടൻ പഞ്ചായത്താണ്. അതിനനുസൃതമായ പരിപാടികൾ നാം കണ്ടെത്തണം.

പഞ്ചായത്തിന് ജലസ്രോതസ്സുകൾ പുനുരുജ്ജിവിപ്പിയ്ക്കുന്നതോടൊപ്പം ഉപമേഖലയാക്കി മത്സ്യ കൃഷി പ്രായോഗികമാക്കാം. ഇപ്പോഴുള്ള ജലസംഭരണികൾ അനുയോജ്യ മത്സ്യകൃഷിയ്ക്ക് ഉപയുക്ത മാക്കണം. ആഭ്യന്തര ചിലവിന് പരമാവധി ഉല്പാദനം ഉണ്ടാക്കാൻ അതു വഴി കഴിയുന്നു.

### *പ്രധാന പ്രശ്നങ്ങൾ*

1. കരിമ്പുഴയിൽ ആണ്ടിൽ മുഴുവനും വെള്ളം ലഭ്യമായിട്ടും മത്സ്യകൃഷിയ്ക്ക് രൂപം നൽകിയിട്ടില്ല.
2. പഞ്ചായത്തിന്റെ ഉടമസ്ഥതയിലെ വലിയ കുളങ്ങൾ ഈ മേഖലയ്ക്ക് അന്യമായി നിൽക്കുന്നു.
3. വ്യക്തിഗത കുളങ്ങൾ ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയിട്ടില്ല.
4. പഞ്ചായത്തിന്റെ കുറുകെയായി സാന്ദർഭികമായി ഒഴുകുന്ന കനാൽ ജലത്തെ ഇതിന് തയ്യാറാക്കുന്നില്ല.
5. പാടങ്ങളിലും മറ്റുമായിക്കിടക്കുന്ന വലിയ കുഴികൾ ഹ്രസ്വകാല മത്സ്യകൃഷിക്ക് യോജ്യ മാക്കുന്നില്ല.
6. ഈ മേഖല പോഷിപ്പിയ്ക്കുന്നതിനുവേണ്ടുന്ന പരിശീലനം ആർക്കും ലഭ്യമാക്കിയിട്ടില്ല.
7. നാടൻ മത്സ്യങ്ങൾക്ക് പെട്ടന്ന് രോഗം പിടിപെടുന്നു.

### സാദ്ധ്യതകൾ

1. വടക്കേ അതിർത്തിയായി നീണ്ടു കിടക്കുന്ന കരിമ്പുഴയെ മത്സ്യകൃഷിക്ക് നല്ലപോലെ പ്രയോജനപ്പെടുത്താം.
2. പഞ്ചായത്തധീനതയിലുള്ള കുളങ്ങൾ ഇതിനുവേണ്ടി ഉപയുക്തമാക്കണം. വർഷങ്ങളിൽ ലേലം ചെയ്തുകൊടുക്കണം. അതുവഴി സാമ്പത്തിക നേട്ടവും സുരക്ഷിതത്വവും ഉറപ്പുവരുത്താം.
3. വ്യക്തിഗത കുളങ്ങളിൽ ഭക്ഷണയോഗ്യ മത്സ്യങ്ങൾ, അലങ്കാര മത്സ്യങ്ങൾ എന്നിവ വളർത്തി വിപണനത്തിന് സജ്ജമാക്കാം.
4. സാന്ദർഭികമായി ജലം കിട്ടുന്ന കാഞ്ഞിരപുഴ കനാലിൽ ഹൃസ്വകാല മത്സ്യകൃഷി ആരഭിക്കണം. കഴിയുന്നത്ര മഴ വെള്ളം തടുത്തു നിർത്താനും അതിലിത് വിപുലപ്പെടുത്താനും തയ്യാറാകണം.
5. വിവിധ പാടശേഖരങ്ങളിലെ ആഴിയപ്പാടങ്ങളിൽ മത്സ്യകൃഷി മാതൃകയായി ആരംഭിക്കണം.
6. മത്സ്യകൃഷിക്കുവേണ്ടുന്ന സാങ്കേതിക അറിവിന് പരിശീലകരെ സജ്ജമാക്കണം.

പഞ്ചായത്തതിർത്തിയിൽ നടപ്പാക്കേണ്ടുന്ന ചില മത്സ്യകൃഷി മാതൃകകൾ താഴെ തരുന്നു.

1. നാട്ടിൻ കുളം ( **Village Ponds** )

പഞ്ചായത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കോ വനിതകൾക്കോ മത്സ്യ കൃഷിക്കായി പഞ്ചായത്ത് കുളങ്ങൾ നൽകാം. സംഘടനയ്ക്കോ, ക്ലബ്ബിനോ നൽകാം, അവരുടെ സഹകരണത്തോടെ ഇത് വിജയിപ്പിക്കാം.

2. വീട്ടുകുളം ( **House Ponds** )

വീട്ടുവളപ്പിലെ ചെറുകുളങ്ങൾ ഇതിനുവേണ്ടി ഉപയുക്തമാക്കാം. അടുക്കളാവശിഷ്ടങ്ങൾ കുളങ്ങളിൽ തീറ്റയായി നൽകാം. വീടുകളിലെ വിസർജ്ജ്യങ്ങൾ ജൈവ സംസ്കരണ പ്രക്രിയയ്ക്ക് വിധേയമാക്കാനും ഇത് ഉപകരിയ്ക്കുന്നു.

3. സാമൂഹ്യകൃഷി. (**Social Fishery**)

കരിമ്പുഴയിലും, കനാലിലും മത്സ്യ സംഭരണം നടത്തുകയും നിയന്ത്രിത രീതിയിൽ മത്സ്യബന്ധനം നടത്തുകയും ചെയ്യുന്ന പദ്ധതിയാണിത്. മത്സ്യോല്പാദന ക്ഷമത വർദ്ധിപ്പിയ്ക്കാൻ ഉദ്ദേശിയ്ക്കുന്ന പദ്ധതിയാണിത്.





# 7

# വ്യവസായം

വ്യവസായരംഗം നമ്മുടെ പഞ്ചായത്തിൽ ദുർബലമാണ്. പഞ്ചായത്തിലെ 18610 പേരിൽ ഭൂരിഭാഗവും നിർമ്മാണ മേഖലയിലും കാർഷിക മേഖലയിലും പണിയെടുക്കുന്നവരാണ്. എങ്കിലും പഞ്ചായത്തിൽ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന ഒരു വിഭാഗം ജനങ്ങൾ ഇന്നും കണ്ടുവരുന്നുണ്ട്. ആധുനുക വ്യവസായങ്ങൾ നാമമാത്രമായി ഉയർന്നു വന്നുകൊണ്ടി രിക്കുന്നു. ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ല. പണ്ടുകാലങ്ങളിൽ വളരെ പ്രശസ്തമായ പെരുമാങ്ങാട് ചന്ത ഇന്ന് പൊയ്പ്പോയ ഐശ്വര്യത്തിന്റെ ബാക്കി പത്രം മാത്രമായി പ്രവർത്തിച്ചുവരുന്നു. തോട്ടര കത്തി, മംഗലാം കുന്ന് മുറുക്ക് എന്നിവ പഞ്ചായത്തിനകത്ത് മാത്രമല്ല കേരളമെങ്ങും പ്രസിദ്ധമാണല്ലോ. തൊഴിലാളികളിൽ വലിയൊരു വിഭാഗവും പഞ്ചായത്തിന് പുറത്ത് വിവിധ സ്ഥാപനങ്ങളിലും മേഖലകളിലും ജോലി ചെയ്തുവരുന്നു.

നിലവിലുള്ള സ്ഥാപനങ്ങളും, തൊഴിലാളികളുടെ എണ്ണവും പട്ടിക ഒന്നിൽ കാണിച്ചി രിക്കുന്നു. കൂടിൽ വ്യവസായ യൂണിറ്റുകൾ പട്ടിക രണ്ടിൽ കാണിച്ചിരിക്കുന്നു.

## *വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം.*

മൊത്തം തൊഴിൽ മേഖലയിൽ സ്ത്രീകൾ തന്നെ കൂടുതൽ ആധിപത്യം കൈവരി ച്ചിരിക്കുന്നത് എടുത്ത് പറയേണ്ടതാണ്. പരമ്പരാഗതമേഖലയിലും ചെറുകിട മേഖലയിലും സ്ത്രീകൾ കൂടുതലായി ജോലിചെയ്തുവരുന്നു. എങ്കിലും പുരുഷന്മാർ സാങ്കേതിക മേഖലകളിൽ മുന്നിട്ടുനിൽക്കുന്നുണ്ട്. ഉയർന്ന വിദ്യാഭ്യാസവും സാങ്കേതിക പരിജ്ഞാനവും ലഭിച്ച സ്ത്രീ കളുടെ എണ്ണം വർദ്ധിച്ച് വരുന്നത് കാണാവുന്നതാണ്. ചുരുക്കത്തിൽ വ്യാവസായികമായി പഞ്ചായത്തിന് മുൻപന്തിയിൽ എത്തിക്കാൻ വേണ്ടത്ര മാനവശേഷി നമുക്കുള്ളതിനാൽ വൈകിയ വേളയിലാണെങ്കിൽക്കൂടി ഈ 9-ാം ജനകീയ പദ്ധതിയിൽ നാം ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ചിന്തിക്കേണ്ടതാണ്.

പട്ടിക I

| ക്രമ നമ്പർ | വിഭാഗം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|---|
| | | | സ്ത്രീ | പു | |
| 1 | റൈസ്മിൽ | 10 | 00 | 10 | 10 |
| 2 | നാളികേരം, ഭക്ഷ്യഎണ്ണ | 3 | 3 | 4 | 7 |
| 3 | കറിപൗഡർ | 1 | 1 | 1 | 2 |
| 4 | ബേക്കറി | 4 | 00 | 8 | 8 |
| 5 | സോഡാ ഫാക്ടറി | 2 | 00 | 2 | 2 |
| 6 | ഹോട്ടൽ | 40 | 40 | 80 | 120 |

| ക്രമ നമ്പർ | വിഭാഗം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|---|
| | | | സ്ത്രീ | പു | |
| 7 | തടിവ്യവസായം | 5 | 20 | 47 | 67 |
| 8 | തീപ്പെട്ടി വ്യവസായം | 2 | 50 | 5 | 55 |
| 9 | അച്ചടി വ്യവസായം | 2 | 6 | 2 | 8 |
| 10 | റബ്ബർ ത്രെഡ് ഫാക്ടറി | 1 | 8 | 4 | 12 |
| 11 | എഞ്ചിനീയറിംഗ് മെറ്റൽ | 5 | 00 | 18 | 18 |
| 12 | ഓട്ടോ വർക്ക്ഷോപ്പ് | 4 | 00 | 15 | 15 |
| 13 | ഹോളോ ബ്രിക്സ് | 1 | 00 | 3 | 3 |
| 14 | ഫർണീച്ചർ വർക്സ് | 7 | 0 | 6 | 16 |
| 15 | ഖാദിമേഖല | 3 | 56 | 00 | 56 |
| 16 | ഇലക്ട്രിക്കൽ/ഇലക്ട്രോണികസ് | 1 | | 1 | 1 |
| 17 | പ്ലാസ്റ്റിക് കെയ്ൻ വർക്സ് | 2 | 5 | 1 | 6 |
| 18 | സോപ്പു നിർമ്മാണം | 1 | 8 | 2 | 10 |
| 19 | പ്ലാസ്റ്റിക് വ്യവസായം | 1 | 4 | 1 | 5 |
| 20 | കല്ലുവെട്ട് | 3 | 00 | 25 | 25 |
| 21 | മറ്റുള്ളവ | 5 | 100 | 60 | 160 |
| | ആകെ | 122 | 301 | 295 | 606 |

## പട്ടിക II

| ക്രമ നമ്പർ | വിഭാഗം | ആകെ എണ്ണം | സ്ത്രീ | പു | ആകെ |
|---|---|---|---|---|---|
| 1. | മരപ്പണി | 24 | 00 | 48 | 48 |
| 2. | നിർമ്മാണ മേഖല | 00 | 400 | 750 | 1150 |
| 3 | പപ്പടം , മുറുക്ക് | 38 | 40 | 8 | 48 |
| 4 | ഇരുമ്പുപണി | 10 | 00 | 50 | 50 |
| 5 | മുളകൊണ്ടുള്ള ഉല്പന്നം | 4 | 6 | 6 | 12 |
| 6 | ഓലക്കുട നിർമ്മാണം | 6 | 6 | 12 | 18 |
| 7 | തഴപ്പായ, ഓലപ്പായ | 0 | 60 | 0 | 60 |

| ക്രമ നമ്പർ | വിഭാഗം | ആകെ എണ്ണം | സ്ത്രീ | പു | ആകെ |
|---|---|---|---|---|---|
| 8 | തുണിനെയ്ത്ത് | 8 | 23 | 9 | 32 |
| 9 | പവർലൂം യൂണിറ്റ് | 1 | 0 | 6 | 6 |
| 10 | മുത്തുകൾകൊണ്ടുള്ള ഉല്പന്നങ്ങൾ | 00 | 30 | 20 | 50 |
| 11 | തുകൽ ചെരുപ്പ് നിർമ്മാണം വാദ്യോപകരണങ്ങളുടെ ഭാഗങ്ങൾ | 1 | 0 | 4 | 4 |
| 12 | കള്ളുകൊണ്ടുള്ള ഉല്പന്നങ്ങൾ | 00 | 00 | 00 | 00 |
| 13 | ആയൂർവ്വേദ ഔഷധ നിർമ്മാണം | 7 | 4 | 14 | 18 |
| 14 | കളിമൺപാത്രനിർമ്മാണം | 27 | 7 | 7 | 14 |

ചെറുകിട മേഖലകൾ മുഖ്യമായും, പഞ്ചായത്തിനു വെളിയിൽ നിന്നുള്ള അസംസ്കൃത വസ്തുക്കളെ ആശ്രയിക്കുന്നതും, കാർഷിക മേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ കുറഞ്ഞിരിക്കുന്നതും നടുടെ വ്യാവസായിക നിലനില്പിനെ പ്രതികൂലമായി ബാധിക്കുന്നു.

## *പട്ടിക III*

## *വിവിധ മേഖലയിലെ കൂലി നിരക്ക്.*

| | | സ്ത്രീ | പു. |
|---|---|---|---|
| 1. | കാർഷിക മേഖല | 50 | 70 |
| 2. | തടിവ്യവസായം | 70 | 125 |
| 3. | തീപ്പെട്ടി വ്യാവസായം | 15 | 60 |
| 4. | കെട്ടിട നിർമ്മാണ മേഖല | 70 | 120 |
| 5. | പ്ലാസ്റ്റിക് വ്യാവസായം | 20 | 50 |
| 6. | ഹോളോ ബ്രിക്സ് | 00 | 150 |
| 7. | കല്ലുവെട്ട് | 00 | 125 |
| 8. | എഞ്ചിനീയറിംഗ് | 00 | 80 |
| 9. | ഖാദി | 15 | 00 |

## പ്രശ്നങ്ങൾ

29.6. ച.കി.മി. വിസ്തീർണ്ണത്തിൽ കിടക്കുന്ന ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ മൊത്തം ജന സംഖ്യ 18610 ആണ്. 8936 പുരുഷന്മാരും 9674 സ്ത്രീകളും ഉൾപ്പെടുന്നതാണിത്.

വ്യാവസായിക വികസനത്തിന് ആവശ്യമായ വൈദ്യുതി, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ അടുത്തകാലത്തു മാത്രമാണ് മതിയായ അളവിലല്ലെങ്കിലും ലഭ്യമായത്. വേണ്ടത്ര മാനവശേഷി ഉണ്ടായിരുന്നിട്ടുപോലും ആയത് പ്രയോജനപ്പെടുത്തി വ്യാവസായ മേഖല പരിപോഷിപ്പിക്കുന്നതിൽ ജനങ്ങൾ വിമുഖത കാണിയ്ക്കുന്നു എന്നത് ദുഃഖകരമായ ഒരു സത്യമാണ്.

നിത്യ ഉപയോഗ സാധനങ്ങളുടെ നല്ലൊരു വിപണിയായിട്ടുപോലും പ്രസ്തുത മേഖലയിൽ ലാഭകരമായി പ്രവർത്തിക്കുന്ന ഒരു യൂണിറ്റ് പോലും കാണുന്നില്ല എന്നത് അതിശയകരം തന്നെ!.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് വ്യാവസായിക വളർച്ചയിൽ ഉയർന്ന മൂല്യം ഉണ്ടാക്കിയെടുക്കുന്നതിനുള്ള അനുകൂല ഘടകങ്ങൾ യഥേഷ്ടമാണ്. ഉയർന്നതോതിലുള്ള സാക്ഷരതയും സംസ്ക്കാരവും ഉയർന്ന ആരോഗ്യ പരിരക്ഷയും ആരോഗ്യ ശീലങ്ങളും, ഉയർന്ന തോതിലില്ലെങ്കിലും നിലവിലുള്ള വാർത്താ വിനിമയ സൗകര്യങ്ങൾ ഗതാഗതമാർഗ്ഗങ്ങൾ, ജനക്ഷേമ പ്രവർത്തനങ്ങൾ എന്നിവ വളരെ ഉയർന്ന തോതിലുള്ള ഉപഭോഗ നിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കുവാനുള്ള തല്പരത, ശരാശരി സാമ്പത്തിക ഭദ്രത എന്നീ വിധത്തിലുള്ള അനുകൂല ഘടകങ്ങൾ ഉണ്ടെങ്കിൽ പോലും ഈ തുറയിൽ നാം പരാജയ പ്പെടുന്നത് താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. തൊഴിലിനോടുള്ള യുവതലമുറയുടെ നിസ്സംഗത.
2. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം.
3. വിപണിയിലെ കിടമത്സരങ്ങളും മാന്ദ്യവും
4. മൂലധന നിക്ഷേപം വേണ്ടത്രയില്ലായ്മ.
5. പരമ്പരാഗത തൊഴിലിനോടുള്ള യുവജനങ്ങളുടെ അവഗണന.
6. സാങ്കേതിക പരിജ്ഞാനമുള്ള വിദഗ്ദ തൊഴിലാളികളുടെ കുറവ്.
7. സാങ്കേതിക പരിജ്ഞാനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാനുള്ള സാദ്ധ്യത ഇല്ല.
8. വനിതകൾക്ക് നൂതന തൊഴിൽ അവസരങ്ങൾ പൊതുവെ കുറവ്,
9. കാർഷിക മേഖലയിൽ നിന്നും യഥേഷ്ടം ലഭിക്കുന്ന റബ്ബർ, തേങ്ങ, കുരുമുളക്, അടയ്ക്ക, നെല്ല്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെ ഫല പ്രദമായ വിനിയോഗത്തിനുള്ള അജ്ഞത.
10. സഹകരണ മേഖലാടിസ്ഥാനത്തിലുള്ള വ്യാവസായങ്ങളില്ല.
11. മരം വ്യാവസായത്തിനാവശ്യമായ തടിയുടെ ദൗർബല്യം
12. ധനസഹായം ലഭ്യമാക്കുന്നതിൽ വരുന്ന കാലതാമസവും സാങ്കേതിക ബുദ്ധിമുട്ടും.

13. സർക്കാർതലത്തിലുള്ള പുതിയ പദ്ധതികളെപറ്റി സംരംഭകർക്ക് അറിവില്ലായ്മ.

14. ബന്ധപ്പെട്ട ലൈസൻസുകൾ റെജിസ്ട്രേഷനുകൾ വായ്പകൾ, എന്നിവ ലഭ്യമാക്കുന്നതിൽ കണ്ടുവരുന്ന ഉദ്യോഗസ്ഥ സഹകരണമില്ലായ്മ.

15. വിവിധ തൊഴിൽ മേഖലകളിൽ കണ്ടുവരുന്ന തൊ ഴിലാളികളുടെ വേതനത്തിലുള്ള ഐക്യരൂപമില്ലായ്മ ഓരേ തൊഴിലിൽതന്നെ പ്രാദേശിക വ്യത്യാസത്തിൽ അനുഭവപ്പെടുന്ന വ്യത്യസ്ഥ വേതനങ്ങൾ.

16. വനിതകൾക്ക് ചില മേഖലകളിൽ (ഖാദി, പ്ലാസ്റ്റിക്, ഭക്ഷ്യ സംസ്ക്കരണം, പരമ്പരാഗത മേഖല) കണ്ടുവരുന്ന കുറഞ്ഞ വേതനം.

17. വ്യാവസായ മേഖലയുമായുള്ള സമ്പർക്കക്കുറവ്.

18. വ്യാവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണക്കുറവ്.

19. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ന്യൂനതകൾ.

20. പരമ്പരാഗത വ്യാവസായ മേഖലകളിലെ തൊഴിലാളികൾക്കും കൈതൊ ഴിലുകാർക്കും പരിശീലനം ലഭിക്കാൻ സാദ്ധ്യതയില്ല.

21. ഒരു സംരംഭകനെ മാനസികമായി തയ്യാറെടുപ്പ് നടത്തുന്നതിൽ ശക്തമായിട്ടുള്ള പ്രേരണക്കുറവ്.

22. വൻകിട കമ്പനികളുമായി മത്സരിക്കുവാനുള്ള ബുദ്ധിമുട്ട്.

23. അസംസ്ക്കൃത വസ്തുക്കളുടെ ശേഖരണത്തിലും ഉല്പന്നങ്ങളുടെ വിപണനത്തിലും സംഭവിക്കാവുന്ന വിവിധ നിയമക്കുരുക്കുകൾ.

24. ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ ബന്ധപ്പെട്ടവരുടെ താല്പര്യമില്ലായ്മ.

25. അസംസ്കൃത വസ്തുക്കളുടെ ശേഖരണത്തിലും ഉല്പന്നങ്ങളുടെ ശേഖരണത്തിലും സംഭവിക്കുന്ന നിയമകുരുക്കുകൾ

## *സാദ്ധ്യതകൾ.*

സാംസ്കാരികമായും വിദ്യാഭ്യാസപരമായും, സാമ്പത്തികമായും ഉന്നതനിലവാരം പുലർത്തുന്നവരാണ് പഞ്ചായത്തിലെ ഭൂരിഭാഗവും. ജനസംഖ്യയിൽ വലിയൊരു ശതമാനവും പഞ്ചായത്തിന് വെളിയിലുള്ള തൊഴിൽ മേഖലയിൽ പണിയെടുക്കുന്നു. വളരെയധികം പേർ സംസ്ഥാനത്തിന് വെളിയിലും, വിദേശങ്ങളിലുമായി തൊഴിൽ കണ്ടെത്തുന്നു.

## *കാർഷിക മേഖല*

പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ വരുമാനമാർഗ്ഗം ഇന്നും കാർഷികമേഖലയെ അടിസ്ഥാനമാക്കി തന്നെയാണ്. മൊത്തം ഭൂവിസ്തൃതിയിൽ 75% അധികം കാർഷിക മേഖലയാണ്. ഏതാണ്ട്. ഉല്പാദിപ്പിക്കുന്ന നെല്ലിൽ 75% ഇവിടെ നിന്നും അന്യ സ്ഥലങ്ങളിലേക്ക് കയറ്റി പോകുന്നു. ധാരാളം തെങ്ങിൻ തോട്ടങ്ങൾ ഉള്ള ഇവിടെ തേങ്ങയുടെ വാർഷികാദായം തുലോം തുഛമാണ്. അടയ്ക്ക ഉല്പാദനം മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ച് വരുന്നുണ്ട്. ഏകദേശം 750 ഏക്കറിലധികം റബ്ബർ ഉല്പാദനം നിലവിലുള്ള അവസ്ഥയിൽ വളരെയധികം ലാറ്റെക്സ് ഇവിടെ നിന്നും കയറ്റി അയക്കുന്നുണ്ട്. സീസൺ വിളകളായ, ചക്ക, മാങ്ങ, കൈതചക്ക, പറങ്കിമാങ്ങ കശുഅണ്ടി, പുളി നേന്ത്രക്കായ, നെല്ലക്ക എന്നിവ വളരെയധികം

ലഭ്യമാകുന്ന പഞ്ചായത്താണ് നമ്മുടേത്. മിക്കവാറും വീടുകളിൽ വാണിജ്യാടിസ്ഥാനത്തിൽ അല്ലെങ്കിൽ പോലും വിപുലമായ ഉദ്യാനങ്ങൾ കണ്ടുവരുന്നു. പുൽത്തൈല നിർമ്മാണത്തിനാവശ്യമായ ധാരാളം പുൽ വർഗ്ഗങ്ങൾ പഞ്ചായത്തിൽ യഥേഷ്ടം കാണുന്നുണ്ട്. സുഗന്ധ വ്യഞ്ജനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ തന്നെ കൃഷിചെയ്യാവുന്നതാണ്.

### *ഖാദി മേഖല*

ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ 3 നൂൽനൂൽപ്പ് കേന്ദ്രങ്ങൾ നാമമാത്രമായി പ്രവർത്തിച്ചു വരുന്നു. കുറഞ്ഞ വേതന നിരക്ക് ഈ മേഖലയിലെ തൊഴിലാളികളിൽ അസംതൃപ്തി ഉളവാക്കുന്നു. വളരെയധികം സ്ത്രീകൾ ഈ മേഖലയിലേക്ക് ആകർഷിക്കപ്പെടണമെങ്കിൽ വേതനനിരക്ക് കൂടുതൽ ലഭ്യമാകുന്ന വിവിധ ഖാദിബോർഡ് ഉല്പന്നങ്ങൾ ഇവിടെതന്നെ ഉല്പാദിപ്പിക്കാവുന്നതാണ്.

### *തടി.*

തടി വ്യവസായവുമായി ബന്ധപ്പെട്ട് വിവിധ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇപ്പോൾ ആവശ്യമുള്ള മരത്തിന്റെ ലഭ്യത ഒരു ഭീഷിണിയാകാൻ സാധ്യത കാണുന്നു. ആയതിനാൽ ലഭ്യമായ റബ്ബർ തടി, മറ്റുതടികൾ എന്നിവയെ ആധാരമാക്കിയുള്ള വ്യാവസായങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്. ഭാവിയിലേക്ക് വേണ്ടുന്ന മരത്തിന്റെ സ്വയംപര്യാപ്തത നേടുന്നതിന് തേക്ക്, മാഞ്ചിയം, എന്നിവ വ്യാവസായികമായി കൃഷി ചെയ്യാവുന്നതുമാണ്.

### *കെട്ടിട നിർമ്മാണം*

കെട്ടിട നിർമ്മാണ സാമഗ്രികളിൽ ഇന്നനുഭവപ്പെടുന്ന രൂക്ഷമായ വിലക്കയറ്റം നാം കാണുന്നതാണല്ലോ? ഈ സന്ദർഭത്തിൽ ചെലവു ചുരുക്കുന്നതിൽ പരമാവധി സഹായകമായ കോൺക്രീറ്റ് ജനൽ / വാതിൽ കട്ടിള ഹോളോ ബ്രിക്സ്, ഹാൻഡ് പ്രെസിംഗ് ടൈൽസ് തുടങ്ങിയ ധാരാളം വസ്തുക്കൾ ലാഭകരമായി ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കാം.

### *ഭക്ഷ്യമേഖല*

ഭക്ഷ്യ മേഖലയിൽ ആവശ്യമായി വരുന്ന വളരെയധികം സാധനങ്ങൾക്ക് നാം പുറമേയുള്ള കമ്പോളങ്ങളെ ആശ്രയിക്കുകയാണ് ഇന്ന്. നിലവിൽ ഭക്ഷ്യ വിഭവങ്ങൾ ഉല്പാദിപ്പിക്കുന്ന നാം ഇവിടെ അവയുടെ സംസ്ക്കരണവും കൂടി ചെയ്യുകയാണെങ്കിൽ ആ ഇനത്തിലും വേണ്ടത്ര സാദ്ധ്യതകൾ കാണുന്നു.

## പരമ്പരാഗത മേഖല

പരമ്പരാഗത മേഖലയിൽ വളരെയധികം വിദഗ്ദ തൊഴ ിലാളികൾ ഉള്ള പഞ്ചായത്തിൽ അവരെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഇന്ന് ശ്രദ്ധിക്കുന്നില്ല. പുറം കമ്പോളങ്ങിൽ പ്രസിദ്ധമായ കത്തികൾ, പണിയായുധങ്ങൾ, ഭക്ഷ്യ വിഭവങ്ങൾ എന്നിവയുടെ നിർമ്മാണ വിദ്യ ഇന്ന് അന്യം നിന്ന് പോകുന്ന അവസ്ഥയാണ്. കൂടാതെ മരപ്പണി, ഇരുമ്പുപണി, മുള, ഈറ്റമുത്ത്, എന്നിവകൊണ്ടുള്ള വളരെയധികം ഉല്പന്നങ്ങൾ എന്നിവയിലെല്ലാം പരമ്പരാഗത വൈവിദ്ധ്യമുള്ളവർ ഇവിടെ ധാരാളം കാണുന്നു, അവർ മറ്റു മേഖലയിലേക്ക് തിരിയുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്ത് തന്റെ പാരമ്പര്യ തൊ ഴിലിൽ ലാഭകരമായ ഉല്പാദനം ഉണ്ടാക്കിയെടുക്കുവാൻ അവരെ പ്രാപ്തരാക്കാവുന്നതാണ്.

## മറ്റുമേഖലകൾ.

നിത്യോപയോഗ സാധനങ്ങളായ, ടൂത്ത്പേസ്റ്റ്, ക്ലീനിംഗ് പൗഡർ, ഗം, സേഫ്റ്റി പിൻ, സോപ്പ്, ബാഗുകൾ, ചപ്പലുകൾ തുടങ്ങിയ അനേകം വസ്തുക്കൾ ഫാൻസി വിഭാഗത്തിൽ വരുന്ന പൊട്ടുകൾ, ചാന്ത്, കൺമഷി, കൗതുക വസ്തുക്കൾ തുടങ്ങിയവയും പാവകൾ , കളിപ്പാട്ടങ്ങൾ, അബാക്കസ്സുകൾ, സ്ലേറ്റുകൾ തുടങ്ങിയവയുംഇവിടെത്തന്നെ ലാഭകരമായി ഉല്പാദിപ്പിക്കാവുന്നതും ധാരാളം വിപണന സാധ്യതകൾ കാണുന്നതുമാണ്. റെഡിമെയ്ഡ് വസ്ത്രങ്ങൾ സ്വാധീനം ചെലുത്തുന്ന ഇന്നത്തെ പരിസ്ഥിതിയിൽ വളരെയധികം പേർക്ക് വസത്ര നിർമ്മാണ രംഗത്ത് വിപണി കണ്ടെത്താവുന്ന താണ്. പ്ലാസ്റ്റിക്, മരങ്ങളെയും ലോഹങ്ങളേയും പിൻതള്ളുന്ന ഈ അവസരത്തിൽ ബന്ധപ്പെട്ട ചെറുകിട വ്യാവസായങ്ങൾ വളരെയധികം കാണുന്നു. എൻജിനീയറിംഗ് വിഭാഗത്തിലുള്ള സ്റ്റീൽ ഗ്രിൽസ്, ഷട്ടറുകൾ, ഷെൽഫുകൾ, ഹാൻഡിലുകൾ, കർട്ടൻ ഹാംഗറുകൾ, മുതലായ സാങ്കേതിക തൊഴിലാളികൾ ധാരാളമുള്ള ഇവിടെ വൻതോതിൽ തന്നെ നിർമ്മിച്ച് വിപണി കണ്ടെത്താം. കാർഷിക മേഖലയിൽ വളരെയധികം ആവശ്യമായ ജൈവവളം കുറഞ്ഞചെല വിൽ ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ വളരെ കാണുന്നു.

ഇവിടെ ലഭ്യമാകുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂണിറ്റുകൾ.

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ SSI | 1. | നെല്ല് സംഭരിച്ച് വിവിധ ഉല്പന്നങ്ങളാക്കി മാറ്റൽ. അരി, തവിട്, തവിടെണ്ണ, കാലിത്തീറ്റ മുതലായവ. |
| | 2. | തേങ്ങ, പൗഡർ, ക്രീം, സ്ക്വാഷുകൾ, എന്നിവയുടെ നിർമ്മാണം |
| | 3. | ചകിരച്ചവറ് ഉപയോഗിച്ചുള്ള വളനിർമ്മാണം. |
| | 4. | വെളിച്ചെണ്ണ, നല്ലെണ്ണ നിർമ്മാണം |
| | 5. | കാലിത്തീറ്റ നിർമ്മാണം |
| | 6. | കള്ള് ഉപയോഗിച്ചുള്ള ചക്കര നിർമ്മാണം |
| | 7. | ചിരട്ടകൊണ്ടുള്ള വിവിധ ഉല്പന്നങ്ങൾ. ചിരട്ടക്കരി, കൗതുക വസ്തുക്കൾ, സ്പൂണുകൾ മുതലായവ. |

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ SSI | 8. | മുറുക്ക്, കറി പൗഡറുകൾ തുടങ്ങിയവ |
| | 9. | അടയ്ക്കാ കൊണ്ടുള്ള പാക്ക് നിർമ്മാണം |
| | 10. | നേന്ത്രക്കായ, കപ്പ, ഉരുളക്കിഴങ്ങ് എന്നിവ കൊണ്ടുള്ള ചിപ്സ് നിർമ്മാണം. |
| | 11. | റബ്ബർ ലാറ്റക്സ് കൊണ്ടുള്ള വിവിധ ഉല്പന്നങ്ങൾ |
| | * | കളിമൺ പാത്ര നിർമ്മാണം |
| | 12. | വെട്ടുകൽ ക്വാറി |
| | 13. | പാഴ് വസ്തുക്കൾ കൊണ്ടുള്ള കൗതുക വസ്തുക്കൾ |
| | 14. | വുഡ് ലേത്ത്, ഉപയോഗിച്ചുള്ള ഫർണിച്ചർ വർക്സ് |
| | 15. | തഴയോല, പനയോല, കൈതയോല എന്നിവ ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ. |
| | 16. | കൈതച്ചക്ക, ചക്ക, മാങ്ങ, നേന്ത്രപ്പഴം എന്നിവ ഉപയോഗിച്ച് ജാമുകൾ നിർമ്മിക്കൽ. |
| | 17. | അവിൽ, മലർ വ്യവസായം |
| | 18. | വാഴനാര്, കൈതനാര് കൊണ്ടുള്ള ഉല്പന്നങ്ങൾ |
| | 19. | പേപ്പർ പൾപ്പ് ഉപയോഗിച്ച് കൗതുക വസ്തുക്കൾ കട്ടിയുള്ള കടലാസ് എന്നിവയുടെ നിർമ്മാണം. |
| | 20. | അച്ചാറുകൾ. |

പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരിൽ വലിയൊരു ശതമാനം തൊഴിലന്വേഷകരായി മാറിയ ഇന്നത്തെ സാഹചര്യത്തിൽ അവരെ ഉപയോഗിച്ച് ചുരുങ്ങിയ മുതൽ മുടക്കോടെതന്നെ കമ്പോള വിപണന സാധ്യതയുള്ള അനേകം ചെറുകിട വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്. സാങ്കേതിക പാരമ്പര്യം ഉള്ളവരും അല്ലാത്തവരുമായവരെ തിരഞ്ഞെടുത്ത് വ്യവസായ മേഖലയിലേക്ക് അവരുടെ ശ്രദ്ധ സത്വരം തിരിച്ച് നാടിന്റെ സാമ്പത്തിക ഉന്നമനത്തിന് ഈ ഒൻപതാം ജനകീയ പദ്ധതി വഴിത്തിരിവാക്കി മാറ്റാവുന്നതാണ്. അവർക്കു വേണ്ട മൂലധന സമാഹരണത്തിന് അതതു തുറകളിൽ വേണ്ട പരിശീലനം നൽകി അവരെ പ്രവർത്തനോൻമുഖരാക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

ചുരുങ്ങിയ മുതൽമുടക്കിൽ വലിയ വിപണന സാദ്ധ്യതയുള്ള വ്യവസായങ്ങൾ

| | | |
|---|---|---|
| | 1. | ശാസ്ത്രീയമായ കോ ഴി വളർത്തൽ മുട്ട / ഇറച്ചി |
| ജനറൽ SSI | 2. | മുയൽ, പന്നി, ആട്, എന്നിവയുടെ ശാസ്ത്രീയ പരിപാലനം. |
| | 3. | ഔഷധ കൃഷിത്തോട്ടം വെച്ച് പിടിപ്പിക്കൽ |
| | 4. | ആയുർവ്വേദ ഔഷധ നിർമ്മാണം |
| | 5. | മരം ഫർൻണീച്ചർ. |

| | | |
|---|---|---|
| ജനറൽ SSI | 6 | ഇരുമ്പ്, അലുമിനിയം എന്നിവ ഉപയോഗിച്ചുള്ള ഗാർഹിക / കാർഷിക ഉല്പന്നങ്ങളുടെ നിർമ്മാണം. |
| | 7. | ഹവായ് ചപ്പലുകൾ. |
| | 8. | അലുമിനിയം പാത്രങ്ങൾ. |
| | 9 | പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള വിവിധ ഉല്പന്നങ്ങൾ |
| | 10. | ലെതർ ഉപയോഗിച്ച് ബാഗ്, പഴ്സ്, ബെൽറ്റ്, ചപ്പൽ എന്നിവയുടെ നിർമ്മാണം. |
| | 11. | സ്ക്കൂൾ ബാഗ് നിർമ്മാണം |
| | 12. | ലിക്വിഡ് ഡിറ്റർജന്റ്, അണുനാശിനികൾ |
| | 13. | ക്ലീനിംഗ് പൗഡർ |
| | 14. | സോപ്പ്, വാഷിംഗ് പൗഡർ |
| | 15. | ആധുനിക യന്ത്രങ്ങളുപയോഗിച്ച് പപ്പടം |
| | 16 | ഭക്ഷണ ധാന്യങ്ങൾ പൊടിക്കൽ |
| | 17. | ലേത്ത് വർക്ക് (മെറ്റൽ) |
| | 18. | പേനകൾ, റീഫില്ലുകൾ മുതലായവ നിർമ്മാണം |
| | 19. | ഇനാമൽ പെയിന്റ് നിർമ്മിക്കൽ |
| | 20. | ഓട്ടോ – ഇലക്ട്രിക്കൽ വർക്ക്ഷോപ്പുകൾ |
| | 21. | ഇലക്ട്രിക്കൽ ജനറൽ വർക്ക്ഷോപ്പുകൾ |
| | 22. | ജനറൽ ഇഞ്ചനീയറിംഗ് |
| | 23. | ഇലക്ട്രോണിക് ഫാൻ റെഗുലേറ്റർ |
| | 24. | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം |
| | 25. | സ്റ്റെപ്പ് അപ്പ് / സ്റ്റെബിലൈസർ നിർമ്മാണം |
| | 26. | മോട്ടോർ വൈൻഡിംഗ് |
| | 27. | എമർജൻസി ലാംപ് |
| | 28. | എസ് ടി ഡി, ഐ എസ് ഡി ബൂത്തുകൾ |
| | 29. | സ്വിച്ചു ബോർഡുകൾ |
| | 30. | സിന്തറ്റിക് വിനാഗിരി. |
| വനിത | 1. | ഉന്നത നിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| | 2. | പേപ്പർ കവർ നിർമ്മാണം |
| | 3. | തേനീച്ച വളർത്തലും തേൻ സംഭരണവും |
| | 4. | നോട്ട് ബുക്ക് നിർമ്മാണം |
| | 5. | റെക്സിൻ ഉപയോഗിച്ച് ബാഗ് റെയിൻ കോട്ട് നിർമ്മാണം |
| | 6. | പ്ലാസ്റ്റിക് കെയ്ൻ ഉപയോഗിച്ച വരിയൽ, സഞ്ചികൾ, പൂപ്പാത്രങ്ങൾ തുടങ്ങിയ നിർമ്മിക്കൽ. |

7 TV , RADIO അസംബ്ലിംഗ്

8 ഇലക്ട്രോണിക്സ് പാർട്ടുകളുടെ നിർമ്മാണം

9 പൂകൃഷിയും പൂവിപണനവും

10 ഓർക്കിഡ് വളർത്തൽ

സഹകരണ സംഘം വനിത

1. കുട, നോട്ടു ബുക്ക്, ബാഗ്, കുട്ടികളുടെ ഷൂ എന്നിവയുടെ നിർമ്മാണം
2. ആധുനിക യന്ത്ര സഹായത്തോടെ കറിപൗഡർ നിർമ്മാണം
3. കരിങ്കല്ല് ഉടച്ച് ജല്ലിയാക്കൽ
4. കൂൺ കൃഷി
5. സിമിന്റ് ഇഷ്ടിക നിർമ്മാണം
6. പഞ്ഞിക്കിടക്ക നിർമ്മാണം
7. അലങ്കാര മത്സ്യം വളർത്തി വിപണനം
8. യന്ത്ര സഹായത്തോടെയുള്ള നൂൽനൂൽപ്പ്
9. വളകൾ, ഹെയർ ക്ലിപ്പുകൾ, എന്നിവയുടെ നിർമ്മാണം

ജനറൽ

1. ഹോളോ ബ്രിക്സ് നിർമ്മാണം
2. സിമന്റ് കട്ടിള, ജനൽ, കട്ടിൽ മുതലായവ നിർമ്മാണം
3. സിമന്റ് തൊട്ടികൾ, പാരപറ്റ് ഷേഡുകൾ മുതലായവ
4. സ്റ്റീൽ ഫർണീച്ചറുകൾ
5. പവർലൂം ഉപയോഗിച്ച് തുണി നിർമ്മാണം (കോട്ടൺ, പോളിസ്റ്റർ)
6. ഇഷ്ടിക നിർമ്മാണം
7. യന്ത്ര സഹായത്തോടെ വെട്ടുകൽ നിർമ്മാണം
8. നെയ്ത്ത്
9. ബൾബുകളുടെ ഷേഡുകളും, ഹോൾഡറുകളും നിർമ്മിക്കൽ.
10. പഠന സാമഗ്രികളും അനുബന്ധ ഉപകരണങ്ങളും
11. ആട്ടോ സർവ്വീസ് സ്റ്റേഷനുകൾ
12. വിറകുപേട്ടകൾ.
13. മധുര പലഹാരങ്ങളും ബേക്കറി ഉല്പന്നങ്ങളും

14. പ്ലൈവുഡ് ഫാക്ടറി

15. തീപ്പെട്ടി (മരം, മെഴുക്) വ്യവസായം

16. ബീഡി തെറുപ്പ്

17. ഇരുമ്പാണി നിർമ്മാണം

18. ടയർ റീ ട്രേഡിംഗ്

വൻകിട വ്യവസായം

1. ശ്രീകൃഷ്ണപുരം പഞ്ചായത്തിനെ കേന്ദ്രീകരിച്ച് ഒരു റബ്ബർ സംസ്കരണ യൂണിറ്റ് തുടങ്ങുക.
2. കഞ്ചിക്കോട് പ്രീക്കോട്ട് മില്ലിന്റെ സഹകരണത്തോടെ സ്പിന്നിംഗ് മില്ല് ആരംഭിക്കുക.
3. പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ വിപുലമായ യൂണിറ്റ് തുടങ്ങുക.

ഊർജ്ജം

പഞ്ചായത്തിന്റെ മരുടങ്ങാടൻ മലയെ കേന്ദ്രീകരിച്ച് ഒരു വിന്റ്പവർ സ്റ്റേഷൻ ആരംഭിക്കുക, പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും ഇപ്പോഴുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കിയും വ്യവസായ പുരോഗതിക്കാവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കുക, കോളനികളേയും തെരുവുകളേയും പ്രകാശമാനമാക്കാൻ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക.

വ്യവസായ എസ്റ്റേറ്റ്

വ്യാവസായ സംരംഭകർക്ക് അനുഭവപ്പെടുന്ന വിവിധ വൈഷമ്യങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കേണ്ടതാണ്. സംരംഭകർക്ക് കുറഞ്ഞ വാടക നിരക്കിൽ അവിടെ സൗകര്യങ്ങൾ ഒരുക്കുന്നത് അഭികാമ്യമാണ്.

മറ്റ് ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ശ്രീകൃഷ്ണപുരം ഗ്രാമ ചന്ത നവീകരിക്കുക
2. സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലോ സഹകരണാടിസ്ഥാനത്തിലോ കൂടുതൽ വ്യവസായ പദ്ധതികൾ ആരംഭിക്കുക.
3. കുറ്റി മുല്ല, റോസറി, ഓർക്കിഡ് കൃഷി
4. ക്ഷീരോല്പാദനവും വിപണനവും
5. കളിമൺ വ്യവസായം

6. പട്ടുനൂൽ വ്യവസായം

7. ചോക്കലേറ്റ് നിർമ്മാണം

8. ധാന്യ സംഭരണം

9. ജൈവ വള നിർമ്മാണം

10. വനിതാ സഹകരണ സംഘങ്ങത്തിന്റെ ഭക്ഷ്യ സംസ്കരണ ശാല

## നിർദ്ദേശങ്ങൾ

ശ്രീകൃഷ്ണപുരം പഞ്ചായത്തിനെ വ്യാവസായിമായി പുരോഗതിയിലെത്തിക്കാൻ ഗ്രാമസഭാ തലങ്ങളിൽ നിന്നും താഴെ പറയുന്ന ജന നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു.

1. പഞ്ചായത്തുതലത്തിൽ വ്യവസായ സംരംഭകർക്കായി വിദഗ്ദ ഉപദേശക സമിതി ജില്ലാ വ്യവസായ ബോർഡുമായി സഹകരിച്ച് രൂപീകരിക്കുക. സംരംഭകർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുക.

2. വ്യവസായ സംരംഭകർക്ക് സാങ്കേതിക പരിശീലനം നൽകുന്നതിന് പഞ്ചായത്തിൽ ഒരു ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുക.

3. സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായങ്ങളെ കൂടുതലായി പഞ്ചായത്തു തലത്തിൽ പ്രോത്സാഹിപ്പിക്കുക.

4. ഉല്പന്നങ്ങളുടെ ഗുണമേന്മ പരിശോധിച്ച് ISI പോലുള്ള മുദ്രകൾ ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്ക് പഞ്ചായത്ത് ഇടപെട്ട് ലഭ്യമാക്കുക.

5. ജില്ലാതലത്തിലുള്ള ചെറുകിട യൂണിറ്റുകളെ ഏകീകരിക്കുകയും വിവിധ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന ഒരേ ഉല്പന്നത്തിന് ഒരേ ബ്രാഡ്നെെം നൽകി ജില്ലാ തലത്തിൽ ഏറ്റെടുത്ത് വിതരണം നടത്തുവാൻ സംവിധാനം ഉണ്ടാക്കുക.

6. ചെറുകിട വ്യവസായ സംരംഭർക്ക് അസംസ്കൃത വസ്തുക്കൾ കുഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ പഞ്ചായത്ത് സഹായിക്കുക.

7. നാടിന്റെ നട്ടെല്ലുകളായ യുവജനങ്ങളുടെ ഇടയിൽ നിന്നും സ്വയം തൊഴിൽ കണ്ടെത്താൻ താൽപര്യമുള്ള യുവതീ യുവാക്കൾക്കായി ഒരു സെൽഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കുകയും അനുബന്ധനടപടികൾ പഞ്ചായത്തു തലത്തിൽ ചെയ്തുകൊടുക്കുകയും ചെയ്യുക.

8. വ്യവസായ രംഗങ്ങളിൽ ഉയർന്ന നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളേയോ വ്യക്തികളേയോ ഉപയോഗിച്ച് പഞ്ചായത്തിലെ ഏതെങ്കിലും വാർഡുകൾ ഒത്തെടുപ്പിക്കുക.

9. ബാങ്കുകളുടെ നിസ്സഹകരണം ഇല്ലാതാക്കി സംരംഭകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള സാങ്കേതിക തടസ്സങ്ങൾ പഞ്ചായത്ത് ഇടപെട്ട് ലഘൂകരിക്കുക.

10. സംരഭകർക്കായി അവശ്യം വേണ്ട സാങ്കേതിക പരിജ്ഞാനം നൽകുക.

11. വേണ്ടത്ര ഊർജ്ജ ലഭ്യത ഉറപ്പുവരുത്തുക.

12. പഞ്ചായത്തിന്റെ വാർഷിക ബജറ്റിൽ 30% വ്യവസായ പുരോഗതിക്കായി മാറ്റി വെയ്ക്കുക

13. വ്യവസായ സംരഭകർക്ക് വിവിധ ലൈസൻസുകൾ. മറ്റ് അടസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ഒരു ഏക ജാലക സംവിധാനം പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തുക.

14. ഗ്രാമീണ മേഖലയിൽതന്നെ ഉല്പാദിപ്പിക്കുന്ന വിവിധ ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിന് ഗ്രാമീണർക്കിടയിൽ ഒരു ഉപഭോഗ സംസ്ക്കാരം വളർത്തുന്നതിന് വിപുലമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക.

15. മരുങ്ങോടൻ മലതാഴ്‌വരയിൽ (V വാർഡ്) ഒഴിഞ്ഞു കിടക്കുന്ന 75 ഏക്കർ സ്ഥലം വ്യാവസായിക പുരോഗതിക്ക് ഉപയുക്തമായ രീതിയിൽ പ്രയോജനപ്പെടുത്തുക.

16. സത്യസന്ധരായ നികുതി ദായകരാകുന്നതിനും തദ്വാര രാഷ്ട്ര പുരോഗതിയിൽ ഭാഗഭാക്കാകുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.

17. ഇന്ന് നിലവിലുള്ളതും വരാവുന്നതുമായ വിവിധ ഗവഃ സ്കീമുകളെ സത്വരം ജനങ്ങളിലെത്തിക്കുക.

18. വിപണിയിലെ മാന്ദ്യം എന്തുകൊണ്ട് ? ഒരു സമഗ്ര പഠനം നടത്തുക.

19. മാസത്തിൽ ഒരു തവണ പഞ്ചായത്തിലെ വ്യവസായ സംരംഭകരെ വിളിച്ച് പഞ്ചായത്തിൽ സെമിനാർ നടത്തുക.

20. പഞ്ചായത്തിന്റെ പുരോഗതി തന്റെ പുരോഗതി എന്ന ആദർശം ജനങ്ങൾ സ്വയം വെച്ചു പുലർത്തുക.

മേൽ വിവരിച്ച നിർദ്ദേശങ്ങൾ പൊതു ചർച്ചകളിലൂടെ മുൻഗണനാക്രമം നിർദ്ദേശിച്ച് നടപ്പാക്കിയാൽ നമ്മുടെ ശ്രീകൃഷ്ണപുരം പഞ്ചായത്ത് അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് ശ്രദ്ധേയമായ പുരോഗതി കൈവരിക്കുമെന്നതിൽ സംശയം തെല്ലുമില്ല. നമുക്കാവശ്യമായ ഭൂരിഭാഗം നിത്യോപയോഗ സാധനങ്ങളും ഇവിടെത്തന്നെ ലഭ്യമാക്കാനും ഒപ്പം തൊഴിലില്ലാത്ത അനേകം പേർക്ക് തൊഴിൽ ലഭിക്കാനും കഴിയും. നമ്മുടെ ആളോഹരി വരുമാനം വർദ്ധിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ ഇന്നുള്ള ജീവിത നിലവാരത്തെ പതിൻമടങ്ങ് പുരോഗതിയിലെത്തിക്കും അതുവഴി ആരോഗ്യപൂർണ്ണമായ സാമൂഹിക സാമ്പത്തിക സാംസ്കാരിക രംഗങ്ങളിൽ സമ്പൂർണ്ണ വികസനം നേടിയ ഒരു ജനതയെ നമ്മുടെ രാഷ്ട്രത്തിന് സമർപ്പിക്കുവാനും കഴിയും എന്ന ഉത്തമ വിശ്വാസത്തോടെ അവസാനിപ്പിക്കുന്നു.



# 8
# വിദ്യാഭ്യാസം

മനുഷ്യമനസ്സിനെ ഉന്നത തലങ്ങളിലെത്തിക്കാൻ അവശ്യം വേണ്ടുന്നത് വിദ്യാഭ്യാസമാണ്. അക്ഷരത്തെ ആയുധമാക്കി ജീവിതയുദ്ധത്തെ നേരിടുന്നതിൽ പ്രമുഖസ്ഥാനത്തായിരുന്നു വള്ളുവനാട്. അതിലെ പ്രധാന പ്രദേശമാണ് ശ്രീകൃഷ്ണപുരം. സാംസ്കാരിക പൈതൃകം ഏറെ തുടിച്ചുനിൽക്കുന്ന ഈ ഭൂവിഭാഗത്തിൽ അതിന്റെ അടിസ്ഥാനശിലയായ വിദ്യാഭ്യാസവും ഉയർന്നു നിന്നിരുന്നു. ഭാഷയുടെ തനത് ശൈലി നിലനിർത്തിപ്പോരുന്നതിൽ ഗ്രാമവാസികൾ ഔൽസുക്യം കാണിച്ചിരുന്നു. ഇന്ത്യയിലെ പ്രാചീന ഭരണാധികാരികൾ വിദ്യാഭ്യാസ രംഗങ്ങളിൽ തത്പരമായിരുന്നെങ്കിലും ഔപചാരികത മുറ്റി നിന്നിരുന്നത് ബ്രിട്ടീഷ് കാലഘട്ടത്തിലായിരുന്നു. അതിനുമുമ്പ് കുടിപ്പള്ളിക്കൂടങ്ങളും, കളരികളും ഇതിന്റെ വിളനിലമായിരുന്നു.

ഭാരതത്തിലങ്ങോളമിങ്ങോളം അലയടിച്ചുയർന്ന ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ നാമ്പുകൾ നമ്മുടെ ഗ്രാമത്തിലും തളിരിട്ടിരുന്നു. ഇത് വിദ്യയുടെ അഭ്യസനത്തിന് പുതിയ പാന്ഥാവുകൾ വെട്ടാൻ തുടങ്ങി. കോൺഗ്രസ്സ്, സോഷ്യലിസ്റ്റ് പ്രവർത്തകർ വിദ്യാഭ്യാസത്തിന് പ്രചാരം നൽകി വന്നു. ദേശീയ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ വീചികൾ അങ്ങിങ്ങ് കാണാമായിരുന്നു. ചില പ്രത്യേക കുടുംബങ്ങൾ പാശ്ച്യാത്യ വിദ്യാഭ്യസത്തോട് താത്പര്യം കാണിച്ചു. മമ്പിള്ളിക്കളം കുടുംബാംഗങ്ങൾ അന്നത്തെ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവരാണ്. സാമൂഹ്യ പശ്ചാത്തലങ്ങൾ വിദ്യാഭ്യാസവേഴ്ചയെ തടയാനുണ്ടായപ്പോഴും നായർ കുടുംബങ്ങൾ അതിനെ എതിർത്ത് ഈ രംഗത്തേക്ക് മുമ്പിൽ എത്തിയിരുന്നു.

ആദ്യകാല വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ ശ്രീകൃഷ്ണപുരത്ത് അനൗപചാരിക ഏജൻസികൾ പ്രധാന പങ്കുവഹി ച്ചിട്ടുണ്ട്. കുളക്കാട്ടുകുറുശ്ശി, മംഗലാംകുന്ന്, പെരുമാങ്ങോട് എന്നിവിടങ്ങളിലെ വായനാശാലകൾ ഇതിൽ ഗണനീയങ്ങളാണ്. നിശാപാഠശാലകൾ തുടങ്ങി അക്ഷരത്തിന്റെ ആദ്യ അറിവുകൾ പകർത്താൻ അവർ താത്പര്യം കാണിച്ചു. പുസ്തകങ്ങൾ വിതരണം ചെയ്ത് വായനശാലകൾ അറിവിന് പുതിയ തലങ്ങൾ സൃഷ്ടിച്ചു. പെരുമാങ്ങോട് ക്ഷേത്രത്തോടനുബന്ധിച്ച് വേദപഠനത്തിനും സംസകൃത പഠനത്തിനുമുള്ള സൗകര്യം ഉണ്ടായിരുന്നു. അന്ന് കടമ്പഴിപ്പുറത്തു പ്രവർത്തിച്ചിരുന്ന സംസ്കൃത കോളേജ് ഇവിടത്തു കാർക്ക് ഉപകാരപ്രദമായി വർത്തിച്ചു. ക്ഷേത്രങ്ങളിൽ നടത്തിവന്നിരുന്ന വാരം എന്ന ആചാരം വേദപഠന പരിശീലനത്തിന് ഉപകരിച്ചു. യോഗക്ഷേമ സഭയുടെ നേതൃത്വം അവരുടെ സമുദായങ്ങളിൽ വിദ്യാഭ്യാസ ഉയർച്ചയ്ക്ക് സഹായിച്ചിട്ടുണ്ട്.

അനുഷ്ഠാന കലകൾ തലമുറയിലൂടെ പകർത്തുക എന്ന വിദ്യാഭ്യാസ രീതിയും ഇവിടെ ഉണ്ടായിരുന്നു. ഇവർ പാരമ്പര്യമായി മാത്രം നിലകൊണ്ടുവന്നു എന്ന വലിയ ദോഷമുണ്ട്. പാനപ്പാ ട്ട്, നാഗപ്പാട്ട് തുടങ്ങിയവ ഇതിൽ പെടുന്നവയാണ്. അതിനാൽ അന്യർക്കിത് പഠിക്കാൻ ആയിരുന്നില്ല.

വിദ്യാഭ്യാസ മേഖലയെ പലഭാഗങ്ങളായി വേർതിരിക്കാം. പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സെക്കണ്ടറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിലതിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവാണിവ. നമ്മുടെ പഞ്ചായത്തിൽ ഇതിന്റെ പലതലങ്ങളും ഇല്ല. ഇതിപ്പോഴുള്ള വിദ്യാഭ്യാസ ഉയർച്ചയ്ക്ക് തടസ്സമാണ്. നമ്മുടെ പഞ്ചായത്തിൽ 8 എൽ.പി. സ്ക്കുളുകളും, 1 യൂ.പി. സ്ക്കുളും

1 ഹൈസ്ക്കൂളും, ഒരു കോളേജും വിദ്യാഭ്യാസ സ്ഥാപനങ്ങളായി പ്രവർത്തിയ്ക്കുന്നു. പ്രാഥമിക സെക്കന്ററി സ്ക്കൂളുകളിലേക്ക് 3186 വിദ്യാർത്ഥികളും 116 അദ്ധ്യാപകരും എത്തുന്നുണ്ട്. 427 വിദ്യാർത്ഥികളും 21 അദ്ധ്യാപകരും കോളേജിൽ എത്തുന്നു. ഇതിന്റെ വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

## പട്ടിക - 1 A

| നമ്പർ | സ്ക്കൂൾ | | മാനേജ് മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | ALPS | Lp | | 78 | 68 | | | | |
| | വലമ്പിലിമംഗലം | Up | എയ്ഡഡ് | 18 | 14 | 178 | 2 | 4 | 6 |
| 2. | S.R. ജയം. LP സ്ക്കൂൾ, ഈശ്വരമംഗലം | | | 56“ | ‘64 | 120 | 2 | 3 | 5 |
| 3. | A U P സ്ക്കൂൾ ശ്രീകൃഷ്ണപുരം. | LP | | 48 | 48 | | | | |
| | | UP | “ “ | 125 | 107 | 328 | 2 | 13 | 15 |
| 4. | ALPS മണ്ണമ്പറ്റ | | “ “ | 50 | 52 | 102 | 3 | 1 | 4 |
| 5. | B B A L P S തോട്ടര | | “ “ | 47 | 58 | 105 | 2 | 2 | 4 |
| 6. | A L P S കുളക്കാട്ടുകുറുശ്ശി | | “ “ | 61 | 67 | 128 | 1 | 3 | 4 |
| 7. | A L P S തലയണക്കാട് | | “ “ | 33 | 39 | 72 | 1 | 3 | 4 |
| 8. | A L P S മംഗലാംകുന്ന് | | “ “ | 85 | 72 | 157 | 1 | 4 | 5 |
| 9 | A L P S പെരുമാങ്ങോട് | | “ “ | 195 | 217 | 412 | 6 | 6 | 12 |
| 10. | ശ്രീകൃഷ്ണപുരം | UP | “ “ | 313 | 256 | | | | |
| | | HS | “ “ | 516 | 499 | 1584 | 16 | 41 | 57 |
| | ആകെ | | | 1625 | 1561 | 3186 | 36 | 80 | 116 |
| 11 | VTB കോളേജ് | | “ “ | 183 | 244 | 427 | 12 | 9 | 21 |

## പട്ടിക 1 B

| LP UP HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | LP | | | UP | | | HS | | |
| ആകെ വിദ്യാർത്ഥികൾ | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 3186 | 653 | 685 | 51.2% | 456 | 377 | 45.26% | 516 | 499 | 49.16% |
| ആകെ 49% | | | | | | | | | |

## പട്ടിക 1 C

| പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | LP | | | UP | | | HS | | |
| ആകെ | SC /ST | % | ആകെ | SC/ST | % | ആകെ | SC/ST | % | ആകെ |
| 3186 | 287 | 21.45% | 833 | 146 | 17.53% | 45.26% | 1015 | 150 | 14.78 |
| ആകെ 18.3% | | | | | | | | | |

## പട്ടിക 1 D

### പഠനം നിർത്തിയവരുടെ കണക്ക്

| 1995 – 96 | | | | | |
|---|---|---|---|---|---|
| SC/ST | | | മറ്റുള്ളവർ | | ആകെ |
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 7 | 11 | 18 | 46 | 24 | 70 |
| | | | | ആകെ | 88 |

സാമൂഹ്യ സാമ്പത്തിക കാരണങ്ങളാൽ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്ക്വെച്ച് പഠനം നിർത്തുന്നുണ്ട് – കൊഴ ിഞ്ഞുപോയവരുടെ വിവരം പട്ടിക (D) കൊടുത്തിരിയ്ക്കുന്നു.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ ദീപം തെളിയിച്ചുകൊണ്ട് 1890 ൽ മംഗലാംകുന്നിൽ ആരംഭിച്ച പാഠശാല പഞ്ചായത്തിലെ ആദ്യത്തേതെന്ന് കരുത പ്പെടുന്നു. 1901 ൽ നെടിയേടത്ത് മന സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട് സ്ഥാപിച്ച പെരിമാങ്ങോട്ട് എലിമെന്ററി സ്ക്കൂൾ ഇന്ന് എൽ. പി. സ്ക്കൂളായി പ്രവർത്തിയ്ക്കുന്നു, ജോർജ് അഞ്ചാമന്റെ സ്ഥാനാരോഹണത്തിന്റെ ഓർമ്മയ്ക്കായി 1914 ൽ സ്ഥാപിതമായ സി.എം.ഇ. (കോറനേഷൻ മെമ്മോറിയൽ എലിമെന്ററി) സ്ക്കൂൾ ഇന്ന് ശ്രീകൃഷ്ണപുരം യു.പി. സ്ക്കൂളായി നിലകൊള്ളുന്നു. 1920 ൽ കിഴക്കേക്കര കൃഷ്ണയ്യർ കുടി പ്പള്ളിക്കൂടമായി ആരംഭിച്ച് കട്ടയാട്ടിൽ നാരായണമേനോൻ നേതൃത്വം കൊടുത്ത് എലിമെന്ററി സ്ക്കൂളാക്കി ഉയർത്തിയ സ്ഥാപനമാണ് ഇന്നത്തെ മണ്ണംപറ്റ എൽ. പി. സ്ക്കൂൾ. പാറോക്കോട്ടിൽ ഗോപാലൻ നായർ 1925 ൽ സ്ഥാപിച്ച വലമ്പിലി മംഗലം എൽ. പി. സ്ക്കൂൾ, 1929 ൽ കുന്നത്തൊടി കൃഷ്ണൻനായർ ആരംഭിച്ച തോട്ടര ബാലബോധിനി സ്ക്കൂൾ, 1942 ൽ ശങ്കരൻ നായർ ആരംഭിച്ച കുളക്കാട്ടുകുറുശ്ശി എൻ. പി. സ്ക്കൂൾ എന്നിവ സ്വാതന്ത്ര്യത്തിന് മുമ്പ് ഇവിടെ നിലവിൽ വന്നവയാണ്. സ്വാതന്ത്ര്യ ലബ്ദിക്കുശേഷം 1950 കളിൽ ആരംഭിച്ച തലയണക്കാട് എൽ.പി. സ്ക്കൂൾ, ആരംകണ്ടത്ത് വാസുദേവമേനോൻ സ്ഥാപിച്ചതാണ്. 1951 ൽ കീഴുവീട്ടിൽ രാമൻനായർ ഈശ്വരമംഗലത്ത് സ്ഥാപിച്ചതാണ് ഇന്നത്തെ ശ്രീരാമജയം എൽ. പി. സ്ക്കൂൾ. ഈ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ 1951 ൽ ശ്രീകൃഷ്ണപുരം എഡ്യുക്കേഷൻ സൊസൈറ്റി സ്ഥാപിച്ചതാണ്. നമ്മുടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ഉയർ ച്ചയ്ക്ക് കളമൊരുക്കിക്കൊണ്ട്, ഉന്നത വിദ്യാഭ്യാസരംഗം തുറക്കുന്നത് 1982 ൽ ശ്രീ ശങ്കരാ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച വി. ടി. ഭട്ടതിരിപ്പാട് കോളേജിലൂടെയാണ്. ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എല്ലാം സ്വകാര്യ മേഖലയിലാണ്.

കുട്ടികളുടെ പ്രാരംഭ വിദ്യാസ്ഥാപനങ്ങൾ എന്ന നിലയിൽ ബാലവാടികൾ പ്രവർത്തി യ്ക്കുന്നു. ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ ആകെ 16 അംഗൻവാടികളുണ്ട്, ഒരു ബാലവാടിയും ഉണ്ട്. ആരോഗ്യ പ്രധാന സ്ഥാപനമാണെങ്കിലും വിദ്യയുടെ ആദ്യകിരണങ്ങൾ നൽകുന്നതിൽ ഇവയ്ക്ക് തനതായ സ്ഥാനമുണ്ട്. തികച്ചും മനശാസ്ത്രപരമായ ശിക്ഷണമാണ് ഇവിടെ കിട്ടുന്നത്. അശാസ്രതീയപഠന കേന്ദ്രമായി നാല് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും ഇവിടെ പ്രവർത്തി യ്ക്കുന്നുണ്ട്. മുസ്ലീങ്ങളുടെ മതപഠന സ്ഥാപനമായ മദ്രസ്സകൾ രണ്ടെണ്ണമുണ്ട്.

പഞ്ചായത്തതിർത്തിയിൽ 4 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും, കമ്പ്യൂട്ടർ പഠനത്തിന് രണ്ട് സ്വകാര്യസ്ഥാപനവും, വനിതകൾക്കായി രണ്ട് തുന്നൽ പരിശീലന കേന്ദ്രവും സാങ്കേതിക വിദ്യാകേന്ദ്രങ്ങളായി നിലകൊള്ളുന്നു. ഉന്നതവിദ്യാഭ്യാസത്തിന് വിദ്യാർത്ഥികൾ സമാന്തര കോളേജ് സ്ഥാപനങ്ങളെ ആശ്രയിക്കുന്നുണ്ട്. ഇവിടെ 2 സമാന്തരകോളേജുകളിലായി 600ഓളം വിദ്യാർത്ഥികൾ അദ്ധ്യയനത്തിനെത്തുന്നു.

ഗ്രാമത്തിലെ നിരക്ഷരരെ സാക്ഷരരാക്കുക എന്നമഹനീയ യജ്ഞം നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചപ്പോൾ, ശ്രീകൃഷ്ണപുരം ഇതിനെ താത്പര്യത്തോടെ ആശ്ലേഷിച്ചു. രാഷ്ട്രീയ പ്രവർ ത്തകർ, സന്നദ്ധസംഘടനകൾ എന്നിവരുടെ നിരന്തര ശ്രമം നിരക്ഷരഗ്രാമീണരിൽ ഭൂരിഭഗത്തെ അക്ഷരവേദ്യരാക്കി. എന്നാൽ തുടർ സാക്ഷരതാ പരിപാടിയുടെ അഭാവം അവരുടെ നില പരുങ്ങലിലാക്കുന്നുണ്ട്.

നമ്മുടെ ഗ്രാമത്തിലെ വിദ്യാസമ്പന്നതയിൽ സ്ത്രീ പുരുഷ സമത്വം കാണാനാവും. ഇപ്പോൾ ജാതിമതത്തിനതീതമായി ഭൂരിഭാഗം ഗ്രമാണരും വിദ്യതേടിയെത്തുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിട്ടും പഠന നിലവാരം ഉദ്ദേശ്യാനുസരണം ഉണ്ടാകുന്നില്ല. ഇതിന് പല കാരണങ്ങൾ ഉണ്ട്.

വിദ്യഭ്യാസസ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. ക്ലാസ്സുമുറികൾ, പഠനോപകരണങ്ങൾ, മലമൂത്രവിസർജ്ജന സൗകര്യങ്ങൾ, കളിസ്ഥലങ്ങൾ എന്നിവയുടെ അപര്യാപ്തത പഠനനിലവാരത്തെ ബാധിക്കുന്നു. ഫർണീച്ചറുകൾ, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ, ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ എന്നിവയും അനിവാര്യവസ്തുക്കളാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യക്കുറവ് ഈ മേഖലയിലെ വലിയ പോരായ്മകളാണ്. നമ്മുടെ പഞ്ചായത്തിലെ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യ ലഭ്യത പട്ടിക 2 ൽ തന്നിരിക്കുന്നു.

വിദ്യാർത്ഥികളുടെ പഠന നിലവാരം ആശാവഹമല്ല. കഴിഞ്ഞ 5 വർഷത്തെ എസ്. എസ്. എൽ. സി. വിജയശതമാനവും 96-97 ലെ പാദവാർഷിക പരീക്ഷക്ക് 3 മുതൽ 10 ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളുടെ മാർക്കും പട്ടികയായി കൊടുത്തിരിക്കുന്നു. (പട്ടിക 3ൽ).

വിദ്യാലയങ്ങളിലെ നിലവാര തകർച്ചയ്ക്ക് ഉപോൽബലകമായ പ്രശ്നങ്ങൾ താഴെ തരുന്നു. ( ഗ്രാമസഭകളിലെ റിപ്പോർട്ടിനനുസൃതമായി)

1. അക്കാഡമിക് നിലവാരത്തകർച്ച.
2. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.
3. രക്ഷിതാക്കളുടെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ.
4. കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ ഫലപ്രദമായ ഇടപെടലില്ലായ്മ.
5. വിദ്യാർത്ഥികളുടെ കൂട്ട ക്ലാസ്സ് കയറ്റം
6. അദ്ധ്യാപകരുടെ തൊഴിലിനോടുള്ള പ്രതിബദ്ധതക്കുറവ്.
7. പാഠ്യപദ്ധതിയുടെ ആധിക്യം.
8. അദ്ധ്യാപക വിദ്യാർത്ഥി അനുപാതവലുപ്പം.
9. അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ സേവനകാല പരിശീലനം കിട്ടായ്ക.
10. പുതിയ സ്ക്കൂളുകളടെ ആവശ്യകത, നിലവാരമുള്ളവയുടെ ഉയർത്തൽ.
11. സ്ക്കൂൾ കോംപ്ലക്സുകൾ കാര്യക്ഷമമല്ല.
12. ഉന്നത വിദ്യാഭ്യാസം ലഭിയ്ക്കുന്നതിനുള്ള പ്രയാസം.

കുട്ടികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി പ്രോത്സാഹനം ലഭ്യമാക്കാൻ ഉയർന്നകുട്ടികൾക്ക് എൻഡോവ്മെന്റ് നൽകിവരുന്നുണ്ട്. സ്ക്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം നടത്തിവരുന്നുണ്ട്.

പ്രശ്നങ്ങൾ.

1. വിദ്യാഭ്യാസ നിലവാരത്തകർച്ച
2. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ കുറവ്.
3. ഉന്നത സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കുറവ്.
4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥപനങ്ങളിലില്ലായ്മ.
5. പാരമ്പര്യ തൊഴിൽപരിശീലനമില്ലായ്മ.
6. നിലവിലുള്ള ചില വിദ്യാലയങ്ങൾ ഉയർത്തായ്ക.
7. പ്രീ - പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലായ്ക.
8. സ്ക്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനക്കുറവ്.
9. അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ ഇടപെടലില്ലായ്മ

# പട്ടിക II

| നമ്പർ | സ്ക്കൂൾ | കെട്ടിടം |  |  | മൂത്രപ്പുര |  |  | ക്ലാസ് | വൈദ്യുതി | കുടിവെള്ളം | പാചകമുറി | കളിസ്ഥലം | ലാബ് | ലൈബ്രറി | ഫർണീച്ചർ ആവശ്യമായവ |  |  |  | റേഡിയോ | മാതൃ സംഗമം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
|  |  | സ്ഥിരം | താൽക്കാലികം | ആകെ | ആൺ | പെൺ | ആകെ |  |  |  |  |  |  |  | മേശ | കസേര | ബഞ്ച് | ഡസ്ക് |  |  |
| 1 | ALPS വലമ്പിലിമംഗലം | 3 | – | 3 | – | – | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | 4 | 4 | 20 | 35 | – | സജീവമല്ല |
| 2 | SR ജയം LPസ്ക്കൂൾ ഈശ്വരമംഗലം | 2 | – | 2 | 1 | 1 | 2 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 2 | 2 | – | 30 | – | സജീവം |
| 3 | AUPS ശ്രീകൃഷ്ണപുരം | 6 | – | 6 | 1 | 1 | 2 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 4 | 4 | 20 | 20 | – | സജീവമല്ല |
| 4 | ALPS മണ്ണമ്പറ്റ | 1 | – | 1 | – | – | – | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 4 | 4 | 10 | 30 | – | സജീവം |
| 5 | BBALPS തോട്ടര | 1 | – | 1 | – | – | 1 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | – | – | – | 25 | – | സജീവം |
| 6 | ALPS കളക്കാട്ടുകുറുശ്ശി | 1 | – | 1 | – | – | 1 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | 5 | 4 | 20 | – | – | സജീവം |
| 7 | ALPS തലയണക്കാട് | 1 | – | 1 | – | – | 1 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | 6 | 2 | – | സജീവം |
| 8 | ALPS മംഗലാംകുന്ന് | 2 | – | 2 | – | – | – | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | 4 | 4 | 20 | 10 | – | സജീവം |
| 9 | ALPS പെരുമാങ്ങോട് | 3 | – | 3 | – | – | 1 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 3 | 5 | 12 | 24 | – | സജീവം |
| 10 | HS ശ്രീകൃഷ്ണപുരം | 8 | – | 8 | 1 | 1 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | – | – | – | – | – | സജീവം |

## പട്ടിക III

### 96 – 97 ലെ ഒന്നാം പാദ പരീക്ഷ

| ക്ലാസ് | 30% താഴെ | 30%–40% | 40%–50% | 50%–60% | 60%മുകളിൽ |
|---|---|---|---|---|---|
| 3 | 64 | 50 | 41 | 50 | 139 |
| 4 | 50 | 34 | 36 | 59 | 130 |
| 5 | 73 | 65 | 49 | 36 | 41 |
| 6 | 122 | 70 | 31 | 19 | 26 |
| 7 | 123 | 63 | 26 | 23 | 29 |
| 8 | 223 | 53 | 39 | 19 | 34 |
| 9 | 207 | 39 | 34 | 23 | 41 |
| 10 | 177 | 43 | 26 | 18 | 32 |

### S.S.L.C. വിജയശതമാനം ശ്രീകൃഷ്ണപുരം ഹൈസ്ക്കൂൾ

| 1991 –92 | 1992–93 | 1993 – 94 | 1994 – 95 | 1995 – 96 |
|---|---|---|---|---|
| 39 % | 37 % | 34 % | 36 % | 40 % |

സാദ്ധ്യതകൾ.

1. മണ്ണമ്പറ്റ ആസ്ഥാനമായി സഹകരണമേഖലയിലൊരു ഹൈസ്ക്കൂൾ ആരംഭിക്കണം
2. മാതൃഭാഷയ്ക്ക് ഊന്നൽ നൽകി എല്ലാ വാർഡിലും പഞ്ചായത്ത് നേതൃത്വത്തിൽ പ്രി-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കണം
3. സാങ്കേതിക വിദ്യാഭ്യാസം ലഭിയ്ക്കുന്നതിന് പഞ്ചായത്തിൽ ഐ.ടി.ഐ., പോളിടെക്നിക് എന്നിവ തുടങ്ങണം.
4. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും പ്രാഥമിക സൗകര്യങ്ങൾ ഒരുക്കണം
5. അദ്ധ്യാപക രക്ഷാകർത്തൃ സമിതി മാതൃസംഗമം എന്നിവ എല്ലാ സ്ക്കൂളുകളിലും ഫലപ്രദമായി സംഘടിപ്പിക്കണം
6. പഞ്ചായത്ത് തലത്തിൽ സ്ക്കൂൾ കോംപ്ലെക്സിന്റെ പ്രവർത്തനം ഊർജ്ജിതമാക്കണം.
7. അദ്ധ്യാപകനിയമനം പി. എസ്. സി. ക്ക് വിടണം.
8. പഞ്ചായത്തിലെ നിർദ്ധന വിദ്യാർത്ഥികൾക്ക് വസ്ത്രവും പഠനോപകരണങ്ങളും നൽകണം
9. അദ്ധ്യാപകർക്ക് ബ്ലോക്കടിസ്ഥാനത്തിൽ സേവനകാല ട്രെയിനിംഗ് നൽകണം.
10. വലമ്പിമംഗലം എൽ.പി., കുളക്കാട്ടുകുറുശ്ശി എൽ. പി. എന്നീ വിദ്യാലയങ്ങൾ അപ്ഡേഗഡ് ചെയ്യണം.
11. പഞ്ചായത്തിൽ നിലവിലുള്ള അൺ ഐയിഡട് വിദ്യാലയങ്ങൾ നിരോധിക്കുക.
12. വി. ടി. ഭട്ടതിരിപ്പാട് കോളേജിൽ പുതിയ കോഴ്സുകളാരംഭിക്കുക.
13. ശ്രീകൃഷ്ണപുരം ഹൈസ്ക്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കുക.
14. പ്രൈമറി സ്ക്കൂളുകളിൽ അനദ്ധ്യാപക തസ്തികകൾ അനുവദിക്കുക.
15. അദ്ധ്യാപകരെ മറ്റു ജോലികൾക്ക് നിയോഗിക്കരുത്.
16. വർഷത്തിൽ രണ്ടുതവണയെങ്കിലും സ്ക്കൂൾ വിദ്യാർത്ഥികൾക്ക് വൈദ്യ പരിശോധന ഏർപ്പെടുത്തുക.
17. പഞ്ചായത്തിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് പഞ്ചായത്തടിസ്ഥാനത്തിൽ എൻഡോവ്മെന്റുകൾ ഏർപ്പെടുത്തുക.
18. പാരമ്പര്യ തൊഴിൽ പരിശീലന കേന്ദ്രം ആരംഭിയ്ക്കുക.
19. സ്ക്കൂൾ സാമഗ്രികളായ നോട്ട്ബുക്കുകൾ, ചോക്ക്, നിർമ്മിക്കാൻ പഞ്ചായത്ത്തല സംവിധാനം ഒരുക്കുക.
20. വിദ്യാർത്ഥികൾക്ക് ആവശ്യമായ കുടകൾ പഞ്ചായത്ത്തലത്തിൽ നിർമ്മിക്കാൻ പരിശീലനം ഏർപ്പെടുത്തുക.
21. വായനശ്ശാല പ്രവർത്തനം സജ്ജീവമാക്കുക.
22. തുടർ സാക്ഷരതാ പ്രവർത്തനത്തിന് വായനശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ വിപുലമായ സംവിധാനങ്ങളേർപ്പെടുത്തുക.
23. സിലബസ്സ് സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടുത്തി പരിഷ്ക്കരിക്കുക.

ഇത്തരം പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ നമ്മുടെ പഞ്ചായത്തിനെ വിദ്യയുടെ ഉത്തുംഗതയിലേക്ക് നയിക്കാനാവും.

# 9

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ശുദ്ധമായ കുടിവെള്ള ലഭ്യതയും, ശാസ്ത്രീയമായ വിസർജ്ജ്യ നിർമാർജ്ജന പരിപാടികളും ഉണ്ടെങ്കിൽ നമ്മുടെ നാട്ടിൽ ഇന്നുകാണുന്ന 80% രോങ്ങളും ഇല്ലാതാക്കാൻ കഴിയും. കുടിവെള്ളത്തിനായി ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ 90% ജനങ്ങളും കിണറുക ളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ ........ കിണറുകളുള്ളതിൽ ........ കിണറുകൾ എല്ലാ കാലത്തും വെള്ളം ലഭിയാക്കാത്തവയാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 40%വും ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്. ഇവിടെ കേരളാ വാട്ടർ അതോറിറ്റിയുടെ ഒരു ശുദ്ധജല വികരണ പദ്ധതി 1978 മുതൽ പ്രവർത്തിച്ചുവരുന്നു. കരിമ്പുഴയിൽ നിന്നാണ് ഇതിലേക്ക് ആവശ്യമായ ജലം ശുദ്ധീകരിച്ചെടുക്കുന്നത്. 45,400 ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ടാങ്കും 4,731 മീറ്റർ നീളത്തിൽ പൈപ്പുലൈനുകളുമാണ് ഈ പദ്ധതിക്കുള്ളത്. വരൾച്ചദുരിതാശ്വാസ പദ്ധതി പ്രകാരം 1986ൽ 700 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ലക്ഷം വീട് കോളണി പ്രദേശത്ത് രണ്ട് പൊതു ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 1996 ൽ പഞ്ചായത്തിന്റെ നിക്ഷേപ പദ്ധതി പ്രകാരം ഈശ്വരമംഗലം, മണ്ണമ്പറ്റ ഭാഗത്തേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ഓരോ ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതിയിൽ നിന്നും 28 പൊതു ടാപ്പുകളും 34 ഗാർഹിക കണക്ഷനുകളും 12 ഗാർഹികേതര കണക്ഷനുകളും ഉണ്ട്. ഈ പദ്ധതികൊണ്ട് ഉദ്ദേശം 600ഓളം വരുന്ന ജനങ്ങൾക്കുമാത്രമേ ഉപയോഗമുണ്ടാകുന്നുള്ളൂ. അതായത് ഷെഡുംകുന്നുമുതൽ ശ്രീകൃഷ്ണപുരം ആശുപത്രിവരെയുള്ള മെയിൻ റോഡിന് ഇരുവശത്തുമുള്ള ജനങ്ങൾക്കുമാത്രം ഗ്രാമ പഞ്ചായത്തിലുള്ള 32 പൊതു കിണറുകളിൽ 12 എണ്ണം ഉപയോഗശൂന്യമാണ്. അതുപോലെ പഞ്ചായത്തിലുള്ള 28 കുഴൽ കിണറുകളിൽ 15 എണ്ണം ഇടയ്ക്കിടെ കേടുപാടുകൾ വരുന്ന വയാണ്. കുഴൽ കിണറുകളിൽ ജി.ഐ. (G.I) പൈപ്പ് ഉപയോഗിക്കുന്നതുകൊണ്ട് വെള്ള ത്തിന് ചുവയുള്ളതായി വ്യാപകമായ പരാതിയുണ്ട്. അതുകൊണ്ടുതന്നെ ജനങ്ങൾ കുഴൽ കിണറിലെ ജലം കുടിക്കാൻ ഉപയോഗിക്കാത്ത അവസ്ഥയുമുണ്ട്.

### ജലസ്രോതസ്സുകൾ

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യകിണറുകൾ | | | |
| വെള്ളം മുള്ളത് | വെള്ളം ഇല്ലാത്തത് | വെള്ളം മുള്ളത് | വെള്ളം ഇല്ലാത്തത് | | |
| 20 | 12 | – | – | 28 | – |

K. W. A പദ്ധതി

| പൊതു ടാപ്പുകൾ | സ്വാകാര്യ ടാപ്പുകൾ | ഗാർഹികേതര കണക്ഷൻ |
|---|---|---|
| 28 | 34 | 12 |

1995 – 96 വർഷത്തിൽ മാത്രം 575 പേർക്ക് ജലജന്യ രോഗങ്ങൾ ബാധിക്കയുണ്ടായി. ഇത് ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭ്യമാകേണ്ടതിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.

ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ 9 വാർഡിലും പലഭാഗങ്ങളിൽ ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിന് വലിയ പദ്ധതിയായ ചാത്തംകുന്ന് പദ്ധതിയും (മംഗലംകുന്ന്), ഒരു വാർഡിനു മുഴുവൻ പരിഹാരമാകുന്ന ഇടത്തരം പദ്ധതി, അതാതു പ്രദേശങ്ങൾക്കുതകുന്ന ചെറുകിട പദ്ധതികളും നിർദ്ദേശിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ കരിമ്പുഴയിൽ നിന്നും 6 കോടി രൂപാ ചെലവിൽ ഒരു വലിയ ശുദ്ധ ജല പദ്ധതിക്ക് രൂപം കൊടുത്താൽ അത് ശ്രീകൃഷ്ണപുരം പഞ്ചായത്തിന്റെ മുഴുവൻ കുടിവെള്ളക്ഷാമവും പരിഹരിക്കാനുതകുമെന്ന് പറഞ്ഞിട്ടുണ്ട്. ഓരോ വാർഡിലേയും കുടിവെള്ളക്ഷാമമനുഭവിക്കുന്ന പ്രദേശങ്ങളും അവയ്ക്ക് നിർദ്ധശിക്കുന്ന പരിഹാരമാർഗ്ഗങ്ങളും താഴെ പട്ടിക രൂപത്തിൽ കൊടുത്തിട്ടുണ്ട്.

| വാർഡ് | പ്രശ്നമേഘല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|
| I | (1) വാർഡിന്റെ മിക്ക ഭാഗങ്ങളിലും ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നു. | (1) പന്തലങ്ങാടൻ മലയിൽ ടാങ്ക്കെട്ടി സമീപത്തുള്ള പുഴയിൽനിന്നും വെള്ളം പമ്പ് ചെയ്ത് സ്ഥിര സംവിധാനം ഉണ്ടാക്കുക.<br>(2) പല സ്ഥലങ്ങളിലും കിണറുകൾ നേരെയാക്കിയാൽ പ്രശ്നം പരിഹരിക്കാം.<br>(3) പുളിക്കൽകുന്ന് ഭാഗത്തും ചേരിക്കല്ല് ഭാഗത്തും പൊതു കിണറ് കുഴിക്കുക. |
| II | (1) മുന്നാഴിക്കുന്ന്, മുറിച്ചിറക്കുന്ന് എന്നീ മേഘലകളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. | (1) തൈക്കാട്ട് മന വക കൈവശമുള്ളതും മുസ്സ് ഉപയോഗിച്ചിരുന്നതുമായ വെള്ളക്കുഴി കിണറാക്കിമാറ്റി അതിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുക.<br>(2) ഇരടിക്കുന്ന് ശങ്കുണ്ണിയുടെ വയലിനടുത്തുള്ള വെള്ളക്കുഴി കിണറാക്കി മാറ്റി അതിൽ നിന്നും വെള്ളം പമ്പ്ചെയ്ത് വിതരണം ചെയ്യാം. |

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|
| III | (1) വടക്കേടത്ത്കുന്ന്, ലക്ഷം വീട് മടത്തിൽ പള്ള, ചീനക്കുഴി, കൊടിയം പട്ട കോളണികളും, പച്ചായിൽകുന്ന്, തോട്ടര, പുളിക്കൽ പറമ്പ് ഭാഗങ്ങളും കുടിവെള്ളക്ഷാമമനുഭവപ്പെടുന്നവയാണ്.<br><br>(2) പൊതുകിണറുകൾ 9 ൽ 7ഉം കുഴൽ കിണറുകളിൽ 4ഉം ഉപയോഗ ശൂന്യമാണ്. | (1) കെ.ഡബ്ല്യു.എ .പൈപ്പുലൈൻ 3-ാം വർഡു മുഴുവൻ വ്യാപിപ്പിക്കുക.<br><br>(2) വടക്കേടത്ത്കുന്ന്, ലക്ഷംവീട്, മടത്തിൽ പള്ളം കോളണി, എന്നീ പ്രദേശങ്ങളെ കൂട്ടിയിണക്കി കിണർ കുഴിച്ച് ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുക.<br><br>(3) പുളിക്കൽ പറമ്പ്, പച്ചായിൽകുന്ന്, തോട്ടര, ചീനിക്കുഴി, കൊടിയമട്ടക്കോളണി, പുന്നാപറമ്പ്, പൂവടിക്കുന്ന് എന്നിവടങ്ങളിൽ പൊതുകിണറുകൾ കുഴിക്കുക.<br><br>(4) ചാത്തൻ കുന്ന് പദ്ധതി നടപ്പിലാക്കുക. |
| IV | (1) കുളക്കാട്ടുകുറുശ്ശി, കുളപറമ്പ്, പാറക്കൽ കോളനി, മേക്കോട്ട് കോളനി, പുളിയക്കാട്ടു തെരുവ്, പൂഴിയപറമ്പ്, നീലമംഗലം തുടങ്ങിയ പ്രദേശങ്ങൾ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. | (1) പുളിയക്കാട്ടുതെരുവിൽ പമ്പിംഗ്സ്റ്റേഷൻ സ്ഥാപിച്ച് വാട്ടർടാങ്ക് കെട്ടി പുളിയക്കാടു തെരുവ്, ചെറുങ്ങോട്, കളക്കാട്ടുകുറുശ്ശി, തൂമ്പക്കണ്ണി, മേക്കോട് കോളനി, നീലിമംഗലം, കുളപറമ്പ്, മണ്ണമ്പറ്റ, എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തുക.<br><br>(2) പൂഴിയുപറമ്പ് പരിസരത്ത് കിണർ കുഴിച്ച് തോട്ടുപാലം പരിസരമുൾപ്പെടെ ശുദ്ധജല വിതരണം സംവിധാനം ഒരുക്കുക.<br><br>(3) അമ്പാഴക്കോട്കുന്നത്ത് ശിവശങ്കരന്റെ കുളത്തിൽ നിന്നും വെള്ളം പമ്പ്ചെയ്ത് കുളപറമ്പ് നീലിമംഗലം ഭാഗത്ത് ജലവിതരണം നടത്തുക.<br><br>(4) പുളിയക്കാട്ടുതെരുവിൽ പുഴയിൽ നിന്നും വെള്ളമെടുത്ത് ശുദ്ധീകരിച്ച് വിതരണം നടത്തുക.<br><br>(5) നീലിമംഗലം, കുളപറമ്പ് ഭാഗത്ത് നിലവിലുള്ള കിണർ വൃത്തിയാക്കുക.<br><br>(6) തേക്കിൻക്കാട്, മേക്കോട്ട് കോളനി, എന്നിവിടങ്ങളിൽ കിണർ കുഴിക്കുക.<br><br>(7) പുളിയക്കാട്ടുതെരുവ്, കുളക്കാട്ടുകുറുശ്ശി, നീലിമംഗലം എന്നിവിടങ്ങളിലെ ഇരുമ്പ് പൈപ്പ് മാറ്റി പി.വി.സി. പൈപ്പ് സ്ഥാപിക്കുക.<br><br>(8) കുളക്കാട്ടുകുറുശ്ശിയിൽ ഉചിതമായ സ്ഥലത്ത് കിണർകുഴിച്ച് വാട്ടർടാങ്ക് കെട്ടി, മേക്കോട്ട് കോളനി, കുളക്കാട്ടുകുറുശ്ശി, മലപ്പുറംകുണ്ട്, തൂമ്പക്കണ്ണിയിലേക്കുള്ള റോഡ് എന്നിവിടങ്ങളിൽ സ്ഥാപിക്കുക.<br><br>(9). തൂമ്പക്കണ്ണി പരിസരത്ത് ഒരു കിണർ കുഴിക്കുക |

| വാർഡ് | പ്രശ്നമേഘല | നിർദ്ധേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|
| V | പുഞ്ചപ്പാടം, തലയിണക്കാട് ഭാഗങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. | (1) ചാത്തൻകുന്ന് ജലസേചനപദ്ധതി നടപ്പിലാക്കുക.<br>(2) കടമ്പഴിപ്പുറത്തു നിന്നും പൈപ്പ്ലൈൻ പുഞ്ചപ്പാടത്തേക്ക് നീട്ടുക.<br>(3) ഷാരത്ത്കുന്ന് ഹരിജൻകോളനിക്ക് സമീപമുള്ള കോടാർമണ്ണ, പുത്തൻകുളം നന്നാക്കി ഷാരത്ത്കുന്നത്ത് ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക.<br>(4) കൊമ്പത്തുപടി, തൂവക്കാട് കോളനി, പുതുക്കുടി പറമ്പ്, അമ്പലപ്പറമ്പ് കോളനി, മലമ്പള്ള ഭാഗം ചേനപള്ളിയാൽ, പുഞ്ചപ്പാടം എസ്റ്റേറ്റ് പടി, തട്ടയങ്കാട് ഹരിജൻകോളനി, കോടാർമണ്ണ, അങ്കൻവാടി, താനിക്കൽ പറമ്പ് കല്ലറക്കുന്ന് എന്നിവിടങ്ങളിൽ കിണർ കുഴിക്കുക. |
| VI | കൈപ്പതൊടി ഹരിജൻ കോളനി, മമ്പള്ളിക്കുളം ഹരിജൻ കോളനി, തരുവറപ്പള്ളിയാൽ, പാർത്തല, തൂവക്കാട്, മുഞ്ഞപ്പാറ, നന്ദിയത്ത്പടി എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. | (1) ചാത്തൻകുന്ന് പദ്ധതി നടപ്പിലാക്കുക.<br>(2) മമ്പള്ളിക്കുളം ഹരിജൻ കോളനിക്ക് സമീപമുള്ള കുഴൽക്കിണർ 41/2 ഇഞ്ച് പൈപ്പ് മാറ്റി 6 ഇഞ്ചാക്കി പമ്പും നിലവിളിക്കുന്നത്ത് ടാങ്കും സ്ഥാപിക്കുക.<br>(3) തരുവാറപ്പള്ളിയാൽ റൈസ്മില്ലിന് സമീപമുള്ള വാക്കടതൊടി കണ്ണപ്പഗുപ്തന്റെ സ്ഥലത്തുള്ള പഞ്ചായത്ത് കിണർ നന്നാക്കിയെടുക്കുക.<br>(4) പാർത്തല അംഗൻവാടിക്ക് സമീപം തുപ്പക്കാട്, മുഞ്ഞപ്പാറ, നന്ദിയത്ത്പടി, കൈപ്പതൊടി കോളനി എന്നിവിടങ്ങളിൽ പൊതു കിണറുകൾ സ്ഥാപിക്കുക. |
| VII | നിറങ്ങൽപ്പടി, മഠത്തിൽപ്പടി, നാല് സെന്റ് കോളനി, രാഗം കോർണർ, കാനാട്ടുതൊടി, മാവുള്ളിപറമ്പ്, കൂട്ടത്തിങ്കൽ പറമ്പ് എന്നിവിടങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്നു. | (1) പൈപ്പ്ലൈൻ ഏഴാംവാർഡിന്റെ മുഴുവൻ ഭാഗങ്ങളിലും എത്തിക്കുക.<br>(2) ചാത്തൻകുന്ന് പദ്ധതി നടപ്പിലാക്കുക.<br>(3) നിറങ്ങൽപ്പടി, മഠത്തിൽ പടി, നാല്സെന്റ് കോളനി, രാഗം കോർണർ, മാവുള്ളിപറമ്പ്, കാനാട്ടുതൊടി കൂട്ടത്തിങ്കൽ പറമ്പ് എന്നിവിടങ്ങളിൽ പൊതു കിണറുകൾ സ്ഥാപിക്കുക.<br>(4) പന്തലങ്ങാടൻ പദ്ധതിയിൽ നിന്ന് നിറങ്ങേൽപ്പടി, മഠത്തിൽപ്പടി വഴി ആസ്പത്രിപടിവരെ പൈപ്പ്ലൈൻ നീട്ടുക. |

| വാർഡ് | പ്രശ്നമേഘല | നിർദ്ധേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|
| VIII | (1) പരിയാരമ്പറ്റ കിഴക്കേ നടയുടേയും വടക്കേനടയുടേയും ഇടയിലുള്ള പ്രദേശം, പുല്ലാട്ടുകുഴി, നെടിയൊടത്ത് മനപ്പടി, കുഴിയാറ്റിൽ, മഹാത്മ കോളേജ് പരിസരം, പൂന്തിയിൽ പരിസരം എന്നിവിടങ്ങളിൽ കുടി വെള്ളക്ഷാമം. | (1) പരിയാനംപറ്റ കിഴക്കേനടയുടേയും വടക്കേനടയുടേയും ഇടയി ലുള്ള പ്രദേശം, പുല്ലാട്ടുകുഴി, നെടി യൊടത്ത് മനപ്പടി, കുഴിയാറ്റിൽ, മഹാത്മ കോളേജ് പരിസരം, പൂന്നിയിൽ പരിസരം എന്നിവിടളിൽ പൊതുകിണർ സ്ഥാപിക്കക.<br>(2) മഹാത്മകോളേജ് പരിസരത്ത് ഒരു കുഴൽ കിണർ സ്ഥാപിക്കുക.<br>(3) ചാത്തൻ കുന്ന് പദ്ധതി ആരംഭിക്കുക. |
| IX | മഠത്തിൽതൊടി കോളനി, കണ്ണപുരം കോളനി, മുക്കിരിക്കാട് കോളനി, എന്നിവിടങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. | (1) മഠത്തിൽതൊടി കോളനി, കണ്ണപുരം കോളനി, മുക്കിരിക്കാട് കോളനി, എന്നിവിടങ്ങളിൽ പൊതുകിണർ കുഴിക്കുക.<br>(2) ഒരു ടാങ്ക് കെട്ടി ശുദ്ധജലവിതരണത്തിന് സാദ്ധ്യതകൾ ഒരുക്കുക<br>(3) ചാത്തൻകുന്ന് പദ്ധതി നടപ്പിലാക്കുക<br>(4) തോട്ടിങ്ങൽ ഭാഗത്തും മേലേതൊടി ഭാഗത്തും മുണ്ടക്കോട് ഭാഗത്തും പൊതു കിണർ കുഴിക്കുക. |

**സാദ്ധ്യകൾ**

പുതിയ ജലസ്രോതസ്സുകളുടെ സാദ്ധ്യതകളും നിലവിലുള്ളവ മെച്ചപ്പെടുത്തി ഭൂപ്രദേശത്തിന്റെ ജലലഭ്യത ഉയർത്തുന്നതിനുള്ള മാർഗ്ഗങ്ങളും ആരായേണ്ടതാണ്. കരിമ്പുഴ, ചേരിക്കാട്ടുപടിതോട്, പുളിനെല്ലിതോട്, കാഞ്ഞിരമ്പാറതോട്, വി. ടി. ബി. കോളേജ് പരിസരത്തെ ചോല എന്നിവയുടെയെല്ലാം സ്ഥിതി മെച്ചപ്പെടുത്തി പഞ്ചായത്തിന്റെ മൊത്തം ജലലഭ്യത വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകളെപ്പറ്റി ചിന്തിക്കേണ്ടതാണ്. കൂടാതെ വീട്ടുവളപ്പുകളിൽ മൺതടകൾ നിർമിച്ച് ഭൂഗർഭജലം സംഭരിക്കുക.

1,2,6,7,9 വാർഡുകളെ ബന്ധപ്പെടുത്തി പന്തലങ്ങാടൻ ശുദ്ധജലവിതരണ പദ്ധതിയും 3,4 വാർഡുകളെ ബന്ധപ്പെടുത്തി പുളിയങ്കാട്ടുതെരുവ് ശുദ്ധ ജല പദ്ധതിയും 5,8 വാർഡുകളെ ബന്ധപ്പെടുത്തി മംഗലാംകുന്നത്ത് ശുദ്ധജല വിതരണ പദ്ധതിയും നടപ്പിലാക്കുക.

**ആരോഗ്യം**

1957 മുതൽ ശ്രീകൃഷ്ണപുരത്ത് ഒരു ഗവഃ റൂറൽ ഡിസ്പെൻസറി പ്രവർത്തിക്കുന്നു. ഇത് 1989 ൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമായി. മണ്ണമ്പറ്റയിൽ ഒരു സർക്കാർ ആയുർവ്വേദ ഡിസ്പെൻസറിയും 1996 ൽ സ്ഥാപിതമായി. ഇതിന്പുറമെ ഷെഡുകുന്നത്ത് ഒരു സ്വകാര്യ ആസ്പത്രിയും (ആയുർവ്വേദവും അലോപ്പതിയും ഉൾപ്പെടെ) പ്രവർത്തിക്കുന്നു. ഇതിനുപുറമെ ആയുർവ്വേദ ഡോക്ടർമാർ സന്ദർശിക്കുകയും ചികിത്സിക്കുകയും ചെയ്യുന്ന ആയുർവ്വേദ മരുന്ന് വില്പന ശാലകളും നിരവധി പാരമ്പര്യ വൈദ്യന്മാരും, പാരമ്പര്യ ചികിത്സകരും,

ശ്രീകൃഷ്ണപുരം പഞ്ചായത്തിലുണ്ട്. ശ്രീകൃഷ്ണപുരം പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് 4 ഉപ കേന്ദ്രങ്ങളുമുണ്ട്. പഞ്ചായത്തിൽ 5 വയസിനുതാഴെ 1,504 കുട്ടികളുള്ളതിൽ 1,492 പേരും പേരും പൂർണ്ണമായ പ്രതിരോധകുത്തിവെയ്പ്പുകൾ നൽകപ്പെട്ടവരാണ്. 172 ഗർഭിണികളിൽ എല്ലാ വരും പ്രതിരോധ കുത്തിവെയ്പ്പ് (ടി. ടി.) എടുത്തവരാണ്. മലമ്പനി ഒഴുകെയുള്ള പകർച്ച വ്യാധികൾ നമ്മുടെ പഞ്ചായത്തിൽ താരതമ്യേന കുറഞ്ഞുവരുന്നു. കഴിഞ്ഞ വർഷത്തിൽ 36 മലമ്പനി രോഗികൾ അന്യസംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ പഞ്ചായത്തിൽ എത്തപ്പെട്ടു. പാലക്കാട് ജില്ലയിൽ മലമ്പനി രോഗം ഏറ്റവും കൂടുതൽ കാണപ്പെ ടുന്ന പഞ്ചായത്തുകളിൽ ഒന്നാണ് ശ്രീകൃഷ്ണപുരം പഞ്ചായത്ത്, ഈ പഞ്ചായത്തിലെ നിരവധി ജനങ്ങൾ അന്യ സംസ്ഥാനങ്ങളിൽ തൊഴിൽ തേടിപോയതാണ് ഇതിന് കാരണമായത്. പഞ്ചായത്തിലെ പൊതു മരണ നിരക്ക് (സി.ഡി.ആർ) 6.6ഉം ശിശു മരണനിരക്ക് 4.12ഉം ആണ്. പഞ്ചായത്തിൽ ഏതാനും കൊല്ലങ്ങളായി മാതൃമരണം ഉണ്ടായിട്ടില്ല. സംസ്ഥാനത്തെ പൊതു മരണനിരക്ക് 5.9ഉം, ശിശു മരണനിരക്ക് 16ഉം ആണ്. പഞ്ചായത്തിലെ ജനസംഖ്യ 18,610 ആണ്. ജനനനിരക്ക് കുറഞ്ഞുവരുന്ന പ്രവണത കാണുന്നുണ്ട്. 1 വയസിന് താഴെ പ്രായമുള്ളവർ 405 ഉം 1 വയസിനും 5 വയസിനും ഇടയിൽ 996 പേരും ഉണ്ട്.

1995–96 ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ 579 ജലജന്യരോഗങ്ങളും 7,131 വായുജന്യ രോഗങ്ങളും 67 പ്രാണിജന്യ രോഗങ്ങളും ഉണ്ടായി. ഈ വർഷത്തിൽ 7 കുഷ്ഠ രോഗികളും 30 മലമ്പനി രോഗികളും 2,276 ത്വക് രോഗികളുമുണ്ടായി. ഈ വർഷം ശ്രീകൃഷ്ണപുരം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ചികിത്സക്കെത്തിയവരിൽ ഒ.പി. വിഭാഗക്കാർ 22,757 പേരും ഐ.പി. വിഭാഗക്കാർ 1,114 പേരും ആണ്.

പ്രാഥമിക ആരോഗ്യ കേന്ദ്രം പഞ്ചായത്തിന്റെ ഒരറ്റത്തായതിനാൽ അതിന്റെ സേവനം വിദൂര ഭാഗിങ്ങളിലുള്ളവർക്ക് വേണ്ട രൂപത്തിൽ ലഭിക്കുന്നില്ല. എങ്കിലും വിദൂര ഭാഗങ്ങളി ലടക്കം പ്രതിരോധ കുത്തിവെയ്പ്പ് പരിപാടികൾ വേണ്ടവിധം നടക്കുന്നുണ്ട്. പല ഗ്രാമവാസി കൾക്കും 8 കി. മി. ഓളം യാത്ര ചെയ്ത് വേണം ആസ്പത്രിയിൽ എത്താൻ. ആസ്പത്രിയിൽ വാഹനം ഇല്ലാത്തതിനാൽ രോഗപതിരോധ പ്രവർത്തനമടക്കം പല പ്രവർത്തനങ്ങളും നടത്തു ന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ആവശ്യത്തിന് ഉപയോഗിക്കാൻ മൂത്രപ്പുര പോലും ഇല്ലാത്ത അവസ്ഥയാണ്. ജനറൽ വാർഡ് രോഗികളെ കിടത്തി ചികിത്സിക്കാൻ കൊള്ളാത്ത അവസ്ഥയിലാണ്.

പഞ്ചായത്തിലെ ആരോഗ്യ സേവന കേന്ദ്രങ്ങൾ

| വാർഡ് | സ്ഥാപനം | ജീവനക്കാർ |
|---|---|---|
| 1 | I.P.P. സബ് സെന്റർ | 1 |
| 2 | സ്വകാര്യ ആയുർവ്വേദ, അലോപതി ആശുപത്രി | – |
| 3 | സർക്കാർ ആയുർവ്വേദ ഡിസ്പെൻസറി | 4 |
| 3 | കുടുംബക്ഷേമ ഉപകേന്ദ്രം | 1 |
| 4 | ---------------- | – |
| 5 | ---------------- | – |
| 6 | I.P.P. സബ് സെന്റർ | 1 |
| 7 | പ്രാഥമിക ആരോഗ്യ കേന്ദ്രം | 17 |
| 8 | ----------------- | – |
| 9 | I.P.P. സബ് സെന്റർ | 1 |

ആരോഗ്യ ശുശ്രൂഷ രംഗത്തെ പ്രശ്നങ്ങളും അവയുടെ പരിഹാര നിർദ്ദേശങ്ങളും താഴെ വാർഡടിസ്ഥാനത്തിൽ പട്ടിക രൂപത്തിൽ കൊടുത്തിരിക്കുന്നു.

| വാർഡ് | പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|---|
| I | (1) ആരോഗ്യ ശുശ്രൂഷ സംവിധാനം വാർഡിൽ പരിമിതമാണ്. | (1) സബ്സെന്ററിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കണം.<br>(2) സബ്സെന്ററിൽ ആവശ്യമരുന്നുകൾ ലഭ്യമാക്കണം.<br>(3) ശ്രീകൃഷ്ണപുരം ആശുപത്രിയിൽ അത്യാഹിത വിഭാഗം ആരംഭിയ്ക്കുക<br>(4) ശ്രീകൃഷ്ണപുരം ആശുപത്രയിൽ വനിതാ ഡോക്ടറെ നിയോഗിക്കുക. |
| II | (1) നിലവിലുള്ള ആരോഗ്യ പരിശോധന സംവിധാനം അപര്യാപ്തമാണ്.<br>(2) ജനങ്ങൾക്ക് ആശുപത്രിയിൽ എത്താൻ വളരെ ദൂരം യാത്രചെയ്യേണ്ട സ്ഥിതിയാണ്. | (1) വാർഡിൽ ഒരു ആരോഗ്യ ഉപകേന്ദ്രം തുടങ്ങുക. ആഴ്ചയിൽ 2 ദിവസം അവിടെ ഡോക്ടറുടെ സേവനം ലഭ്യമാക്കുക.<br>(2) ആരോഗ്യ പ്രവർത്തകരുടെ ഗ്രഹസന്ദർശനം കൂടുതൽ ഫലപ്രദമാക്കുക. |
| III | (1) കുടുംബ ക്ഷേമ കേന്ദ്രത്തിലെ സൗകര്യങ്ങൾ അപര്യാപ്തമാണ്.<br>(2) സർക്കാർ ആയുർവ്വേദ ആശുപത്രിക്ക് സ്ഥിരം കെട്ടിടമോ വേണ്ടത്ര മരുന്നുകളോ ഇല്ല.<br>(3) സ്ക്കൂളുകളിൽ പോഷക ആഹാര വിതരണം ഫലപ്രദമല്ല. | (1) കുടുംബക്ഷേമ കേന്ദ്രത്തിന്റെ അറ്റകുറ്റ പണികൾ നടത്തുക. ഒരു കക്കൂസ് കൂടി നിർമ്മിക്കുക.<br>(2) കുടുംബക്ഷേമ കേന്ദ്രത്തിൽ ഡോക്ടറുടെ സേവനവും മരുന്നുകളും ലഭ്യമാക്കുക.<br>(3) കൂടുതൽ ആരോഗ്യ സെമിനാറുകൾ സംഘടിപ്പിക്കുക.<br>(4) ജനങ്ങളുടെ രക്ത പരിശോധന നടത്തി രക്തദാന സേന രൂപീകരിക്കുക.<br>(5) സ്ക്കൂളുകളിൽ പോഷകാഹാര വിതരണങ്ങൾ ഫലപ്രദമാക്കുക,<br>(6) സർക്കാർ ആയുർവ്വേദ ആശുപത്രിക്ക് സ്ഥിരം കെട്ടിടവും ആവശ്യത്തിന് മരുന്നുകളും ലഭ്യമാക്കുക.<br>(7) കടമ്പഴിപ്പുറം ആശുപത്രിയിൽ മോർച്ചറിയും ആംബുലൻസും ലഭ്യമാക്കുക. |
| IV | (1) എല്ലാ ആരോഗ്യ സ്ഥാപനങ്ങളും അഞ്ച് കി.മീ. അധികം അകലെയാണ്. ഈ വാർഡിൽ ആരോഗ്യ സ്ഥാപനങ്ങൾ ഒന്നും ഇല്ല.<br>(2) പോസ്റ്റുമാർട്ടം യൂണിറ്റിന്റേയും ആംബുലൻസിന്റേയും സേവനം വാർഡിലുള്ളവർക്ക് ലഭിക്കാൻ വളരെയധികം കി.മി.യാത്ര ചെയ്യണം | (1) 40ം വാർഡിൽ ഉചിതമായ സ്ഥലത്ത് (കുളക്കാട്ടുകുറുശ്ശി) പ്രാഥമിക ആരോഗ്യകേന്ദ്രം തുടങ്ങുക.<br>(2) 40ം വാർഡിൽ ഒരു ഹോമിയോ ഡിസ്പെൻസറി തുടങ്ങുക.<br>(3) 40ം വാർഡിൽ ഒരു കുടുംബക്ഷേമ കേന്ദ്രം തുടങ്ങുക. |

| വാർഡ് | പ്രശ്നമേഘല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|
| V | (3) അലഞ്ഞുതിരിയുന്ന നായ്ക്കളുടെ ശല്യമുണ്ട്.<br><br>(4) ശ്രീകൃഷ്ണപുരം ബ്ലോക്ക് പരിധിയിൽ വരുന്ന പല ആസ്പത്രിയിലും ഡോക്ടർ മാർ ഇല്ല.<br><br>(5) കടമ്പഴിപ്പുറം ആസ്പത്രിയിൽ സ്പെഷലിസ്റ്റുകളുടെ സേവനം പരിമിതമാണ്.<br><br>(6) ജലജന്യ രോഗങ്ങൾ അനുഭവപ്പെടുന്നു.<br><br>(7) ശ്രീകൃഷ്ണപുരത്ത് ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഇല്ല.<br><br>(8) കുടിവെള്ള പരിശോധനാ സംവിധാനം പരിമിതമാണ്.<br><br>(9) കുട്ടികളുടെ പോഷണ നിലവാരം തൃപ്തികരമല്ല.<br><br>(10) സ്ക്കൂൾ കുട്ടികളിൽ ദന്തരോഗം കൂടുതലായികാണുന്നു.<br><br>(11) കുട്ടികളിൽ ചൊറി, ചിരങ്ങ്, തുടങ്ങിയ അസുഖങ്ങൾ കാണുന്നു<br><br>(12) ആരോഗ്യ ക്ലാസ്സുകൾ കുറവാണ്. | (4) ശ്രീകൃഷ്ണപുരം ആസ്പത്രീയിലോ കടമ്പഴിപുറം ആസത്രിയിലോ പോസ്റ്റുമാർട്ടം യൂണിറ്റും ആംബുലൻസും ലഭ്യമാക്കുക.<br><br>(5) അലഞ്ഞുതിരയുന്ന നായ്ക്കളെ കൊല്ലുകയും വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യുക. എല്ലാ ആസ്പത്രികളിലും പേവിഷത്തിന് എതിരായ വാക്സിൻ ലഭ്യമാക്കുക.<br><br>(6) എലുമ്പാലശ്ശേരി വെള്ളിനേഴി, അടയ്ക്കാപുത്തൂർ, തൃക്കടീരി, തുടങ്ങിയ ബ്ലോക്ക് പഞ്ചായത്തിൽ പെടുന്ന പി. എച്ച്, സി, കളിൽ സ്ഥിരം ഡോക്ടർമാരേ നിയമിക്കുക.<br><br>(7) കടമ്പഴിപുറം ആസ്പത്രിയിൽ നേത്രരോഗ വിദഗ്ദൻ, ഗൈനക്കോളജിസ്റ്റ്, ഫിസിഷ്യൻ, ശിശു രോഗ വിദഗ്ദൻ, ദന്തരോഗ വിദഗ്ദൻ, ന്യൂറോളജിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും കടമ്പഴിപുറം പി. എച്ച്. സി യെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കുകയും ചെയ്യുക.<br><br>(8) പകർച്ച വ്യാധികളെക്കുറിച്ച് സമഗ്ര ബോധവൽക്കരണം നടത്തുക.<br><br>(9) ജലത്തിലൂടെ പകരുന്ന രോഗങ്ങൾ ഫലപ്രദമായി കളക്കാട്ടുകുറുശ്ശി, ചേറുങ്ങോട് പുളിയക്കാടുതെരുവ്, നിലമംഗലം എന്നിവിടങ്ങളിൽ ജനകീയ ആരോഗ്യസേന രൂപീകരിക്കുകയും ഇവയുടെ പ്രവർത്തനം ഫലപ്രദമാക്കാൻ ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും, രോഗപ്രതിരോധസാമഗ്രികളും ആരോഗ്യവകുപ്പധികൃതർ നൽകുകയും വേണം.<br><br>(10) ശ്ര ീകൃഷ്ണപുരത്ത് ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക അനുവദിക്കുക.<br><br>(11) കുടിവെള്ള പരിശോധനക്ക് ഉപകാരപ്പെടുന്ന പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുക.<br><br>(12) വിട്ടുമാറാത്ത അസുഖംമൂലം അവശത അനുഭവിക്കുന്ന നിരാശ്രയർക്ക് ലളിതമായ രീതിയിൽ ധനസഹായം ലഭ്യമാക്കുക.<br><br>(13) അംഗൻവാടികളിലും സ്ക്കൂളുകളിലും ആവശ്യത്തിന് ഭക്ഷ്യധാന്യങ്ങൾ അനുവദിച്ച് എത്തിക്കുക.<br><br>(14) അംഗൻവാടികളിലും സ്ക്കൂളുകളിലും കുട്ടികളുടെ ആരോഗ്യ പരിശോധന യഥാസമയം നടത്തുകയും അതിനായി ശ്രീകൃഷ്ണപുരം പി.എച്ച്സി.യിൽ ഒരു വാഹനം അനുവദിക്കുകയും |

| വാർഡ് | പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
| --- | --- | --- |
| | | പി. എച്ച് സി.യിൽ ഒരു വാഹനം അനുവദിക്കുകയും വേണം.<br>(15) ആരോഗ്യത്തിന് ഹാനികരമായ മദ്യം നിരോധിക്കണം. |
| V | ആരോഗ്യ സംരക്ഷണത്തിന് രോഗികൾക്ക് കടമ്പഴിപുറം ആശുപത്രിയാണുള്ളത്. ദൂരക്കൂടുതലാണ്. | ഹോമിയോ ഡിസ്പെൻസറി അനുവദിക്കുക. |
| VI | (1) ആരോഗ്യ ഉപകേന്ദ്രം വേണ്ടത്ര ഫലപ്രദമാകുന്നില്ല.<br>(2) ഏറ്റവും അടുത്ത ആരോഗ്യകേന്ദ്രത്തിലെത്താൻ 4 കി.മി. അധികം യാത്ര ചെയ്യണം.<br>(3) വാർഡിൽ 40% പേർക്ക് പോഷകാഹാരക്കമ്മി അനുഭവപ്പെടുന്നു.<br>(4) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം ചാരായനിരോധനം ഫലപ്രദമല്ല. ഇത് പൊതുജനാരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു.<br>(5) ന്യായമായ വിലക്ക് മരുന്നുകൾ ലഭ്യമല്ല.<br>(6) അലഞ്ഞുതിരിയുന്ന നായ്ക്കളുടെ ശല്യം ഉണ്ട്.<br>(7) ആരോഗ്യ ഉപകേന്ദ്രത്തിൽ വൈദ്യുതി ലഭിക്കുന്നില്ല. | (1) ആരോഗ്യ ഉപകേന്ദ്രത്തിൽ ഡോക്ടറുടെ സേവനം ആഴ്ചയിൽ മൂന്ന് ദിവസം ലഭ്യമാക്കുക.<br>(2) പോഷകാഹാരക്കുറവ് നികത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.<br>(3) ചാരായ നിരോധനം ഫലപ്രദമായി നടപ്പാക്കണം.<br>(4) പച്ചക്കറി, പാൽ, മുട്ട, എന്നിവയിൽ വാർഡിനെ സ്വയംപര്യാപ്തമാക്കണം.<br>(5) സഹകരണ മേഖലയിൽ ഒരു മെഡിക്കൽ സ്റ്റോർ ആരംഭിക്കണം.<br>(6) വളർത്തു നായ്ക്കൾക്ക് ലൈസൻസിംഗ് ഏർപ്പെടുത്തണം.<br>(7) ആരോഗ്യ ഉപകേന്ദ്രം വൈദ്യുതീകരിക്കണം. |
| VII | (1) വാർഡിന്റെ എല്ലാഭാഗത്തും ആരോഗ്യ സേവനം ലഭ്യമാകുന്നില്ല.<br>(2) വാർഡിൽ ആയുർവ്വേദ, ഹോമിയോ വൈദ്യ സേവനങ്ങൾ ലഭിക്കുന്നില്ല.<br>(3) ശ്രീകൃഷ്ണപുരം പി.എച്ച്.സി. യിൽ ഡോക്ടർക്കും ജീവനക്കാർക്കും താമസിക്കാൻ വേണ്ടത്ര സൗകര്യമില്ല.<br>(4) പി. എച്ച്. സി, യിലെ ഒ.പി. ബ്ലോക്ക് സൗകര്യപ്രദമല്ല.<br>(5) പി. എച്ച്. സി, യിലെ ഓപ്പറേഷൻ തിയ്യറ്റർ പ്രവർത്തിക്കുന്നില്ല. | (1) നാല് സെന്റ് കോളനി, രാഗം കോർണർ എന്നിവിടങ്ങളിൽ ഓരോ സബ് സെന്ററുകൾ തുടങ്ങുകയും ആഴ്ചയിൽ ഒരുദിവസം അവിടെ ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുകയും ചെയ്യുക.<br>(2) വാർഡിൽ ഒരു ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കണം<br>(3) ആയുർവ്വേദ ആസ്പത്രി സ്ഥാപിക്കുന്നതുവരെ മണ്ണമ്പറ്റയിൽ പ്രവർത്തിക്കുന്ന സർക്കാർ ആസ്പത്രിയിലെ ആയുർവ്വേദ ഡോക്ടർ ആഴ്ചയിൽ ഒരുദിവസം വാർഡിൽ സൗകര്യപ്രദമായ സ്ഥലത്ത്വെച്ച് രോഗികളെ പരിശോധിക്കണം. |

| വാർഡ് | പ്രശ്നമേഘല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|
| | (6) പി. എച്ച്. സി, യിലെ ഗൈന ക്കോളജിസ്റ്റിന്റെ സേവനം ലഭ്യമല്ല.<br>(7) പി. എച്ച്. സി, യിൽ ലാബറട്ടിറി ഓക്സിജൻ സിലിണ്ടർ, ബെഡ് സൈഡ് ലോക്കർ ഇവലഭ്യമല്ല<br>(8) ആശുപത്രിയിൽ പരാതി കേൾ ക്കാൻ വേണ്ട സംവിധാനം ഇല്ല.<br>(9) ആശുപത്രിയിൽ വേണ്ടത്ര മരുന്നുകൾ ലഭ്യമല്ല. ആശുപത്രി ശുചീകരണം തൃപ്തികരമല്ല.<br>(10) മീസൽസ്, ചർദ്ദി അതിസാരം, ചിക്കൻപോക്സ്, ചെങ്കണ്ണ്, ശ്വാസ കോശ സംബന്ധ രോഗങ്ങൾ എന്നിവ വ്യാപകമാണ്.<br>(11) ആശുപത്രിയിൽ വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്നു. ചൂടുവെള്ളം ലഭ്യവുമല്ല. | (4) ശ്രീകൃഷ്ണപുരം ആസ്പത്രീയിൽ ഡോക്ടർക്കും ജീവനക്കാർക്കും കോർട്ടേഴ്സുകൾ നിർമ്മി ക്കണം.<br>(5) ശ്രീകൃഷ്ണപുരം ആസ്പത്രിയിലെ ഒ.പി. ബ്ലോക്ക് സൗകര്യപ്രദമായ രീതിയിൽ പുതുക്കി പണിയുക.<br>(6) ശ്രീകൃഷ്ണപുരം ആസ്പത്രിയിലെ ഓപ്പറേഷൻ തിയ്യറ്റർ പ്രവർത്തനക്ഷമമാക്കണം.<br>(7) വനിതാ ഗൈനക്കോളജിസ്റ്റിനെ പി. എച്ച്. സി. യിൽ നിയമിക്കണം.<br>(8) ശ്രീകൃഷ്ണപുരം ആസ്പത്രിയിൽ ലബോറട്ടറി സ്ഥാപിച്ച് ലബോറട്ടറി ടെക്നീഷ്യനെ നിയമിക്കു കയും ഓക്സിജൻ സിലിണ്ടർ ബെഡ് സൈഡ് ലോക്കർ എന്നിവ ലഭ്യമാക്കുകയും വേണം.<br>(9) ശ്രീകൃഷ്ണപുരം ആസ്പത്രിയിൽ പരാതിപ്പെട്ടി സ്ഥാപിക്കുകയും മുഖാമുഖം പരിപാടി ആരംഭി ക്കുകയും ചെയ്യുക.<br>(10) ശ്രീകൃഷ്ണപുരം ആസ്പത്രിയിൽ വേണ്ടത്ര മരുന്നുകൾ ലഭ്യമാക്കുകയും ആസ്പത്രിയിൽ വേണ്ടത്ര ശുചീകരണം ഫലപ്രദമാക്കുകയും വേണം. അതിന് ഒരു പാർട്ടൈം സ്വീപ്പറെ നിയമിക്കണം.<br>(11) രോഗികൾക്കുള്ള ഭക്ഷണം മെച്ചപ്പെടുത്തു കയും എല്ലാ ദിവസവും ലഭ്യമാ ക്കുകയും വേണം.<br>(12) പകർച്ച വ്യാധികളെ നിയന്ത്രിക്കാനും നിർ മാർജ്ജനം ചെയ്യാനും നടപടി സ്വീകരിക്കണം.<br>(13) ശ്രീകൃഷ്ണപുരം ആസ്പത്രിയിൽ സോളാർ വൈദ്യുത ലാംപ് ജനറേറ്റർ ഇവ സ്ഥാപിക്കണം. വാട്ടർഹീറ്റർ സ്ഥാപിക്കണം.<br>വാർഡിലും ആശുപത്രിയിലേയും വികസന പ്രവർത്തനം നടത്താൻ ജനകീയ സമിതി ഉണ്ടാക്കി പിരിച്ചും സിനിമാ പ്രദർശനം മുതലായവ നടത്തി ധന സമാഹരണം നടത്താ വുന്നതാണ്. ബാങ്കുകൾ സ്വകാര്യ സ്ഥാപനങ്ങൾ ഇവയെക്കൊണ്ട് ദത്തെടുപ്പിക്കുകയും ചെയ്യാം |
| VII | (1) വാർഡിൽ ആരോഗ്യ പരിശോധനാ സംവിധാനങ്ങൾ ഒന്നും തന്നെയില്ല<br>(2) അടുത്ത ആസ്പത്രിയിലെത്താൻ 2 കി.മ.ഓളം യാത്ര ചെയ്യണം.<br>(3) ആരോഗ്യ പ്രവർത്തകരുടെ ഗ്രഹ | (1) മംഗലാംകുന്നിൽ സൗജന്യമായി ലഭിക്കുന്ന സ്ഥലത്ത് ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കണം.<br>(2) ശ്രീകൃഷ്ണപുരം പി. എച്ച്. സി. യിലെ സൗകര്യ ങ്ങൾ വർദ്ധിപ്പിക്കണം. |

| വാർഡ് | പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
| --- | --- | --- |
| | സന്ദർശനം ഫല പ്രദമല്ല.<br>(4) അഞ്ചാംപനി, ചെങ്കണ്ണ്, പനി അതിസാരം ഇവ പകർച്ചവ്യാധിക ളാണ്.<br>(5) ആരോഗ്യ ക്ലാസ്സുകൾ കുറവാണ്. | (3) ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശനം കൂടുതൽ ഫലപ്രദമാക്കണം.<br>(4) പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കണം.<br>(5) ആരോഗ്യ ഉപകേന്ദ്രങ്ങളിലും വാർഡിന്റെ മറ്റു പ്രദേശങ്ങളിലും ആരോഗ്യ ക്ലാസ്സുകൾ നടത്തണം. |
| IX | ഐ. പി. പി. സെന്ററിൽ ഡോക്ടറുടെ സേവനവും മരുന്നുകളും ലഭ്യമല്ല. | |

ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ നാലാം വാർഡിൽ ഒരു പി. എച്ച്. സി. വേണമെന്നാവശ്യം ഉണ്ടായിട്ടുണ്ട്. 4,8 വാർഡുകളിൽ ഹോമിയോ ഡിസ്പെൻസറിയും ആവശ്യപ്പെട്ടിട്ടുണ്ട്. 7ാം വാർഡിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറിയും ആവശ്യപ്പെട്ടിട്ടുണ്ട്. 2,4,5,7 വാർഡുകളിൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ഉപകേന്ദ്രങ്ങൾ ഉള്ള സ്ഥലങ്ങളിൽ ആഴ്ചയിൽ രണ്ടുദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആശുപത്രിയിൽ സൗകര്യങ്ങൾ കുറവാണെന്ന് മിക്കവാർഡുകളിലും പരാമർശങ്ങൾ ഉണ്ടായി ട്ടുട്ടുണ്ട്. ആശുപത്രിയിൽ അത്യാഹിത വിഭാഗവും, ഗൈനക്കോളജിസ്റ്റിന്റെ സേവനവും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്.

1) പി. എച്ച്. സി.യിൽ പോസ്റ്റുമോർട്ടം യൂണിറ്റും ആംബുലൻസും ലഭ്യമാക്കണം.
2) പി. എച്ച്. സി. ക്ക് സ്വന്തമായൊരു വാഹനമുണ്ടാകണം,
3) പി. എച്ച്. സി. യുടെ ഓ.പി. ബ്ലോക്ക് സൗകര്യപ്രദമായി പുതുക്കി പണിയണം,
4) രോഗികൾക്കുള്ള ഭക്ഷണം മെച്ചപ്പെടുത്തുകയും എല്ലാ ദിവസവും ലഭ്യമാക്കുകയും വേണം.
5) പി. എച്ച്. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ താഴെ പറയുന്ന തസ്തികകൾ സൃഷ്ടിക്കണം.

ഹെൽത്ത് ഇൻസ്പെക്ടർ – 1, ലബോറട്ടറി ടെക്നീഷ്യൻ – 1, സ്റ്റാഫ് നഴ്സ് – 2, നേഴസിംഗ് അസിസ്റ്റന്റ് – 1, ഹോസ്പിറ്റൽ അറ്റൻഡർ –1, പാർട്ടൈം സ്വീപ്പർ 1, ഡ്രൈവർ – 1. ഇതിനു പുറമെ ജനസംഖ്യക്ക് അനുസരിച്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാരുടെ തസ്തിക വർദ്ധിപ്പിക്കുകയും വേണം.

6) ആശുപത്രിയിൽ ഒരു ലബോറട്ടറിയും 12 കിടക്കകളുള്ള ഒരു പുതിയ വാർഡും നിർമ്മിക്കണം.
7) വർദ്ധിച്ച തസ്തികകൾക്കും പ്രവർത്തനത്തിനും അനുസരിച്ച് ആവശ്യമായ ഫർണീച്ചറുകളും ഉപകരണങ്ങളും അനുവദിക്കണം.
8) ആരോഗ്യ വകുപ്പിൽ മരുന്നുവിതരണം കാര്യക്ഷമമാക്കുന്നതിന് താലൂക്ക് മെഡിക്കൽ സ്റ്റോർ സംവിധാനം നടപ്പിലാക്കണം.
9) പഞ്ചായത്തിൽ ഒരു സഹകരണ മെഡിക്കൽ സ്റ്റോറിന്റെ സാദ്ധ്യതയെക്കുറിച്ചും ആലോചി ക്കേണ്ടതാണ്.

ശ്രീകൃഷ്ണപുരം സർക്കാർ ആയുർവ്വേദ ആശുപത്രിക്ക് ഇപ്പോഴും സ്വന്തമായ കെട്ടിടമില്ല. നമ്മുടെ നാട്ടിലെ നല്ലൊരുശതമാനം ജനങ്ങളും ആശ്രയിക്കുന്ന ആയുർവ്വേദ ചികിത്സാ സമ്പ്രദായം കുടുതൽ ഫലപ്രദമായി ജനങ്ങളിലെത്തിക്കാൻ ആശുപത്രിക്ക് സ്വന്തമായി കെട്ടിടവും ആവശ്യമായ ഫർണിച്ചറുകൾ ഉപകരണങ്ങൾ എന്നിവയും ലഭ്യമാക്കണം. ഇത് കൂടുതൽ ഫലപ്രദമാക്കാൻ പഞ്ചായത്ത് മരുന്നുകൾ സംഭരിച്ച് എത്തിച്ച്കൊടുക്കുന്നതിനെക്കുറിച്ചും പരിശോധിക്കേണ്ടതാണ്.

നമ്മുടെ രാജ്യത്തും സംസ്ഥാനത്ത് പ്രത്യേകിച്ചും പകർച്ചവ്യാധികൾ കൂടിവരുന്ന ഒരു പ്രവണതയാണ് കാണപ്പെടുന്നത്. ഇതിനെതിരെ ഫലപ്രദമായ പ്രതിരോധ – സുരക്ഷാ സംവിധാനങ്ങൾ– വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ ജനകീയ ആരോഗ്യ സേനകൾ രൂപീകരിക്കേണ്ടതാണ്. കൂടുതൽ ചിട്ടപ്പെട്ട രൂപത്തിൽ പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും ആരോഗ്യ ക്ലാസ്സുകളും സമയാസമയങ്ങളിൽ നടത്തേണ്ടതാണ്. നമ്മുടെ നാട്ടിൽ കുടിവെള്ളപരിശോധനക്കായി തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രവർത്തിയ്ക്കുന്ന രണ്ട് റീജണൽ പബ്ലിക് ഹെൽത്ത് ലബോററ്ററികൾ മാത്രമേ ഉള്ളൂ. ഇത് അപര്യാപ്തമായതിനാൽ എല്ലാ ജില്ലകളിലും ഓരോ പബ്ലിക് ഹെൽത്ത് ലബോററ്ററികൾ സ്ഥാപിക്കേണ്ടതാണ്. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ പഞ്ചായത്തിലൊട്ടാകെ ആരോഗ്യരംഗത്ത് ഒരു ഭീഷണിയാകുന്നു. ഇത് തടയാൻ വളർത്തുമൃഗങ്ങൾക്ക് ലൈസൻസിംഗ് സമ്പ്രദായം നിർബന്ധിതമാക്കുകയും പേവിഷബാധ തടയുന്ന വാക്സിൻ നൽകുകയും വേണം.

### പരിസര ശുചിത്വം

പൊതുജനാരോഗ്യ രംഗത്തെ അതിപ്രധാനമായ ഒരു മേഖലയാണ് പരിസരശുചിത്വം. ശ്രീകൃഷ്ണപുരം പഞ്ചായത്തിനെ സംബന്ധിച്ചെടത്തോളം വീടുകളിലെ വിസർജ്ജ്യ വസ്തുക്കളുടെ നിർമാർജ്ജനം ആണ് ഏറ്റവും പ്രധാനമായ പ്രശ്നം. വ്യവസായ മലിനീകരണം ഈ മേഖലയിൽ പൊതുവേ കുറവാണ്. ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നവും കക്കൂസുകളുടെ അപര്യാപ്തതയെക്കുറിച്ചാണ്. പഞ്ചായത്തിൽ 65% കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസില്ലാത്ത അവസ്ഥയാണ്. ഇത് പഞ്ചായത്തിലെ പൊതുജനാരോഗ്യരംഗത്തെ ഭീഷിണി സൃഷ്ടിക്കുന്നു.

ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യത്തിന് പരിസര മലിനീകരണം സൃഷ്ടിക്കുന്ന ഭീഷണി ചെറുതായി കാണാനാവില്ല. പരിസര മലിനീകരണം സംബന്ധിച്ച് ജനങ്ങളുടെ പരാതികളുടെ കുറവുതന്നെ ഈ രംഗത്ത് ആരോഗ്യ വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ പരിസര ശുചീകരണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

1. പഞ്ചായത്തിലെ കക്കൂസുകൾഇല്ലാത്ത എല്ലാവീടുകളിലും കക്കൂസുകൾ ഉണ്ടാക്കുന്നതിന് ഉചിതമായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്നവർക്കും ഹരിജന – ഗിരിജനങ്ങൾക്കും ഇതിന് വേണ്ട സാമ്പത്തിക സഹായം വർദ്ധിപ്പിച്ച് ലഭ്യമാക്കണം. ആരോഗ്യ വിദ്യാഭ്യാസവും ഇതോടൊപ്പം നൽകണം

2. ഷെഡ്ഡുംകുന്ന്, ചന്തപ്പുര, ഹോസപിറ്റൽ ജംഗഷൻ, മംഗലാംകുന്ന്, എന്നീ സ്ഥലങ്ങൾ ഉൾപ്പെടെ പ്രധാന സ്ഥലങ്ങളിൽ എല്ലാ ബസ്വെയിറ്റിംഗ് ഷെഡിനോടനുബന്ധിച്ചോ മറ്റോ മൂത്രപ്പുരകളും : മണ്ണമ്പറ്റ ശ്രീകൃഷ്ണപുരം, മംഗലാംകുന്ന് ലക്ഷം വീട് കോളനി

കളുൾപ്പെടെ പൊതു എല്ലാ കോളനികളിലും കക്കൂസുകളും സ്ഥാപിക്കുകയും ഇവ വൃത്തിയായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

3. ഷെഡ്ഡുംകുന്ന്, ചന്തപ്പുര, ഹോസ്പിറ്റൽ ജംഗഷൻ, മംഗലാംകുന്ന്, പുഞ്ചപ്പാടം എന്നിവയുൾപ്പെടെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഡസ്റ്റിബിൻ (വീപ്പകൾ) സ്ഥാപിച്ച് മാലിന്യങ്ങൾ സമയാസമയങ്ങളിൽ ശരിയായി സംസ്ക്കരിക്കണം.

4. വർഷക്കാലത്തും വരൾച്ചാകാലത്തും വയറിളക്കമുൾപ്പെടെയുള്ള രോഗങ്ങൾ പടർന്ന് പിടിക്കാൻ എളുപ്പമാണ്. ആരോഗ്യ സേനകളെ ഉപയോഗപ്പെടുത്തി വീടുകളിലെ കിണറുകൾ ഉൾപ്പെടെ എല്ലാ കുടിവെള്ള സ്രോതസ്സുകളും ക്ലോറിനേറ്റ് ചെയ്ത് ശുദ്ധീകരിക്കുക.

5. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയ ശാലകൾ എന്നിവയിൽ ശുദ്ധമായ വിധത്തിൽ ഭക്ഷണ് പാകംചെയ്യുന്നതിനും സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സൗകര്യമുണ്ടന്നും ഉറപ്പ് വരുത്തണം. ഭക്ഷണം വിതരണം ചെയ്യുന്നവർക്ക് പകർച്ചവ്യാധികൾ ഇല്ലെന്ന് ഉറപ്പ് വരുത്താൻ വർഷത്തിലൊരിക്കലെങ്കിലും അവർ മെഡിക്കൽ പരിശോധനാ സർട്ടിഫിക്കേറ്റ് ഹാജരാക്കിയിരിക്കയും വേണം. ഹോട്ടലുകളിൽ നിന്നുംമറ്റുമുള്ള മാലിന്യങ്ങൾ ശരിയായ വിധത്തിൽ മറവുചെയ്യുന്നുവെന്ന് ഉറപ്പുവരുത്തണം. ഇവയിൽ വീഴ്ച വരുത്തുന്ന കടകളുടെ ലൈസൻസ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ശുപാർശ പ്രകാരം റദ്ദ്ചെയ്യേണ്ടതും ലൈസൻസ് ഇല്ലാത്ത ഭക്ഷ്യ വില്പനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

6. മാംസത്തിനായി ഉപയോഗിക്കുന്ന മൃഗങ്ങൾ പൂർണ്ണ ആരോഗ്യമുള്ളവയാണെന്ന് ഉറപ്പ് വരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സർട്ടിഫിക്കേറ്റ് വാങ്ങേണ്ടത് നിർബന്ധമാക്കേണ്ടതും ലൈസൻസുള്ള അറവുശാലകളിൽ നിന്നും വരുന്ന മാംസം മാത്രമേ വില്പനക്ക് വരുന്നുള്ളൂവെന്ന് ഉറപ്പ്വരുത്തേണ്ടതുമാണ്. മാംസ വില്പനശാലകൾക്ക് നിലവിലുള്ള സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. അവ ആരോഗ്യകരമായ രീതിയിൽ മെച്ചപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിൽ ഒരു അറവുശാലയും സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

7. എല്ലാ സ്ക്കൂളുകളിലും അംഗൻവാടികളിലും കക്കൂസുകളും, മൂത്രപ്പുരകളും ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8. മലമ്പനി വളരെക്കൂടുതൽ കണ്ടുവരുന്ന പഞ്ചായത്തുകളിലൊന്നാണ് ശ്രീകൃഷ്ണപുരം. ഡെങ്കിപനി തുടങ്ങിയ പല അസുഖങ്ങളും നമ്മുടെ രാജ്യത്ത് കാണാൻ തുടങ്ങിയിരിക്കുന്നു. ഈ അവസ്ഥയിൽ കൊതുക് നശീകരണത്തിന് സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

9. 2,3,4,6,8 വാർഡുകളിലെ ഗ്രാമസഭകൾ പൊതു ശ്മശാനത്തിന്റെ അഭാവം എടുത്ത് കാട്ടിയിട്ടുണ്ട്. ഉചിതമായ സ്ഥലങ്ങളിൽ പൊതു ശ്മശാനങ്ങളും സ്ഥാപിക്കേണ്ടതാണ്.

10. പ്രായോഗിക ക്ഷമത നഷ്ടപ്പെട്ടതും കാലഹരണപ്പെട്ടതുമായ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്, ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട് എന്നീ നിയമാവലികൾ കാലോചിതമായി പുതുക്കി നടപ്പിലാക്കേണ്ടതാണ്.

നമുക്ക് നിലവിലുള്ള എല്ലാ സംവിധാനങ്ങളേയും ഉപയോഗപ്പെടുത്തിക്കൊണ്ട് ജനകീയ പങ്കാളിത്തത്തോടെ ശ്രീകൃഷ്ണപുരത്തെ ഒരു പരിപൂർണ്ണ ശുചിത്വമാക്കി മാറ്റാമെന്ന് പ്രതിജ്ഞ എടുക്കാം.



# 10

# ഗതാഗതം

ഒരു പ്രദേശത്തിന്റെ അടിസ്ഥാനപരമായ വികസനത്തിൽപ്രധാന പങ്കുവഹിക്കുന്ന ഒന്നാണ് റോഡ് ഗതാഗതം. ശ്രീകൃഷ്ണപുരം പഞ്ചായത്ത് രൂപീകരണത്തിനു മുമ്പുതന്നെ ഇപ്പോൾ പി. ഡബ്ല്യു. ഡി. അധീനതയിലുള്ള പെരുമാങ്ങോട് – ഷെഡുംകുന്ന് റോഡും കാഞ്ഞിരംപാറ – ശ്രീകൃഷ്ണപുരം റോഡും ഇപ്പോഴും പഞ്ചായത്ത് അധീനതയിലുള്ള മണ്ണ മ്പറ്റ – കടമ്പഴിപ്പുറം റോഡും നിലവിലുണ്ടായിരുന്നു. ഇതിൽ പെരുമാങ്ങോട് – ഷെഡുംകുന്ന് റോഡിന് ഏകദേശം 70 കൊല്ലത്തോളം പഴക്കമുണ്ട്. കരിമ്പുഴപുഴക്ക് പാലം കെട്ടുന്നതുവരെ ഷെഡുംകുന്നത്തുള്ള പഴയ ബസസ്റ്റാന്റ് മുതലാണ് ഗതാഗതസൗകര്യമുണ്ടായിരുന്നത്. മണ്ണാർക്കാട് നിന്നുള്ള വാഹനങ്ങൾ കരിമ്പുഴവരെ മാത്രമെ വന്നിരുന്നുള്ളു. 1964ൽ കരിമ്പുഴക്ക് പാലം വന്നതോടു കൂടി മണ്ണാർക്കാട് – ഒറ്റപ്പാലം റോഡിൽ വാഹന ഗതാഗതം വർദ്ധിക്കുകയും ഇത് നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന് വഴിയൊരുക്കുകയും ചെ യ്തു.

19–12–1963 ന് അധികാരമേറ്റെടുത്ത ഈ പഞ്ചായത്തിന്റെ ആദ്യത്തെ ഭരണ സമിതി അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് മംഗലംകുന്ന് – പെരുമാങ്ങോട്, റോഡ് പണി ഉത്ഘാടനം ചെയ്തുകൊണ്ടാണ്. 1–1–1964 രാവിലെ 7.30 ന് മുഴുവൻഭരണസമിതിയംഗ ങ്ങളുടേയും നാട്ടുകാരുടേയും സാന്നിദ്ധ്യത്തിൽ പ്രസിഡണ്ട്, ഡോ. കെ. ആർ. നായർ ഈ റോഡ്പണി ഉത്ഘാടനം നിർവ്വഹിച്ചു. ഇതിന് ശേഷം കഴിഞ്ഞ 32 വർഷത്തിനിടയിൽ ചെറുതും വലുതുമായ 134 റോഡുകൾ വിവിധ ഭരണസമിതിയുടെ കാലയളവിൽ നിർമ്മിക്കുകയുണ്ടായി. വികസനം എന്നാൽ റോഡ് നിർമ്മാണം മാത്രമാണെന്ന് വികലധാരണയും റോഡ്നിർമ്മാണ ത്തിനുവേണ്ടി പൊതു ഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിക്കപ്പെടുന്ന പ്രവണതയും റോഡു ശൃംഖലയുടെ ഈ വ്യാപനത്തിന് ആക്കംകൂട്ടിയിട്ടുണ്ട് എന്ന് പറയാം.

പഞ്ചായത്തിൽ വാഹനഗതാഗതയോഗ്യമായ ആകെ റോഡ് 75 കി.മി. മാത്രമാണ്. ജനസാന്ദ്രതയും ഭൂവിസ്തൃതിയും അനുസരിച്ചുള്ള ഗതാഗത സൗകര്യം നമ്മുടെ പഞ്ചായ ത്തിനില്ല. ഒരു ച.കി.മി.ന് 2.5 കി. റോഡ്. ഇത് സംസ്ഥാന ശരാശരിയായ 3.2കി.മി.നെക്കാൾ താഴെയാണ്. പഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കനുസരിച്ച് 113 കി.മി. റോഡുണ്ട്. ഇതിൽ 26 കി.മി. റോഡ് വാഹന ഗതാഗതയോഗ്യമല്ല. പഞ്ചായത്തിൽ പി, ഡബ്ല്യു. ഡി വക 12 1/2 കി.മി.ഉം പഞ്ചായത്ത് വക 16.350 കി.മി. റോഡും ടാർചെയ്ത റോഡുണ്ട്. ഇതിൽനിന്ന് ച.കി.മി. ന് 0.97 കി.മി. ടാർറോടെയുള്ളു എന്ന് കാണാം. ജനസംഖ്യയും ടാർറോട്ടിന്റെ നീളവും കണക്കാക്കുമ്പോൾ ഒരാൾക്ക് 155 സെ.മി. റോഡ് മാത്രമേ ഉള്ളു. ഒരു ബസ്ടെർ മിനൽ ഉള്ളപഞ്ചായത്തിൽ 6.ഓട്ടോ – ജീപ്പ് സ്റ്റാൻഡുകളുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാ സൗകര്യങ്ങൾ എന്നിവ താഴെക്കൊടുക്കുന്ന.

## പട്ടിക 1
## പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം | വീതി | ബസ്/ മറ്റ് യാത്രാ സൗകര്യം |
|---|---|---|---|---|---|
| 1 | തിരുവാഴിയോട് – നിലവിളക്കുന്ന് | PWD | 2.5 | 8 | ഉണ്ട് |
| 2 | പുഞ്ചപ്പാടം – കടമ്പഴിപ്പുറം | " | 3.5 | 8 | ഉണ്ട് |
| 3 | പെരുമാങ്ങോട് – കരിമ്പുഴ | " | 4 | 8 | ഉണ്ട് |
| 4* | ശ്രീകൃഷ്ണപുരം – മണ്ണമ്പറ്റ | " | 3 | 8 | ഉണ്ട് |
| 5 | മണ്ണമ്പറ്റ – കടമ്പഴിപ്പുറം | പഞ്ചായത്ത് | 3.600 | 8 | ഉണ്ട് |
| 6 | ശ്രീകൃഷ്ണപുരം – മുറിയങ്കണ്ണി | " | 1 | 8 | ഉണ്ട് |
| 7 | ശ്രീകൃഷ്ണപുരം – വലമ്പിമംഗലം | " | 2.500 | 8 | ഉണ്ട് |
| 8 | ശ്രീകൃഷ്ണപുരം – പുഞ്ചപ്പാടം | " | 3.500 | 8 | ഉണ്ട് |
| 9 | കൂട്ടിലക്കടവ് – കുളക്കാട്ടുകുർശ്ശി | " | 5 | 8 | ഉണ്ട് |
| 10 | മംഗലംകുന്ന് – പെരുമാങ്ങോട് (ഈ റോഡ് ഇപ്പോൾ പണി നടന്നുവരുന്നു.) | " | 1.250 | 8 | ഉണ്ട് |

**പ്രശ്നങ്ങൾ**

റോഡ് സൗകര്യം സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും അവയുടെ സ്ഥിതി ശോചനീയമാണ്. വർഷകാലത്ത് എല്ലാ റോഡുകളിലും വെള്ളം കെട്ടി നിൽക്കുന്നു. ഓവുചാലുകളുടേയും കലുങ്കുകളുടേയും അഭാവമാണ് ഇതിന് കാരണം. ആവശ്യമായ ഫണ്ടില്ലായ്മ എല്ലാ വികസന പ്രവർത്തനങ്ങൾക്കും വിലങ്ങുതടിയാകുന്നു.

## റോഡ് നിർമ്മാണം.

**ടാർ റോഡുകളുടെ പ്രശ്നങ്ങൾ**

റോഡുകളുടെ ഗുണനിലവാരമില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. ഇതിന് പ്രധാനപ്പെട്ട ഒരു കാരണമായി ചൂണ്ടിക്കാട്ടുന്നത് അനുവദിച്ച മുഴുവൻ സംഖ്യയും യഥാർത്ഥത്തിൽ ഉപയോഗിക്കുന്നില്ല എന്നുള്ളതാണ്. പല ഫണ്ടുകളും അനുവദിച്ചുകിട്ടുന്നത് സാമ്പത്തിക വർഷാവസാനത്തോടടുത്താണ് എന്നതുകൊണ്ട് പണികൾ പലതും നടക്കുന്നത് വളരെ ധൃതിപിടിച്ചാണ്. ഇതും ഗുണനിലവാരക്കുറവിന് ഒരു കാരണമാണ്. റോഡുകളിലെ വളവുകളും തിരുവുകളും കയറ്റങ്ങളും അപകടങ്ങൾക്ക് വഴിയൊരുക്കുന്നു. ഇതിന് ഉദാഹര ണമായി ചൂണ്ടിക്കാണിക്കാനുള്ളത് മംഗലംകുന്ന് മുതൽ പുഞ്ചപ്പാടം വരെയുള്ള P.W.D റോഡ്

മുഴുവൻ വളവുകളും തിരുവുകളും കയറ്റങ്ങളും നിറഞ്ഞതാണ്. ഇതിലേറ്റവും അപകടകരമായത് പുഞ്ചപ്പാടം യു.പി.സ്ക്കൂളിന് കിഴക്കുവശത്തുള്ള ഇറക്കവും വളവുകളുമാണ്. അതുപോലെതന്നെ ശ്രീകൃഷ്ണപുരം – കടമ്പഴിപ്പുറം റോഡിലെ തോട്ടര സ്ക്കൂളിന് സമീപമുള്ള തിരിവും ചൂണ്ടിക്കാണിക്കാം. കൂടാതെ റോഡുകളുടെ ഇരുവശവമുള്ള ഓവുചാലുകളില്ലായ്മയും ഉള്ളവതന്നെ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താതും റോഡിന്റെ നിലനില്പിന് തന്നെ ഭീഷണിയാകുന്നു, മിക്ക റോഡുകളിലും ആവശ്യമായത്ര കലുങ്കുകളില്ല. റോഡുവശങ്ങളിലുള്ള മരങ്ങളും മഴക്കാലങ്ങളിൽ റോഡിന് ദോഷം ചെയ്യുന്നുണ്ട്. ശ്രീകൃഷ്ണപുരം – പുഞ്ചപ്പാടം റോഡിന്റെ അറ്റകുറ്റപ്പണി അടിയന്തിരമായി നടത്തേണ്ടതുണ്ട്.

## *മെറ്റൽറോഡുകളും മൺറോഡുകളും*

ഈ പഞ്ചായത്തിൽ ആകെ മൂന്നു മെറ്റൽറോഡുകളാണുള്ളത്. ഇവയിൽ ശ്രീകൃഷ്ണപുരം – വലമ്പിലിമംഗലം റോഡ്, കാലടിമന റോഡ് എന്നിവ ടാർചെയ്യുവാനുള്ള ഭരണാനുമതിആയിട്ടുണ്ട്. തലയിണക്കാട് റോഡ് ടാർചെയ്യണമെന്ന് അഞ്ചാം വാർഡ് ഗ്രാമസഭയിൽനിന്ന് ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

മൺറോഡുകൾ പൊതുവെ ഗതാഗതയോഗ്യമല്ല. കാലാകാലങ്ങളിൽ ഫണ്ടിന്റെ അപര്യാപ്തത മൂലം അറ്റകുറ്റപ്പണികൾ നടക്കാത്തതുകൊണ്ടാണിത്. മെറ്റൽ ചെയ്ത് ടാർചെയ്യേണ്ടതും പണി പൂർത്തിയാക്കി മെറ്റൽ ചെയ്ത് ടാർചെയ്യേണ്ടതും പുതുതായി നിർമ്മിക്കേണ്ടതുമായ റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു. ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളും വാർഡുമെമ്പർമാരുടെ നിർദ്ദേശങ്ങളുമടങ്ങിയതാണിത്.

### *മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ടവ*

| നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ദൂരം | |
|---|---|---|---|---|
| 1 | 1 | വലമ്പിലിമംഗലം – പൊന്നങ്കല്ല | 2.5 | കി.മി. |
| 2 | 2 | വലമ്പലിമംഗലം – കൊട്ടൈയിൻ – രാഗം | 2 | കി.മി. |
| 4 | | കാഞ്ഞിരംപാറ – ഈശ്വരമംഗലം | 2 | കി.മി. |
| 4 | 3 | മണ്ണമ്പറ്റ – ഷെഡുംകുന്ന് | 1.5 | കി.മി. |
| 5 | 4 | ബ്രഹ്മഞ്ചോല – കടമ്പഴിപ്പുറം | 7 | കി.മി. |
| 6 | 4 | തുമ്പക്കണ്ണി – പുഴക്കൽപടി | 2 | കി.മി. |
| 7 | 3 | പുഞ്ചപ്പാടം – തോട്ടര | 2 | കി.മി. |
| 8 | 9 | ചന്ദപ്പുര – മുക്കിരിക്കാട്കോളനി | 1.5 | കി.മി. |
| 9 | | മംഗലംകുന്ന് – ചേറുംകുടി | 2 | കി.മി. |
| 10 | 8 | രാഗംകോർണർ – മംഗലാംകുന്ന് | 1.5 | കി.മി. |
| 11 | 4 | കൂട്ടില്ലക്കടവ് – പുളിയക്കാട്ടുതെരുവ് | 750 | മീറ്റർ |
| 12. | 9 | ചന്തപ്പുര – മഠത്തിൽതൊടികോളനി | 1.5 | |

## പണിപൂർത്തിയാക്കി മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ടവ

| നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ദൂരം |
|---|---|---|---|
| 1 | 2 | ചന്തപ്പുര – മുന്നാ ഴിക്കുന്ന് | 1 കി.മി. |
| 2 | 6 | പുഞ്ചപ്പാടം – കാഞ്ഞിരംപാറ | 2 കി.മി. |
| 3 | 2 | ഷെഡുംകുന്ന് – നമ്പിയത്ത്റോഡ് | 1 കി.മി. |

### പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

| | | | | |
|---|---|---|---|---|
| | ചേലക്കാട് | – | തരത്തിപ്പാടം | |
| | കൂരിക്കാട് | – | പടിത്താക്കര | |
| | പള്ളിയാൽതൊടി | – | ചേരിക്കാട് | |
| | മുണ്ടോർശ്ശി | – | മുണ്ടോർശ്ശികുന്ന് | |
| | ഉറവുകുണ്ട് | – | ചന്തപ്പുര നാലുസെന്റ് | |
| | കോട്ടയിൻപടി | – | ഇലക്കുടിക്കടവ് | |
| | കോട്ടയിൻപടി | – | തരത്തിപ്പടി | |
| | പുളക്കൽകുന്ന് | – | മഠത്തിൽ | |
| | മടപ്പിലാവിൽ | – | ചങ്ങിലിരിപാടം | |
| | ഇളയേടത്ത്മന | – | ഓട്ടുപുറത്തുപടി | |
| | കുയിലോട്ടിൽപാടം | – | | |
| | വേട്ടക്കരൻകാവ് | – | കോട്ടെക്കാവ് | |
| | പൊണ്ണംങ്കല്ലിൽ | – | കോളണി | |
| | മലയിൽ | – | ചോലക്കുണ്ട് | |
| | വലംമ്പിലിമംഗലം | – | പുല്ലമ്പാറ | |
| 2 | മാത്തൂകുന്ന് | – | ഷെഡുംകുന്ന് റോഡ് | (300 മീ.) |
| | മുന്നാഴികുന്ന് | – | ഈശ്വരമംഗലം | (500 മീ.) |
| | ആട്ടുതലപുര | – | കരിമ്പുഴ പാലം | (500 മീ.) |
| | യൂ. പി. സ്ക്കൂൾ | – | ഷെഡുംകുന്ന് | (250 മീ.) |
| 3 | മണ്ണമ്പറ്റ സ്ക്കൂൾ | – | നടുവത്തൊടി | (750 മീ.) |
| | ചൂഴിയപറമ്പ് – രാമപുരം | – | മണ്ണമ്പറ്റ | (500 മീ.) |
| | തോട്ടരക്കുന്ന് | – | നീലിമംഗലം | (750 മീ.) |
| | ചിങ്ങത്തുപടി | – | പെരിയപാടം | (250 മീ.) |
| | മണ്ണമ്പറ്റ | – | പാറക്കടവ് | (500 മീ.) |
| | ചുങ്കത്തുപടി | – | വി.ടി.ബി. കോളേജ് | (750 മീ.) |
| | പുന്നാംപറമ്പ് | – | വെട്ടിക്കുഴി | (250 മീ.) |
| | പുന്നാംപറമ്പ് | – | പുളിക്കൽപറമ്പ് | (300 മീ.) |

| | | | | |
|---|---|---|---|---|
| | തോട്ടര റേഷൻഷാപ്പ് | – | പാർത്തല | (250 മീ.) |
| | പുഞ്ചപ്പാടം | – | പുളിക്കപറമ്പ് | (500 മീ.) |
| | നന്തിയത്ത്പടി | – | പുന്നാംപറമ്പ് | (750 മീ.) |
| 4. | നീലിമംഗലം | – | അണ്ണടമ്പ് | (1. കി.മി.) |
| | ചേറുങ്ങോട് | – | ഇടപുരം | (1. കി.മി.) |
| | തേക്കിൻകാട് കോളനി | – | പുഴക്കൽ പടി | (500 മീ.) |
| | മേക്കോട്ട്കോളനി റോഡ് | – | | (600 മീ.) |
| | കുളക്കാട്ടുകുർശ്ശി – മലപ്പുറം | – | പുലാപ്പറ്റതോട് | (500 മീ.) |
| | നീലിമംഗലം | – | അയ്യൻകോവിൽക്ഷേത്രം | (750 മീ.) |
| | പുളക്കപ്പള്ള്യാൽ | – | കൂത്തത്തുപടി | (750 മീ.) |
| | കൂത്തത്ത്പടി | – | കുന്നത്ത് തോട് റോഡ് | (500 മീ.) |
| | അണ്ണടമ്പ് | – | ചേറുങ്ങോട് | (750 മീ.) |
| | നീലിമംഗലം | – | അയ്യൻകോവിൽപാടം | (250 മീ.) |
| | പുളിയക്കാട്ടുതെരുവ് | – | മുണ്ടൻക്കൽപടി | (1.250 മീ.) |
| | ഉപ്പിലാപള്ളി ക്ഷേത്രം റോഡ് | | | (500 മീ) |
| | നരപിയംപാടം | – | തോട്ടര | (500 മീ) |
| | ചേറുങ്ങോമ്പ് | – | കുറ്റിച്ചിറ | (300 മീ.) |
| | പള്ളത്ത്കുണ്ട് | – | പുളിയക്കാട്ടുതെരുവ് | (500 മീ.) |
| 5. | തലയണക്കാട് | – | വെട്ടിക്കാട്ട്കുന്ന് | (1 കി.മി.) |
| | വാസുപുരക്ഷേത്രം | – | പുഞ്ചപ്പാടം സ്ക്കൂൾ | (1 കി.മീ) |
| | തലയണക്കാട് സ്ക്കൂൾ | – | പാറക്കോട്ടുപടി | (1 കി.മീ.) |
| | 2–ാംമൈൽ | – | മാങ്കുഴിപടി | (1 1/2 കിമി) |
| | ശങ്കുതൊടി | – | പെരുന്തൊടി | (2 കി.മി.) |
| 6. | പാട്ടത്തിൽപടി | – | മുത്തലാംകുന്ന് | (750 മീ) |
| | കിഴക്കേപ്പാട്ട് കുന്ന് | – | ആന്ത്രാട്ട്പറമ്പ് | (500മീ) |
| | കല്ലിതൊടി | – | ചെപ്പോട്ടുപാടം | (500മീ) |
| | ഇടപ്പള്ളി | – | തരുവാറപള്ള്യാൽ | (1 കി.മി.) |
| | പാർത്തല | – | മുണ്ടപ്പാറ | (750മീ) |
| | മുതിയാലംകുന്ന് | – | നേത്യാർവീട്പടി | (300മി.) |
| | കൂരിയാട്ടുതൊടി | – | മല്ലരിക്കാട് | (500 മീ.) |
| 7 | ഹൈസ്ക്കൂൾ ഗ്രൗണ്ട് | – | അണ്ണാലത്ത്പടി | (300മീ.) |
| | അമ്പാടി | – | കാനാട്ടുതൊടി | (500മീ.) |
| | നിലവിളിക്കന്ന് | – | രാഗം കോർണർ | (500മീ.) |
| | നീറേങ്കിൽ | – | കൊട്ടാറമ്പ് | (500 മീ.) |
| | ബ്ലോക്ക് ഓഫീസ് | – | ലക്ഷം വീട് | (750) |

| | | | | |
|---|---|---|---|---|
| 8 | ചോയപ്പുള്ളി അമ്പലം റോഡ് | – | | (400 മീ) |
| | ചാത്തംകുന്ന് | – | കുണ്ടമ്പാടം | (700 മീ) |
| | ചാത്തൻകുന്ന് | – | രാഗം കോർണർ (ആശാരിതറ) | (950 മീ) |
| | ചേറുങ്കുടി | – | കുന്നുംപുറം | (1 കി.മീ) |
| | വാളക്കോട്ടിൽ പാടം | – | | (300 മീ) |
| | മംഗലാംകുന്ന് | – | കല്ലൻചോല (പരിയാനംപറ്റ) | (950 മീ) |
| 9 | ഈശ്വരമംഗലം | – | വലമ്പിലി മംഗലം | (750 മീ) |
| | ചന്തപ്പുര | – | ചന്തക്കുന്ന് കോളനി | (100 മീ.) |
| | തച്ചങ്ങോട് | – | മുണ്ടക്കോട് | (250 മീ.) |
| | മുണ്ടക്കോട് | – | മുന്നാഴികുന്ന് | (250 മീ.) |
| | പാറ | – | രാഗം കോർണർ | (500 മീ.) |

നിലവിലുള്ള ചെറുതും വലുതുമായ റോഡുകൾക്കുപുറമെ പുതുതായി റോഡുകൾ നിർമ്മിക്കേണ്ടതിനുള്ള ഗ്രാമസഭകളുടേയും മെമ്പർമാരുടേയും നിദ്ദേശങ്ങളാണ്. റോഡുകൾ അടിസ്ഥാന സൗകര്യത്തിൽ പെട്ടതാണെങ്കിലും ഇത് പല പാരിസ്ഥിതിക പ്രശ്നങ്ങളും അറ്റകുറ്റ പണികളുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രശ്നങ്ങളും ഉണ്ടാക്കും.

റോഡുകളെ സംബന്ധിച്ചുള്ള വ്യക്തമായവിവരം ഇപ്പോൾ ലഭ്യമല്ല. പഞ്ചായത്തിലെ റെക്കാർഡുകൾ പ്രകാരം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് റിപ്പയർ ചെയ്ത ഇടവഴികളും 'റോഡ്' ആയാണ് പരിഗണിക്കുന്നത്. പഞ്ചായത്തിലെ പി. ഡബ്ല്യൂ. ഡി. റോഡ്, ടാർ ചെയ്ത പഞ്ചയത്ത് റോഡുകൾ, മൺറോഡുകൾ എന്നിവയുടെ വാർഡുതിരിച്ചുള്ള വിവരം ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം. റോഡ് റജിസ്റ്ററിൽ താഴെപറയുന്ന വിവരം ഉണ്ടായിരിക്കണം.

1. വാർഡ്
2. പേര് (തുടക്കം, ഒടുക്കം, ജംഗഷനുകൾ എന്നിവ വ്യക്തമാക്കണം)
3. ദൂരം
4. വീതി, ആവശ്യമായ വീതി.
5. ടാർചെയ്ത ദൂരം.
6. മെറ്റൽ ചെയ്തദൂരം.
7. മെറ്റൽ ചെയ്യേണ്ട ദൂരം
8. ഓവുചാൽ നിലവിലുള്ള ദൂരം
9. ഓവുചാൽ ആവശ്യമായ ദൂരം
10. പാർശ്വസംരക്ഷണ ഭിത്തി നിലവിലുള്ള ദൂരം
11. പാർശ്വസംരക്ഷണത്തിനാവശ്യമായ ദൂരം
12. നിലവിലുള്ള കലിങ്കിന്റെ എണ്ണം

13. ആവശ്യമായ കലിങ്കിന്റെ എണ്ണം

14. നിർമ്മാണം ആരംഭിച്ച വർഷം

15. തന്നാണ്ടിൽ ചെലവഴിച്ച തുക

16. ആകെ ചെലവഴിച്ച തുക.

ഈ പട്ടിക വർഷംതോറും പുതുക്കണം. ഇടവഴികൾ സംബന്ധിച്ച വിവരം പ്രത്യേക റജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്.

റോഡു വെട്ടുന്നതിനുവേണ്ടി മരങ്ങൾ മുറിച്ച് മാറ്റുന്നതിന്റെ ഫലമായുണ്ടാകുന്ന മണ്ണൊലിപ്പും മറ്റു പാരിസ്ഥിതിക പ്രശ്നങ്ങളും പരിഹരിക്കാൻ അപ്പോൾ തന്നെ പുതിയ മരങ്ങൾ നട്ടുപിടിപ്പിക്കണം. ഇതിനാവശ്യമായ തൈകൾ കൃഷിഭവൻ മുഖേന ലഭ്യമാക്കേണ്ടതാണ്. റോഡുകളും കലുങ്കുകളും ഓവു ചാലുകളും സംരക്ഷിക്കുന്നതിനും വനവൽക്കരണത്തിനും അയൽകൂട്ടങ്ങളെ ചുമതലപ്പെടുത്താവുന്നതാണ്. റോഡിനിരുവശത്തുമുള്ള 50 കുടുംബങ്ങളെ ഉൾപ്പെടുത്തി ഉള്ള സമിതിയെയാണ് അയൽ കൂട്ടങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇവർക്കാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും അതാതു സമയങ്ങളിൽ ഭരണസമിതി നൽകേണ്ടതാണ്.

*ഗതാഗതം*

നമ്മുടെ പഞ്ചായത്തിൽ ഉൾനാടുകളിലേക്ക് താരതമ്യേന ടാർ റോഡുകളുണ്ടെങ്കിലും ഇതിലൂടെ ഇപ്പോൾ ബസ് യാത്രാ സൗകര്യം ഇല്ല. മുമ്പ് വലമ്പിലിമംഗലം, കാട്ടുകുളം, കുളക്കാട്ടുകുറിശ്ശി, എന്നിവിടങ്ങളിലേക്കും ശ്രീകൃഷ്ണപുരം – പുഞ്ചപ്പാടം റോഡിലൂടെയും ധാരാളം ബസ് സർവ്വീസ് ഉണ്ടായിരുന്നെങ്കിലും പുതിയ കേന്ദ്ര ട്രാൻസ്പോർട്ട് നിയമം പ്രാബല്യത്തിൽ വന്നതോടെ ബസ്സുടമകൾ പുതിയ മേച്ചിൽ പുറങ്ങൾ തേടിപ്പോയി. ഇപ്പോൾ കുളക്കാട്ടുകുറുശ്ശിക്കുമാത്രമാണ് ഒരു കെ. എസ്. ആർ, ടി, സി, ബസ്സോടുന്നത്. ഇതുമൂലം ഇവിടങ്ങളിലെ സാധാരണക്കാർ യാത്രക്ക് ബുന്ധിമുട്ടുകയാണ്. ജീപ്പ്, ഓട്ടോ, എന്നിവ മാത്രമാണ് ആ ശയം. ഇത് സാധാരണക്കാരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ വർദ്ധിപ്പിക്കുകയാണ്. അതിനാൽ ഉൾനാടൻ പ്രദേശങ്ങളിലേക്ക് ബസ് യാത്രാ സൗകര്യമുണ്ടാക്കാൻ കഴിയുന്ന തരത്തിൽ ട്രാൻസ്പോർട്ട് നിയമത്തിൽ മാറ്റംവരുത്തണം.

ബസ് സർവ്വീസ് നടത്തുന്ന റോഡിലെ പ്രധാന സ്റ്റോപ്പുകളായ മണ്ണമ്പറ്റ റോഡ് ജംഗഷൻ, ചന്തപ്പുര, അമ്പാടി ജംഗഷൻ, സൊസൈറ്റിപ ടി എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡാവശ്യമാണ്. മേൽ പറഞ്ഞ സ്ഥലങ്ങളിലും ഇതിനുപുറമെ ഷെഡുംകുന്ന്, ആശുപത്രി ജംഗഷൻ, മംഗലംകുന്ന്, പുഞ്ചപ്പാടം, എന്നിവിടങ്ങളിലും മൂത്രപ്പുരകളും അത്യാവശ്യമാണ്. ഇക്കാര്യത്തിന് പഞ്ചായത്ത് ഫണ്ടിനുപുറമെ സന്നദ്ധസംഘടനകൾ, ധനകാര്യസ്ഥാപനങ്ങൾ, വ്യക്തികൾ, ബഹുജനസംഘടനകൾ എന്നിവിയുടെ സഹകരണവും സ്വീകരിക്കാവുന്നതാണ്.

ഇപ്പോൾ വാഹനങ്ങൾ പാർക്കുചെയ്യുന്നത് റോഡ് വക്കുകളിലാണ്. ഇതിനൊരു മാറ്റം വരുത്തി റോഡ് ഗതാഗതം സുഗമമാക്കുന്നതിന് പഞ്ചായത്തിലെ താഴെപറയുന്ന സ്ഥലങ്ങളിൽ ഓട്ടോ, ടാക്സി സ്റ്റാൻഡുകൾ ആവശ്യമാണ്.

1. ഷെഡിൻകുന്ന്

(2) ചന്തപ്പുര

(3) അമ്പാടി ജംഗഷൻ,

(4) ആശുപത്രി ജംഗഷൻ,

(5) മംഗലംകുന്ന്

(6) പുഞ്ചപ്പാടം

ഗ്രാമസഭകളിൽ നിന്നും മറ്റുമായി വന്നിട്ടുള്ള റോഡു നിർമ്മാണത്തിന്റെ പട്ടികവെച്ചു നോക്കുമ്പോൾ വൻതുക ഇതിനാവശ്യമാണ്. നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക നില ഇതിന് യോജിച്ചതല്ല. മാത്രമല്ല 9ാം പദ്ധതിയിൽ ലഭിക്കാനിരിക്കുന്ന ഫണ്ടിന്റെ നല്ലൊരു ഭാഗം പ്രത്യുത്പാദനമേഖലകളിലേക്ക് തിരച്ചുവിട്ടെങ്കിൽ മാത്രമേ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് നിലനിൽക്കാനാകൂ. അതിനാൽ റോഡ് നിർമ്മാണത്തിന് മാനുഷകാദ്ധ്വാനമടക്കമുള്ള വിഭവ സമാഹരണം പ്രാദേശികമായി നടത്തേണ്ടതുണ്ട്, എല്ലാ ഗ്രാമ സഭകളിലും ഇത്തരത്തിലുള്ള വാഗ്ദാനങ്ങൾ വന്നിട്ടുള്ളത് ശുഭോദർത്തർക്കമായ കാര്യമാണ്.

## *ഊർജ്ജം*

നമ്മുടെ പഞ്ചായത്തിൽ 1961 ജൂൺ 3ന് ചാറ്റൽ മഴയുടെ താളത്തിൽ നവീനതയുടെ തിളക്കവുമേന്തി 13 വീടുകളിൽ വൈദ്യുത ദീപത്തിന്റെ തിരിനാളം തെളിഞ്ഞു. ശ്രീകൃഷ്ണപുരം പൊതുജന വായനശാലയിൽ വെച്ചാണ് സ്വിച്ച് ഓൺ കർമ്മം നടന്നത്. നീണ്ട 33 വർഷം പിന്നിട്ടിട്ടും ഈ പഞ്ചായത്തിലെ 4672 വീടുകളിൽ 1672 വീടുകൾക്ക് മാത്രമാണ് കണക്ഷൻ ലഭിച്ചിട്ടുള്ളത്. ഇതിനുപുറമെ കാർഷികാവശ്യത്തിന് 212ഉം വ്യാപാരാവശ്യത്തിന് 283ഉം വ്യാവസായികാവശ്യ ത്തിന് 38ഉം കണക്ഷനുകളും ഉണ്ട്. പഞ്ചായത്തിലെ ഒരു വാർഡും പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടില്ല. ശ്രീകൃഷ്ണപുരം ഇലക്ട്രിസിറ്റി റൂറൽ സബ് സെക്ഷന്റെ കീഴിലാണ് നമ്മുടെ പഞ്ചായത്ത്.

*സ്ട്രീറ്റ് ലൈറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.*

| വാർഡ് | വിളക്കുകളുടെ എണ്ണം | | |
|---|---|---|---|
| | വേപ്പർ ലാംപ് | ഫ്ളൂറ്റ്യൂബ് | ബൾബ് |
| 1 | 2 | 0 | 20 |
| 2 | 1 | 0 | 22 |
| 3 | 2 | 0 | 28 |
| 4 | 1 | 0 | 25 |
| 5 | 1 | 0 | 19 |
| 6 | 1 | 0 | 0 |
| 7 | 4 | 0 | 50 |
| 8 | 1 | 0 | 27 |
| 9 | 1 | 0 | 26 |
| ആകെ | 14 | 0 | 217 |

സ്ട്രീറ്റ് ലൈറ്റുകൾക്കുവേണ്ടി പഞ്ചായത്തിൽ നിന്നും പ്രതി മാസം 3313.00 അടയ്ക്കുന്നുണ്ട്. വിവധസ്കീമുകളിൽ തൻവർഷം നൽകിയ വൈദ്യുത കണക്ഷനുകൾ.

| | | |
|---|---|---|
| സാധാരണ | – | 114 |
| ഒ., ടി. പി. | – | 3 |
| ഒ. വൈ. ഇ. സി, | – | 80 |
| ആകെ | – | 197 |

വിവിധ സ്കീമുകളിൽ കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ.

| | | |
|---|---|---|
| സാധാരണ | – | 326 |
| ഒ., ടി. പി. | – | 9 |
| ഒ. വൈ. ഇ. സി, | – | 22 |
| ആകെ | – | 357 |

പഞ്ചാത്തത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ. ടി. ട്രാൻസ്ഫോർമറുകൾ സ്ഥിതിചെയ്യുന്ന സ്ഥലം.

| | | | |
|---|---|---|---|
| 1. | പെരുമാങ്ങോട് | (2) | ശ്രീകൃഷ്ണപുരം |
| 3. | ചന്തപ്പുര | 4. | ഈശ്വരമംഗലം |
| 5. | മംഗലംകുന്ന് | 6. | ചാത്തൻ കുന്ന് |
| 7. | കോടർമണ്ണ | 8. | പുഞ്ചപ്പാടം |
| 9. | കോടർമണ്ണ ക്ഷേത്രം | 10. | ചോലകുന്ന് |
| 11. | വലമ്പിലി മംഗലം സ്ക്കൂൾ | 12. | വലംമ്പിലി മംഗലം |
| 13. | മണ്ണമ്പറ്റ 1 | 14 | മണ്ണമ്പറ്റ 2 |
| 15 | പാർത്തല | 16. | കുളക്കാട്ടുകുർശ്ശി |
| 17 | ചേറുങ്കോട് | 18 | പുളിയക്കാട്ടുതെരുവ് |

## *വൈദ്യുതേതര ഊർജ്ജസ്രോതസ്സുകൾ*

### *മണ്ണെണ്ണ*

ഈ പഞ്ചായത്തിൽ 3000 വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. ഇത്രയും വീടുകളിൽ വിളക്ക് കത്തിക്കുന്നതിന് ഉപയോഗിക്കുന്ന പ്രധാന ഇന്ധനം മണ്ണെണ്ണയാണ്. കൂടാതെ കാർഷിക ആവശ്യത്തിനും പാചക ആവശ്യത്തിനും മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്. റേഷൻഷാപ്പുകളിൽ നിന്നും ലഭ്യമായ കണക്കുകളനുസരിച്ച് മണ്ണെണ്ണയുടെ ഉപയോഗം വർഷന്തോറും വർധിച്ചുവരികയാണെന്നു കാണാം. 1994 ൽ 4382 റേഷൻകാർഡുകളിലും 314 പെർമിറ്റുകളിലുമായി 2,04,429 ലിറ്റർ മണ്ണെണ്ണയും 1995ൽ 4878 റേഷൻകാർഡുകളിലും 417 പെർമിറ്റുകളിലുമായി 2,13,517 ലിറ്റർ മണ്ണെണ്ണയും നമ്മുടെ

പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ സ്വകാര്യ ഏജൻസികളും മണ്ണെണ്ണ വില്പന നടത്തുന്നുണ്ടെന്നതിനാൽ യഥാർത്ഥ ഉപയോഗം ഇതിലും കൂടുതലാണ്. വിറകിന്റെ ലഭ്യതക്കുറവ് മണ്ണെണ്ണയുടെ ഉപയോഗം വർധിക്കുന്നതിന് ഇടയാക്കുന്നുണ്ട്.

### *പാചക ഗ്യാസ്*

പാചക ആവശ്യത്തിന് ഗ്യാസ് ഉപയോഗിക്കുന്ന പ്രവണത വർധിച്ചുവരുന്നുണ്ട്. .......... വീടുകളിലാണ് പാചക ആവശ്യത്തിന് ഗ്യാസ് ഉപയോഗിക്കുന്നത്. ഇടത്തരം - സമ്പന്ന കുടുംബങ്ങളിലാണ് ഇത് ഉപയോഗിക്കുന്നത്.

### *ഗോബർ ഗ്യാസ്*

വീടുകളിൽ പാചക ആവശ്യത്തിനും വിളക്ക് കത്തിക്കുന്നതിനും ഗോബർ ഗ്യാസ് അത്യാവശ്യം ചില വീടുകളിൽ ഉപയോഗിക്കുന്നുണ്ട്.

### *വിറക്*

പാചക ആവശ്യത്തിന് വിറകായിരുന്നു ഇന്ധനമായി പ്രധാനമായി ഉപയോഗിച്ചിരുന്നത്. വ്യാപകമായി മരം മുറിച്ചുമാറ്റി മറ്റു കൃഷികൾ നടത്തുന്നതുമൂലം വിറകിന്റെ ലഭ്യത ദൈനം ദിനം കുറഞ്ഞുവരുന്നു. ഇത് പലകുടുംബങ്ങളേയും വിറകിനുവേണ്ടി മില്ലുകളിലേക്കും വിറകുപേട്ടകളിലേക്കും നയിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഏകദേശം 350 ടൺ വിറക് ഒരു വർഷം പാചകാവശ്യത്തിന് വിലക്ക് വാങ്ങുന്നുണ്ട്.

### *കരി*

ഹോട്ടലുകളിൽ അടുത്തകാലം വരെ പാചകാവശ്യത്തിന് മരക്കരിയാണ് ഉപയോഗിച്ചിരുന്നത്. കരിയുടെ വിലക്കയറ്റവും ലഭ്യതക്കുറവും മൂലം ഇതിന്റെ ഉപയോഗം കുറഞ്ഞു വരികയാണ്. പകരം മണ്ണെണ്ണ വൈദ്യുതി എന്നിവയാണ് ഉപയോഗിക്കുന്നത്.

### *പ്രശ്നങ്ങൾ*

1. പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. വൈദ്യുതി പ്രസരണ നഷ്ടം.
3. വോൾട്ടേജ് കുറവ്.
4. സ്റ്റെപ് - അപ്പുകളുടെ വ്യാപകമായ ഉപയോഗം.
5. സ്ട്രീറ്റ് ലൈറ്റുകളുടെ അഭാവവും പരിപാലനക്കുറവും.
6. പ്രവർത്തന രഹിതമായ മീറ്ററുകൾ.
7. വൈദ്യുതിയുടെ ദുരുപയോഗം.
8. സ്ലാബ് സമ്പ്രദായത്തിലെ അശാസ്ത്രീയത.
9. കണക്ഷൻ ലഭിക്കാനുള്ള താമസം.
10. ചില അവസരങ്ങളിലെങ്കിലും ക്രോസ്ലൈനിങ്ങിന് വ്യക്തികളുടെ സമ്മത പത്രം ലഭി

ക്കാത്തതുമൂലം കൂടുതൽ സാധനസാമഗ്രഹികൾ കണക്ഷനുവേണ്ടി ഉപയോഗിക്കേണ്ടി വരുന്ന അവസ്ഥ.

11. ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റിയെക്കാൾ കൂടുതൽ കണക്ഷൻ നല്കുന്നു.

12. വൈദ്യുതബോർഡിലെ ജീവനക്കാരുടെ എണ്ണക്കുറവ്.

13. കോംപാക്റ്റ്, ഫ്ലൂറസന്റ് ലാംബ് പോലുള്ള ബൾബുകളുടെ പ്രചാരക്കുറവും വിലക്കൂടുതലും.

14. ദക്ഷതകൂടിയ സ്റ്റൗകളുടെ പ്രചാരക്കുറവ്.

15. ആവശ്യത്തിനനുസരിച്ചുള്ള മണ്ണെണ്ണയുടെ വിതരണക്കുറവ്.

16. മണ്ണെണ്ണയുടെ വിലക്കയറ്റം.

17. ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കൂവാനുള്ള സാമ്പത്തിക ശേഷിക്കുറവ്. ചാണകത്തിന്റെ ലഭ്യതക്കുറവ്.

18. വിറകിന്റെ ലഭ്യതക്കുറവ്.

19. പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരണക്കുറവ്.

20. മണ്ണാർക്കാട്ട്, ഒറ്റപ്പാലം ഏജൻസികളുടെ കീഴിൽ ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് ഉൾപെടാത്തതിനാൽ ഗ്യാസ് കണക്ഷൻ ലഭിക്കുന്നില്ല.

21. പാചക ഗ്യാസിന്റെ വിലക്കയറ്റം

22. നിലവിലുള്ള സാദ്യതകളുപയോഗിച്ച് പുതിയ ഊർജ്ജസ്രോതസ്സുകൾ കണ്ടെത്താൻ ശ്രമിക്കുന്നില്ല.

## *പരിഹാരങ്ങളും സാധ്യതകളും*

1. നമ്മുടെ പഞ്ചായത്തിലെ മുഴുവൻ വീടുകളിലേക്കും വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ ഏതാണ്ട് 20 കി.മീ. നീളം ലൈൻ വലിക്കേണ്ടതുണ്ട്, ഇതിന് 400 പോസ്റ്റുകളും 5,0000 മീറ്റർ കമ്പിയും ആവശ്യമാണ്. ഇതിന്റെ ചിലവിലേക്ക് മാനുഷികാധ്വാനവും സംഭാവനയും സ്വീകരിക്കാവുന്നതാണ്. കേരളത്തിന്റെ ഇന്നത്തെ വൈദ്യുതിയുടെ നില വെച്ചുനോക്കുമ്പോൾ ഈ ലക്ഷ്യം പെട്ടന്ന് പൂർത്തിയാക്കാൻ കഴിയുന്നതല്ല. അതേസമയം ധാരാളം സൂര്യപ്രകാശം ലഭിക്കുന്നതിനാൽ സൗരോർജ്ജവും വലിയ കുന്നുകളുള്ളതിനാൽ കാറ്റിൽ നിന്ന് വൈദ്യുതിയും ഉത്പാദിപ്പിക്കാവുന്നതാണ്. ഇതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്.

2. റീ ലൈനിംഗ് നടത്തിയും ലൈനിലേക്ക് വീണുകിടക്കുന്ന മരച്ചില്ലകൾ മാറ്റിയും വൈദ്യുതി പ്രസരണ നഷ്ടം ഒരു പരിധിവരെ ഒഴുവാക്കാവുന്നതാണ്. ഇതിന് സന്നദ്ധ സംഘടനകളുടേയും അയൽക്കൂട്ടങ്ങളുടേയും സേവനം ഉപയോഗിക്കാവുന്നതാണ്.

3. ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റിക്കനുസരിച്ച് കണക്ഷൻ നല്കിയും വൈകുന്നേരം 6.30 മുതൽ 9.30 വരെ ബൾബുകളൊഴുകെയുള്ള ഗാർഹികോപകരണങ്ങൾ ഉപയോ

ഗിക്കാതെയും സ്റ്റെപ്പ് അപ്പുകൾ കർശനമായി നിയന്ത്രിച്ചുകൊണ്ടും വോൾട്ടേജ് ക്ഷാമം ഒരു പിരിധിവരെയും പരിഹരിക്കാം.

4. ആവശ്യമുള്ള സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്. ബൾബുകൾ കുറഞ്ഞ വോൾട്ടേജിലും കൂടുതൽ പ്രകാശം ലഭ്യമാക്കുന്ന കോംപാക്റ്റ് ഫ്ലൂറസന്റ് ലാമ്പ് പോലുള്ളവയാക്കാവുന്നതാണ്. ഇത്തരം ധനകാര്യ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, വ്യക്തികൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവയെ ക്കൊണ്ട് സ്പോൺസർ ചെയ്യിപ്പിക്കാവുന്നതാണ്.
5. മീറ്ററുകൾ മാസത്തിലൊരിക്കലെങ്കിലും പരിശോധിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക. ഇതുമൂലം വൈദ്യുതി ബോർഡിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ചെറിയ തോതിൽ പരിഹരിക്കാം.
6. ആവശ്യം കഴിഞ്ഞാലുടനെ സ്വിച്ച് ഓഫ് ചെയ്തുകൊണ്ട് വൈദ്യുതിയുടെ ദുരുപയോഗം കുറയ്ക്കാം.
7. സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.
8. ഇലക്ട്രിസിറ്റി കേബിൾ സമ്പ്രദായം ഏർപ്പെടുത്തുക.
9. ഇലക്ട്രോണിക് ചോക്ക്, സി. എഫ്. എൽ. ബൾബ് എന്നിവ ഉല്പാദനം വർദ്ധിപ്പി ക്കുകയും വിലകുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
10. ദക്ഷത കൂടിയ നൂതൻ സ്റ്റൗ പോലുള്ള സ്റ്റൗവുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
11. തരിശു ഭൂമികളിലും പുറംപോക്കുകളിലും വീട്ടുവളപ്പുകളിലും വനവൽക്കരണം പ്രോ ത്സാഹിപ്പിക്കുക.
12. പാചക ഗ്യാസിന് ശ്രീകൃഷ്ണപുരത്ത് ഏജൻസി അനുവദിക്കുക.
13. 110 കെ.വി. സബ്സ്റ്റേഷൻ ശ്രീകൃഷ്ണപുരത്ത് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുക.
14. ഐ. ആർ. ഇ. പി. ഓഫീസ് ശ്രീകൃഷ്ണപുരത്ത് തുടങ്ങുക.
15. ഇലക്ട്രിസിറ്റി ഓഫീസ് മേജർ സെക്ഷൻ ഓഫിസാക്കുക,
16. വൈദ്യുതി ഓഫീസിലേക്ക് വാഹനം അനുവദിക്കുക.
17. ഉപഭോക്താക്കളും ജീവനക്കാരും ജനപ്രതിനിതികളും അടങ്ങുന്ന വാർഡുതല ഫോറ ങ്ങൾ രൂപീകരിക്കുക.

11

# പാർപ്പിടവും സാമൂഹ്യക്ഷേമവും



സാംസ്ക്കാരികമായി ഉയർന്ന പൈതൃകം അവകാശപ്പെടാൻ ആവുന്ന ഈ പഞ്ചായത്ത് സാക്ഷരതയിലും മുന്നിട്ടുനിൽക്കുന്ന ഒന്നാണ്. എങ്കിലും സാമ്പത്തികമായി ഇന്ന് അത്ര മുൻപന്തിയിലാണെന്ന് പറഞ്ഞുകൂടാ. ഇടത്തരക്കാരും തൊ ഴിലാളിക്കുടുംബങ്ങളുമാണ് ഇവിടെ കൂടുതലുള്ളത് എന്നതുതന്നെയാണ് കാരണം.

## പാർപ്പിടം

ശ്രീകൃഷ്ണപുരം 1, വില്ലേജും 2ന്റെ ഏതാനും ഭാഗങ്ങളും ചേർന്നതാണ് ഈ പഞ്ചായത്ത്. വികസനപ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിയിട്ടുണ്ടെന്ന് പറഞ്ഞുകൂടാ. പലർക്കും സ്വന്തമായി വീടില്ല. നിരവധി വീടുകൾ വേണ്ടത്ര ഉറപ്പില്ലാത്തതും ജീർണ്ണിച്ചതും ആണ്. അത്തരം വീടുകളിൽ അന്തിയുറങ്ങുന്നവർ ഭയാ ശങ്കകളോടെയാണ് ദിനങ്ങൾ പിന്നിടുന്നത്. ഈ അവസ്ഥയിൽ കൂടുതൽ ഭവനങ്ങൾ നിർമ്മിക്കേണ്ടതും ജീർണ്ണിച്ചവ കേടുപാടുകൾ തീർത്ത് സുരക്ഷിതമാക്കേണ്ടതും പഞ്ചായത്തിന്റെ സമഗ്രമായ പുരോഗതിക്ക് അത്യാവശ്യമാണ്.

പഞ്ചായത്തിലെ 4993 വീടുകളിൽ ഭൂരിഭാഗവും ഇടത്തരം വീടുകളാണ്. കോൺക്രീറ്റ് സൗദങ്ങൾ കുറവാണെന്ന് പറയാം. ശേഷിച്ചവ കുടിലുകളോ, ഓലമേഞ്ഞ പുരകളോആണ്. വീടുകളുടെ തരംതിരിവ് പട്ടിക രൂപത്തിൽ.

*വീടുകളുടെ തരംതിരിവ് പട്ടിക രൂപത്തിൽ*

| വാർഡ് | ഇരുനിലക്കെട്ടിടം | ഓട് | കോൺക്രീറ്റ് | ഓല | കുടിൽ |
|---|---|---|---|---|---|
| 1 | | | | | |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | | | | |
| 6 | | | | | |
| 7 | | | | | |
| 8 | | | | | |
| 9 | | | | | |

....... വർഷംമുതൽ പഞ്ചായത്തിലെ ......... വാർഡുകളിലായി വിവിധതരം വീടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഇടത്തരക്കാര് ടെറസ്സ് വീടുകളോടുള്ള ഭ്രമം കൂടി വരുന്നതായി കാണുന്നു. 4–5 ലക്ഷം രൂപ മുതൽ മുടക്കുവരുന്ന ഇത്തരം വീടുകൾ അവരെ വളരെ ഏറെ സാമ്പത്തിക പരാധീനതയുള്ളവരാക്കിത്തീർക്കുന്നതായും കാണുന്ന. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. വയലുകൾ നികത്തി വീടുകൾ പണിയുന്ന പ്രവണത പഞ്ചായത്തുകളിൽ തുടങ്ങിയിട്ടുണ്ട്. ഇത് കാർഷിക മേഖലക്ക് ആശങ്കയുളവാക്കുന്നതാണ്.

ഭവന നിർമ്മാണ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള സ്ഥാപനങ്ങൾ ഇവിടെയില്ലെന്നു തന്നെ പറയാം. ചുരുക്കം ചില സ്ഥാപനങ്ങളിൽ അതിനുള്ള സൗകര്യങ്ങൾ ചെയ്യുന്നണ്ടെങ്കിൽ ക്കൂടി സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും, അമിതമായ പലിശയുംകൊണ്ട് ഈ വായ്പ സാധാരണക്കാരന് വാങ്ങാൻ കഴിയാതെ വരുന്നു.

സർക്കാർ ഭവന നിർമ്മാണ ബോർഡുവഴിയും മറ്റു സ്ഥാപനങ്ങൾ വഴിയും വിതരണം ചെയ്യുന്ന സാമ്പത്തിക സഹായം ഈ പഞ്ചായത്തിലെ സാധാരണക്കാരന് വിഷമം കൂടാതെ ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതുണ്ട്. സ്വന്തമായി ഭൂമി കൈവശമുള്ളവർക്കെല്ലാം ജാതിമതഭേദം നോക്കാതെ സാമ്പത്തികമായ പിന്നോക്കാവസ്ഥമാത്രം കണക്കിലെടുത്ത് ഭവന നിർമ്മാണ സഹായം നൽകേണ്ടതാണ്.

നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ അനുവദിക്കുകയും പലിശനിരക്ക് 12% ആക്കി നിജപ്പെടുത്തുകയും പ്ലോട്ടടിസ്ഥാനത്തിൽ തവണ വ്യവസ്ഥയിൽ വീട് നിർമ്മിച്ച് നൽകുകയും ചെയ്താൽ ജനങ്ങൾക്ക് അത് കൂടുതൽ സൗകര്യപ്രദമായിരിക്കും.

ജനകീയാവശ്യങ്ങളിൽ ഏറെപ്രാധാന്യമുള്ളതാണ് പാർപ്പിട പ്രശ്നം എന്നതിനാൽ അതിന് അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്. സർക്കാരും ജനങ്ങളും ഒന്നുപോലെ ആത്മാർത്ഥമായി പ്രവർത്തിച്ചാൽ മാത്രമേ അർഹതപ്പെട്ട എല്ലാവർക്കും വീടുണ്ടാവു. സമസ്ത ജനവിഭാഗത്തെയും ഇത്തരം പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കേണ്ടതുണ്ട്. അതിനായി സന്നദ്ധ സംഘടനകളുണ്ടാവണം.

പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവരം പട്ടികയായി താഴെ ചേർക്കുന്നു.

| വാർഡ് | JRY | IAY | MWS |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | | | |
| 6 | | | |
| 7 | | | |
| 8 | | | |
| 9 | | | |
| ആകെ | | | |

വിവധ സ്കീമുകൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ 95-96 വരെ 136 എണ്ണമാണെന്ന് കണക്കുകൾ കാണിക്കുന്നു. ഭവനനിർമ്മാണ ബോർഡുവഴി ദുർബലവിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കൂലി നിരക്കിലെ വർദ്ധനയും സാധനസാമഗ്രികളുടെ അമിതമായ വിലക്കയറ്റവും മൂലം സാധാരണ ക്കാരന്റെ വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ കഴിയാതെ പോകുന്നു. 1970 – 75 കാല ഘട്ടത്തിൽ വിദഗ്ദ തൊഴിലാളിക്ക് 15 മുതൽ 20 വരെ രൂപ കൂലി ഉണ്ടായിരുന്നത് ഇന്ന് 125 രൂപയായി വർദ്ധിച്ചു. അവിദഗ്ദ തൊഴിലാളികളുടെ കൂലിയും വളരെയധികം വർദ്ധിച്ചിട്ടുണ്ട്. 70 കളിൽ നാലോ അഞ്ചോ രൂപ മാത്രമേ ഒരു അവിദഗ്ദ തൊഴിലാളിക്ക് കൂലി ഉണ്ടായി രുന്നുള്ളു. എന്നാൽ ഇന്നത് സുമാർ 80 രൂപയായി ഉയർന്നിട്ടുണ്ട്. സ്ത്രീ തൊഴിലാളികൾ വിദഗ്ദ തൊഴിലാളികളായി അറിയപ്പെടുന്നില്ല. പുരഷന്മാരേക്കാൾ സ്ത്രീകൾക്ക് കൂലി നിരക്ക് കുറവായിക്കാണുന്നു.

കെട്ടിടനിർമ്മാണ സാമഗ്രികളായ സിമന്റ്, കമ്പി, തുടങ്ങിയവയുടെ വിലയിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 87 – 88 കാലയളവിൽ സിമിന്റിന്റെ വില 70 രൂപയായിരുന്നത് 95 – 96 കാലമായപ്പോഴേക്കും 180 രൂപയായി വർദ്ധിച്ചു. കമ്പി, ഓട് തുടങ്ങിയവയുടെ വിലയിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഒരു ഘടകമാണ് മരം. കെട്ടിട നിർമ്മാണത്തിനാവശ്യമായി വരുന്ന മൊത്തം തുകയുടെ 30% എങ്കിലും മരത്തിനായി ചെലവഴിക്കേണ്ടിവരുന്നു.

ഇത്തരം ഒരു സാഹചര്യത്തിൽ വിവിധ വായ്പാ പദ്ധതികളിലൂടെ നൽകപ്പെടന്ന ഭവന വായ്പയുടെ പരിധി ഉയർത്തുകയും വായ്പക്കുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയും ചെയ്യേണ്ടതുണ്ട്. പ്രകൃതിക്ഷോപത്താലോ മറ്റുതരത്തിലോ വീടുകൾക്ക് ആകസ്മികമായാ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് അനുവധിച്ചിട്ടുള്ള സഹായ ധനതുക, വളരെ പരിമിതമാ കയാൽ അവ പുനർനിർണ്ണയിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ 42 കോളനികളിലും മറ്റുസ്ഥലങ്ങളിലുമായി 665 വീടുകളിൽ 3718 പട്ടിക ജാതിയിൽപ്പെ ട്ടവർ താമസിച്ചു വരുന്നതായി കണക്കുകൾ കാണിക്കുന്നു. ഇവരുടെ പാർപ്പിട സൗകര്യങ്ങൾ വളരെ ശോചനീയമാണ്.

എല്ലാ വിഭാഗങ്ങളിലും പെട്ടവരായി ധനസഹായത്തിന് അർഹരായ ധാരാളം ആളുകളിവി ടെയുണ്ട്. ഒരു വീട്ടിൽതന്നെ 2ഉം 3ഉം കുടുംബങ്ങൾ താമസിക്കുന്നതിനാൽ പല ആനുകൂ ല്യങ്ങളും ഇവർക്ക് ലഭ്യമാകുന്നില്ല. ഭവന രഹിതർക്ക് വീട് നിർമ്മിച്ച് നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകളെക്കുറിച്ചും സഹായങ്ങളെക്കുറിച്ചും പലർക്കും വേണ്ടത്ര അറിവില്ല. പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് ഓലപ്പുരകൾ കെട്ടിമേയുന്നതിന് സാമ്പത്തിക സഹായമുണ്ടെങ്കിലും അതെല്ലാവർക്കും ലഭിക്കുന്നില്ല.

വാർഡ് തലത്തിൽ ഒരു ബൃഹത്തായ പദ്ധതിക്കുമാത്രമേ ഇത് സാദ്ധ്യമാകൂ. ഇതിനു വേണ്ടി വാർഡുതലത്തിൽ ഗുണഭോക്താക്കളുടേയും സന്നദ്ധ സംഘടനകളുടേയും ഒരു സംയുക്ത സഭ വിളിച്ചുചേർത്ത് ഗുണഭോക്താക്കൾക്കു എന്തുതുക സമാഹരിക്കാനുകുമെന്ന് അറിയേണ്ടതുണ്ട്. സർക്കാർ ഫണ്ടിനുപുറമേ സാധനങ്ങളും അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.

ഈ പഞ്ചായത്തിലെ ചില പ്രദേശങ്ങൾ കോളനികൾ നിർമ്മിക്കുവാൻ പര്യാപ്തമായവ യാണെന്ന് നിർദ്ദേശങ്ങളുണ്ട്. ശ്രീകൃഷ്ണപുരം ആശുപത്രിക്ക് സമീപവും പാണക്കാട്ടുമനക്കു

സമീപവും നെടിയേടത്തു മനക്ക് സമീപവും ഇതിന് പറ്റിയ സ്ഥലങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

സ്വന്തമായി സ്ഥലങ്ങളില്ലാത്ത 40 ഓളം കുടുംബങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് 4 സെന്റ് സ്ഥലം വീതം നൽകുകയുണ്ടായി. എങ്കിലും സ്വന്തം സ്ഥലമില്ലാത്തവർ ഇനിയും ഇവിടെ ധാരാളമുള്ളതായിക്കാണുന്നു. ഇതിനു പരിഹാരം കാണാൻവേണ്ടി ഭൂമിയില്ലാത്തവരാരൊക്കെയെന്ന് കൃത്യമായി സർവ്വേ നടത്തി അവർക്കു ഭൂമി പതിച്ചു നൽകേണ്ടതുണ്ട്. നിലവിൽ താമസിച്ചുകൊണ്ടിരിക്കുന്നവർക്ക് ആ സ്ഥലത്തിന്റെ പട്ടയം അനുവദിക്കുകയും അങ്ങിനെയുള്ള സ്ഥലങ്ങൾ മറ്റുള്ളവർക്കു വിൽക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് അധികാരം നൽകേണ്ടതുമാണ്.

ഈ പഞ്ചായത്തിൽ 1977 ൽ പുനരധിവാസപദ്ധതിപ്രകാര് 100 വീടുകളനുവദിച്ചെങ്കിലും 70 എണ്ണംമാത്രമേ ഇവിടെ നിർമ്മിക്കപ്പെട്ടിട്ടുള്ളൂ. നിർമ്മിക്കപ്പെട്ട ഈ 70 വീടുകളുടെ സ്ഥിതി വളരെയധികം ശോചനീയമാണ്. വെള്ളം, വെളിച്ചം മറ്റ് പ്രാഥമിക സൗകര്യങ്ങളൊന്നും അവിടെയില്ല. ഇവയെല്ലാം പരിഹരിക്കപ്പെടേണ്ടതായുണ്ട്.

നിലവിലുള്ള പഞ്ചായത്ത് ആക്ട് പ്രകാരം കെട്ടിടങ്ങൾക്കു നമ്പ്ര് ഇടുന്നതിന് വ്യക്തി സ്വന്തം സ്ഥലത്തുനിന്ന് 3 മീ. വിട്ടുകെട്ടിയ കെട്ടിടത്തിനുമാത്രമേ നമ്പ്ര് ഇടുന്നതായിക്കാണുന്നുള്ളൂ. ഈ നിയമം പ്രധാനനിരത്തിനോട് ചേർത്ത് കെട്ടുന്ന കെട്ടിടങ്ങൾക്കുമാത്രമേ ബാധകമാക്കേണ്ടതുള്ളൂ. ഇടവഴികൾക്ക് ഈ നിയമം ബാധകമാക്കാതിരുന്നാൽ കൂടുതൽ വീടുകൾ നിർമ്മിക്കാൻ സാദ്ധ്യമാകും.

പാർപ്പിട രംഗത്തെ ഇത്തരം സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്തിൽ ഭവനനിർമ്മാണസംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലേക്ക് എത്തിക്കുന്ന ഏജൻസിയായി ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.
2. നിർമ്മാണച്ചെലവ് പരമാവധി 2 ലക്ഷം രൂപയായി പരിധി നിശ്ചിയിക്കുക. അതിനു മുകളിൽ ചെലവ് വരുന്ന കെട്ടിടങ്ങൾക്ക് ഉയർന്ന നികുതി ഏർപ്പെടുത്തിയും മറ്റും അത്തരം പ്രവണതകളെ നിരുത്സാഹപ്പെടുത്തുക.
3. സർക്കാർ ലഭ്യമാക്കുന്ന വായ്പകൾക്കുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുക. ഇത്തരം വായ്പാപദ്ധതികളെക്കുറിച്ച് അനഭിജ്ഞരായവർക്ക് വേണ്ടത്ര ബോധവൽക്കരണം നടത്തുക.
4. അപേക്ഷകൾ ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുക.
5. രജിസ്റ്ററാപ്പീസിലെ അമിതമായ ഫീസില്ലാതാക്കുക. കാലതാമസം ഇല്ലാതാക്കുക. പഞ്ചായത്തിൽ ഒരു സബ് രജിസ്റ്ററാപ്പീസ് തുടങ്ങുക. സ്റ്റേജ്സർട്ടിഫിക്കറ്റ് നൽകുവാനുള്ള അവകാശം ഗ്രാമ പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.
6. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.
7. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക. ഉയർന്ന ചെലവുള്ള വീടുകൾക്ക് കനത്ത നികുതി ഏർപ്പെടുത്തി അത്തരം സംരഭങ്ങളെ തടയുക.
8. വീടുകളുടെ അറ്റകുറ്റപണികൾക്കും പുതുക്കിപണിയുന്നതിനും വായ്പാ സൗകര്യമേർപ്പെടുത്തുക.

9. ഭവന വായ്പകളുടെ പലിശ നിരക്ക് 12 ശതമാനമായി നിജപ്പെടുത്തുക.
10. കോളനികൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി അവ പരമാവധി പ്രയോജനപ്പെടുത്തുക.
11. തൊഴിലാളികൾ കൂടുതൽ ഉള്ള സ്ഥലങ്ങളിൽ അവർക്ക് തൊഴിലവസരങ്ങൾ കാറവായതിനാൽ അതില്ലാത്ത സ്ഥലങ്ങളിൽ അവരെ യഥാസമയം എത്തിക്കാൻ വേണ്ട സംവിധാനമുണ്ടാക്കുക.
12. ഭവനരഹിതർ ആരെല്ലാമെന്ന് കൃത്യമായ സർവ്വേ നടത്തി ആവശ്യക്കാർക്കെല്ലാം ഭവനം നിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതിയുണ്ടാക്കുക.
13. വാതിലിനും ജനലിനും ആവശ്യമായ ഗുണമേന്മയുള്ള, സിമിന്റിൽ നിർമ്മിതമായ കട്ള, മുതലായവ സഹകരണസംഘം വഴി വിതരണം ചെയ്യുക.
14. ജാതി അടിസ്ഥാനത്തിലല്ലാതെ തയ്യാറുള്ളവർക്ക് കെട്ടിടനിർമ്മാണത്തിൽ സാങ്കേതിക പരിശീലനം കൊടുക്കുക.
15. സർക്കാർ നിർമ്മിച്ചു നല്കുന്ന വീട് സർക്കാരിന്റെ വീടാണ് എന്ന വിശ്വാസത്തിൽ, അതിന്റെ സംരക്ഷണത്തിൽ ചിലർ തീരെ ശ്രദ്ധവെയ്ക്കുന്നില്ല. മാത്രമല്ല അത് വില്ക്കാൻ ശ്രമിച്ചുവരുന്നതായും കാണുന്നു. ജനങ്ങളുടെ ഈ മനോഭാവം മാറ്റേണ്ടതാവശ്യമാണ്.
16. 4 സെന്റ് കോളനിയിൽ കുടികെട്ടിപാർക്കുന്ന വർക്ക്, പട്ടയം കിട്ടാത്തവർക്കെല്ലാം അത് നല്കുക. തുടർന്ന് കൈമാറ്റം ചെയ്യാൻ അനുവദിക്കാതിരിക്കുക,
17. IAY, ,MWS, JRY, RLEG.P എന്നിവ 15800ൽ നിന്ന് 30000 രൂപയാക്കി ഉയർത്തുക.
18. രാജീവ് ദശലക്ഷപാർപ്പിട പദ്ധതി 26400 രൂപയിൽനിന്ന് 50000 രൂപയാക്കി ഉയർത്തുക.
18. ഭൂരഹിതർക്കെല്ലാം 5 സെന്റ് ഭൂമി സൗജന്യമായി നല്കുക.

ഇത്തരം പ്രവർത്തനങ്ങളുടെ നടത്തിപ്പിന് പ്രാഥമികമായി വേണ്ടത് വീട് വെയ്ക്കുന്നതിനു പറ്റിയ സ്ഥലമാണ്. പഞ്ചായത്തിൽപ്പെട്ട പുറമ്പോക്കു ഭൂമികൾ ഇതിന് ഉപയോഗിക്കണം. ഭൂരഹിതർക്കെല്ലാം അയ്യഞ്ചുസെന്റിനുള്ള ധനസഹായം ചെയ്യുകയും വേണം. വീടിന്റെ നിർമ്മാണം നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെ ചുമതലപ്പെടുത്തിയാൽ ചെലവ് വളരെക്കുറയും. ഇതിനായി സന്നദ്ധ സംഘടനകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താം. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകേണ്ടതുമാണ്.

വീടുകൾ തൊട്ടുതൊട്ടുവരുന്നത് പല സാമൂഹിക പ്രശ്നങ്ങൾക്കും കാരണമായിത്തീരുന്നതുകൊണ്ട് ഫ്ലാറ്റ് സമ്പ്രദായവും പരീക്ഷിക്കപ്പെടാവുന്നതാണ്. എല്ലാരുടുംബങ്ങൾക്കും മിനിമം സൗകര്യങ്ങളോടുകൂടിയ പാർപ്പിടം ലഭ്യമാക്കുക എന്ന മഹത്തായ ഈ ലക്ഷ്യം നേടണമെങ്കിൽ ഈ പഞ്ചായത്തിലെ സമസ്ത ജനങ്ങളും ഐകമത്യത്തോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിനായി നമുക്ക് ഒരുമിക്കാം. ലക്ഷം വീടുകളിൽ ഒരു കെട്ടിടത്തിന്റെ രണ്ടു ഭാഗങ്ങളിലായി 2 കുടുംബം വീതം താമസിക്കുന്നുണ്ട്. ഈ സംവിധാനം മാറ്റി ഓരോ കുടുംബത്തിന് ഒരോ വീട് നിർമ്മിക്കേണ്ടതാണ്.

## സാമൂഹ്യക്ഷേമം

ഗ്രാമീണരെ സാമൂഹ്യസാമ്പത്തിക, സാംസ്കാരിക മണ്ഡലങ്ങളിൽ സ്വയംപര്യാപ്തമാക്കി തീർക്കുക എന്ന ലക്ഷ്യത്തോടെ ഗവൺമെണ്ട് പല പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായി ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും, സംഘടിത, അസംഘടിത തൊഴിലാളികളുടെ ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

കേന്ദ്ര സംസ്ഥാന ഗവൺമെണ്ടുകൾ ചുമതല വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളി തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധിബോർഡുകൾ നടപ്പാക്കുന്ന പദ്ധതിയും, പട്ടികജാതി, പട്ടിക വർഗ്ഗ വികസനത്തിനും ഉന്നമനത്തിനും വേണ്ടിയിള്ള പട്ടികജാതി വികസനകോർപ്പറേഷനുകളും ഇതിലുൾപ്പെടുന്നു. പുറമേ വനിതകളുടെ പുരോഗതിക്കായി ഒരു വനിതാ വികസനകോർപ്പറേഷനും ഉണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര്യനിർമാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് കുറഞ്ഞതോതിലെങ്കിലും ലഭ്യമാക്കുന്നത്. മറ്റുള്ളവ നാമമാത്രമാണ്.

ഇത്തരം പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കുള്ള അറിവില്ലായ്മയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയും മൂലമാണ് ജനങ്ങൾക്ക് ഇവ വേണ്ടപോലെ ഉപയോഗപ്പെടുത്താൻ കഴിയാതെ വരുന്നത് എല്ലാ വിഭാഗത്തിൽപ്പെട്ടതൊഴിലാളികളെയും ക്ഷേമനിധിയിൽ നിന്ന് അംഗങ്ങളാക്കുകയും അവർക്ക് അവയെക്കുറിച്ച് വേണ്ടത്ര ബോധവൽക്കരണം നടത്തുകുമാണ് ഇതിനുള്ള പ്രതിവിധി.

പൊതു പ്രവർത്തർകർക്കും ഇത്തരം പദ്ധതികളെക്കുറിച്ച് വിശ ദമായ പഠനം ആവശ്യമാണ്. എങ്കിൽ മാത്രമേ അവരുടെ പ്രവർത്തനം പൊതുജനങ്ങൾക്കു കൂടുതൽ പ്രയോജനകരമാവു. പൊതു പ്രവർത്തനങ്ങളിൽ സ്ത്രീകൾ മുന്നോട്ടുവന്നാലെ വനിതാ വികസനം ക്ഷിപ്രസാദ്ധ്യമാവുകയുള്ളൂ. പൊതുപ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന പലസ്ത്രീകൾക്കും വനിതാ വികസന കോർപ്പറേഷനെക്കുറിച്ച് അറിവില്ലാ എന്നതാണ് സത്യം.

പഞ്ചായത്തിൽ നിന്നും ലഭ്യമായ IRDP ലിസ്റ്റ് പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരിടെ വിവരം താഴെച്ചേർക്കുന്നു.

| വാർഡ് | സർവ്വെപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ ST.കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സബായം ലഭിച്ചവർ | ഇതിൽ SC / ST. | സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയവർ | ദാരിദ്ര്യ രേഖക്ക് താഴെഉള്ള ആകെ കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 264 | 45 | 14 | 4 | 14 | 250 |
| 2 | 168 | 40 | 16 | 6 | 16 | 152 |
| 3 | 302 | 77 | 23 | 11 | 23 | 279 |
| 4 | 229 | 57 | 26 | 13 | 26 | 203 |
| 5 | 256 | 130 | 30 | 12 | 30 | 226 |
| 6 | 235 | 40 | 13 | 6 | 13 | 195 |
| 7 | 206 | 45' | 19 | 9 | 19 | 187 |
| 8 | 267 | 49 | 5 | 3 | 5 | 262 |
| 9 | 166 | 62 | 9 | 7 | 9 | 104 |
| ആകെ | 2093 | 545 | 155 | 71 | 155 | 1858 |

I.R.D.P. സർവ്വെപ്രകാരം പഞ്ചായത്തിൽ 2093 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെ യായിരുന്നു. ഇവരിൽ 155 പേർക്ക് സാമ്പത്തികസഹായം ലഭിച്ചു. അവരെല്ലാവരും ഇന്ന് ദാരിദ്ര്യരേഖക്കുമുകളിലെത്തി എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഈ വസ്തുത ശരിയാണോ എന്ന് പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു. വർഷം തോറും സർവ്വേച്ചെയ്തു അർഹരായ എല്ലാവർക്കും സബ്സിഡിയും വായ്പയും നൽകേണ്ടതാണ്.

ദാരിദ്ര്യരേഖയുടെ പരിധി 2500 രൂപാ വരെ ഉയർത്തുകയും പദ്ധതിയെക്കുറിച്ച് നിലവിലുള്ള നിർവചനം മാറ്റിത്തീർക്കുകയും ചെയ്താൽ മാത്രമേ ഇത് സാധാരണ ജനങ്ങൾക്ക് പ്രയോജന പ്രദമായിത്തീരുകയുള്ളു.

സഹകരണമേഖലക്ക് പരമാവധി ഫണ്ട് അനുവദിക്കുകയും സാധാരണ ബാങ്കുകൾ വഴി ഗുണഭോക്താക്കളെ സഹായിക്കാൻ വഴിയൊരുക്കുകയും വേണം. മാത്രമല്ല ദേശാൽകൃത ബാങ്കുകളെക്കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ വഴിയൊരുക്കുകയും വേണം. ദേശാൽകൃത ബാങ്കുകളെക്കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടി യെടുക്കുകയും വേണം.

## DWCRA സഹായ ലഭ്യത

സ്ത്രീകളുടെയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി 10 അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണ് DWCRA.

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനത്തെ സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | ജ്യോതി പ്രോഡക്ട്സ് (Food Products & Readymade) | 88–89 | 15 പേർ | ഭാഗികമായി പ്രവർത്തിക്കുന്നു |
| II | പ്രിയദർശിനി റെഡിമേയ്ഡ് | 87–88 | 8 പേർ | ഭാഗികമായി പ്രവർത്തിക്കുന്നു |
| III | ചൈതന്യ മാറ്റ് വീവിങ്ങ് | 88–89 | 15 പേർ | ഭാഗികമായി പ്രവർത്തിക്കുന്നു |
| IV | റൈസ് പ്രോസസിംഗ് കുളക്കാട്ടുകുറുശ്ശി | 88–89 | 15 പേർ | ഭാഗികമായി പ്രവർത്തിക്കുന്നു |
| V | ഡയറി യൂണിറ്റ് | 94–95 | 10 പേർ | നന്നായി പ്രവർത്തിക്കുന്നു |
| VI | ഐശ്വര്യ സോപ്പ് യൂണിറ്റ് | 88–89 | 10 പേർ | ഭാഗികമായി പ്രവർത്തിക്കുന്നു |
| VII | ബെഡ് മേക്കിങ്ങ്, വാർത്തല | 88–89 | 16 പേർ | ഭാഗികമായി പ്രവർത്തിക്കുന്നു |
| VIII | തൃപ്തിക്കറിപൗഡർ | 88–89 | 14 പേർ | ഭാഗികമായി പ്രവർത്തിക്കുന്നു |
| | 8 ഇനം | | 95 പേർ | |

വിവിധ വാർഡുകളിലായി 93 പേർക്ക് തൊഴിൽ ലഭ്യമാകുന്നതിന് ആരംഭിച്ച 8 DWCRA ആരംഭിച്ചുവെങ്കിലും ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

താല്പര്യമുള്ളവരെ കണ്ടെത്തി ഓരോരു പ്രദേശത്തിനും അനുയോജ്യമായ യുണിറ്റുകൾ ആരംഭിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. യൂണിറ്റുകളുടെ പ്രവർത്തനം വിവയിരുത്താനും ആവശ്യമായ സഹായം നൽകാനും അതാതു പ്രദേശത്തെ സന്നദ്ധസംഘടനാപ്രവർത്തകരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണം. അയൽക്കൂട്ട കമ്മിറ്റികളേയും ഇതിന് ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിലൂടെയുള്ള ഉല്പന്നങ്ങൾ സർക്കാർ ഏജൻസികൾ മുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

## ട്രൈസം.

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം പദ്ധതി.

| വാർഡ് | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം | ഇതര കൈതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|---|
| I | Nil | | | |
| II | Nil | | | |
| III | Plastic Can Work | 1 | 0 | 1 |
| | Printing Composing | 2 | 0 | 2 |
| | Book Binding | 1 | 0 | 1 |
| | Repair of Electronic Equipment | 1 | 0 | 1 |
| IV | Book Binding | 1 | 0 | 1 |
| | Repair of Electronic Equipment | 1 | 0 | 1 |
| | Dairy | 4 | 4 | 0 |
| V | Soap Making | 2 | 0 | 2 |
| | Rubber Tapping | 1 | 0 | 1 |
| | Khadi Weaving | 3 | 0 | 3 |
| | Radio Repairing | 1 | 0 | 1 |
| | Book Binding | 2 | 0 | 2 |
| | Type Writing | 1 | 0 | 1 |
| VI | Nil | | | |
| | | | | |

| വാർഡ് | പരിശീലന വിഷയത്തിന്റെ പേർ | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം | ഇതര കൈതൊഴി ലുകളിൽ ഏർപ്പെട്ടി രിക്കുന്നവർ |
|---|---|---|---|---|
| VII | Book Binding | 2 | 0 | 2 |
| | Composing | 2 | 0 | 2 |
| | Electrician | 1 | 0 | 1 |
| | Type Writing | 2 | 0 | 2 |
| VIII | Computer O Level | 1 | 0 | 1 |
| IX | Repair of Electronic Equipment | 2 | 0 | 2 |
| | Composing | 1 | 0 | 1 |
| | TOTAL | 32 | 4 | 28 |
| | | | | |

നാളിതുവരെ 6 വാർഡുകളിലായി 32 പേർ പരിശീലനം നേടി. എന്നാൽ 4 പേർക്കു മാത്രമേ പരിശീലനം നേടിയ തൊഴിലിൽ കൂടി ഉപജീവനമാർഗ്ഗം കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളു. 1,2,6, എന്നീ വർഡുകളിൽ ആർക്കും പരിശീലനം നേടാൻ കഴിഞ്ഞിട്ടില്ല. പരിശീലനം നേടിയ 28 പേർ മറ്റു കൈതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നതായും കാണുന്നു.

ഓരോ വർഡിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകാനും പരിശീലനം ലഭിച്ചവർക്ക് വായ്പകൾ ലഭ്യമാക്കി തൊഴിൽ സംരംഭം തുങ്ങാനും സൗകര്യങ്ങളുണ്ടാകണം. പരിശീലനം ലഭിച്ചവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും അവരുടെ സ്റ്റൈപെ ന്റ് തുക കൂട്ടുകയും വേണം. ഈ പദ്ധതിക്ക് കൂടുതൽ ഗുണഭോക്താക്കളെ കിട്ടണമെങ്കിൽ ജനങ്ങൾക്ക് ഇത്തരം കാര്യങ്ങളെ പറ്റിയുള്ള ബോധവൽക്കരണം ആവശ്യമാണ്. യുവജന സംഘടനകൾ ഇതിനായി മുന്നോട്ടുവരേണ്ടതുണ്ട്.

### *ടൂൾകിറ്റ്.*

ഗ്രാമീണകൈതൊഴിലുകാർക്ക് നവീനതൊഴിലുപകരണങ്ങൾ നൽകുന്ന പദ്ധതിയാണ് ടൂൾകിറ്റ്.

| വാർഡ് | I.R.D.P. സർവ്വേ പ്രകാരം ഗ്രാമീണ കൈതൊഴ ിലുകളുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| I | 17 | 4 | 13 |
| II | 29 | 8 | 21 |
| III | 34 | 3 | 31 |
| IV | 29 | 2 | 27 |
| V | 45 | 5 | 40 |
| VI | 21 | 1 | 20 |
| VII | 23 | 6 | 17 |
| VIII | 44 | 3 | 45 |
| IX | 29 | 8 | 21 |
| | ആകെ | 40 | 235 |

പദ്ധതിയനുസരിച്ച് 9 വാർഡുകളിലായി 40 പേർക്ക് സഹായം ലഭിച്ചട്ടുണ്ട്. അർഹതയുള്ളവരായി ഇനിയും 235 പേർ ബാക്കിയാണ്. ഈ പദ്ധതിയെക്കുറിച്ച് ഈ പഞ്ചായത്തിലുള്ള പലരും അജ്ഞരാണ് എന്നതാണ് ഇതിന് കാരണം. 6ാം വാർഡിൽ ഒരാൾക്കും 4ാം വാർഡിൽ 2 ആൾക്കും മാത്രമേ ഈ പദ്ധതി പ്രയോജനം ചെയ്തുള്ളു. പൊതു പ്രവർത്തകർ ഇക്കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## *CRSP*

ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ സഹായം നൽകുന്ന പദ്ധതിയാണ് CRSP.

| വാർഡ് | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകൾ | ഇതുവരെ അനുവദിച്ച കക്കൂസുകൾ | പൂർത്തീകരിച്ചത് | ഇനി വേണ്ടത് |
|---|---|---|---|---|
| I | 164 | 3 | 3 | 161 |
| II | 113 | 5 | 5 | 108 |
| III | 152 | 7 | 7 | 145 |
| IV | 163 | 7 | 6 | 156 |
| V | 168 | 6 | 5 | 162 |

| വാർഡ് | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകൾ | ഇതുവരെ അനുവദിച്ച കക്കൂസുകൾ | പൂർത്തീകരിച്ചത് | ഇനി വേണ്ടത് |
|---|---|---|---|---|
| VI | 157 | 6 | 6 | 151 |
| VII | 144 | 5 | 5 | 139 |
| VII | 138 | 2 | 1 | 136 |
| IX | 126 | 2 | 1 | 124 |
| | 1325 | 43 | 39 | 1282. |

CRSP പദ്ധതിയനുസരിച്ച് പഞ്ചായത്തിൽ ഇതുവരെ അനുവധിച്ച 43 കക്കൂസുകളിൽ 39 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 4 എണ്ണം ഇനിയും പണി പൂർത്തിയായിട്ടില്ല. 1282 വീടുകളിൽ ഇനിയും കക്കൂസുകളില്ല. വളരെ ചുരുങ്ങിയ തോതിൽ മാത്രമേ ഈ പദ്ധതിയുടെ ഗുണം ജനങ്ങളിൽ ലഭിക്കുകയുള്ളു എന്ന് ഈ കണക്കിൽ നിന്ന് ബോദ്യമാകുന്നു, കൂടുതൽ ആളുകൾക്ക് കക്കൂസുകൾ പണിയാനുള്ള ധനസഹായം അനുവധിക്കുകയും സംഖ്യ വർദ്ധിപ്പിക്കുകയും വേണം.

## *വില്ലേജാപ്പീസുകൾവഴിയുള്ള ക്ഷേമ പദ്ധതികൾ.*

സാമൂഹ്യ ക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് കാര്യമായി പെൻഷനുകൾ മാത്രമാണ് ലഭ്യമാക്കുന്നത്. അർഹരായ മുഴുവൻ ആളുകൾക്കും ഇത് ലഭിക്കുന്നില്ല. അനർഹരായ പലരും ഇത്തരം ആനുകൂല്യങ്ങൾ കൈപറ്റുന്നതായും അറിയുന്നു.

ഭർത്താവ് മരിച്ചിട്ടും പ്രായപൂർത്തിയായ ആൺകുട്ടികളുള്ളവർക്ക് വിധവാ പെൻഷൻ ലഭിക്കുന്നില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടിയുണ്ടാക്കണം.

കർഷകതൊഴിലാളി പെൻഷൻ അർഹരായ പലർക്കും ലഭിക്കുന്നില്ല. അനർഹരായ പലർക്കും ലഭിക്കുന്നമുണ്ട്. അതിനാൽ അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്. തൊഴിലില്ലായ്മ വേതനവും അനർഹരായ അനേകമാളുകൾ കൈപറ്റുന്നതായി പരാതികളുണ്ട്.

ശ്രീകൃഷ്ണപുരം 1,2 വില്ലേജുകളിൽ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവരുടെ വിവരം താഴെ ചേർത്തിരിക്കുന്നു.

## *പെൻഷൻ ഗുണഭോക്താക്കളുടെ വിവരം.*

| വില്ലേജ് | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | അവശ കലാകാര സാഹിത്യകാര പെൻഷൻ | അവശ കായികതാര പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | കാൻസർ രോഗി പെൻഷൻ | കർഷകതൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | | | | | | | | | | | |
| | | | | | വില്ലേജ് 1 | | | | | | |
| | 116 | 136 | 61 | | | | 1 | 1 | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | വില്ലേജ് 2 | | | | | | |
| | | | | | | | | | | | |
| | | 2 | 4 | 5 | | | 2 | | 2 | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

### *അംഗൻവാടികൾ*

സാമൂഹ്യരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 9 വാർഡുകളിലായി 16 എണ്ണമുണ്ട്. പഞ്ചായത്തുവക ഒരു ബാലവാടിയുമുണ്ട് 1000 ജനങ്ങൾക്ക്. ഒരു അംഗൻവാടിയെന്നതാണ് ICDS ന്റെ ലക്ഷ്യമെങ്കിലും ഈ ലക്ഷ്യം നമ്മടെ പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

പുത്തൻ വിദ്യാഭ്യാസസംസ്ക്കാരത്തിന്റെ കടന്നു കയറ്റം പഞ്ചായത്തിലെ ചില വാർഡുകളിൽ പ്രകടമാണ്. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. പ്രവർത്തനത്തെ

ഇത് ദോഷകരമായി ബാധിക്കുന്നു. കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്താത്തതും കളിപ്പാട്ടങ്ങൾ ഇല്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടതുണ്ട്.

## അംഗൻ വാടികളുടെ വിവരം

| ക്രമ നമ്പർ | വാർഡ് | എണ്ണം | അംഗൻവാടി നമ്പർ | കുട്ടികളുടെ എണ്ണം | കെട്ടിട ഉള്ളത് | കെട്ടിട ഇല്ലാത്തത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത്. | കളിപ്പാട്ടം ഉള്ളത് | കളിപ്പാട്ടം ഇല്ലാത്തത് | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത്. |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 | 2 | 44 | | ഉണ്ട് | – | ഉണ്ട് | – | – | ഇല്ല | – |
| 2 | | 1 | 108 | | ഉണ്ട് | – | ഉണ്ട് | – | – | ഇല്ല | – |
| 3 | 2 | 1 | 53 | 10 | ഉണ്ട് | – | ഉണ്ട് | – | – | ഇല്ല | – |
| 4 | 3 | 2 | 46 | | ഉണ്ട് | – | ഉണ്ട് | – | – | ഇല്ല | – |
| 5 | | | 110 | | ഉണ്ട് | – | ഉണ്ട് | – | – | ഇല്ല | – |
| 6 | 4 | 2 | 48 | | ഉണ്ട് | – | ഉണ്ട് | – | – | ഇല്ല | – |
| 7 | | | 125 | | | ഇല്ല | – | ഇല്ല | – | ഇല്ല | – |
| 8 | 5 | 2 | 51 | | ഉണ്ട് | – | ഉണ്ട് | – | – | ഇല്ല | –– |
| 9 | | | 111 | | ഉണ്ട് | – | ഉണ്ട് | – | – | ഇല്ല | – |
| 10 | 6 | 2 | 45 | | ഉണ്ട് | – | ഉണ്ട് | – | – | ഇല്ല | – |
| 11 | | | 50 | | ഉണ്ട് | – | ഉണ്ട് | – | – | ഇല്ല | – |
| 12 | 7 | 2 | 52 | | ഉണ്ട് | – | ഉണ്ട് | | | ഇല്ല | – |
| 13 | | | 109 | | ഉണ്ട് | – | ഉണ്ട് | – | – | ഇല്ല | – |
| 14 | 8 | 1 | 47 | | ഉണ്ട് | – | ഉണ്ട് | – | – | ഇല്ല | – |
| 15 | 9 | 2 | 43 | | ഉണ്ട് | – | ഉണ്ട് | – | – | ഇല്ല | – |
| 16 | | | 126 | | | ഇല്ല | – | ഇല്ല | – | ഇല്ല | – |
| 17 | | | | | | | | | | | |

## നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെക്കൊണ്ടോ / JRY ഫണ്ടോ ഉപയോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുകയും ഉള്ളവയിൽ അറ്റകുറ്റപണി നടത്തുകയും ചെയ്യുക.

2. പഞ്ചായത്തിലെ പുറംപോക്ക് ഭൂമിയും മറ്റും അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ നൽകുക.

3. ൪൦ം വാർഡിൽ രാഗം കോർണർ ഭാഗത്ത് ഓരു അംഗൻവാടി സ്ഥാപിക്കുക.

4. അംഗൻ വാടികൾക്ക് കോംപൗണ്ട് വാൾ, കിണർ, കക്കൂസ്, എന്നിവ ഉണ്ടാക്കുക.

5. കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം ഉണ്ടാക്കുക.

6. ഡി, ഡബ്ല്യു. സി. ആർ., എ. യൂണിറ്റുകൾക്കു നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.

7. അംഗൻവാടികളിലെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

8. അനേർട്ട് അടുപ്പുകൾ അംഗൻവാടികളിൽ സ്ഥാപിതമാക്കുക.

9. ശുചിത്വപരിപാലനത്തിന്റെ ഭാഗമായി മുഴുവൻ അംഗൻവാടികളിലും പാഴ്വസ്തുക്കളും മലിന വസ്തുക്കളും നീക്കം ചെയ്യാൻ സംവിധാനമുണ്ടാക്കുക.

10. അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

11. താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

12. പൊതു പ്രവർത്തനത്തിൽ വർക്കർമാരേയും ഹെൽപ്പർമാരേയും സജീവമാക്കാൻ ബോധവൽക്കരണം നൽകുക.

## ക്ഷേമനിധികൾ

സാമൂഹിക ക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് അനുവധിച്ചിട്ടുള്ള പല ക്ഷേമനിധികളും നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകുന്നില്ല. ഹോട്ടൽ തൊഴ ിലാളി ക്ഷേമനിധി, ഓട്ടോ, ടാക്സി ഡ്രൈവേഴ്സ് ക്ഷേമനിധി, ചുമട്ടുതൊ ഴിലാളി ക്ഷേമനിധി ഇവയെല്ലാം അംഗീകരിച്ച് നടപ്പാക്കേണ്ടതുണ്ട്. പഞ്ചായത്തുകളിലെ തയ്യൽ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ആരും ഇതുവരെ അംഗങ്ങളായിട്ടില്ല എന്നറിയുന്നു. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ രംഗത്തും പരമ്പരാഗത കൈതൊഴിൽ രംഗത്തുംകൂടി ..... തൊഴിലാളികൾഉണ്ട്. ....... പേർ മാത്രമേ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളു. ബാക്കിയുള്ളവരെക്കൂടി ക്ഷേമനിധിയിൽ ചേർക്കേണ്ടതാണ്. ..... പേർക്ക് പെൻഷൻ ലഭിക്കുന്നണ്ട്. അർഹതപ്പെട്ടവർക്ക് മുഴുവൻ പെൻഷൻ ലഭ്യമാകണം.

പഞ്ചായത്തിൽ ആകെ ....... ചെത്തുതൊഴിലാളികൾ ഉണ്ട്. എല്ലാവരും ചെത്തുതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാണ്. നിരവധി കർഷകതൊഴിലാളികളുള്ള ഒരു പഞ്ചായത്താണിത്. ഭൂരിഭാഗം പേരും കർഷതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളുമാണ്.

സാമൂഹികക്ഷേമവുമായി ബന്ധപ്പെട്ടകാര്യങ്ങൾ ജനങ്ങളിലെത്തിക്കാനും അർഹരായവർക്ക് അത് ലഭിക്കുവാനും വേണ്ടി പഞ്ചായത്തുതലത്തിൽ ഒരു സെൽ ഉണ്ടാക്കണം. ഗ്രാമസഭകൾ സജീവമാക്കി പദ്ധതികളെ സംബന്ധിച്ചു ബോധവൽക്കരണം നടത്താം.

## പൊതുവിതരണം.

പഞ്ചായത്തിലാകെ 9 റേഷൻ ഷാപ്പകളുണ്ട്. ഇതിൽ മൊത്തം 4878 കാർഡുകളുണ്ട്. പൊതുവിതരണരംഗത്ത് ഒരു മാവേലിസ്റ്റോർമാത്രമാണ് ഇവിടെയുള്ളത്. ശ്രീകൃഷ്ണപുരം ചന്തപ്പുരക്ക് സമീപമായാണ് ഈ സ്റ്റോർ പ്രവർത്തിക്കുന്നത്. ഇടക്ക് ഒന്നു മന്ദഗതിയിലായിരുന്ന സ്റ്റോർ ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു. ആവശ്യ സാധനങ്ങളുടെ വിലക്കയറ്റം കൊണ്ട് ബുദ്ധിമുട്ടുന്ന സാധാരണജനങ്ങൾക്ക് വലിയ അനുഗ്രഹമാണ് ഈ സ്റ്റോർ.

## റേഷൻഷാപ്പ്

റേഷൻഷാപ്പ് പൊതുവിതരണകേന്ദ്രമായതോടെ പ്രവർത്തനം മോശമാവുകയാണ് ചെയ്തിട്ടുള്ളത്. പൊതുവിതരണകേന്ദ്രത്തെ 1966 ലെ 'റേഷനിംഗ് ആക്ട്' പ്രകാരമുള്ള 'റേഷൻ ഷാപ്പ്' എന്നാക്കിത്തന്നെ മാറ്റണം. പഞ്ചായത്തിലെ റേഷൻഷാപ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുത്ത് ഈ മേഖലയിലെ പരാതികൾക്ക് പരിഹാരം കാണാവുന്നതാണ്.

സാമൂഹ്യക്ഷേമ പദ്ധതികൾ കൂടുതൽ വിജയപ്രദമാക്കാൻ താഴെ അക്കമിട്ടുചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഓരോ 'വൃദ്ധമന്ദിരം' നിർമ്മിക്കണം.
2. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ആവശ്യമാണ്. നിലവിലൊന്നുണ്ടെങ്കിലും നിയമ തടസ്സം മൂലം ഇത് ഉപയോഗ ശൂന്യമാണ്. നിയമ തടസ്സങ്ങൾ എത്രയും വേഗം മാറ്റേണ്ടതാവശ്യമാണ്.
3. 7ാം വാർഡിന്റെയും 8ാം വാർഡിന്റെയും സൗകര്യാർത്ഥം, 'രാഗംകോർണറിൽ' ഒരു ബ്രാഞ്ച് പോസ്റ്റാപ്പീസ് ആവശ്യമാണ്.
4. 3 ഉം, 4 ഉം, 6 ഉം, വാർഡിലെ ജനങ്ങളുടെ സൗകര്യത്തിനായി കടമ്പഴിപ്പുറം സർവ്വീസ് സഹകരണ സംഘത്തിന്റെ ഒരു ശാഖ തുറക്കേണ്ടതാണ്.
5. പഞ്ചായത്തിലെ എല്ലാ വീടുകളിലും സാനിറ്ററി കക്കുസുകൾഉണ്ടാക്കണം.
6. മദ്യപാനംമുലമുള്ള മരണങ്ങളും ആരോഗ്യ പ്രശ്നങ്ങളും ഒഴിവാക്കാൻ സമ്പൂർണ്ണ മദ്യ നിരോധനം ആവശ്യമാണ്.

7. പഞ്ചായത്തിൽ എല്ലാ വർഡുകളിലും മഹിളാ സമാജങ്ങൾ തുടങ്ങണം.

8. 6 ാം വാർഡിൽ പാർത്തല ഭാഗത്ത് ഒരു റേഷൻഷാപ്പനുവദിക്കണം.

9. വാർഡ് ആറിൽ പൊതുസ്ഥാപനങ്ങളില്ലാത്തതിനാൽ ഒത്തുചേരാൻ അന്യ പഞ്ചായത്തിനെ ആശ്രയിക്കേണ്ടിവരുന്നതിനാൽ വാർഡിന്റെ മധ്യഭാഗത്തായി ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കണം.

10. റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തുതലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാകണം.

11. ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും ഉപഭോക്തൃ സംരക്ഷണസമിതി രൂപീകരിക്കണം.

12

# ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്
# സംസ്കാരം

ഈ പഞ്ചായത്തിലുള്ള ശ്രീകൃഷ്ണക്ഷേത്രത്തിന്റെ പേരിലാണ് ഈ പ്രദേശത്തിന് ശ്രീകൃഷ്ണപുരം എന്നപേർ ഉണ്ടായത് എന്ന് അനുമാനിക്കപ്പെടുന്നു. ശ്രീകൃഷ്ണപുരം പ്രസിദ്ധമായ 14 ദേശത്തിൽപെട്ടതാണ്. നീലമംഗലം, തോട്ടര, കോടർമണ്ണ, പെരുമാങ്ങോട്, ശ്രീകൃഷ്ണപുരം, ഈശ്വരമംഗലം, വലമ്പിലിമംഗലം എന്നിവ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലും തിരുനാരായണപുരം, കുറുവട്ടൂർ, വടവണ്ണ, വെള്ളിനേഴി, അടക്കാപുത്തൂർ, എന്നിവ വെള്ളിനേഴി ഗ്രാമ പഞ്ചായത്തിലും പകരാവൂർ, കല്ലുവഴി എന്നിവ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിലുമാണ്. ക്ഷേത്രങ്ങളേയും മനകളേയും അടിസ്ഥാനപ്പെടുത്തിയാണ് ദേശങ്ങൾ വിഭജിക്കപ്പെട്ടിരുന്നത്. മനയെന്നാൽ മലയാള ബ്രാഹ്മണരുടെ ഭവനം എന്നാണ് അർത്ഥം. മേൽപറഞ്ഞ ദേശങ്ങളെല്ലാം വള്ളുവനാട് താലൂക്കിൽ പെട്ടവയായിരുന്നു. വള്ളുവക്കോനാതിരിയായിരുന്നു ഇവിടെ ഭരണം നടത്തിയിരുന്നത്. പിന്നീട് വള്ളുവക്കോനാതിരിയെ പരാജയപ്പെടുത്തി സാമൂതിരിയുടെ സാമന്തൻ ഭരണം സ്ഥാപിച്ചു. രാജ ഭരണത്തിന്റേ യും ബ്രിട്ടീഷ് സാമ്രാജ്യ വാഴ്ചയുടേയും ഫ്യൂഡൽ സർവ്വാധിപത്യത്തിന്റേ യും രുചി അറിഞ്ഞവരാണ് ഇവിടെയുള്ള അടിസ്ഥാനവർഗ്ഗം.

പണ്ട് ഹിന്ദുക്കൾ മാത്രം അധിവസിച്ചിരുന്ന പ്രദേശമായിരുന്നു ഇത്. ക്രമേണ മുസ്ലീമുകളും ക്രൂസ്ത്യാനികളും ഇവിടെ കുടിയേറിപ്പാർക്കാൻ തുടങ്ങി. ഭൂരിഭാഗം ഇപ്പോഴും ഹിന്ദുക്കളാണ്. ഇവിടെ ഉച്ചനീചത്വം നിലനിന്നിരുന്നു, ബ്രാഹ്മണമേധാവിത്വവും നിലനിന്നിരുന്നു. ഭൂസ്വത്ത് മുഴുവനും ബ്രാഹ്മണരുടെയും, ദേവസ്വങ്ങളുടെയും അധീനത്തിലായിരുന്നു. സാമൂഹ്യ ജീവിതത്തിന്റെ കേന്ദ്രം ക്ഷേത്രങ്ങളായിരുന്നു. നിലം ഉടമസ്ഥത, ജന്മം, കാണം, വെറും പാട്ടം, എന്നീ മൂന്നു തട്ടിലായിരുന്നു നില നിന്നിരുന്നത്. ജാതീയാടിസ്ഥാനത്തിലായിരുന്നു തൊഴിലുകൾ വിഭജിക്കപ്പെട്ടിരുന്നത്. ജാതി വ്യവസ്ഥ ലംഘിക്കുന്നവർക്ക് ഭ്രഷ്ട് കല്പിച്ച് സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്തിയിരുന്നു. നമ്പൂതിരി സമുദായത്തിൽ ബഹു ഭാര്യാത്വം നിലവിലുണ്ടായിരുന്നു. കാരണവരായ മൂസ്സ് മാത്രമേ വേളി കഴിച്ചിരുന്നുള്ളു. മറ്റുള്ളവർക്ക് സംബന്ധമുറയായിരരുന്നു. ഈ പാരമ്പര്യാചാരം ലംഘിച്ച് വേളികഴിച്ച ശ്രീ. പി.സി. നാരായണൻ നമ്പൂതിരിപ്പാട് ഈ പഞ്ചായത്തിൽ താമസിക്കുന്നു.

സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ ഭാഗമായി രൂപം കൊണ്ട ഖിലാഫത്ത് പ്രസ്ഥാനം വർഗ്ഗീയ കലാപമായി ഭീകരരൂപമാർജ്ജിച്ചപ്പോഴും ഈ പ്രദേശം അതിൽ നിന്ന് മുക്തമായിരുന്നു. ഇവിടെ വർഗ്ഗീയ സംഘട്ടനം ഒരിക്കലും ഉണ്ടായിട്ടില്ല.

തുഞ്ചത്ത് എഴുത്തച്ഛന്റെ ശിഷ്യനായിരുന്ന സൂര്യനാരായണനെഴുത്തശ്ശൻ, സഹോദരി പുത്രനായ ദേവൂഎഴുത്തശ്ശന് ശക്തേയ പൂജയെ സംബന്ധിച്ച ഗ്രന്ഥങ്ങൾ നൽകി അനുഗ്രഹിച്ചു. ദേവു എ ഴുത്തശ്ശനായിരുന്നു ശക്തേയ പൂജയുടെ ആചാര്യൻ. അദ്ദേഹത്തിന്റെ പിൻതലമുറക്കാർ ഇന്നും ശക്തേ യപൂജ നടത്തിവരുന്നു. പെരുമാങ്ങോട്വെച്ച് 1941-42 കാലത്ത് 'തൃസന്ധ' എന്ന 8 മാസം നീണ്ടുനിന്ന ഋഗ്വേദ മഹായജ്ഞം നടത്തുകയുണ്ടായി. പ്രസിദ്ധ ഋഗ്വേദ പണ്ഡിതന്മാർ അതിൽ പങ്കുകൊണ്ടിരുന്നു.

1934 ജനുവരി 8ന് മഹാത്മാഗാന്ധിയുടെ പാദസ്പർശമേൽക്കാനുള്ള പരമഭാഗ്യം ഈ പഞ്ചായത്തിനുണ്ടായിട്ടുണ്ട്. മഹാത്മാഗാന്ധി ഇവിടെ വന്നിരുന്നുയെന്ന് ഭാവി തലമുറക്ക് ഓർക്കുവാൻ വേണ്ടി ഒരു സ്മാരകം ഉയർന്നുവരേണ്ടത് ആവശ്യമാണ്. ഗാന്ധിജിയുടെ രചനാത്മക പ്രവർത്തനങ്ങളിൽപ്പെട്ട ഹിന്ദി പ്രചരണത്തിന് 1949 ൽ ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയുടെ ഒരു ശാഖ ചന്തപ്പുരയിലെ എം. ആർ. കെ. ബിൽഡിങ്ങിൽ സ്ഥാപിച്ചിരുന്നു. 2. 3. 1963 ൽ മിസ്സിസ്. കെ. പി. എസ് മേനോൻ ഒരു ഖാദീ വസത്രാലയത്തിന്റെ ഉദ്ഘാടനവും നിർവഹിക്കുകയുണ്ടായി. അതിന്നും നിലവിലുണ്ട്. ബ്രിട്ടീഷ് വാഴ്ചക്കെതിരെ രാജ്യമൊട്ടുക്കും ആഞ്ഞടിച്ച സമരക്കൊടുങ്കാറ്റ് ഈ ഗ്രാമത്തേയും കർമ്മോന്മുഖമാക്കി. സമരാവേശത്താൽ രണാങ്കണ ത്തിൽ ഇറങ്ങി ജയിൽ വാസം വരിച്ച ശ്രീ. കിഴ ക്കേപ്പാട്ട് ശിവരാമമേനോന്റെയും മേലേക്കളം കൃഷ്ണൻനായരുടെയും പേരുകൾ സ്മരിക്കത്തക്കതാണ്. സ്വാതന്ത്ര്യസമരസേനാനിയായ ശ്രീ കാറൽമണ്ണ സുകുമാരൻ ഈ പഞ്ചായത്തിൽ താമസിച്ചുവരുന്നു.

അദ്ധ്യാപകപ്രസ്ഥാനത്തിലൂടെ രാഷ്ട്രീയപ്രസ്സ്ഥാനത്തിലൂടെ രാഷ്ട്രീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതിന്റെ ഫലമായി സർട്ടിഫിക്കറ്റ് കാൻസൽ ചെയ്തതടക്കം നിരവധി യാതനകൾ അനുഭവിക്കേണ്ടി വന്ന അദ്ധ്യാപകനേതാക്കളായിരുന്നു കെ. വി. ശങ്കുണ്ണി നായർ, പുത്തൂരത്ത് ശങ്കരൻ നായർ, കൊങ്ങശ്ശേരി കൃഷ്ണൻ എന്നിവർ. മേൽ പറഞ്ഞ യാതനകൾ അനുഭവിക്കേണ്ടിവന്ന അദ്ധ്യാപകനേതാക്കളായ മലപ്പുറം കൃഷ്ണൻ കുട്ടി, പാറക്കോട്ടിൽ ശോവിന്ദൻകുട്ടി നായർ എന്നിവർ ഇന്നും ജീവിച്ചിരിപ്പുണ്ട്.

ഇന്ന് നാം എത്തിയിരിക്കുന്ന ദിശയിൽ നിന്ന് തിരിഞ്ഞുനോക്കുമ്പോൾ വിവിധങ്ങളായ സ്രോതസ്സുതൾ ഈ ഗ്രമ സംസ്കൃതിയുടെ പരിപോഷകങ്ങളായി പരിണമിച്ചത് കണ്ടെത്താനാകും. അവയിൽ പ്രഥമഗണനീയം വിദ്യാ വിതരണം തന്നെയാണ്. ഔപചാരിക അനൗപചാരിക വിദ്യാലയങ്ങൾ ഈ ഗ്രാമത്തിൽ ഉയർന്നുവന്നിട്ടുണ്ട്. പെരുമാങ്ങോട് എ.എൽ.പി.എസ്, മംഗലാംകുന്ന് എ.എൽ.പി.എസ്. എന്നിവ സ്ഥാപിച്ചിട്ട് നൂറോളം വർഷങ്ങളായി. ഇന്ന് ഈ പഞ്ചായത്തിൽ അങ്കണവാടിതൊട്ട് കോളേജ്വരെയുള്ള25-ഓളം വിദ്യാഭ്യാസ സ്ഥാപ നങ്ങളുണ്ട്.

ഔദ്യോഗിക രംഗത്ത് പ്രശസ്ഥനായ കിഴക്കേപ്പാട്ട് രാവുണ്ണിമേനോൻ, ശാസ്ത്ര സാങ്കേതികരംഗത്ത് പേരടുത്ത എം. ജി. കെ. മേനോൻ എന്നിവർ ഈപഞ്ചായത്തിൽപെട്ടവരാണ്. കേന്ദ്രസർക്കാർ ആദരിച്ച സംസ്കൃതപണ്ഡിതനായിരുന്നു മൂർത്തിയേടത്ത് മനക്കൽ ശങ്കരൻ നമ്പൂതിരി. ഇളയേടത്ത് മനക്കൽ ശങ്കരനാരായണൻ സോമയാജിപ്പാടും കേന്ദ്രസർക്കാരിനാൽ ആദരിക്കപ്പെട്ടിട്ടുണ്ട്, ഇദ്ദേഹത്തിന് "ദേവിപ്രസാദപുരസ്കാരം" ലഭിക്കയുണ്ടായി.

ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി, ശ്രീകൃഷ്ണപുരം വേണുഗോപാൽ, കെ. സി. നാരായണൻ, സി. എൻ. എസ്. ഗുപ്തൻ, എം. നന്ദകുമാർ, മേലെതൊടി മോഹൻദാസ് എന്നിവർ ഈ പ്രദേശത്തുള്ള സാഹിത്യകാരൻമാരാണ്. കോഴിക്കോട് സർവ്വകലാശാല സെനറ്റ് മെമ്പർ പ്രൊഫ : വി. നാരായണൻ കുട്ടി ഈ പഞ്ചായത്തുകാരനാണ്. അക്ഷരശ്ലോക മത്സര ത്തിലും ചെസ്സിലും സംസ്ഥാനസമ്മാനാർഹനായ കെ. പി. കുഞ്ഞുണ്ണി നമ്പീശൻ തദ്ദേശവാസിയാണ്. അന്തരിച്ച ശ്രീ. വി. എൻ. കൃഷ്ണൻ നമ്പൂതിരി പ്രസിദ്ധ നർത്തകനും ബംഗാളിലെ " ശാന്തിനികേതന"ത്തിലെ അദ്ധ്യാപകനും ആയിരുന്നു. വിദേശങ്ങളിലും അദ്ദേഹം പരിപാടികൾ അവതരിപ്പിച്ചിരുന്നു. ഇദ്ദേഹത്തിന്റെയും സഹോദരൻ നാരായണൻ നമ്പൂതിരിയുടേയും മേൽനോട്ടത്തിൽ കഥകളി അഭ്യസിക്കുന്നതിന് ഇറ്റലി, നോർവെ മുതലായ

രാജ്യങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ വന്നിരുന്നു. കാശ്മീരിൽ ഭീകരൻമാരാൽ നിർദ്ദയം വധിക്കപ്പെട്ട ഹാൻസ് ക്യസ്റ്റ്യൻ ഓസ്റ്റോ ഇവിടുത്തെ വിദ്യാർത്ഥിയായിരുന്നു.

അന്തരിച്ച തിരൂർ നമ്പീശൻ കഥകളി സംഗീതത്തിൽ പ്രഗൽഭനായിരുന്നു. മാടമ്പി സുബ്രഹ്മണ്യൻ നമ്പൂതിരി, വി. എൻ. നാരായണൻ നമ്പൂതിരി എന്നിവർ ഈ രംഗത്ത് പ്രസിദ്ധരാണ്.കർണ്ണാടകസംഗീതത്തിൽ പ്രാഗത്ഭ്യം തെളിയിച്ച സംഗീതജ്ഞനാണ് ശ്രീ. മാടമ്പി വാസുദേവൻ.

## *ക്ഷേത്രങ്ങളും ഉത്സവങ്ങളും*

തൃക്കഴിക്കുന്ന്, വലമ്പിലിമംഗലം കുഴിയിൽ ക്ഷേത്രം, വേട്ടേക്കരൻ കാവ്, ഈശ്വരമംഗലം ഗണപതിക്ഷേത്രം, പാറക്കടവ് സുബ്രഹ്മണ്യക്ഷേത്രം, ഷെഡുംകുന്ന് അയ്യപ്പക്ഷേത്രം, പച്ചായിൽ ശിവക്ഷേത്രം, പുന്നാംപറമ്പിൽ ഭഗവതിക്ഷേത്രം, ആയമ്പള്ളി ശിവക്ഷേത്രം, തോട്ടര ശ്രീകൃഷ്ണ ക്ഷേത്രം, രാമപുരം ശ്രീരാമസ്വാമിക്ഷേത്രം, നീലമംഗലം അയ്യപ്പൻകോവിൽ, ഷാരുകോവിൽ, കുളക്കാട്ടുകുറുശ്ശി ശ്രീകണ്ഠേശ്വരം, ശ്രീ കുറുംബക്കാവ്, പുളിയക്കാട്ടുതെരുവിൽ മുണ്ടിയൻകാവ്, മണ്ണമ്പ റ്റ പൂഴിയപറമ്പ് ഭഗവതിക്ഷേത്രം, കോടർമണ്ണ മഹാവിഷ്ണുക്ഷേത്രം, മമ്പള്ളിക്കളം ശിവ ക്ഷേത്രം, ശ്രീകൃഷ്ണപുരം അയ്യപ്പൻകാവ്, ശ്രീകൃഷ്ണപുരം ശ്രീകൃഷ്ണക്ഷേത്രം, വാടാനാംകുറുശ്ശി ദുർഗാക്ഷേത്രം, പെരുമാങ്ങോട് വിഷ്ണുക്ഷേത്രം, മുടവനംകാവ് അയ്യപ്പക്ഷേത്രം, മാവുള്ളി പറമ്പ് അയ്യപ്പക്ഷേത്രം, ചേറുംകുടി നരസിംഹക്ഷേത്രം, ചോയപുള്ളി മഹാവിഷ്ണുക്ഷേത്രം, അയ്യംകുളങ്ങര ശിവക്ഷേത്രം, തോട്ടിങ്ങൽ ഭഗവതി ക്ഷേത്രം, നിലവിളിക്കുന്ന് ശിവക്ഷേത്രം, ഊട്ടുപുരക്ഷേത്രം, കുട്ടിച്ചാത്തൻ കാവ്, ഉപ്പുലാപ്പള്ളിക്ഷേത്രം, തലയണക്കാട് ശിവക്ഷേത്രം, വാസുപുരത്ത് അമ്പലം, കോടർമണ്ണ നാലുശ്ശേരി ഭഗവതി ക്ഷേത്രം, പൂളിയങ്കാവ് അയ്യപ്പ ക്ഷേത്രം, മേലൂർ അയ്യപ്പക്ഷേത്രം, പുരക്കോവിൽ ശിവക്ഷേത്രം, കൊട്ടേക്കാവ്, ഷെഡുംകുന്ന് അയ്യപ്പൻകാവ് എന്നിവ ഗ്രാമ പഞ്ചായത്തിലാണ്.

ഷെഡുംകുന്ന് ജുമാ-അത്ത് പള്ളി, ചന്തപ്പുര നിസ്ക്കാരപ്പള്ളി എന്നിവയും, സെന്റ് ജെയിംസ് ചർച്ച് (കുളക്കാട്ടുകുറുശ്ശി) ശ്രീകൃഷ്ണപുരം സെന്റ് ജോസഫ് ചർച്ച്, ലൂഥൻ മിഷൻ ചർച്ച്, സെന്റ് ജോസഫ് ചർച്ച് (പുഞ്ചപ്പാടം) എന്നിവയും ഈ പഞ്ചായത്തിലാണ്.

## *ഉത്സവങ്ങൾ*

പച്ചായിൽ ഉത്സവം, പുന്നാംപറമ്പിൽ താലപ്പൊലി, പൂഴിയപറമ്പിൽ താലപ്പൊലി, വടു വനാംകുറുശ്ശി നവരാത്രി, കാർത്തിക വിളക്കുത്സവം, പെരുമാങ്ങോട് വിഷ്ണുക്ഷേത്രത്തിലെ നിറമാല, മഹാകാളികാവിൽ ഉച്ചാറൽവേല, ശിവക്ഷേത്രങ്ങളിലെ ശിവരാത്രി ആഘോഷങ്ങൾ, പാറക്കടവ് രാമനവമി ഉത്സവം, മംഗലാംകുന്ന് ഗണപതിക്ഷേത്രത്തിലെ വിനായകചതുർത്ഥി, കോടർമണ്ണ മഹാവിഷ്ണു ക്ഷേത്രത്തിലെ നിറമാല, വാസുപുരത്ത് അമ്പലത്തിലെ അഷ്ടമിരോ ഹിണി, കോടർമണ്ണ നാലുശ്ശേരി ഭഗവതിക്ഷേത്രത്തിലെ വിഷുവേല എന്നിവ കൂടാതെ പരിയാനംപറ്റ പൂരം, ഉത്രത്തിൽ കാവിൽ ഭരണി എന്നിവയും ഈ തട്ടകത്തിൽപെട്ട ആഘോഷങ്ങളാണ്.

നെടുമ്പള്ളി മനക്കൽ നീലകണ്ഠൻ നമ്പൂതിരിപ്പാടും അദ്ദേഹത്തിന്റെ പിതാവും ആന ക്കച്ചവടത്തിൽ പ്രസിദ്ധരായിരുന്നു. ഇപ്പോൾ മംഗലാംകുന്നത്ത് പരമേശ്വരന് 14-ഓളം ആനകളുണ്ട്.

## *വായാനശാലകൾ*

ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന വായനശാല ശ്രീകൃഷ്ണപുരം പൊതുജനവായന ശാലയാണ്. ഈ പ്രദേശത്തെ എല്ലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കും കേന്ദ്രബിന്ദുവായി പ്രവർത്തിച്ചിരുന്നത് ഈ സ്ഥാപനമാണ്. 1941 – ലാണ് ഇത് ആരംഭിച്ചത്. പാലക്കാട് ജില്ലയിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന ചുരുക്കം ചില വായനശാലകളിലൊന്നാണിത്. 50 വർഷം തുടർച്ചയായി സെക്രട്ടറിയായി പ്രവർത്തിച്ചുവന്ന ശ്രീ. ടി. കെ. ഡി. നമ്പൂതിരി ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സജീവപ്രവർത്തകനാണ്. ഹൈസ്ക്കൂൾ, കോളേജ്, വൈദ്യുതി, ഫോൺ തുടങ്ങിയ സാമൂഹ്യ പുരോഗതിക്ക് ഉതകുന്ന ആശയങ്ങൾക്ക് രൂപം കൊടുത്തത് ഈ സാംസ്കാരികസ്ഥാപനത്തിൽ വെച്ചായിരുന്നു. സുവർണ്ണ ജൂബിലി സ്മാരകമായി 5 ലക്ഷം രൂപാ ചിലവുവരുന്ന കെട്ടിടത്തിന്റെ പണി നടന്നുവരുന്നു. ഈ വായനശാലയുടെ കീഴ ിൽ റിക്രിയേഷൻ ക്ലബ്, ചെസ് ക്ലബ്, അക്ഷരശ്ലോകസംഘം എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. മുൻപ് പുലരി തിയേറ്റേഴ്സ് എന്ന പേരിൽ ഒരു നാടകലാസമിതി പ്രവർത്തിച്ചി രുന്നു. അതിൽ സ്ത്രീകളും പുരുഷന്മാരോടൊപ്പം അഭിനയിച്ചിരുന്നു. മൺമറഞ്ഞ എ.എം. അഷ്ടമൂർത്തി നമ്പൂതിരി, കൊട്ടിലിങ്കൽ രാമദാസ്, മൂർത്തിയേടത്ത് മനക്കൽ കൃഷ്ണൻ നമ്പൂതിരി മുതലായവർ ഈ കലാസമിതിയിലെ പ്രവർത്തകരായിരുന്നു.

## *ഭാരതിവായനശാല മണ്ണമ്പറ്റ :-*

ഇത് 1950 – ലാണ് സ്ഥാപിച്ചത്. മണ്ണമ്പറ്റയിലെ സാംസ്കാരിക പ്രവർത്തനങ്ങളുടെ സിരാകേന്ദ്രമാണീ സ്ഥാപനം. വായനശാലയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഉദയാ കലാ സമിതി നിലവാരമുള്ള നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. നാടകങ്ങളിൽ പുരുഷന്മാരോടെപ്പം സ്ത്രീകളും അഭിനയിച്ചിരുന്നു. വായനശാലയുടെ കീഴിൽ സ്പോർട്ടസ് & റിക്രിയേഷൻ ക്ലബ് പ്രവർത്തിച്ചുവരുന്നുണ്ട്.

കുളക്കാട്ടുകുറുശ്ശി അന്തർജ്ജനസമാജം വനിതാ വായനശാല, വലമ്പിലി മംഗലം പൊതു വായനശാല, മംഗലാംകുന്ന് പൊതു ജനവായനശാല എന്നിവയും ഈ പഞ്ചായത്തിലെ സാംസ് കാരിക സ്ഥാപനങ്ങളാണ്. 2, 5, 6, 9 എന്നീ വർഡുകളിൽ വായനശാലകളില്ല.

സാംസ്കാരിക നവോത്ഥാനത്തിന് വഴിയൊരുക്കുന്ന പ്രസ്ഥാനങ്ങളാണ് ഈ പഞ്ചായ ത്തിലെ കലാസമിതികളും കായിക സമിതികളും (സ്പോർട്ട്സ് ക്ലബ്) വനിതാ സംഘടനകളും നിരവധി അമേച്ചർ കലാസമിതികൾ ഇവിടെ ഉദയംകൊള്ളുകയും അകാലമൃത്യു വരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തിൽ 14 – ഓളം കായിക സമിതികൾ (സ്പോർട്ട്സ് ക്ലബുകൾ) പ്രവർത്തിച്ചുവരുന്നു.

## *വാദ്യകലകൾ*

തകിൽ :ചങ്കരത്ത് മാധവൻ നായർ, പച്ചീരി കൃഷ്ണൻനായർ, പരിയാരത്ത് ശങ്കരൻ നായർ.

നാദസ്വരം : ശങ്കരത്ത് കൃഷ്ണൻനായർ, നാരായണൻനായർ, പച്ചീരി കുട്ടികൃഷ്ണൻനായർ, പുത്തൂരത്ത് അച്ചുതൻ നായർ.

കൊമ്പ്, കുഴൽ : പരിയാരത്ത് കുട്ടികൃഷ്ണൻ നായർ, പച്ചീരി കൃഷ്ണൻനായർ, പാലക്കുളങ്ങര കുട്ടൻനായർ, പുളിക്കപറമ്പിൽ ഗോപാലൻ നായർ.

ചെണ്ട : പുത്തൂരത്ത് ഗോപാലൻ നായർ, എരേങ്കത്ത് ശങ്കുണ്ണിനായർ, വാരിയത്തൊടി ശങ്കുണ്ണി നായർ, ചെരത്തൊടി തെയ്യുണ്ണി നായർ, കിഴക്കേവാരിയത്ത് രാമ വാരിയർ, തെക്കെ വാരിയത്ത് ശങ്കുണ്ണി വാരിയർ, ആട്ടുതല നാരായണൻ.

മദ്ദളം : പടിഞ്ഞാറെ വാരിയത്ത് ശൂലപാണി വാരിയർ, ചങ്കരത്ത് അച്ചുതൻ നായർ, കിഴക്കേവാരിയത്ത് കുഞ്ചു വാരിയർ.

ഇവരെല്ലാം ക്ഷേത്ര വാദ്യകലകളിൽ പ്രാവീണ്യം നേടിയവരായിരുന്നു.

രാഗം ആർട്ട്സ് & സ്പോർട്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ മേൽപറഞ്ഞ വാദ്യങ്ങളെല്ലാം അഭ്യസിപ്പിചുവരുന്നു.

പള്ളിപ്പാന, കളിപ്പാന, പകൽപ്പാന എന്നീ മുന്നുതരത്തിലുള്ള പാനകൾ നടത്തുന്ന സംഘവും ഇവിടെയുണ്ട്. ഇവ ഭദ്രകാളി ക്ഷേത്രങ്ങളിലാണ് നടത്തുക പതിവ്. പുള്ളുവൻ പാട്ട്, അയ്യപ്പൻ പാട്ട്, സർപ്പംതുള്ളൽ എന്നിവ നടത്തുന്നവരും ഈ പഞ്ചായത്തിലുണ്ട്.

തിറ, പൂതൻ, തെക്കൻ - തെക്കത്തി, കുറവൻ _ കുറവത്തി, പരിചമുട്ടുകളി, കോൽക്കളി, ചെറുമക്കളി എന്നീ നാടൻ കലകൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. "പാങ്കളി" എന്ന നാടൻ കല തികച്ചും ഇല്ലാതായി. പ്രാചീനങ്ങളായ പല നാടൻ കളികളും അന്യം നിന്നു പോയിരിക്കുന്നു. കർഷിക സംസ്കാരത്തിന്റെ ഭാഗമായ കാളപൂട്ടു മത്സരം കുറഞ്ഞു വന്നിരിക്കുന്നു.

## *പ്രശ്നങ്ങൾ*

കലാ സാഹിത്യാഭിരുചിയുള്ളവർക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല. പ്രൈമറി വിദ്യാലയങ്ങളിൽ പാഠ്യേതരവായനക്കുവേണ്ട ഗ്രന്ഥശേഖരങ്ങളില്ല.

സ്പോർട്ട്സ് ക്ലബുകൾക്ക് സ്വന്തമായ കെട്ടിടമോ കളിസ്ഥലമോ ഇല്ല. വേണ്ടത്ര പരിഗണനയും പ്രോത്സാഹനവും ലഭിക്കുന്നില്ല. സാക്ഷരതാ പ്രവർത്തനവും ജനവിദ്യാകേന്ദ്രങ്ങളും പ്രവർത്തന രഹിതമായിരിക്കുന്നു. സാഹിത്യം, സംഗീതം, നൃത്തം, നാടകം, ചിത്രകല മുതലായവ അഭ്യസിക്കുവാനുള്ള ഈ കേന്ദ്രങ്ങളുടെ അഭാവമുണ്ട്.

## *പരിഹാരമാർഗ്ഗങ്ങൾ*

വായനശാലയോ ഗ്രന്ഥാലയമോ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുക.

എല്ലാ വാർഡുകളിലും സ്പോർട്സ് ക്ലബുകളും കലാസമിതികളും സ്ഥാപിക്കുകയും പ്രോത്സാ

ഹനവും ധനസഹായവും നൽകുകയും ചെയ്യുക.

ഇവയുടെ വാർഷികം ആഘോഷിക്കുക.

പഞ്ചായത്ത് തലത്തിൽ ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ മത്സരങ്ങൾ നടത്തി പ്രോത്സാഹിപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുക.

കെട്ടിടവും കളിസ്ഥലവും ഇല്ലാത്ത സ്ഥാപനങ്ങൾക്ക് അവ ലഭ്യമാക്കുക.

പഞ്ചായത്താസ്ഥാനത്ത് ആധുനിക സൗകര്യങ്ങളുള്ള വിവര ഗ്രഹണകേന്ദ്രം (ഇൻഫർമേഷൻ സെന്റർ) സ്ഥാപിക്കുക.

ഗ്രന്ഥാലയങ്ങൾക്ക് പുസ്തകങ്ങളും പത്ര മാസികകളും സ്പോർട്സ് ഉപകരണങ്ങളും ഇപ്പോൾ ഉള്ളതിനേക്കാൾ കൂടുതൽ പഞ്ചായത്തിൽ നിന്ന് സൗജന്യമായി നൽകുക.

സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുക.

## നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

| ക്രമ നമ്പർ | പേരും വിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടത്തിന്റെ വിവരം | നിലവിലുള്ള മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തക വിതരണം. | കീഴിൽ പ്രവർത്തിക്കുന്നവയുടെ വിവരം | സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടോ | ആനുകൂലികങ്ങളുടെ എണ്ണം | മറ്റഭിപ്രായം |
|---|---|---|---|---|---|---|---|---|---|---|
| 1 | പൊതു ജനവായനശാല ശ്രീകൃഷ്ണപുരം. ഗ്രേഡ് എ. | 1941 | സ്വന്തം കെട്ടിടമുണ്ട് | 317 | 8917 | 1000 | റിക്രിയേഷൻ ക്ലബ്, അക്ഷരശ്ലോക സംഘം, ചെസ്ക്ലബ് | ഉണ്ട് | 23 | റേഡിയോ ഉണ്ട് |
| 2 | ഭാരതി വായനശാല, മണ്ണമ്പറ്റ, ഗ്രേഡ് . ഇ. | 26.1.50 | സ്വന്തം കെട്ടിടമുണ്ട് | 89 | 2741 | 300 | S.R.C.ക്ലബ്. | ഉണ്ട്. | 10 | |
| 3 | അന്തർജനസമാജം ബി. ഗ്രേഡ് വനിതാ വായനശാല, കുളക്കാട്ടുകുറുശ്ശി. | 1968 | സ്വന്തം കെട്ടിടമുണ്ട് | 98 | 5785 | 525 | അന്തർജനസ_മാജം അക്ഷര സംഘം | ഉണ്ട്. | 5 | |
| 4 | പഞ്ചായത്തു വക സാംസ്കാരികനിലയം. കുളക്കാട്ടു കുറുശ്ശി. | 1990 | സ്വന്തം കെട്ടിടം | | | | | | | |
| 5 | ഗ്രേഡ് ഇ. പൊതുജന വായനശാല, മംഗലാംകുന്ന് | 1970 | സ്വന്തം കെട്ടിടമുണ്ട് | 225 | 3000 | 300 | | ഉണ്ട് | 3 | സാക്ഷരത |
| 6 | ഗ്രേഡ് ഇ. പൊതുജന വായനശാല, വലമ്പിലിമംഗലം | 1973 | സ്വന്തം കെട്ടിടമുണ്ട് | 153 | 2565 | 325 | ക്ഷിരോല്പന്ന നിർമ്മാണ യുണിറ്റ് | ഉണ്ട് | 9 | |
| 7 | പഞ്ചായത്തുവക സാംസ്കാരിക നിലയം | 1990 | സ്വന്തം കെട്ടിടം | | | | | | | |

| ക്രമ നമ്പർ | പേരും വിലാസവും | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ധനസഹായത്തിന്റെ വിവരം | ഏത് സ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു | പ്രവർത്തനത്തിന്റെ ലഘു വിവരം |
|---|---|---|---|---|---|---|---|
| 1 | ശ്രീ കൃഷ്ണപുരം റിക്രിയേഷൻ ക്ലബ്ബ് റജി. നമ്പർ 91. | 1985 | 150 | സ്വന്തം കെട്ടിടമില്ല | ഇല്ല | ഇല്ല | കലാ കായിക സാംസ്കാരിക പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്നു |
| 2 | നെഹ്റു ആർട്സ് & സ്പോർട്സ് ക്ലബ്ബ് റജി. നമ്പർ 761 / 94 | 1994 | 30 | സ്വന്തം കെട്ടിടമില്ല | ഇല്ല | ഇല്ല | കലാകായിക പരിപോഷണം |
| 3 | വലമ്പിലി മംഗലം സ്പോർട്സ് ക്ലബ്ബ് റജി. നമ്പർ 40 / 85 | 1973 | 153 | സ്വന്തം കെട്ടിടമില്ല | ഇല്ല | ഇല്ല | കലാകായിക പുരോഗതിക്ക് പ്രവർത്തിക്കുക |
| 4 | സ്പോർട്സ് & റിക്രിയേഷൻ ക്ലബ്ബ്. മണ്ണമ്പറ്റ | | | | ഇല്ല | | |
| 5 | ഐഡിയൽ ആർട്സ് & സ്പോർട്സ ക്ലബ്ബ് മണ്ണമ്പറ്റ | | | സ്വന്തം കെട്ടിടമില്ല | ഇല്ല | | |
| 6 | ഫീനിക്സ് റിക്രിയേഷൻ ക്ലബ്ബ് | | | | ഇല്ല | | |
| 7 | ശ്രീകൃഷ്ണപുരം വനിതാ സമാജം | | | | | | |
| 8 | മണ്ണമ്പറ്റ മഹിളാ സമാജം 3 / 77 | | | | | | |
| 9 | മഹിളാ സേവ് സംഘ് | | | സ്വന്തം കെട്ടിടമില്ല | | ഇല്ല | |
| 10 | ബാഴ്സിലോണ, തലയിണക്കാട് | 1988 | 92 | സ്വന്തം കെട്ടിടമില്ല | | ഇല്ല | |
| 11 | പുലരി, പുഞ്ചപ്പാടം | 1987 | | സ്വന്തം കെട്ടിടമില്ല | | ഇല്ല | |
| 12 | രാഗം ആർട്സ് & സ്പോർട്സ് ക്ലബ്ബ് ശ്രീകൃഷ്ണപുരം റജി. നമ്പർ 90 / 86 | 1986 | 120 | സ്വന്തം കെട്ടിടമുണ്ട് | ഇല്ല | ഇല്ല | ടി.വിയുണ്ട് കളിസ്ഥലമുണ്ട് |
| 13 | ശ്രീകൃഷ്ണ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ശ്രീകൃഷ്ണപുരം | 1993 | | സ്വന്തം കെട്ടിടമില്ല | | | |

യുവകേരള സ്പോർട്സ് ക്ലബ്ബ് പുളിയക്കാട്ടു തെരുവ്

ബ്ലൂ സ്റ്റാർ – ശ്രീകൃഷ്ണപുരം

ഫ്രന്റ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് – കുളക്കാട്ടുകുറുശ്ശി

നീലിമ സ്പോർട്സ് ക്ലബ്ബ് – നീലിമംഗലം

പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികളോടും അനുബന്ധിച്ച് മഹിളാ സമാജങ്ങൾ റജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്.

വായനാശീലം വ്യാപകമാക്കാൻ സഞ്ചരിക്കുന്ന ലൈബ്രറി പരിപാടി വ്യാപിപ്പിക്കണം.

ഒരു വീട്ടിൽ നിന്ന് ഒരാളെങ്കിലും തൊട്ടടുത്ത വായനശാലയിൽ അംഗങ്ങളാക്കി ചേർക്കുന്നതിന് പരിശ്രമിക്കണം.

ശ്രീകൃഷ്ണപുരം ചന്തപുരയിൽ സാംസ്കാരിക നിലയം സ്ഥാപിക്കുക.

സാംസ്കാരിക നിലവാരം തകർക്കുന്ന പ്രസിദ്ധീകരണങ്ങൾക്കെതിരെ ശക്തമായ പ്രചരണം സംഘടിപ്പിക്കണം.

നിലവിൽ കുളക്കാട്ടുകുറുശ്ശി കേന്ദ്രമായി പ്രവർത്തിക്കുന്ന സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം.

സാഹിത്യസെമിനാറുകൾ വായനശാലകൾ കേന്ദ്രീകരിച്ച് മാസത്തിൽ ഒരു തവണയെങ്കിലും നടത്തണം.

പാഠ്യപദ്ധതിയിൽ മനഃശാസ്ത്രവിഷയങ്ങൾ ഉൾപ്പെടുത്തണം.

# 13



# വനിതാ ക്ഷേമം – വികസന റിപ്പോർട്ട്

*ആമുഖം*

ഇന്നലെകളിലേക്ക് തിരിഞ്ഞ്നോക്കുമ്പോൾ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകാനായല്ലെങ്കിലും മാനസികമായി കരുത്തേകാൻ നമ്മുടെ മുൻതലമുറക്കാർക്ക് കഴിഞ്ഞിട്ടുണ്ട്. പൊതുരംഗത്തേക്ക് സ്ത്രീകൾ സമൂഹത്തിന്റെ ആഗ്രഹത്തിനനുസരിച്ച് വരുന്നില്ലെന്നുകാണാം. ഇവരിൽ ഒരു മാറ്റമുണ്ടാക്കുന്നതിന് പുതിയ വികസനസംസ്കാരത്തിന് കഴിയും.

ശ്രീകൃഷ്ണപുരം പഞ്ചായത്തിന്റെ വിശേഷാൽ ഗ്രാമസഭകളിൽ സ്ത്രീ പങ്കാളിത്തം 28% ആയിരുന്നു. ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവെയ്ക്കുവാൻ അവരിൽ പലർക്കും കഴിഞ്ഞിട്ടുണ്ട്. ഈ നിർദ്ദേശങ്ങളിൽ പലതും അവരുടെ പ്രശ്നങ്ങളിലേക്ക് വെളിച്ചം വീശുന്നു. ക്രിയാത്മകമായ ഒരു സ്ത്രീ സമൂഹത്തെ വാർത്തെടുക്കണമെങ്കിൽ അവരുടെ സാമൂഹ്യസാമ്പത്തികരംഗങ്ങളിൽ സാരമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. സ്ത്രീകളുടെ സാമ്പത്തിക പദവി വിലയിരുത്താൻ താഴെകൊടുത്ത പട്ടിക സഹായകമാകും.

## *തൊഴിലടിസ്ഥാന പട്ടിക*

| വർഷം | പഞ്ചായത്തിലെ ജനസംഖ്യ | കർഷക തൊഴിലാളികൾ | | കുടിൽ വ്യവസായം | | മറ്റുതൊഴിലിൽ ഏർപ്പെട്ടവർ | | ഭാഗികമായി തൊഴിലുള്ളവർ | | തൊഴിൽ രഹിതർ | |
|---|---|---|---|---|---|---|---|---|---|---|---|
| | | പുരു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രി | പു | സ്ത്രീ | പു | സ്ത്രീ |
| 1981 | 15441 | 249 | 230 | 27 | 41 | 440 | 163 | 129 | 99 | 1280 | 2212 |
| 1996 | 18610 | 301 | 278 | 33 | 50 | 532 | 197 | 156 | 120 | 1549 | 2677 |

സ്ത്രീകളെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു മുഖ്യ പ്രശ്നം തൊഴിലില്ലായ്മയാണ്. പുരുഷന്റെ സമ്പാദ്യംകൊണ്ടുമാത്രം ഇന്നത്തെ സാഹചര്യത്തിൽ ഒരു കുടുംബം നല്ലനിലയിൽ നടത്തിപ്പോരുവാൻ സാദ്ധ്യമല്ല. സ്ത്രീകളിൽ ചിലർ ഭാഗികമായി മാത്രം തൊഴിലുള്ളവരാണ്. 40% സ്ത്രീകൾ കാർഷികമേഖലയെ ആശ്രയിക്കുന്നവരാണ്. കാർഷിക രംഗത്തുണ്ടായ തകർച്ച കാരണം അവരുടെ തൊഴിൽ സാദ്ധ്യതകൾ കുറഞ്ഞുവരുകയാണ്. അതുകൊണ്ടുതന്നെ മറ്റു തൊഴിൽ മേഖലകളെ അവർ ശരണം പ്രാപിക്കുന്നു. എന്നാൽ അവിടെയും അവർക്ക് പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്നു. കെട്ടിടം, റോഡ്, എന്നിങ്ങനെയുള്ള നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് സ്ത്രീകൾ നീങ്ങിക്കൊണ്ടിരിക്കുന്നത് നമുക്ക് കാണാൻ കഴിയുന്നുണ്ട്. കൂലിയിൽ ഉള്ള അന്തരവും, ലിംഗപരമായ വിവേചനവും ഇവിടെ പ്രകടമാണ്. നാണ്യ വിളകൾക്ക് കൂടുതൽ പ്രാധാന്യം കൊടുത്ത് കാണുന്നതിനാൽ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത വീണ്ടും കുറയുന്നു. സ്ത്രീകൾക്ക് തൊഴിൽ ചെയ്യാൻ പറ്റുന്ന വ്യവസായ യൂണിറ്റുകളൊന്നും കാര്യമായി ഈ പഞ്ചായത്തിലില്ല. സോപ്പ് നിർമ്മാണം, തീപ്പെട്ടി നിർമ്മാണം എന്നിവ ഉണ്ടെങ്കിലും വേതനം കുറവാണ്.

സാമൂഹ്യ സാമ്പത്തിക പരാധീനതകൾ ഉള്ള കുടുംബങ്ങളാണ് ഈ പഞ്ചായത്തിൽ കൂടുതലായുള്ളത്. അത് സ്ത്രീ വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്നു. പെൺകുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ രക്ഷിതാക്കൾ വേണ്ടത്ര ശ്രദ്ധകാണി ക്കുന്നില്ല. അതുകൊണ്ടുതന്നെ ഉയർന്ന തൊ ഴിൽ സാദ്ധ്യതകൾ സ്ത്രീകൾക്ക് ലഭിക്കുന്നില്ല. വിവാഹം തുടങ്ങിയ കാര്യങ്ങൾക്ക് സ്ത്രീധനമായും മറ്റും കൂടുതൽ പണം മുടക്കേണ്ടി വരുന്നു എന്നതുകൊണ്ട് വിദ്യാഭ്യാസയോഗ്യത ഉണ്ടെങ്കിലും പലപ്പോഴും തൊഴിൽ രംഗത്തേക്ക് കടന്നു വരാൻ സാധിക്കാതെ വരുന്നു. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് DWCRA യൂണിറ്റുകളുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ കാര്യക്ഷമമായിനടക്കുന്നില്ല.

സ്ത്രീകൾ കുടുംബിനാഥകളായിട്ടുള്ള നാനൂറോളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അതുകൊണ്ടുതന്നെ മാനസികമായി അവർക്ക് നിരവധി ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നു. 2677 സ്ത്രീകൾ ഇവിടെ തൊഴിൽ രഹിതരായിട്ടുണ്ട്. ഇവരിൽ ചിലർ ആടുമാടുകളെ മേക്കുക, വിറക് ശേഖരിക്കുക, കന്നുകാലികൾക്ക് തീറ്റ ശേഖരിക്കുക എന്നിങ്ങനെയുള്ള നിരവധി കാണാപണികളിൽ ഏർപ്പെട്ടിരിക്കുന്നു. ക്ഷീരോല്പാദനമേഖലയിലും സ്ത്രീകളുടെ പങ്കാളിത്തം പ്രകടമാണ്.

## *വിദ്യാഭ്യാസം*

ഈ പഞ്ചായത്തിൽ പെരുമാങ്ങോട് എ.എൽ.പി. സ്ക്കൂളിന്റെ പിറവിയാണ് സ്ത്രീകളെ ഔപചാരിക വിദ്യാഭ്യാസരംഗത്തേക്ക് കൊണ്ടുവന്നത്. ആദ്യകാലത്ത് വിദ്യഭ്യാസം നേടിയ സ്ത്രീകളിൽ ഏതാനും പേർ അദ്ധ്യാപികമാരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഈ ഗ്രാമത്തിൽ ഇല്ലാതിരുന്നതിനാൽ പലരും പ്രാഥമിക വിദ്യാഭ്യസം കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. ഉന്നത വിദ്യാഭ്യാസത്തിനായി ചെർപ്പുളശ്ശേരിയിലോ, കടമ്പഴിപ്പുറത്തോ പോകേണ്ടിയിരുന്നു. എന്നാൽ ഇന്ന് സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. ബിരുദധാരിണികൾ ഡോക്ടർമാരായും എഞ്ചിനീയർമാരായും കോളേജ് ലക്ചറർമാരായും ഈ ഗ്രാമത്തിലുണ്ടെങ്കിലും ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ പുറകിലാണ്. പ്രീ-ഡിഗ്രിതലം വരെ പെൺകുട്ടികളെ കൂടുതലായി വിദ്യാഭ്യാസ രംഗത്ത് കാണാം. പട്ടിക ജാതിയിൽപ്പെട്ട പെൺകുട്ടികൾ വിദ്യാഭ്യാസ രംഗത്ത് വിരളമാണെങ്കിലും ഈ പഞ്ചായത്തിൽ അതേ വിഭാഗത്തിൽ തന്നെയുള്ള

ഒരു പെൺകുട്ടി ഡോക്ടറായി സേവനം അനുഷ്ഠിക്കുന്നു എന്നത് അഭിമാനാർഹമായ നേട്ടമാണ്. മുസ്ലീം സമുദായത്തിൽ സ്ത്രീകൾ വിദ്യാഭ്യാസ രംഗത്ത് വളരെ കുറഞ്ഞുകാണുന്നു. ആ സ്ഥിതി മാറ്റേണ്ടതുണ്ട്. സ്ത്രീകളുടെ നേതൃത്വത്തിലുള്ള 16 അംഗൻവാടികൾ ഇവിടെ സജീവ മായി പ്രവർത്തിക്കുന്നുണ്ട്.

## ആരോഗ്യം

ശിശുമരണ നിരക്ക്, ജനന നിരക്ക്, മാതൃ നിരക്ക്, ആയുർദൈർഘ്യം എന്നിവ കേരളത്തി ലേതുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ പഞ്ചായത്തിൽ വലിയ ഏറ്റകുറച്ചിൽ കാണു ന്നില്ല. പഞ്ചായത്തിലെ ആകെ ജനസംഖ്യ 18,610 ആണ്. പുരുഷന്മാരുടെ എണ്ണം 8936 ആണ്. 9674 സ്ത്രീകളാണുള്ളത്. ഇതിൽ പട്ടിക ജാതി ജനസംഖ്യ 3718 ആണ്. 9674 സ്ത്രീ കളിൽ 158 ഗർഭിണികളുണ്ട്. 131 പേർ മുലയൂട്ടുന്നവരാണ്. 4 മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. In patient വിഭാഗത്തിൽ 1144 ഉം out patient വിഭാഗത്തിൽ 2757 പേരുണ്ട്. ഇതിൽ കൂടുതലും സ്ത്രീകളാണ്. പോഷകാഹാരക്കുറവുമൂലം വിളർച്ച സ്ത്രീ കളിൽ കൂടുതലായിക്കാണപ്പെടുന്നു. സ്ത്രീകളുടെ ആരോഗ്യത്തിൽ പുരുഷന്മാർ വേണ്ടത്ര പ്രാധാന്യം കല്പിക്കാത്തതാണിതിനുകാരണം. ചുമരുണ്ടെങ്കിലേ ചിത്രമെഴുതൂ എന്നകാര്യം എന്തുകൊണ്ടോ പൊതുവേ വിസ്മരിക്കപ്പെടുന്നു. ജോലി ഭാരക്കൂടുതലും പോഷകാഹാര ക്കുറവും കാരണം സ്ത്രീകളുടെ ആരോഗ്യം മോശമായി വരുന്നുണ്ട്.

സമൂഹത്തിൽ താഴ്ന്ന വിഭാഗത്തിൽ ശുചത്വബോധം പൊതുവെ കുറവായിക്കാണപ്പെ ടുന്നു 25% താഴെമാത്രമേ വൃത്തിയുള്ള കക്കൂസുകൾ ഉള്ളൂ. ശുദ്ധജല ദൗർലഭ്യം ഈ പഞ്ചായത്തിലുടനീളം കണ്ടുവരുന്നു. വൃത്തിയില്ലായ്മ കൂടുതലും കാണുന്നത് കോളനികളോ ടനുബന്ധിച്ചാണ്.

## സാമൂഹിക പദവി

സ്വാതന്ത്ര്യസമര കാലഘട്ടംതൊട്ട് പൊതു രംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം ഇവിടെ കുറവായി കാണപ്പെടുന്നു. ഫ്യൂഡലിസത്തിന്റെ അവശിഷ്ടങ്ങളിന്നും ഹൃദയത്തിൽ സൂക്ഷിക്കുന്നവരാണ് ഭൂരിഭാഗം സ്ത്രീകളും. അതുകൊണ്ടുതന്നെ പൊതുവേദികളിൽ അവർ അദൃശ്യരാണ്. ജനാധിപത്യ മഹിളാ അസോസിയേഷൻ, മഹിളാ സമാജം, അന്തർജന സമാജം, അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് യൂണിയൻ എന്നിങ്ങനെയുള്ള വനിതാ നേതൃത്വത്തിലുള്ള സംഘടനകളിൽ നാമമാത്രമായി സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവർക്ക് അർഹമായ സ്ഥാനം ലഭിക്കുന്നില്ല. ഇന്ന് നിലവിലുള്ള വനിതാ ക്ഷേമ പദ്ധതികൾ പലതും അർഹരായ വർക്ക് ലഭിക്കുന്നില്ല. വിധവാ പെൻഷൻ, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനുള്ള സഹായധനം എന്നിവയുടെ തുക തീരെ അപര്യാപ്തമാണ്. ഈ പദ്ധതികൾ ചുവപ്പു നാട കളിൽ കുരുങ്ങി വേണ്ട സമയത്ത് ഉപയോഗത്തിന് ലഭിക്കുന്നുമില്ല. ഈ പഞ്ചായത്തിൽ പുരുഷന്മാരുടെ മദ്യപാനം, ചീട്ടുകളി മുതലായ ദുശ്ശീലങ്ങൾകൊണ്ട് ദുരിതമനുഭവിക്കുന്ന സ്ത്രീകൾ നിരവധിയാണ്. എന്നാൽ സ്ത്രീകൾക്ക് നേരേയുള്ള അതിക്രമങ്ങൾ പൊതുവെ കുറവാണ്.

## പ്രശ്നങ്ങൾ

1. കാർഷിക മേഖലയിൽ തൊഴിലവസരം നഷ്ടപ്പെടുന്നു. പലപ്പോഴും സ്ത്രീകൾ അവഗണിക്കപ്പെടുകയും ചെയ്യുന്നു.
2. സ്വയംതൊഴിൽസംരംഭങ്ങളിൽ സ്ത്രികൾ വേണ്ടത്ര താല്പര്യം കാട്ടുകയോ, സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല. സാമ്പത്തിക ഞെരുക്കം ഇതിനൊരു കാരണമാണ്.
3. തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള പരിജ്ഞാനമില്ലായ്മ.
4. വിപണനസൗകര്യമില്ലായ്മ.
5. തുല്യജോലിക്ക് തുല്യ വേതനം കിട്ടാത്ത അവസ്ഥ.
6. നിലവിലുള്ള പല ക്ഷേമ പദ്ധതികളെക്കുറിച്ചും അറിവില്ലായ്മ.
7. സാമ്പത്തിക സ്വാതന്ത്ര്യം പലപ്പോഴും സമ്പാദ്യമുള്ളവർക്കുപോലും കിട്ടാതെ വരുന്നു.
8. തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് കുട്ടികളെ ശ്രദ്ധിക്കുന്നതിന് സമയക്കുറവ് അനുഭവപ്പെടുന്നു.
9. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ.
10. ശാസ്ത്രീയബോധത്തിന്റെ അഭാവം അന്ധവിശ്വാസങ്ങളിലേക്കും അനാചാരങ്ങളിലേക്കും അവരെ നയിക്കുന്നു.
11. ഇല്ക്ട്രോണിക് മാദ്ധ്യമങ്ങൾക്കും മാ പ്രസിദ്ധീകരണങ്ങൾക്കും അടിമകളാകുന്നതിനാൽ സാംസ്കാരിക അപചയം നേരിടുന്നു.
12. കലാകായികരംഗങ്ങളിൽ ശോഭിച്ചിരുന്നവർ പിൻകാലത്ത് അദൃശ്യരാകുന്നു.
13. ഭാരിച്ച സ്ത്രീധനം നൽകണമെന്നതുകൊണ്ട് രക്ഷിതാക്കൾ പെൺകുട്ടികളുടെ തൊ ഴിൽ സാദ്ധ്യതകളെക്കുറിച്ച് ചിന്തിക്കാറില്ല.
14. കുടിവെള്ളപ്രശ്നം വിലക്കയറ്റം എന്നിവ സ്ത്രികളെ നിരന്തരമായി അലട്ടുന്ന പ്രശ്നങ്ങളാണ്.
15. അംഗൻവാടി അദ്ധ്യാപികമാർ ന്യായമായ വേതനം കിട്ടാതെ വിഷമിക്കുന്നു. അവരെ രണ്ടുതട്ടുകളാക്കി വേർതിരിക്കുന്നു.
16. വിദ്യാലയങ്ങൾക്കു സമീപം പാൻപരാഗ് പോലുള്ള സാധനങ്ങൾ വിൽക്കുന്നത് കുട്ടികളുടെ ആരോഗ്യത്തേയും മാനസിക വളർച്ചയേയും ബാധിക്കുന്നു.,
17. സാമൂഹ്യ സേവന രംഗങ്ങളിൽ സ്ത്രീകൾ ധീരമായി രംഗത്തിറങ്ങുന്നില്ല.

## സാദ്ധ്യതകൾ

1. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തുക.

2. പച്ചക്കറി കൃഷി, കുറ്റിമുല്ല, ഔഷധസസ്യം എന്നിങ്ങനെയുള്ള കൃഷികൾക്ക് ആവശ്യമായ സഹായം സഹകരണാടിസ്ഥാനത്തിൽ നൽകുകയും വിപണന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുക. വനിതാ സഹകരണ സംഘങ്ങൾക്ക് ഇതിന്

നേതൃത്വം നൽകാനാകും

3. തുല്യജോലിക്ക് തുല്യവേതനം നൽകണം.

4. ഓരോ തൊഴിൽ മേഖലയിലും വേതന നിരക്ക് നിജപ്പെടുത്തണം.

5. വ്യാവസായക യൂണിറ്റുകൾ വനിതാ സഹകരണ സംഘം മുഖേന തുടങ്ങണം. 125 ൽ പരം വനിതാ മെമ്പർമാരുള്ള വനിതാ സഹകരണസംഘം ഇവിടെയുണ്ട്. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. റെഡിമേഡ് ഗർമെന്റസിനുവേണ്ടി അനുവധിച്ചിട്ടുള്ള 50,000 രൂപ വേണ്ടവിധത്തിൽ വിനിയോഗിക്കണം. അംഗസംഖ്യ വർദ്ധിപ്പിക്കാനുള്ള സത്വര നടപടികൾ എടുക്കണം.

6. ചന്ദനത്തിരി, കുട, ബാഗ്, പ്ലാസ്റ്റിക് സാധനങ്ങൾ, തീപ്പെട്ടി, ജാമുകൾ, അച്ചാറുകൾ, സോപ്പ്, കറിപൗഡർ എന്നിവയുടെ നിർമ്മാണവും, ബുക്ക്ബൈൻഡിംഗും ഏറെ സാദ്ധ്യതകൾ ഉള്ള യൂണിറ്റുകളാണ്. പഞ്ചായത്ത് മുഖേന തന്നെ വിപണന സൗകര്യങ്ങൾ ഇവക്ക് കണ്ടെത്തണം.

7. പരമ്പരാഗത കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണം. ഏറെ തൊ ിൽ സാദ്ധ്യതകളുള്ള മാല നിർമ്മാണം (ലക്ഷം വീട് കോളനിയെ കേന്ദ്രീകരിച്ച്) പ്രോൽസാഹിപ്പിക്കുകയും സാമ്പത്തിക സഹായം നൽകുകയും വേണം. വട്ടി, കുട്ട, പായ നെയ്ത്ത്, ചെരിപ്പുനിർമ്മാണം, പപ്പടം, കളിമൺപാത്രം, മുറുക്ക്, തുടങ്ങിയ പരമ്പരാഗത കുടിൽ വ്യവസായങ്ങളിലേർപെ ട്ടിരിക്കുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുകയും, ചെറിയ തോതിൽ യന്ത്ര വൽക്കരിക്കുകയും ചെയ്യണം.

8. ക്ഷീരോൽപാദനത്തിനും, വിപണനത്തിനും സഹായകമായ വിധത്തിൽ ഒരു പാൽ സൊസൈറ്റി സ്ഥാപിക്കുക.

9. തൊഴിൽ നിയമങ്ങളെക്കുറിച്ചും, തൊഴിലവസരങ്ങളെക്കുറിച്ചും സ്ത്രീകൾക്കിടയിൽ ബോധവൽക്കരണം നടത്തുക.

10. അദ്ധ്വാനത്തെ ചൂഷണം ചെയ്യുന്ന തരത്തിലുള്ള മനോഭാവം മാറ്റുക.

11. നിലവിലുള്ള ക്ഷേമ പദ്ധതികളെക്കുറിച്ചും അവ ലഭ്യമാക്കുന്ന ഓഫീസുകളെക്കുറിച്ചും ഉള്ള വിവരങ്ങൾ സന്നദ്ധ സംഘടനകൾ വഴിയോ മഹിളാ സമാജങ്ങൾ വഴിയോ സ്ത്രീകളിൽ എത്തിക്കണം.

12. സ്വത്ത് ക്രയവിക്രയം ചെയ്യാൻ സ്ത്രീകളുടെ അനുവാദം വാങ്ങുകയും ഇതനുസരിച്ച് നിയമം ഭേദഗതി ചെയ്യുകയും വേണം.

13. സ്ത്രീ പുരഷ സമത്വം കുടുംബങ്ങളിലും പ്രാവർത്തികമാക്കാൻ പുരുഷന്മാരെ ബോധവൽക്കരിക്കണം.

14. തൊഴിലെടുക്കുന്ന സ്ത്രീകളുടെ സൗകര്യത്തിനായി ക്രെഷുകൾ ഏർപ്പെടുത്തണം.

15. പൊതു സ്ഥലങ്ങൾ, അംഗൻവാടികൾ, സ്ക്കൂളുകൾ, എന്നിവിടങ്ങളിൽ പ്രാഥമിക സൗകര്യങ്ങളേർപെ ടുത്തണം.

16. വനിതകൾക്കുവേണ്ടി പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുകയും അതിന്റെ നേതൃത്വത്തിൽ ശാസ്ത്രാവബോധം സ്ത്രീകളിൽ ഉളവാക്കുകയും ചെയ്യണം.

അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും, 'മ' പ്രസിദ്ധീകരണങ്ങളുടേയും ഊരാകുടുക്കുകളിൽ നിന്ന് സ്ത്രീകളെ മോചിപ്പിക്കുന്നതിനും, മാതൃഭാഷയോട് സ്നേഹം വളർത്തുന്നതിനും ഉതകുന്ന വിധത്തിലുള്ളക്രിയാത്മകമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. അതിനായി പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ച് ചർച്ചകളും, സെമിനാറുകളും സംഘടിപ്പിക്കണം. കലാകായിക പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കുകയും വേണം.

17. നിലവിലുള്ള കലാസമിതികളിൽ കൂടുതൽ സ്ത്രീകളെ പ്രവർത്തനരംഗത്തേക്ക് കൊണ്ടുവരണം. സ്ത്രീകളിൽ നല്ല വായനാശീലമുണ്ടാക്കുന്നതിന് സഞ്ചരിക്കുന്ന വായനശാലകൾ ഉതകും. ഈ പഞ്ചായത്തിപ്പെട്ട കുളക്കാട്ടുകുറിശിയിലെ ഏക വനിതാ വായനശാല സജീവമാക്കാൻ സാമ്പത്തിക സഹായം നൽകണം.

18. കായികരംഗത്ത് പെൺകുട്ടികളുടെ കഴിവ് വളർത്തിയെടുക്കുന്നതിൽ പ്രത്യേക കളിസ്ഥലങ്ങൾ നിർമ്മിച്ച് സ്പോർട്സ് ഉപകരണങ്ങൾ നൽകണം.

19. സ്ത്രീകളുടെ നേതൃത്വത്തിൽ സ്ത്രീധനസമ്പ്രദായത്തിനും, സ്ത്രീ പീഡനത്തിനും വിവാഹാഡംബരത്തിനും എതിരായി പ്രതികരിക്കുകയും, നിയമപരമായ നടപടികൾ സ്വീകരിക്കുകയും വേണം.

20. സാമ്പത്തിക പരാധീനത അനുഭവിക്കുന്നവർക്കുകുടി ക്ഷേമപദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കണം.

21. ഈ പഞ്ചായത്തിലുള്ള ഏക വനിതാ industrial institute കാര്യക്ഷമമാക്കുകയും, പരിശീലനം കഴിഞ്ഞ് പുറത്ത്വരുന്നവർക്ക് തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തുവാൻ സഹായിക്കുകയും വേണം.

22. 200 മീറ്റർ ചുറ്റളവിൽ ശുദ്ധജലമെത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

23. കുറഞ്ഞചിലവിലുള്ള കക്കൂസുകൾ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ കോളനികളെ കേന്ദ്രീകരിച്ചുകൊണ്ട് നിർമ്മിക്കണം.

24. ശ്രീകൃഷ്ണപുരം പി. എച്ച്. സി. യിൽ ഒരു വനിതാ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുകയും, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വേണം.

25. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കണം.

26. പി. എച്ച്. സി. സെല്ലും, ലീഗൽ സെല്ലും ബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തന ക്ഷമമാക്കണം

സ്ത്രീകളുടെ സാമ്പത്തിക സാമൂഹിക പദവി ഉയർത്താനുതകുന്ന പദ്ധതികളുടെ ആവിഷ്ക്കരണത്തിലൂടെ മാത്രമേ വികസനപ്രക്രിയയിലെ പ്രധാന വെല്ലുവിളി മുറിച്ചുകടക്കാനാകൂ. ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ വനിതാ ക്ഷേമം ഉറപ്പുവരുത്തുമെന്നാശിക്കാം.



14

# സഹകരണം

രണ്ടാംലോകമഹായുദ്ധാനന്തരം തകർന്നടിഞ്ഞ സമ്പദ്വ്യവസ്ഥയുടെയും അതി രൂക്ഷമായ നാണയപ്പെരുപ്പത്തിന്റെയും ഫലമായി സാധാരണക്കാരുടെ സാമ്പത്തിക സ്ഥിതി ദയനീയ പതനത്തിലെത്തി. നിത്യോപയോഗസാധനങ്ങളുടെ ദൗർലഭ്യവും അതി രൂക്ഷമായ വിലക്കയറ്റവും ജനജീവിതം ദുഃസ്സഹമാക്കി. നാടിന്റെ സമ്പത്തു മുഴുവൻ യുദ്ധാവശ്യങ്ങൾക്കായി ബ്രിട്ടീഷ് സാമ്രാജ്യത്വം ചെലവഴിച്ചതുകൊണ്ട് നാട്ടിൻപുറത്തുണ്ടായ ക്ഷാമം വിവരണാതീതമായിരുന്നു.

ഹുണ്ടിക പലിശക്കാരിൽ നിന്നും സാധാരണ ജനങ്ങളെ രക്ഷപ്പെടുത്തുന്നതിന്റെ ഭാഗമായാണ് നമ്മുടെ നാട്ടിൽ സഹകരണ പ്രസ്ഥാനം രൂപം കൊണ്ടത്. ശ്രീകൃഷ്ണപുരം കേന്ദ്രമാക്കി പാറോക്കോട്ടിൽ ഗോപാലൻ നായരുടെ നേതൃത്വത്തിൽ ഒരു ഐക്യനാണയസഹകരണസംഘം രൂപീകരിക്കുകയും ചുരുങ്ങിയ പലിശക്ക് സാധാരണക്കാർക്ക് പണം കടം കൊടുക്കുകയും ചെയ്തിരുന്നു. ശ്രീ. ടി. കെ. സി. നാരായണൻ നമ്പൂതിരി, ശ്രീ. ഇ. ചാമിക്കുട്ടിത്തരകൻ എന്നിവരാണ് പിന്നീട് ഈ സംഘത്തെ നയിച്ചത്. പിന്നീട് സംഘം ലിക്വിഡേറ്റ് ചെയ്യപ്പെട്ടു.

ഇതേ കാലഘട്ടത്തിൽ തന്നെ നമ്മുടെ പഞ്ചായത്തിലെ മണ്ണമ്പറ്റ അംശം കൂടി ഉൾപ്പെടുത്തിക്കൊണ്ട് കടമ്പഴിപ്പുറം കേന്ദ്രമാക്കി ശ്രീ. അച്ചാരത്ത് കുട്ടൻ എന്ന ഉണ്ണി ഗുപ്തന്റെ നേതൃത്വത്തിൽ ഒരു ഐക്യ നാണയം സംഘം രൂപീകരിച്ചു. ആ സംഘം ഇപ്പോൾ കടമ്പഴിപ്പുറം സർവ്വീസ് സഹകരണ ബാങ്കായി പ്രവർത്തിക്കുന്നു.

സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1946 ൽ ശ്രീകൃഷ്ണപുരം, കരിമ്പുഴ, എളുമ്പുലാശേരി, കാട്ടുകുളം, താന്നിക്കുന്ന്, മൂത്തേടത്ത് മാടമ്പ് തിരുനാരായണപുരം എന്നീ അംശങ്ങൾ പ്രവർത്തന പരിധി നിശ്ചയിച്ചുകൊണ്ട് മംഗാലാംകുന്ന് ഉല്പാദക ഉപഭോകതൃ സഹകരണ സംഘം രൂപീകരിച്ചു. സർവ്വശ്രീ എം. കെ. എസ്. രാമൻ, പി. സി. നാരായണൻ നമ്പൂതിരി പ്പാട്, സി. ടി. ചൊക്കുണ്ണിത്തരകൻ, ടി. ടി. തമ്മെപ്പണിക്കർ, എം. രാമൻകുട്ടിനായർ, എം. സി. പരമേശ്വരൻ നമ്പൂതിരിപ്പാട്, കെ. പി. കുഞ്ഞിരാമക്കുറുപ്പ്, ടി. ഗോപാലതരകൻ എന്നി വരായിരുന്നു സംഘത്തിന്റെ സ്ഥാപകർ. ശ്രീ. മേലെക്കുളം കൃഷ്ണൻ നായരായിരുന്നു സെക്രട്ടറി. ഗ്രാമീണരുടെ കാർഷികോല്പന്നങ്ങൾ സംഭരിച്ച് സംസ്ക്കരിച്ച് ഉപഭോക്താക്കൾക്ക് ന്യായവിലക്ക് വിതരണം ചെയ്യലായിരുന്നു സംഘത്തിന്റെ പ്രവർത്തനം.

മദ്യനിരോധനം നിലവിൽ വന്നതോടെ തൊഴിൽ നഷ്ടപ്പെട്ട ചെത്തുതൊ ഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്ന് വേണ്ടി 1948ൽ പനംചക്കര ഉല്പാദക സഹകരണ സംഘം രൂപീകരിച്ചു. സർവ്വശ്രീ. കൊങ്ങശ്ശേരി കൃഷ്ണൻ, കൃഷ്ണനുണ്ണി നായർ, മലപ്പുറം കൃഷ്ണൻകുട്ടി, ഗോവിന്ദൻകുട്ടി മാസ്റ്റർ, പി. സി. നാരായണൻ നമ്പൂതിരിപ്പാട്, മഠത്തിൽ ചന്തു, പി. ഉണ്ണാമൻ, എന്നിവരായിരുന്നു സ്ഥാപകർ. മധുരക്കള്ള് ഉല്പാദിപ്പിച്ച് അത് കുറുക്കിയെടുത്ത് ചക്കര ഉണ്ടാക്കി വിപണനം നടത്തിയിരുന്നു.

പൊതുജനങ്ങൾക്ക് ന്യായ വിലക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് ചന്തപ്പുരയിൽ ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ രൂപീകരിച്ചു,. ശ്രീ. ടി. സി. നാരായണൻ നമ്പൂതിരിപ്പാടായിരുന്നു സ്ഥാപകൻ. ഈ സംഘം നഷ്ടത്തിലായതിനാൽ പ്രവർത്തനം നിലച്ചു.

## *സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ.*

ഈ നൂറ്റാണ്ടിന്റെ അദ്യപകുതിയിൽ പ്രവർത്തനം ആരംഭിച്ച മംഗലാംകുന്ന പി. സി./ സി. സൊസൈറ്റിയും കടമ്പഴിപ്പുറം സർവ്വീസ് സഹകരണ ബാങ്കും കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ന്യൂനതകളുണ്ടെങ്കിലും വൈവിദ്യമാർന്ന പദ്ധതികളാവിഷ്ക്കരിച്ച് നടപ്പാക്കി ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. പാഠപുസ്തക വില്പന മാത്രം നടത്തുന്ന സ്ക്കൂൾ സഹകരണസംഘങ്ങൾ 2 എണ്ണം ഉണ്ട്. 1991 – 92, 92 – 93 വർഷങ്ങളിലായി ശ്രീകൃഷ്ണപുരം ആസ്ഥാനമാക്കിക്കൊണ്ട് പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം, ബ്ലോക് വനിതാ സഹകരണ സംഘം, ലേബർ കോൺട്രാക്ട്, സഹകരണ സംഘം ബ്ലോക്ക് കോ–ഓപ്പറേറ്റീവ് മാർക്കറ്റിങ്ങ് സൊസൈറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പാലക്കാട് ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ചിവിടെ പ്രവർത്തിക്കുന്നുണ്ട്. ഒറ്റപ്പാലം കോ – ഓപ്പറേറ്റീവ് മാർക്കറ്റിങ്ങ് സൊസൈറ്റി, ബ്ലോക് ഭവന നിർമ്മാണ സഹകരണ സംഘം, ഒറ്റപ്പാലം കാർഷിക ഭൂവികസന ബാങ്ക് എന്നിവയുടെ പ്രവർത്തന പരിധിയിൽ നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്നുണ്ട്.

## *ശ്രീകൃഷ്ണപുരം സർവ്വീസ് സഹകരണ ബാങ്ക്.*

2000ഓളം കർഷക കുടുംബങ്ങൾ ഈ ബാങ്കിന്റെ പ്രവർത്തന പരിധിയിലുണ്ട്. മുഴുവൻ അംഗങ്ങൾക്കും കാർഷികാവശ്യത്തിനുവേണ്ട വായ്പ നൽകാൻ ഈ സംഘത്തിന് കഴിയുന്നില്ല. പരമാവധി കാർഷിക വായ്പ സംഖ്യ 10,000/ രൂപയാണ്. നെല്ല്, മരച്ചീനി, വാഴ, എന്നീ കൃഷികൾക്കാണ് വായ്പ നൽകുന്നത്. ഭൂ വിസ്തൃതിക്കും ഉല്പാദനചെലവിനും അനുസരിച്ച് വായ്പനൽകാൻ കഴിയണം.

## *കടമ്പഴിപ്പുറം സർവ്വീസ് സഹകരണ ബാങ്ക്.*

1000 ഓളം കർഷക കുടുംബങ്ങൾ പ്രവർത്തന പരിധിയിലുണ്ട്. പരമാവധി കാർഷിക വായ്പ സംഖ്യ 75,000/ രൂപയാണ്. നെല്ല്, മരച്ചീനി എന്നീ കൃഷകൾക്ക് മാത്രമാണ് വായ്പ നൽകുന്നത്. രണ്ടു ബാങ്കുകളിലും കർഷകേതര വായ്പകൾ നൽകുന്നതിന് പുറമെ കൊപ്രാ സംഭരണം, തുണിക്കച്ചവടം, രാസവളം, സിമന്റ് വില്പന, എന്നിവ നടത്തുന്നുണ്ട്.

## പട്ടിക _ 1
## കാർഷിക വായ്പസംഘങ്ങൾ
## (നമ്മുടെ പഞ്ചായത്ത് സംബന്ധിച്ച്മാത്രം)

| നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനപരിധി ദേശങ്ങൾ | മെമ്പർ മാർ | ജീവന ക്കാർ ആകെ | നിക്ഷേ പം | വായ്പകൾ | |
|---|---|---|---|---|---|---|---|
| | | | | | | കാർ ഷികം | കാർഷി കേ തരം |
| 1 | ശ്രീകൃഷ്ണപുരം സർവ്വീസ് സഹകരണ ബാങ്ക് No. F. 1213 | വലമ്പിലിമംഗലം, ഈശ്വര മംഗലം, ശ്രീകൃഷ്ണപുരം, തലയണക്കാട്, കോടർമണ്ണ, (തെക്കുപടിഞ്ഞാറെ ഭാഗം) മംഗലാംകുന്ന്, പെരുമാങ്ങോട്. | | | | | |
| 2 | കടമ്പഴിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് No. F. 1215 | മണ്ണമ്പറ്റ, തോട്ടര, പാർത്തല, പുഞ്ചപ്പാടം, കോടർമണ്ണ. | 1983 | 15 | 50,15,000 | | |

ദീർഘകാല വായ്പനൽകുന്നത് ഒറ്റപ്പാലം ഭൂവികസന ബാങ്കാണ്. ദൂരകൂടുതലുള്ളതിനാൽ ഈ ബാങ്കിനെ വേണ്ടത്ര ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല. സാങ്കേതിക – നിയമ കുരുക്കുകൾ കാരണം ഭവന നിർമ്മാണസംഘത്തിന്റെ പ്രവർത്തനം സൗകര്യപ്രദമല്ല.

വായ്പകളുടെ തിരിച്ചടവിൽ കൃത്യത പുലർത്താൻ കഴിയാത്തത് സംഘങ്ങളുടെ നിലനില്പി നെ ബാധിക്കുന്നുണ്ട്.

വിവിധ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ.

### *കാർഷിക മേഖല*

1. ശ്രീകൃഷ്ണപുരം സർവ്വീസ് സഹകരണബാങ്കും കടമ്പഴിപ്പുറം സർവ്വീസ് സഹകരണ ബാങ്കും കടധന പട്ടിക അനുസരിച്ച് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വായ്പ തിരിച്ചടവിൽ സമയനിഷ്ഠ കാണിക്കാത്തതുകൊണ്ടാണിത്. തിരിച്ചടക്കാൻ ബാക്കിയുള്ള കടങ്ങളെ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി അവയിൽ ദുർബ്ബലജനവിഭാഗങ്ങളുടേത് എഴുതി

തള്ളുകയും ബാക്കി നഷ്ട സംഖ്യക്ക് പലിശ രഹിത വായ്പ ലഭ്യമാക്കുകയും ചെയ്യണം.

2. എല്ലാ കർഷകരെയും അംഗങ്ങളാക്കി മൂലധനം വർദ്ധിപ്പിക്കുക.
3. നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ആ തുക ലാഭകര മായ മേഖലയിൽ വിനിയോഗിക്കുക. ഉദാഹരം; ഭവന വായ്പ, സ്വയം തൊഴിൽ, വാഹന വായ്പ തുടങ്ങിയവ.
4. സർക്കാരിൽ നിന്ന് ലഭ്യമാകുന്ന പലിശ സബ്സിഡി യഥാകാലം കൃഷിക്കാർക്കെത്തിക്കുക.
5. വായ്പ പരിധി ഭൂവിസ്തൃതിയും ആവശ്യവും പരിഗണിച്ച് പുനർനിർണ്ണയം ചെയ്യുക.
6. രാസവളത്തിനു പുറമെ കാർഷികോപകരണങ്ങളും കുറഞ്ഞ വിലക്ക് ലഭ്യമാക്കുക.
7. കടമ്പഴിപ്പുറം സർവ്വീസ് ബാങ്കിന്റെ ഒരു ബ്രാഞ്ച് മണ്ണമ്പറ്റയിലും, ഒറ്റപ്പാലം ഭൂവികസന ബാങ്കിന്റെ ബ്രാഞ്ച് ശ്രീകൃഷ്ണപുരത്തും തുറക്കുക.
8. ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുക.
9. സഹകരണസംഘത്തിലെ മെമ്പർമാർക്ക് പെൻഷൻ സ്കീം നടപ്പിലാക്കുക.

## *പട്ടിക ജാതി സഹകരണസംഘം*

1991 – 92 വർഷത്തിൽ രൂപീകൃതമായ ഈ സംഘത്തിൽ 55 മെമ്പർമാരാണുള്ളത്. സ്ഥലം വാങ്ങാൻ 50,000 രൂപയും കെട്ടിടത്തിന് 2 ലക്ഷം രൂപയും സർക്കാർ ഗ്രാന്റ് അനുവദിച്ചു കിട്ടിയിട്ടുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്തിയിട്ടില്ല. 3,800 ഓളം പട്ടിക ജാതി സമുദായ ക്കാരുള്ള ഈ പഞ്ചായത്തിൽ അവരുടെ ഉന്നമനത്തിനുവേണ്ടി ആരംഭിച്ച ഈ സംഘം ഇപ്പോഴും മുരടിപ്പിലാണ്.

### *നിർദ്ദേശങ്ങൾ*

1. പട്ടികജാതിക്കാരായ മുഴുവൻപേരെയും അംഗങ്ങളാക്കുക.
2. പച്ചക്കറി കൃഷി വികസനത്തിനായി സഹായധനം കൊടുക്കുന്ന പദ്ധതി ആവിഷ്ക്കരി ക്കുക.
3. ലളിത വ്യവസ്ഥകളിന്മേൽ കൃഷിഭൂമി വാങ്ങുവാൻ ദീർഘകാല വായ്പ നൽകുക.
4. വിദ്യാഭ്യാസ സ്കോളർഷിപ്പ് ഏർപ്പെടുത്തുകയും ജോലി ലഭിക്കുന്ന മുറക്ക് തിരിച്ചട ക്കുകയും ചെയ്യുന്ന പദ്ധതി നടപ്പിലാക്കുക.
5. അപകട ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക.
6. ഒരു വീട്ടിൽ നിന്ന് ഒരാളെയെങ്കിലും നിക്ഷേപകനാക്കുക. ഇതിനായി മാസത്തിലൊരി ക്കൽ വാർഡടിസ്ഥാനത്തിൽ ക്യാമ്പ് സംഘടിപ്പിക്കുകയും ഇത് സഹകാരിസമ്പർക്ക പരിപാടിയാക്കുകയും ചെയ്യുക.
7. മൃഗപരിപാലനത്തിന് വായ്പ കൊടുക്കുക. മൃഗങ്ങളെ ഇൻഷ്വർ ചെയ്യുക.
8. കുട്ടികളുടെ വിദ്യാഭ്യാസ ഉപകരണങ്ങൾ ഹ്രസ്വകാല വായ്പയായി കൊടുക്കുക.

## വനിതാ സഹകരണസംഘം

ഇപ്പോൾ ശ്രീകൃഷ്ണപുരം ബ്ലോക്ക് വനിത സഹകരണസംഘം എന്ന പേരിൽ ഒരു സംഘം രൂപീകരിച്ചിട്ടുണ്ട്. 125 മെമ്പർമാരുണ്ട്. 50000 രൂപ പ്രവർത്തന മൂലധനം റെഡിമെയ്ഡ് ഗാർമെന്റിനു വേണ്ടി അനുവദിച്ചിട്ടുണ്ട്. ഈ സംഖ്യ ഉപയോഗപ്പെടുത്തിയിട്ടില്ല. ഇതുകൊണ്ട് നമ്മുടെ പഞ്ചായത്തിലെ വനിതകൾക്ക് ഈ സംഘത്തിന്റെ മെച്ചം ലഭ്യമല്ല. ഈ കുറവ് പരിഹരിക്കാൻ ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ ഒരു വനിത സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളുള്ള നമ്മുടെ പഞ്ചായത്തിൽ വനിതാ ക്ഷേമത്തെ ലക്ഷ്യമാക്കികൊണ്ടുള്ള ആസൂത്രണം നടത്തുന്നതിനായി വനിത സഹകരണസംഘം രൂപീകരിച്ച് പ്രവർത്തിക്കേണ്ടതായിട്ടുണ്ട്.

1. സഹകരണസംഘത്തിൽ അംഗമാകാൻ യോഗ്യതയുള്ള മുഴുവൻ സ്ത്രീകളേയും ഇതിൽ അംഗങ്ങളാക്കണം.
2. വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുംവിധം സ്വയംതൊഴിൽ യൂണിറ്റുകൾ ഈ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കണം. ഉദാ:, കൊട്ടനെയ്ത്ത്, കുട്ടികൾക്കുള്ള പ്ലാസ്റ്റിക് ബാഗ്, നോട്ടുപുസ്തകങ്ങൾ, നെയ്ത്ത്, തീപ്പെട്ടി, അച്ചാറുകൾ, പലഹാര - കറി പൗഡറുകൾ മുതലായവ പരീക്ഷിക്കാവുന്നതാണ്.
3. സഞ്ചരിക്കുന്ന ലൈബ്രറി സംഘടിപ്പിക്കുക.
4. നിലവിലുള്ള എം. എസ്. വൈ വനിതാ സഹകരണസംഘം മുഖേനയാക്കുകയും നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുക.
5. വനിതാ സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക.
6. എല്ലാ വനിതകളും വിദ്യാഭ്യാസം നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. താല്പര്യമുള്ള നിർദ്ധന വിദ്യാർത്ഥികൾക്ക് പഠന സൗകര്യമേർപ്പെടുത്തുക.
7. വനിതകൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കുക.
8. സ്വയംതൊഴിൽ വായ്പകൊടുക്കുക.
9. കോഴിവളർത്തൽ മൃഗപരിപാലനം എന്നിവയ്ക്ക് വായ്പ നൽകുക.
10. പഞ്ചായത്തിൽ ഒരു വനിതാ കാന്റീൻ സ്ഥാപിക്കുക.

## ലേബർ കോൺട്രാക്ട് സഹകരണസംഘം

ശ്രീകൃഷ്ണപുരം ബ്ലോക് ലേബർ കോൺട്രാക്ട് സഹകരണസംഘം എന്നപേരിൽ ഒരു സംഘം രൂപീകരിച്ചിട്ടുണ്ട്. 55 മെമ്പർമാരുണ്ട്. 20,000ക. സർക്കാർ ഓഹരി അനുവധിച്ചു കിട്ടിയിട്ടുണ്ട്. പ്രവർത്തനം തീരെ തൃപ്തികരമല്ല. നമ്മുടെ പഞ്ചായത്തിൽ അസംഘടിത മേഖലയിൽപ്പെട്ട ധാരാളം തൊഴിലാളികളുണ്ട്. ഇവരെ സഹകരണാടിസ്ഥാനത്തിൽ സംഘ ടിപ്പിക്കുകയും പഞ്ചായത്തിലെ മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഇവരുടെ കായിക ശേഷി വിനിയോഗിക്കാൻ ഉതകുന്ന വിധം പഞ്ചായത്തടിസ്ഥാനത്തിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കണം.

## മാർക്കറ്റിംഗ് സൊസൈറ്റി

ശ്രീകൃഷ്ണപുരം ബ്ലോക്കടിസ്ഥാനത്തിൽ ഒരു സംഘം രൂപീകരിച്ചിട്ടുണ്ട്. 120 മെമ്പർമാരുണ്ട്. പ്രവർത്തനം ഇല്ല. തികച്ചും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഉല്പന്നങ്ങൾ ന്യായവിലക്ക് ഏറ്റെടുക്കാൻ കമ്പോളത്തിന്റെ അപര്യാപ്തത ഗ്രാമസഭകളിൽ പൊന്തിവന്നിട്ടുണ്ട്. ഇത് പരിഹരിക്കാനായി പഞ്ചായത്തടിസ്ഥാനത്തിൽ വിപണന സഹകരണസംഘം ആവശ്യമാണ്. എല്ലാ കൃഷിക്കാരേയും ഈ സംഘത്തിൽ അംഗങ്ങളാക്കണം. നിക്ഷേപങ്ങൾ സ്വീകരിക്കണം. ഉല്പന്നങ്ങൾ ന്യായവിലക്കേറ്റെടുക്കുകയും ഉപഭോക്താക്കൾക്ക് മിതമായ വിലക്ക് കൊടുക്കുകയും ചെയ്യാൻ കഴിഞ്ഞാൽ തകർന്നുകിടക്കുന്ന കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കാൻ കഴിയും.

## സ്ക്കൂൾ സഹകരണ സംഘം

ശ്രീകൃഷ്ണപുരം യൂ. പി. സ്ക്കൂൾ, ഹൈസ്ക്കൂൾ, എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ക്കൂൾ സഹകരണസംഘങ്ങൾ ഇപ്പോൾ പാഠപുസ്തക വില്പന മാത്രമാണ് നട ത്തുന്നത്. ഇവയുടെ പ്രവർത്തനം വിപുലീകരിക്കണം.

മേൽക്കാണിച്ച സഹകരണസംഘങ്ങൾക്കുപുറമെ പാടശേഖര സഹകരണസംഘം 2 വാർഡുകൾക്ക് ഒന്ന് എന്ന തോതിലെങ്കിലും ക്ഷീരോല്പാദക സഹകരണസംഘം ചെറുകിട വ്യവസായ സഹകരണസംഘം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സഹകരണസംഘം, കൺസ്യൂമർ സ്റ്റോർ എന്നിവ സംഘടിപ്പിച്ചാൽ കാർഷിക വ്യവസായിക മേഖലയെ വികസിപ്പിക്കാൻ സാധിക്കും. കൂടാതെ താഴെക്കാണിച്ചപ്രകാരം തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ കഴിയും.

തൊഴിൽ സാധ്യത.

| നമ്പർ | സംഘത്തിന്റെ പേര് | തൊഴിൽ | |
|---|---|---|---|
| | | പ്രത്യക്ഷത്തിൽ | പരോക്ഷണത്തിൽ |
| 1 | പട്ടികജാതി | 5 | 235 |
| 2 | വനിത | 7 | 300 |
| 3 | ലേബർ കോൺട്രാക്ട് | 2 | 100 |
| 4 | മാർക്കെറ്റിംഗ് | 2 | – |
| 5 | ചെറുകിട വ്യവസായം | 27 | 9 |
| 6 | പാടശേഖരം | 9 | – |
| 7 | മിൽക്ക് മാർക്കെറ്റിംഗ് | 12 | 9 |
| 8 | തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം | 5 | – |
| 9 | കൺസ്യൂമർ | 2 | – |
| | ആകെ | 71 | 653 |

മുകളിൽ കാണിച്ച ഭൗതികസാഹചര്യങ്ങളും നിലവിലുള്ള വിഭവശേഷിയും ഉപയോഗപ്പെടുത്തി സഹകരണമേഖലയെ പുഷ്ടിപ്പെടുത്താനുള്ള പൊതു നിർദ്ദേങ്ങൾകൂടി സമർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് സെമിനാറിലെ ചർച്ചക്കായി സമർപ്പിക്കുന്നു.

### *നിർദ്ദേശങ്ങൾ*

1. സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്താനും കാര്യക്ഷമത വർദ്ധിപ്പിക്കാനും പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വിദഗ്ധസമിതിയെ തീരുമാനിക്കുക.
2. നിർബ്ബന്ധമായും ഓരോ സംഘവും വർഷത്തിലൊരിക്കൽ ജനറൽബോഡി ചേരുകയും അതിൽ എല്ലാ മെമ്പർമാരും പങ്കെടുത്ത് ക്രിയാത്മക നിർദ്ദേശങ്ങൾ വെയ്ക്കുകയും വേണം.
3. വായ്പകൾ വാങ്ങി വകമാറിചെലവഴിക്കാതിരിക്കാനും കൃത്യസമയത്ത് തിരിച്ചടക്കാനും വേണ്ട ബോധവൽക്കരണം നടത്തുക. വായ്പകളേയും നിക്ഷേപങ്ങളേയും കുറിച്ച് ഭരണസമിതിയും ജീവനക്കാരും മാസാന്ത്യാവലോകനം നടത്തണം.
4. നമ്മുടെ പഞ്ചായത്തിലെ നിക്ഷേപങ്ങൾ മുഴുവൻ സഹകരണസംഘങ്ങളിൽ നിക്ഷേപിക്കാനുള്ള ശീലം വളർത്തുക. (അതുവഴി പണം മുഴുവൻ നമ്മുടെ പഞ്ചായത്തിലെ പ്രത്യുല്പാദന മേഖലകളിൽ മുടക്കുവാനും കഴിയും).
5. സംഘങ്ങളുടെ ബൈലോ കാലാനുസൃതമായി ഭേദഗതിചെയ്യുകയും വൈവിദ്ധ്യമാർന്ന പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.
6. കർഷകേതര വായ്പ ലഭ്യമാക്കാൻ സൗകര്യപ്പെടുന്ന നിലയിൽ ശ്രീകൃഷ്ണപുരത്ത് ഒരു അർബൻ ബാങ്ക് സംഘടിപ്പിക്കുക.
7. തോട്ടര, മണ്ണ മ്പറ്റ, ശ്രീകൃഷ്ണപുരം വാർഡുകളിലെ കുട്ടികൾ സ്ക്കൂൾ പഠനത്തിന് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ മണ്ണമ്പറ്റ കേന്ദ്രമാക്കി ഒരു സഹകരണ ഹൈസ്ക്കൂൾ ആരംഭിക്കുക.

15

# പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം

കോളനികളായും ഒറ്റതിരിഞ്ഞും താമസിച്ചുവരുന്ന 664 പട്ടികജാതിക്കുടുംബങ്ങൾ ശ്രീകൃഷ്ണ പുരം ഗ്രാമ പഞ്ചായത്തിലുണ്ട്. അംഗീകരിക്കപ്പെട്ട പട്ടികജാതിക്കാരുടെ മൊത്തം എണ്ണം 3718. ഇത് പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 20%ത്തോളമാണ്. പാണൻ, ചെറുമൻ, മണ്ണാൻ, പുള്ളൂവൻ, എന്നിവരാണ് ഈ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു അംഗീകരിക്കപ്പെട്ട പട്ടിക ജാതിക്കാർ. പെരുമണ്ണാൻ സമുദായത്തിൽപ്പെട്ട 12 കുടുംബങ്ങളും പുള്ളുവൻ സമുദായത്തിൽ പെ ട്ട 7 കുടുംബങ്ങളും ഗവറ സമുദായത്തിൽപ്പെട്ട 3 കുടുംബങ്ങളും മറ്റർഹരായ സമുദായ ങ്ങളായി ഇവിടെ താമസിക്കുന്നുണ്ട്. ശ്രീകൃഷ്ണ പുരം ലക്ഷംവീട് കോളനിയിൽ പണ്ടാരം എന്ന സമുദായങ്ങളായ 32 കുടുംബങ്ങളുമുണ്ട്. പട്ടിക വിഭാവങ്ങളുടെ എല്ലാ പ്രത്യേകതകളും ഉള്ളവരാണെങ്കിലും ഇവരെ പട്ടിക വിഭാവങ്ങളായി അംഗീകരിച്ചിട്ടില്ല. മാത്രവുമല്ല, മുന്നോക്കമോ, പിന്നോക്കമോ ആയ യാതൊരു ജാതി വിഭാഗത്തിലും ഉൾക്കൊള്ളിച്ചിട്ടില്ലാ ത്തതിനാൽ ജാതി സർട്ടിഫിക്കറ്റ് അധികാരികളിൽ നിന്ന് ലഭിക്കുന്നുമില്ല. അതുകാരണം വിദ്യാഭ്യാസാനുകൂല്യങ്ങളും, ഉന്നത വിദ്യാഭ്യാസ സാധ്യതകളും അവർക്ക് നിഷേധിക്കപ്പെട്ടി രിക്കുകയാണ്.

പഞ്ചായത്തിലെ ആകെ പട്ടിക ജാതി – വർഗ്ഗ വീടുകളുടെ എണ്ണം 664. ഇവരിൽ ദാരിദ്ര്യരേഖക്ക് താഴെ വരുന്നIRDP ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളുടെ എണ്ണം 547. പത്തിൽക്കൂടുതൽ കുടുംബങ്ങൾ താമസിക്കുന്ന കോളനികളുടെ എണ്ണം 43. ഇതിലംഗീകരി ക്കപ്പെട്ട കോളനികൾ 12. ഇവയിൽ I.H.D.P. കോളനികളായി പ്രഖ്യാപിക്കപ്പെട്ടവ. –2.

## പട്ടിക – 1

| വാർഡിന്റെ നമ്പരും | കോളനികളുടെ പേര് | വീടുകളുടെ എണ്ണം | അംഗസംഖ്യ |
|---|---|---|---|
| 1 വലമ്പിലിമംഗലം | ചോലക്കുണ്ട്, ചോലക്കാട്, വടക്കരിക്കുന്ന്, 4 സെന്റ്, | 55 | 216 |
| 2 ഈശ്വരമംഗലം | മുന്നാഴിക്കുന്ന് കിഴക്ക്, മുന്നാഴിക്കുന്ന് പടിഞ്ഞാറ്, മുറിച്ചിറ, വടക്കേക്കര. | 42 | 176 |
| 3 മണ്ണമ്പറ്റ | വടക്കേടത്തുകുന്ന്, മുണ്ടക്കൽ പറമ്പ്, മഠത്തിൽപള്ള, കൊടിയംവട്ടപറമ്പ്, ചീനിക്കുഴി, മാടമ്പിൽത്തൊടി, കാരപ്പള്ള, താഴത്തെപുരക്കൽ, മേലേപുരക്കിൽ | 106 | 500 |

| വാർഡിന്റെ നമ്പരും | കോളനികളുടെ പേര് | വീടുകളുടെ എണ്ണം | അംഗസംഖ്യ |
|---|---|---|---|
| 4 തോട്ടര | മേക്കോട്ടിൽ, തേക്കിൻകാട്, ഇടപ്പുരം, ചേറുങ്ങോട്, പൂളയ്ക്കിൽപള്ള്യാലിൽ, പുളിയക്കാടു തെരുവ്, കുളപറമ്പ്കുന്ന് - പാറയ്ക്കൽ | 72 | 296 |
| 5 തലയണക്കാട് | ഷാരത്തുകുന്ന്, അമ്പലപറമ്പ്, തുവ്വാക്കാട് മനക്കൽപടി, തട്ടേങ്ങാട്, മനക്കളത്തൊടി. | 85 | 340 |
| 6 ശ്രീകൃഷ്ണപുരം | മുതിയാലംകുന്ന്(മുഞ്ഞപ്പാറ - തൂവക്കാട്), ആത്രാട്ടുപറമ്പ്, കിഴക്കേപ്പാട്ടുകുന്ന്, കാളിയാർതൊടി. | 36 | 142 |
| 7 പെരുമാങ്ങോട് | മടായിതൊടി, മുത്തുവളച്ചാൽ, കാനാട്ടുതൊടി, 4 സെന്റ്. പൂഴിക്കളപറമ്പ് | 30 | 170 |
| 8 മംഗലാംകുന്ന് | കുന്നിൻപുറം, കവുങ്ങിൻതൊടി, പാറളിപ്പടി, കാർളിതൊടി, പുല്ലാട്ടുകുഴി, പുളിബിറപ്പടി. | 76 | 302 |
| 9 ശ്രീകൃഷ്ണപുരം പടിഞ്ഞാറ് | മഠത്തിൽതൊടി, മുക്കിരിക്കാട്, തച്ചങ്ങോട്, ലക്ഷംവീട്. | 55 | 242. |
| | ആകെ | ................. | ................. |
| | ഒറ്റപ്പെട്ടവീടുകളും അംഗങ്ങളും | ................. | ................. |
| | ആകെമൊത്തം | ................. | ................. |

### *പട്ടിക - 2*

**താഴെപറയുന്നവയാണ് സർക്കാർ അംഗീകരിച്ചിട്ടുള്ള കോളനികൾ.**

| വാർഡ് | കോളനികൾ |
|---|---|
| 1 | ചോലക്കുണ്ട്, നാലുസെന്റ് |
| 2 | മുന്നാഴിക്കുന്ന് കിഴക്ക്, മുന്നാഴിക്കുന്ന് പടിഞ്ഞാറ്. |
| 3 | മുണ്ടക്കിൽ പറമ്പ്, തുപ്പക്കോട്, കൊളവള്ളി |
| 4 | മേക്കോട്ടുചാള |
| 5 | ഷാരത്തുകുന്ന് |
| 8 | പാർളിപ്പടി |
| 9 | മുക്കിരിക്കാട് കോളനി |

മേൽപറഞ്ഞവ കൂടാതെ 3-ാം വാർഡിലെ വടക്കേടത്തുകുന്ന്, 4-ാം വാർഡിലെ തേക്കിൻ കാട്, എന്നിവയെ I.H.D.P. കോളനികളായും അംഗീകരിച്ചിട്ടുണ്ട്.

കോളനികളിൽ മിക്കതിലും കുടിവെള്ളത്തിനായി കിണറുകൾ കുഴിച്ചിട്ടുണ്ടെങ്കിലും അധിക എണ്ണത്തിലും വേനൽക്കാലങ്ങളിൽ വെള്ളമുണ്ടാകാറില്ല. ചിലതിൽ അടഞ്ഞപാറയായതിനാൽ തീരെ വെള്ളംകിട്ടുന്നില്ല. ചിലപ്രദേശങ്ങളിൽ കുഴൽകിണറുകൾ കുഴിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമാണ്. വേനൽക്കാലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വാട്ടർ സപ്ലേസ്കീം മാത്രമാണ് ശാശ്വതമായ പരിഹാരം. കക്കൂസ്, വൈദ്യുതി, ഗതാഗതം, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വേണ്ടവിധത്തിൽ ഒരു കോളനിയിലും ലഭ്യമല്ല.

ചരിത്രപരമായ കാരണങ്ങളാൽ അടിച്ചമർത്തപ്പെട്ടവരും, ചൂഷണത്തിന് വിധേയരാക്കപ്പെട്ട വരുമായ ഈ വിഭാഗങ്ങൾക്ക് കേരളത്തിൽ നടന്ന സാമൂഹ്യ പരിഷ്ക്കരണങ്ങളിലൂടെ മോചിത രാവാൻ കഴിഞ്ഞെങ്കിലും അവയുടെ അവശിഷ്ടങ്ങൾ അങ്ങിങ്ങായി ഇപ്പോഴും കാണപ്പെടുന്നു. ജാതിപ്പേർ പറഞ്ഞ് വിളിക്കുന്നില്ലെങ്കിലും സവർണ്ണനെ സൂചിപ്പിക്കുന്നതിന് പേരിന്ശേഷവും (ഉദാ:_ നാരായണൻ നായർ) അവർണ്ണനെ സൂചിപ്പിക്കുന്നതിനുമുമ്പും (ഉദാ:- പാണൻ നാരായണൻ) ജാതിപ്പേർ ചേർക്കുന്ന സമ്പ്രദായം രേഖകളിലല്ലെങ്കിലും ഇന്നും നിലനിൽക്കുന്നു. ക്ഷേത്രോത്സവങ്ങൾ പോലുള്ള പൊതു പരിപാടികളിലും വിവാഹം പോലുള്ള ചടങ്ങുകളിലും ജാതിമതഭേദമെന്യേ പങ്കാളിത്തം ഉണ്ടാകാറുണ്ട്. എങ്കിലും പട്ടികജാതി വിഭാഗങ്ങളുടെ വീടുകളിൽ നിന്ന് ഒരുമിച്ചിരുന്നുള്ള ഭക്ഷണരീതി സാർവത്രികമായിട്ടില്ല. അതുപോലെ ശ്രീകൃഷ്ണപുരം ലക്ഷംവീടിലെ പണ്ടാരസമുദായത്തിൽപ്പെട്ടവർ പൊതു പരിപാടികളിലും പൊതു ചടങ്ങുകളിലും സ്വമേധയാ ബന്ധപ്പെടുകയോ, ബന്ധപ്പെടുത്തുകയോ ചെയ്യാറില്ല. ഇങ്ങനെ യൊക്കെയാണെങ്കിലും പച്ചായി ക്ഷേത്രത്തിൽ പട്ടിക ജാതിക്കാർ സ്വമേധയാ കയറാ റില്ല. പഞ്ചായത്തിന്റെ വികസിത പ്രദേശങ്ങളിൽ സവർണ്ണാവർണ്ണ ഭേദങ്ങൾ ഒട്ടുംതന്നെ നിലനിൽ ക്കുന്നമില്ല. സാമ്പത്തികവും വിദ്യാഭ്യാസപരവുമായ വളർച്ചയിലൂടെ മാത്രമേ സാമൂഹികമായ ഉച്ച നീചത്വങ്ങൾക്ക് അറുതി വരുത്താനാകൂ. ഇവരെ ഉദ്ധരിക്കുന്നതിനുവേണ്ടി പദ്ധതികളും ആനുകൂല്യങ്ങളും ഒട്ടേറെയുണ്ടെങ്കിലും അവയെക്കുറിച്ചുള്ള അറിവില്ലായ്മയും, അറിഞ്ഞാൽ തന്നെ അവ ലഭിക്കാനുള്ള സാങ്കേതിക തടസ്സങ്ങളും, ലഭിച്ചാൽ തന്നെ അത് ഫലപ്രദമായി ഉപയോഗിക്കാത്ത പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്.

## *വിദ്യാഭ്യാസം*

സാക്ഷരതാപ്രവർത്തനങ്ങളുടെ ഫലമായി 40 വയസിനുമേൽ പ്രായമുള്ള മിക്കവാറും ആളുകൾക്ക് സ്വന്തം പേരെഴുതാനെങ്കിലുമുള്ള കഴിവ് നേടിയിരുന്നു. പക്ഷേ തുടർ സാക്ഷരതാ പരിപാടിയുടെ അഭാവം അവരെ വീണ്ടും നിരക്ഷരതയിലേക്ക് തള്ളിവിട്ടു. ഈ പ്രായത്തിലുള്ള 60% പേരും ഇന്നും സാക്ഷരരല്ല. 10 വയസിന് താഴെപ്രായമുള്ള കുട്ടികളൊന്നും സ്ക്കൂളിൽ പോകാതെയിരിക്കുന്നില്ല. എന്നാൽ ഒന്നാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സുവരെയുള്ള പഠന ത്തിനിടക്ക് കുറേയേറെ കൊഴിഞ്ഞുപോക്ക് 1995 – 96 വർഷത്തിൽ 74 പേർ പഠനം നിർത്തി യവരാണ്. രക്ഷിതാക്കളുടെ നിരക്ഷരത, കുടുംബത്തിന്റെ സാമ്പത്തിക പരാധീനത എന്നിവ യാണ് കൊഴിഞ്ഞുപോക്കിനുള്ള കാരണങ്ങൾ. ചെറുപ്പത്തിൽതന്നെ കുടുംബബാധ്യതകൾ ഏറ്റെടുക്കേണ്ട സ്ഥിതിയും ചിലർക്ക് വന്നിട്ടുണ്ട്. 1996 – 97 വർഷത്തിൽ 567 പേർ വിദ്യാ ലയങ്ങളിൽ പോകുന്നുണ്ട്. മറ്റർഹരായ സമുദായങ്ങളുൾപ്പെടെ ഈ 567 പേർക്കും ലംപ്സം ഗ്രാന്റ് ലഭിയ്ക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഒരു പ്രീമെട്രിക് ഹോസ്റ്റൽ

ശ്രീകൃഷ്ണപുരത്ത് പ്രവർത്തിച്ചിരുന്നു. അതിപ്പോൾ നിറുത്തലാക്കിയിരിക്കുകയാണ്. ശ്രീകൃഷ്ണപുരം ഹൈസ്ക്കൂളിൽ തന്നെ 20%ത്തോളം പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ സ്ഥലംകണ്ടെത്തി പ്രസ്തുത ഹോസ്റ്റൽ പുനഃസ്ഥാപിക്കാൻവേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

S.S.L.C. ക്കുമേൽ വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെക്കുറവാണ്. തോറ്റാൽ തുടർന്ന് പഠിക്കാനോ ഉപരിപഠനത്തിനോ താല്പര്യം കാണിക്കുന്നില്ല. അർഹരായമുഴുവൻ പേർക്കും സാമ്പത്തിക സഹായം എത്തിച്ചും ഇവരുടെ ഇടയിൽ ബോധവൽക്കരണം നടത്തിയും മാത്രമേ ഇവരെ ഉയർന്ന വിദ്യാഭ്യാസത്തിലേക്ക് നയിക്കാനാവുകയുള്ളൂ.

## *തൊഴിൽ*

പട്ടികജാതിക്കാരിൽ ഭൂരിഭാഗം പേരും കർഷകത്തൊഴിലാളികളാണ്. പെരുമണ്ണാൻ സമുദായത്തിൽ പെട്ടവർ കെട്ടിടനിർമ്മാണതൊഴിലിലും, ഗവറ സമുദായക്കാർ പനമ്പ്, കൊട്ട, മുതലായവ നെയ്യുന്ന തൊഴിലിലും, ലക്ഷം വീട്ടിലെ പണ്ടാരവിഭാഗങ്ങൾ മാല, മരുന്ന് വില്പനയിലും ഏർപ്പെട്ടിരിക്കുന്നു. പട്ടികജാതിക്കാരിൽ 60% സ്ത്രീകളും വിവിധ തൊഴിൽ ചെയ്യുന്നവരാണ്. കാർഷിക രംഗത്തെ തകർച്ച ഈ മേഖലയിലെ തൊഴിൽ സാധ്യതകൾ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ജൂൺമാസത്തിലാരംഭിക്കുന്ന പാടത്തുപണി, തോട്ടംപണി, കൊയ്ത്ത്, പറമ്പുപണി, മകരകൊയ്ത്ത്, വേലിപ്പണി, പുരമേച്ചിൽ ഈ ക്രമത്തിൽ ഒരുകൊല്ലം മുഴുവൻ നീണ്ടുനിന്ന പണികൾ ഇന്ന് കുറഞ്ഞുകുറഞ്ഞു വന്ന് കൊല്ലത്തിൽ നൂറു ദിവസംപോലും പണികിട്ടിത്തവസ്ഥയെത്തി നിൽക്കുകയാണ്. കാർഷിക മേഖലയിൽ നിന്നും പുറത്തുവരുന്ന തൊഴിലാളികൾ കൂടുതലും നിർമ്മാണ രംഗത്തേക്കാണ് വരുന്നത്. നഷ്ടപ്പെടുന്ന തൊഴിൽ ദിനങ്ങൾ നികത്തി ജീവിത നിലവാരം വർദ്ധിപ്പിച്ചെടുക്കുന്നതിന് ഇവരെ മറ്റുതൊഴിൽ രംഗങ്ങളിൽ പുനഃരധിവസിപ്പിക്കേണ്ടിയിരിക്കുന്നു. നെൽപ്പാടങ്ങൾ നികത്തി മറ്റു വിളകൾക്കുപയോഗിക്കുന്നതും, കൂട്ടുമുണ്ടകം പോലുള്ള വിളകൾ ഇറക്കുന്നതും, നിരോധിച്ചും, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും നെൽകൃഷി പ്രോത്സാഹിപ്പിക്കണം. വിദ്യാഭ്യാസപരമായ പുരോഗതി നേടി സേവന രംഗത്തേക്കും, സ്വയംതൊഴിലിലേക്കും ചെറുപ്പക്കാരെ ആകർഷിക്കണം.

***പട്ടിക 3.***

| വാർഡ് | ആകെ പ്രായ പൂർത്തിയായവർ | കർഷക തൊഴിലാളികൾ | നിർമ്മാണ തൊഴിലാളികൾ | സേവന മേഖല | സ്വയം തൊഴിൽ ചെയ്യുന്ന | മറ്റു തൊഴിലുകൾ | തൊഴിലില്ലാത്തവർ |
|---|---|---|---|---|---|---|---|
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |
| 4 | | | | | | | |
| 5 | | | | | | | |

| വാർഡ് | ആകെ പ്രായ പൂർത്തി യായവർ | കർഷക തൊഴിലാ ളികൾ | നിർമ്മാണ തൊഴിലാ ളികൾ | സേവന മേഖല | സ്വയം തൊഴിൽ ചെയ്യുന്ന | മറ്റു തൊഴ 1 ലുകൾ | തൊഴിലി ലില്ലാത്ത വർ |
|---|---|---|---|---|---|---|---|
| 6<br>7<br>8<br>9 | | | | | | | |

## *പാർപ്പിടം*

75% പേർക്കും വീടുണ്ട്. സ്വന്തമായി വീടില്ലാത്ത 25% പേരിൽ ഭൂരിഭാഗത്തിനും സ്വന്തമായി സ്ഥലമില്ലാത്ത സ്ഥിതിയാണ്. ഒരു വീട്ടിൽ തന്നെ 2 ഉം 3 ഉം കുടുംബങ്ങളായി താമസിക്കുന്നവരുണ്ട്. സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൊണ്ട് നിർമ്മിച്ച വീടുകൾ കൃത്യമായി കേടുപാടുകൾ തീർത്ത് സംരക്ഷിക്കാനുള്ള സാമ്പത്തിക ശേഷിയില്ലാത്തതിനാൽ വാസയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട് പല വീടുകളും. ലക്ഷം വീടുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. ശ്രീകൃഷ്ണപുരം ലക്ഷം വീട്കോളനിയിലെ 2 വീടുകൾ പൂർണ്ണമായും നിലംപൊത്തി-പലതും ഈ സ്ഥിതിയിലെത്തിനിൽക്കുകയും ചെയ്യുന്നു. എത്രയും വേഗം ശ്രീകൃഷ്ണപുരം, മണ്ണമ്പറ്റ ലക്ഷം വീടുകൾ കേടുപാടുകൾ തീർത്ത് വാസയോഗ്യമാക്കണം.

## *ആരോഗ്യം*

കുടിവെള്ളക്ഷാമം മിക്കകോളനികളിലും അനുഭവപ്പെടുന്നുണ്ട്. കക്കൂസുകൾ വേണ്ടത്രയില്ല. ലക്ഷം വീട് കോളനികളുടെ സ്ഥിതി ഏറെ ദയനീയമാണ്. മണ്ണമ്പറ്റയിലെ 20 വീടുകൾക്കും കക്കൂസില്ല. ശ്രീകൃഷ്ണപുരം ലക്ഷം വീട്കോളനിയിൽ കക്കൂസ് നിർമ്മിച്ചുകൊടുത്തുവെങ്കിലും കോളനി നിവാസികൾ അവ ഫലപ്രദമായി ഉപയോഗപ്പെടുത്തിയിട്ടില്ല. ജന്മിത്തം നിലനിന്നിരുന്ന കാലത്ത് അടിയാളന്മാരുടെ ശവങ്ങൾ മറവുചെയ്യാനായി പ്രത്യേകം സ്ഥലങ്ങളുണ്ടായിരുന്നു. ചുടലപറമ്പ്, കുടികിടപ്പുകാരന്റെ ശവം സ്വന്തം ഭൂമിയിലടക്കാൻ ഇഷ്ടപ്പെടാത്ത ജന്മി അതിനായി നീക്കിവെച്ച ഉപയോഗശൂന്യമായ പറമ്പുകളായിരുന്നു ചുടല പറമ്പുകൾ. ഇന്നവയില്ല. കിട്ടിയ തുണ്ടുഭൂമിയിൽ വേറെയിടമില്ല. കോളനികളിൽ മരണപ്പെടുന്നവരുടെ ശവമടക്കാൻ സ്ഥലമില്ലാത്ത സ്ഥിതിയാണ്. ഒരു പൊതു ശ്മശാനത്തിനുള്ള സ്ഥലം ഉടനെയുണ്ടാക്കണം.

കോളനികളുടെ വൈദ്യുതീകരണം പൂർത്തിയാക്കണം. ലക്ഷംവീട് പോലുള്ള ജനനിബിഡമായ കോളനികളിൽ വീടുകളിൽ നിന്നുള്ള അഴുക്ക് ജലം ഒഴുകിപോകുന്നതിനായി അഴുക്ക് ചാലുകൾ നിർമ്മിക്കേണ്ടതാണ്. പൊതു കുളങ്ങൾ കുഴിച്ച് കുളിക്കാനും വസ്ത്രങ്ങൾ കഴുകാനുമുള്ള സൗകര്യങ്ങളുണ്ടാക്കണം. സാമ്പത്തിക പരാധീനത കാരണം പോഷകാഹാരം കഴിക്കാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ ശാരീരികവും മാനസികവുമായ ആരോഗ്യക്കുറവ് ഈ വിഭാഗങ്ങളിൽ കാണപ്പെടുന്നുണ്ട്. മദ്യപാനശീലം കൂടുതലായും കണ്ടുവരുന്നത് ഈ വിഭാഗങ്ങളിലാണ്. മദ്യവർജ്ജന പ്രസ്ഥാനങ്ങളെ ശക്തമാക്കിയും ബോധവൽക്കരണം നടത്തിയും

മദ്യപാനത്തിൽനിന്നും പിന്തിരിപ്പിക്കാൻ ശ്രമിക്കേണ്ടിയിരിക്കുന്നു.

## *പ്രശ്നങ്ങൾ*

കഴിഞ്ഞ പദ്ധതികളുടെ ഫലമായും സാമൂഹ്യപരിഷ്കരണങ്ങളുടെ ഫലമായും പട്ടിക വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക നിലയിൽ കുറെയൊക്കെ പുരോഗതി നേടാൻ കഴിഞ്ഞെങ്കിലും മറ്റു ജനങ്ങൾക്കൊപ്പം എത്താൻ ഇന്നും കഴിഞ്ഞിട്ടില്ല. താഴെ പറയുന്ന പ്രശ്നങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്.

1. കോളനികളിൽ കുടിവെള്ള ക്ഷാമം നില നിൽക്കുന്നു. വൈദ്യുതി, കക്കൂസ്, ഗതാഗതം, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇന്നും വേണ്ടത്രയില്ല.
2. പൊതുശ്മശാനം ഇല്ല.
3. തൊഴിൽ സാദ്ധ്യതകൾ കുറഞ്ഞുവരുന്നു, ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു. ദാരിദ്ര്യം, പട്ടിണി വർദ്ധിച്ചുവരുന്നു.
4. ലക്ഷം വീട്, നാലുസെന്റ് കോളനിക്ക് പട്ടയം ലഭിച്ചിട്ടില്ല.
5. വീട് വെക്കുവാൻ സ്ഥലമില്ല, വീടു നിർമ്മിക്കുവാനായി ലഭിക്കുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നില്ല.
6. I. R. D. P. തുടങ്ങിയ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല. വായ്പകളും ധനസഹായങ്ങളും ലക്ഷ്യം നേടുന്നില്ല.
7. ആരോഗ്യസംരക്ഷണ സംവിധാനം വേണ്ടത്ര ലഭ്യമല്ല.
8. നിർദ്ധനകുടുംബത്തിലെ പെൺമക്കളുടെ വിവാഹം, ചികിത്സ തുടങ്ങിയവക്കുള്ള ധന സഹായം യഥാസമയം കിട്ടുന്നില്ല.
9. ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവ് വേണ്ടത്രയില്ല.
10. നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.

## *സാദ്ധ്യകൾ*

1. വിദ്യാർത്ഥികൾക്കു നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപെന്റ്, മറ്റു ധന സഹായങ്ങൾ ഇവ യഥാസമയം ലഭ്യമാകുകയും തുക വർദ്ധിപ്പിക്കുകയും ചെയ്താൽ കൊഴിഞ്ഞുപോക്ക് തടയാനും കൂടുതൽ പേർക്ക് പഠിപ്പ് തുടരാനും കഴിയും. ഹൈസ്ക്കൂളുകളിൽ നിലനിൽക്കുന്ന സംവിധാനങ്ങൾ ഉപയോഗിച്ചുതന്നെ പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം ഏർപ്പാടുണ്ടാക്കാവുന്നതാണ്. S. S. L. C. തോറ്റ വിദ്യാർത്ഥികൾക്ക് തുടർന്ന് നൽകുന്ന ധനസഹായം പര്യാപ്തമല്ല. അതു വർദ്ധിപ്പിച്ച് വേണ്ട സമയത്ത് ലഭ്യമാക്കണം. സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുന്നതിലൂടെ നിലവിലുള്ള നിരക്ഷരരെക്കൂടി സാക്ഷരരാക്കി മാറ്റിയെടുക്കാം.

2. നെൽപ്പാടങ്ങൾ നികത്തി മറ്റു കൃഷികൾക്കും വീടുവെക്കുന്നതിനും മറ്റും ഉപയോഗിക്കുന്നതിനെ തടയാം. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂട്ടുമുണ്ടക സമ്പ്രദായം ഒഴിവാക്കിയും നെൽകൃഷി വർദ്ധിപ്പിക്കുകയാണെങ്കിൽ കൃഷി രംഗത്ത് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുകയും നെല്ലുല്പാദനം കൂട്ടുകയും ചെയ്യാം.

3. പഞ്ചായത്തിൽ നിലവിലുള്ള പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലൂടെ സഹകരണാടിസ്ഥാനത്തിൽ തൊഴിൽ സാധ്യതകൾ ഉണ്ടാക്കിയെടുക്കാം.

4. ലക്ഷം വീട് കോളനികളിലെ തകർന്നുകൊണ്ടിരിക്കുന്ന വീടുകൾ കേടുപാടുകൾ തീർക്കുന്നതിന് ലക്ഷം വീട് നിവാസികളുടേയും സന്നദ്ധസംഘടനകളുടേയും സഹായം തേടാവുന്നതാണ്.

5. ധന സഹായങ്ങൾക്കും വായ്പകൾക്കും ആവശ്യമായ വ്യവസ്ഥകൾ ലളിതമാക്കുകയും എളുപ്പമാക്കുകയും ചെയ്യുന്നതിലൂടെ ഗുണഭോക്താക്കൾക്കവനേടാനും ഉപയോഗിക്കാനും കഴിയും.

6. പൊതു ശ്മശാനത്തിനുവേണ്ടി പഞ്ചായത്തേറ്റെടുത്ത സ്ഥലത്തിനുമേലുള്ള നിയമതടസ്സങ്ങൾ ഒഴുവാക്കുന്നതിനുവേണ്ട ഇടപെടലുകൾ എത്രയും വേഗം നടത്തണം.

7. പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടെ സേവനം മാസത്തിലൊരിക്കലെങ്കിലും കോളനികളിൽ ലഭ്യമാക്കിയാൽ കോളനി നിവാസികളുടെ ആരോഗ്യ സംരക്ഷണം ഫലപ്രദമാക്കാവുന്നതാണ്.

8. സാക്ഷരതാ ക്ലാസ്സുകൾ, സന്നദ്ധസംഘടനകൾ, ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾ, മദ്യവർജ്ജന പ്രസ്ഥാനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിനുള്ള ബോധവൽക്കരണം നിരന്തരമായി നടത്തുന്നതിലൂടെ ഈ അടിസ്ഥാന വർഗ്ഗങ്ങളെ മദ്യത്തിന്റെ പിടിയിൽ നിന്നും മോചിപ്പിക്കാൻ കഴിയും.

ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് പദ്ധതികളെക്കുറിച്ചുള്ളറിവ് അവർക്കുണ്ടാകണം. അതിനുവേണ്ട ബോധവൽക്കരണം നടത്തണം. നിബന്ധനകൾ ലളിതമാക്കണം. പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം ലക്ഷ്യമാക്കി അടിയന്തിര ശ്രദ്ധപതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ ക്കൊടുക്കുന്നു.

1. താമസ സൗകര്യമില്ലാത്ത ഹരിജൻ കുടുംബങ്ങൾക്ക് പഞ്ചായത്ത് സ്ഥലം വാങ്ങി നാല് സെന്റ് വീതം വീതിച്ച് നൽകുക.

2. വീടുകളില്ലാത്ത പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് വീട് അനുവധിക്കുക. വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുക. വൈദ്യുതി എത്തിക്കുക.

3. എല്ലാ കോളനികളിലും കുടിവെള്ളമെത്തിക്കുക. കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിച്ച് കൊടുക്കുക.

4. കോളനികളിലേക്ക് റോഡുകൾ നിർമ്മിക്കുക, അറ്റകുറ്റപണികൾ യഥാസമയം നടത്തുക, റോഡുകൾ ടാർചെയ്യുക.

5. നാലുസെന്റ് കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുക.

6. ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ എല്ലാ കോളനികളേയും I.H.D.P കോളനികളായി അംഗീ കരിക്കുക.

7. തരിശ്ശുഭൂമിയിൽ വിളയിറക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഏർപ്പാട് ചെയ്യുക.

8. സർക്കാർ പലിശരഹിത വായ്പകൾ നൽകി കോളനികളിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ സൗകര്യം ചെയ്യുക.

9. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കിയെടുക്കുക.

10. പട്ടികജാതി / പട്ടികവർഗ്ഗ വ്യവസായ സഹകരണ സംഘം സ്ഥാപിക്കുക.

11. കൂട്ടുമുണ്ടകം കൃഷി അവസാനിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കുക.

12. പട്ടികജാതിക്കാർക്ക് ലഭിച്ച മിച്ചഭൂമിയും കുടിയേറ്റ ഭൂമിയും കൈമാറ്റം ചെയ്യാൻ അനു വദിക്കാതിരിക്കുക, സംരക്ഷിക്കപ്പെടുക.

13. കേടുവന്ന വീടുകൾ കേടുപാടുകൾ തീർക്കാൻ ആവശ്യമായ ധനസഹായമനുവദിക്കുക.

14. കോളനി റോഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

15 സാക്ഷരതാ പ്രവർത്തനങ്ങൾ പുനരാരംഭിക്കുക.

16 ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ ഹൈസ്ക്കൂൾ കേന്ദ്രീകരിച്ച് ആൺകുട്ടികൾക്കും പെൺ കുട്ടികൾക്കും വെവ്വേറെ പ്രീമെട്രിക് വെൽഫയർ ഹോസ്റ്റലുകൾ സ്ഥാപിക്കുക.

17. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഓരോ വാർഡിലും പ്രത്യേ പരിശീലനം കൊടുക്കാനുള്ള ഓരോ സ്ഥാപനങ്ങൾ ഏർപ്പാടുകൾ ചെയ്യുക.

18. ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പെന്റ് തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

19. കോളനികളിൽ ക്രഷെകൾ ഏർപ്പെടുത്തുക.

20. 60 വയസ്സു കഴിഞ്ഞ മുഴുവൻ കർഷകതൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുക.

21. കർഷകതൊഴിലാളികൾക്ക് സൗജന്യ ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തുക.

22. പട്ടികജാതി / പട്ടിക വർഗ്ഗങ്ങളെക്കുറിച്ചുള്ള സമഗ്രമായ സർവ്വേ നടത്തുക.

23. പരമ്പരാഗത കലകളെ പ്രോത്സാഹിപ്പിക്കുക.

24. കോളനികളിലെ കിണറുകളെല്ലാം അടിയന്തിരമായി വൃത്തിയാക്കി കുടിവെള്ളം ലഭ്യ മാക്കുക. പണിപൂർത്തിയാക്കാത്ത കിണറുകൾ പൂർത്തിയാക്കുക.

25. കോളനികളിൽ വിജ്ഞാനകേന്ദ്രങ്ങൾ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ തുടങ്ങുക. ടി. വി. സെറ്റുകൾ സ്ഥാപിക്കുക.

26. പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമവുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങളനുവദിക്കുന്നതിനുള്ള അധികാരവും, ഫണ്ടും പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുക.

കൂടാതെ ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള പട്ടികജാതി / പട്ടികവർഗ്ഗ സഹകരണസംഘവും പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാരുടേയും ആശയാഭിലാഷങ്ങൾ ക്കനുസരിച്ച് പ്രവർത്തനം വിപുലപ്പെടുത്തണം.

പട്ടികജാതി മേഖലയിലെ നിലവിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം സ്വന്തം കാലിൽ നിൽക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം തുടർച്ചയായി ആ മേഖലയിൽ നടത്തണം.

# 16

# തൊഴിൽ

തൊഴിലില്ലായ്മ ഇന്നൊരു സാമൂഹ്യ പ്രശ്നമാണ്. ഇതിനൊരു പരിഹാരമുണ്ടാകണമെങ്കിൽ പുതിയൊരു തൊഴിൽ സംസ്കാരം ഉയർത്തിക്കൊണ്ടുവരേണ്ടിയിരിക്കുന്നു. മനുഷ്യന്റെ ഉപജീവനമാർഗ്ഗം മാത്രമാണ് തൊഴിൽ. സ്വന്തം ബുദ്ധിശക്തിയും കായികശേഷിയും ഉപയോഗിച്ച് സമൂഹത്തിന്റെ ആവശ്യം നിറവേറ്റികൊടുക്കുക എന്നത് തൊഴിലായിക്കാണാനുള്ള മനോഭാവമുണ്ടാക്കണം. കാർഷിക വ്യവസായമേഖലയിൽ കൂടുതൽ തൊ ഴിലവസരങ്ങൾ 9-ാം പദ്ധതിയുടെ ഭാഗമായി ഉണ്ടാകാൻ സാധ്യതയുണ്ട്. എന്നാൽ അസംഘടിതരായി നിൽക്കുന്ന, ക്ഷൗരം, പാചകം, അലക്ക്, ഗൃഹജോലി, കാര്യസ്ഥൻ (കടയിൽ പോകൽ, കരന്റ് ചാർജ് അടയ്ക്കൽ മുതലായവക്ക്) ഇലക്ട്രിക്കൽ വർക്സ് തുടങ്ങിയ രംഗങ്ങളിൽ തൊഴിലവസരങ്ങൾ നിർമ്മിച്ച് അതുവഴി ഇവരെ സംഘടിതരാക്കാനും ശ്രമിക്കാവുന്നതാണ്.

ഇതോടൊപ്പം വിദഗ്ദ തൊഴിൽ ചെയ്യുന്ന (കല്ലുവെട്ട്, ഭിത്തിപടവ്, മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി, തോട്ടം പണി) തൊഴിലാളികളെ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും ഇവരുടെ സേവനം ആവശ്യമുള്ളവർക്ക് നിശ്ചിതസമയത്ത് ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

ഓരോ വിഭാഗം തൊഴിലാളികളുടേയും പ്രത്യേക സംഘങ്ങൾ രൂപീകരിക്കുകയും ഈ സംഘങ്ങളുടെ മേൽനോട്ടത്തിൽ അവരുടെ സേവനം ഉറപ്പു വരുത്തുകയും ചെയ്യണം.



# 17

# വിഭവസമാഹരണം

ശ്രീകൃഷ്ണപുരം ഒരു കാർഷിക ഗ്രാമമാണ്. പ്രധാന കാർഷിക വിള നെല്ലായിരുന്നെങ്കിലും ഇന്ന് ഈ രംഗം വളരെ വലിയ മുരടിപ്പിനെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രധാന വരുമാന മാർഗ്ഗമായ നെൽകൃഷിയുടെ ഉല്പാദകക്ഷമത കുറഞ്ഞുവരികയാണ്. നമ്മുടെ ഗ്രാമത്തിലെ ജനങ്ങൾ ഉപഭോക സംസ്കാരത്തിന്റെ അടിമകളാവുകയാണ്. വ്യവസായ രംഗത്ത് നമുക്ക് മുന്നേറാൻ കഴിഞ്ഞിട്ടില്ല. അതിനാൽ വിഭവസമാഹരണത്തിന് പുതിയ മാനങ്ങൾ തേടി കാർഷിക – വ്യവസായിക മേഖലകളിൽ ഒരു മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ നമ്മുടെ ഗ്രാമത്തിന്റെ യഥാർത്ഥ വികസനം ലക്ഷ്യ പ്രാപ്തിയിലെത്തൂ.

ഗ്രാമീണ മേഖലയായതിനാൽ നമ്മുടെ പഞ്ചായത്തിന്റെ വരുമാനവും കുറവാണ്. 1990 – 91, 1995 – 96 വർഷങ്ങളിലെ വരവുചെലവു കണക്കുകൾ താരതമ്യ പഠനത്തിനുവേണ്ടി താഴെ കൊടുക്കുന്നുണ്ട്. പഠനത്തിനു ശേഷം പുതിയ വിഭവസമാഹരണ സാധ്യതകളെപ്പറ്റി പരിശോധിക്കാം.

*പട്ടിക – 1 വരവ്*

| നമ്പർ | ഇനം | 1990–91 | 1995–96 | വ്യത്യാസം |
|---|---|---|---|---|
| 1 | കെട്ടിട നികുതി | 67206 13 | 112626 10 | 45419 97 |
| 2. | സർവ്വീസ് ചാർജ് (വെള്ളം) | 7643 00 | | |
| 3. | തൊഴിൽ നികുതി | 61140 00 | 59435 00 | 1705 00 |
| 4. | വിനോധ നികുതി | 16734 09 | 28877 29 | 12143 20 |
| 5. | അഡി. വിനോധ നികുതി | 10151 61 | 17518 18 | 7366 57 |
| 6. | പ്രദർശന നികുതി | 690 00 | 2152 00 | 1462 00 |
| 7. | പ്രദർശന സർച്ചാർജ് | 172 50 | 538 00 | 365 50 |
| 8. | ചന്ത വരവ് | 3334 00 | 3667 00 | 333 00 |
| 9. | ലൈസൻ ഫീസ് | 7645 00 | 8744 00 | 1099 00 |
| 10 | വസ്തു കൈമാറ്റ നികുതി | 94071 00 | 81045 00 | 13026 00 |
| 11. | സർക്കാർഗ്രാന്റുകളും മറ്റും ഒഴികെയുള്ള വരവ് | 56194 59 | 185834 75 | 129640 16 |
| 12. | ഡെപ്പോസിറ്റ് | 10685 65 | 39703 52 | 29017 87 |
| 13. | മറ്റുള്ളവ ഗ്രാന്റ് & കോൺട്രിബ്യൂഷൻ | 428620 00 | 876658 00 | 448038 00 |
| | | 764293 57 | 1416798 84 | 652505 37 |

## പട്ടിക – 2 ചെലവ്

| നമ്പർ | ഇനം | 1990–91 | 1995–96 | വ്യത്യാസം |
|---|---|---|---|---|
| 1 | ഭരണം | 236478 25 | 476508 00 | 240029 75 |
| 2 | പെതുമരാമത്ത് | 233603 00 | 464220 00 | 230617 50 |
| 3 | വിദ്യാഭ്യാസം | 5909 20 | 10266 00 | 4356 80 |
| 4 | ജലവിതരണം ഓടകൾ, ആരോഗ്യം | 12856 00 | 164832 00 | 151976 00 |
| 5 | തെരുവ് വിളക്ക് കത്തിക്കുന്നതിന് | 22734 00 | 38736 00 | 16002 00 |
| 6 | മറ്റുള്ളവ | 511580 45 | 322469 74 | 189110 71 |
| | ആകെ | 634850 05 | 1477032 24 | 842182 19 |

മുകളിൽ കൊടുത്തിട്ടുള്ള പട്ടികകൾ പരിശോധിച്ചാൽ പഞ്ചായത്തിന്റെ സാമ്പത്തിക നില തീരെ ഭദ്രമല്ലെന്ന് വ്യക്തമാകും. വരവിനെക്കാൾക്കൂടുതൽ ചെലവ് വരുന്നു, വരവിൽ 90 – 91 നെക്കാൾ ഭേദപ്പെട്ട വർദ്ധനവ് 95 – 96 ൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ചെലവ് 90–91 നെ ക്കാൾ വരവിനെക്കാൾ കുറവായിരുന്നുവെങ്കിൽ 95–96 ൽ വരവിനെക്കാൾ കൂടുകയാണുണ്ടായിട്ടുള്ളത്.

പഞ്ചായത്തിന്റെ 95 – 96 വർഷത്തിലെ സ്വന്തം വരുമാനം 501067 രൂപ 32 പൈസയാണ്. തൻവർഷത്തെ Establishment ചെലവാകട്ടെ 483414 രൂപയാണ്. ഇത് വരവിന്റെ 97% മാണ് ഇതിലേക്ക് ഗ്രാന്റായി സർക്കാരിൽ നിന്ന് ലഭിക്കുന്നത് 98689 രൂപമാത്രമാണ്. ബാക്കി 384725 രൂപ സ്വന്തം ഫണ്ടിൽനിന്ന് ചെലവാക്കേണ്ടി വരുന്നു. ഇതിനുപുറമേ സർക്കാർ തലത്തിൽ തീരുമാനിച്ച് നടപ്പാക്കാനാവശ്യപ്പെടുന്ന ദൈനംദിന പ്രവർത്തനങ്ങൾക്ക് സർക്കാരിൽനിന്ന് ലഭിക്കുന്ന ഗ്രാന്റിനേക്കാൾ കൂടുതൽ ചെലവാക്കേണ്ടി വരുന്നു. ഉദാഹരണമായി, കേരളോത്സവം നടത്താൻ ലഭിക്കുന്ന ഗ്രാന്റ് 1000ക. യാണ്. 2 ദിവസം നീണ്ടുനിൽക്കുന്ന കലാകായിക മത്സരങ്ങൾ നടത്താൻ 95–96ൽ 4000ക. ചിലവുവന്നു. ഈ സ്ഥിതിക്ക് മാറ്റം വരുത്തിയാൽ മാത്രമെ പ്രത്യുല്പാദന മേഖലകളിൽ മൂലധനം ഇറക്കാൻ നമുക്ക് കഴിയൂ. അതിനാൽ Establishment ചെലവു മുഴുവൻ സർക്കാർ ഗ്രാന്റായി അനുവദിക്കണം.

1990–91 മുതലുള്ള 6 വർഷങ്ങളിലായി ജവഹർ റോസ്ഗാർ യോജന ഉപാദി രഹിത ഫണ്ട് തുടങ്ങിയ ഇനങ്ങളിലായി 45 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഇതിലെ ചെറിയൊരു സംഖ്യ ഭവനരഹിതർക്ക് വീട് വെച്ചുകൊടുക്കാനും, കക്കൂസ് ഉണ്ടാക്കാനും വേണ്ടി ചെലവാക്കിയതൊഴിച്ചാൽ ബാക്കി മുഴുവൻ വികസനമെന്നാൽ 'റോഡ്' ആണ് എന്ന ധാരണയിൽ. റോഡ് നിർമ്മാണത്തിന് വേണ്ടി ചെലവഴിക്കുകയാണുണ്ടായത്. പണികഴിഞ്ഞ് ഒരു മഴക്കാലം കഴിയുമ്പോഴേക്കും ഇത് മുഴുവൻ നാശമായി ഒലിച്ചു പോവുകയും ചെയ്തിട്ടുണ്ടാകും. അതിനാൽ

നിലവിലുള്ള വികസന മാതൃകയിൽ നിന്ന് കുതറി മാറി കൂടുതൽ വിഭവങ്ങൾ സമാഹരിച്ച് കാർഷിക വ്യവസായ മേഖലകളിൽ മുടക്കി മനുഷ്യന്റെ ദൈനംദിന ജീവിതം മെച്ചപ്പെടുത്താൻ കഴിയണം.

നിലവിലുള്ള വരുമാനങ്ങളിൽ വർദ്ധനവുണ്ടാക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ.

### *1. കെട്ടിട നികുതി :*

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമാണ് കെട്ടിട നികുതി. ഒരു കെട്ടിടം വാടകക്ക് കൊടുത്താൽ കിട്ടാവുന്ന സംഖ്യയുടെ 6% മുതൽ 10% വരെ നികുതി ചുമത്താനാണ് അധികാരമുള്ളത്. നമ്മുടെ പഞ്ചായത്തിൽ 6% തോതിലാണ് നികുതി. ഇത് ചുരുങ്ങിയത് 8% മെങ്കിലുമാക്കി ഉയർത്തേണ്ടതാണ്. 5 വർഷത്തിലൊരിക്കലാണ് നികുതി പുതുക്കുന്നത്. നികുതി ചുമത്തുമ്പോൾ തന്നെ വർഷാവർഷം ഒരു നിശ്ചിത ശതമാനമെങ്കിലും നികുതി വർദ്ധിപ്പിക്കാനുള്ള നിയമഭേദഗതി കൊണ്ടുവരണം. ഇത് നികുതിയുടെ പത്തുശതമാനമെങ്കിലും ആകണം. പുതുക്കുമ്പോൾ നികുതി ദായകന്റെ നികുതി ഒടുക്കുവാനുള്ള സാമ്പത്തിക സ്ഥിതി കൂടി പരിഗണിക്കണം.

### *2. വിനോദനികുതി*

അമ്പാടി ടാക്കീസിൽ നിന്നുള്ള വരുമാനമാണ് വിനോദനികുതി. ചെലവഴിക്കപ്പെടുന്ന ടിക്കറ്റുകളുടെ 15% വിനോദ നികുതി 3% അഡീഷണൽ വിനോദനികുതി, ഒരു ഷോവിന് 1.25 രൂപ ഷോ ഫീസ് എന്ന രീതിയിലാണ് വിനോദ നികുതി പിരിച്ചുകൊണ്ടിരിക്കുന്നത്. ടിക്കറ്റുകൾ മുൻകൂറായി സീൽ ചെയ്യുകൊണ്ടുപോവുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. ഇത് വരുമാന ചോർച്ചക്ക് ഇടവരുത്തുന്നുണ്ട്. അതിനാൽ സീറ്റ് കപ്പാസിറ്റിയുടെ ഒരു നിശ്ചിത ശതമാനം വിനോദ നികുതി ചുമത്താനുള്ള ഭേദഗതി സിനിമാ ആക്ടിൽ കൊണ്ടുവരണം.

ഗാർഡനും പാർക്കും നിർമ്മിച്ച് ടൂറിസം വികസനത്തിന് നമ്മുടെ പഞ്ചായത്തിൽ സാധ്യത യുണ്ട്. ഇതിലൂടെ വിനോദ നികുതി സമാഹരിക്കാൻ കഴിയും. പഞ്ചായത്ത് കളിസ്ഥലം ഇതിന് ഉപയോഗിക്കാം. ആഢംബര ഉപകരണങ്ങളായ ടി.വി., കേബിൾ ടി.വി. എന്നിവയ്ക്കും വിനോദ നികുതി ഏർപ്പെടുത്താവുന്നതാണ്.

### *3. തൊഴിൽ നികുതി*

സർക്കാർ, അർദ്ധസർക്കാർ, ധനകാര്യസ്ഥാപനങ്ങളിലെ ജീവനക്കാർ മാത്രമാണ് ഇപ്പോൾ കാര്യമായി തൊഴിൽ നികുതി അടക്കുന്നത്. കച്ചവട സ്ഥാപനങ്ങളിലേയും സ്വകാര്യ സ്ഥാപനങ്ങളിലേയും തൊഴിൽ സംരംഭകർക്ക് നികുതി ഉണ്ടെങ്കിലും ഇത് നാമമാത്രമാണ്. ഇത് ബിസ്സിനസ്സിന് അനുസരിച്ച് പരിഷ്കരിക്കേണ്ടതാണ്.

L.I.C., U.T.I, G. I. C., മഹിളാപ്രധാൻ ഏജന്റുമാർക്കും തൊഴിൽ നികുതി ഏർപ്പെടുത്താവുന്നതാണ്.

## 4. ലൈസൻസ് ഫീസ്

8744 രൂപയാണ് സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസിനത്തിൽ ഇപ്പോൾ കിട്ടുന്നത്. ഫീസ് നിരക്ക് വർദ്ധിപ്പിക്കണം.

സ്വകാര്യ ആശുപത്രി, പാരലൽ കോളേജ്, ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പാരാ മെഡിക്കൽ കോഴ്സ്, കോഴി ഫാം, എസ്. ടി. ടി. ബൂത്ത് തുടങ്ങിയവക്കൊന്നും ലൈസൻസില്ല. ഇവക്ക്കൂടി ലൈസൻസ് ഫീ ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കണം.

## 5. പരസ്യ നികുതി

രാഷ്ട്രീയ പാർട്ടികൾ വർഗ ബഹുജന സംഘടനകൾ എന്നിവയൊഴികെയുള്ള പരസ്യം പ്രദർശിപ്പിക്കുന്നവർക്ക് പരസ്യ നികുതി ഏർപ്പെടുത്താവുന്നതാണ്.

## 6. ലേലം

ഫലവൃക്ഷങ്ങൾ മണൽ, ചന്ത, തുടങ്ങിയവ ഇപ്പോൾ ചെറിയ സംഖ്യക്കാണ് ലേലം ചെയ്യുന്നത്. ഈ സംഖ്യ വർദ്ധിപ്പിക്കാൻ കഴിയണം. പഞ്ചായത്തധീനതയിലുള്ള പുറമ്പോക്ക് ഭൂമി കൃഷിയാവശ്യത്തിന് ലേലം ചെയ്ത് കൊടുക്കാവുന്നതാണ്.

## 7. വാടക

ട്രഷറിക്ക് 684 രൂപയാണ് ഇപ്പോൾ കിട്ടുന്ന മാസ വാടക. കാലാനുസൃതമായി ഭേദഗതി വരുത്തി ഈ സംഖ്യ വർദ്ധിപ്പിക്കണം.

കല്യാണ മണ്ഡപത്തിന്റെ 95 – 96 ലെ വാടക വരവ് 2866.75 രൂപയാണ്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഈ വരുമാനം വർദ്ധിപ്പിക്കണം. ഇപ്പോൾ വാങ്ങിയിട്ടുള്ള പാത്രങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് വാടകക്ക് കൊടുക്കണം. വലമ്പിലി മംഗലത്ത് പരപ്പിൽ പുഴക്കടവ് ലേലം ചെയ്യണം.

## പുതിയ വരുമാന മാർഗ്ഗങ്ങൾ

1. പഞ്ചായത്തുവക കുളങ്ങളും, പുഴകളും മത്സ്യകൃഷിക്ക് ലേലം ചെയ്തുകൊടുക്കുക.
2. താരതമ്യേന വരുമാനം കൂടുതലുള്ള റബ്ബർ കൃഷിക്ക് ഏക്കർ ഒന്നിന് 50 രൂപ തോതിൽ സെസ്സ് ഏർപ്പെടുത്തുക.
3. റബ്ബർ നഴ്സറിയിൽ തൈ ഒന്നിന് 50 പൈസ തോതിൽ നികുതി ചുമത്തുക.
4. പഞ്ചായത്തുവക ഒരു ട്രാവലേഴ്സ് ബംഗ്ലാവ് നിർമ്മിച്ച് വാടകക്ക് കൊടുക്കുക. പഞ്ചായത്താഫീസ് കോംപൗണ്ടോ, കല്യാണമണ്ഡപത്തിനോട് ചേർന്ന് കിടക്കുന്ന സ്ഥലമോ ഇതിനുവേണ്ടി ഉപയോഗിക്കാം.

5. ധാരാളം സർക്കാറാഫീസുകളും ധനകാര്യ സ്ഥാപനങ്ങളുമുള്ള ഈ പഞ്ചായത്തിൽ ജീവനക്കാർ താമസസൗകര്യത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ചന്തപ്പുരക്ക് സമീപം ചെലവ്കുറഞ്ഞ വീടുകൾ നിർമ്മിച്ച് വാടകക്ക് കൊടുക്കാവുന്നതാണ്. ശ്രീകൃഷ്ണപുരം ബ്ലോക്കോഫീസ് കോംപൗണ്ടിൽ ധാരാളം സ്ഥലം ഒഴ ിഞ്ഞുകിടക്കുന്നുണ്ട്. ഗ്രാമ വികസന വകുപ്പിൽ നിന്ന് ഈ സ്ഥലം വിട്ടുകിട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

6. ഷെഡിൻകുന്ന്, ചന്തപ്പുര, അമ്പാടി ജംഗഷൻ, ആശുപത്രി ജംഗഷൻ, മംഗലംകുന്ന്, പുഞ്ചപ്പാടം എന്നിവിടങ്ങളിൽ ടാക്സി, ഓട്ടോ സ്റ്റാൻഡുകൾ നിർമ്മിച്ച് വാഹനങ്ങളിൽ നിന്ന് ഫീസ് ഈടാക്കാവുന്നതാണ്.

7. പെരുമാങ്ങോട് ചന്ത ഏറ്റെടുത്ത് ബസസ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിച്ച് വാടകക്ക് കൊടുക്കുക.

8. സ്റ്റേഡിയം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

9 ഇന്ദിരാ വികാസ് പത്രയിലേക്ക് പിരിച്ചെടുക്കുന്ന സംഖ്യയുടെ 15% മുതൽ 25% വരെ അതാതു പഞ്ചായത്തിനുതന്നെ ലഭിക്കുന്ന വ്യവസ്ഥ നിലവിലുണ്ട്. കൂടാതെ വാർഡു സമിതികളുടെ നേതൃത്വത്തിൽ പിരിച്ചെടുക്കുന്ന സംഖ്യയുടെ 20% അതാതു വാർഡു കമ്മിറ്റികൾക്ക് ലഭിക്കുന്ന പുതിയ വ്യവസ്ഥയും നിലവിലുണ്ട്. ഈ സംരംഭം വിജയിപ്പിക്കണം.

10. കനറാ ബാങ്ക്, എസ്. ബി. ടി. പി.സി.സി. ബാങ്ക് എന്നിവയുടെ ഓരോ ശാഖകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾ നമ്മുടെ നാട്ടിൽ നിന്ന് ശേഖരിക്കുന്ന നിക്ഷേപത്തിന്റെ ചെറിയൊരംശമേ ഇവിടെ വായ്പയായി നൽകുന്നുള്ളൂ. ഈ സമീപനം മാറ്റി നിക്ഷേപത്തിന്റെ 80% നമ്മുടെ പഞ്ചായത്തിലെ കാർഷിക – വ്യാവസായിക സംരംഭകർക്ക് വായ്പയായി ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. പഞ്ചായത്ത് നേരിട്ട് മൂലധനം മുടക്കേണ്ട കാര്യങ്ങൾക്ക് ഈ സ്ഥാപനങ്ങളിൽ നിന്ന് ലളിതമായ വ്യവസ്ഥകളി ന്മേൽ വായ്പ ലഭിക്കാനുള്ള സംവിധാനം ഉണ്ടാകണം. ഇപ്പോൾ നിലലവിലുള്ള വരുമാ നവും ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ ഉണ്ടാകാവുന്ന വരുമാനവും താരതമ്യ പഠനത്തിന് വേണ്ടി താഴെ കൊടുക്കുന്നു.

പട്ടിക – 3

| നമ്പർ | ഇനം | നിലവിലുള്ളത് | മുതൽമുടക്ക് | ലഭിക്കാവുന്നത് |
|---|---|---|---|---|
| 1. | കെട്ടിട നികുതി | 112626 10 | | 250000 00 |
| 2. | വിനോദ നികുതി | 46395 47 | | 100000 00 |
| 3. | വിനോദ നികുതി | | 300000 00 | 75000 00 |
| 4. | തൊഴിൽ നികുതി | 118870 00 | | 200000 00 |
| 5. | ലൈസൻസ് | 8744 00 | | 50000 00 |
| 6. | ലേലം | 60307 85 | | 100000 00 |
| 7. | വാടക | 11074 75 | | 20000 00 |

| നമ്പർ | ഇനം | നിലവിലുള്ളത് | മുതൽമുടക്ക് | ലഭിക്കാവുന്നത് |
|---|---|---|---|---|
| 8. | പുഴക്കടവ് | | | 1000 00 |
| 9. | കുളം, പുഴ, (മത്സ്യകൃഷി) | | | 25000 00 |
| 10 | റബ്ബർ സെസ്സ് | | | 35000 00 |
| 11 | ബംഗ്ലാവ് | | 2,00,000 00 | 36000 00 |
| 12 | ക്വാർട്ടേഴ്സ് | | 10,00,000 00 | 36000 00 |
| 13 | ഓട്ടോ – ടാക്സി സ്റ്റാൻഡ് | | 150000 00 | 54000 00 |
| 14 | ബസ്സ്റ്റാൻഡ കം കോംപ്ലക്സ് | | 10,00,000 00 | 100000 00 |
| 15 | നഴ്സറി നികുതി | | | 25000 00 |
| 16 | പരസ്യനികുതി | | | 10000 00 |
| 17 | ഇന്ദിരാ വികാസ് പത്ര | | | 300000 00 |
| | ആകെ | 358018 17 | 2650000 00 | 1417000 00 |

മേൽകാണിച്ച പട്ടിക പ്രകാരം മുതൽമുടക്കുകളില്ലാതെ 11 ലക്ഷം രൂപയും 26.5 ലക്ഷം മുടക്കിയാൽ 3 ലക്ഷത്തിലധികം അധിക വരുമാനം ലഭിക്കും. മുതൽ മുടക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ വായ്പയായി സ്വരൂപിക്കാൻ ഉള്ള അധികാരം പഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്.

നേരിട്ടുള്ള സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുവാനുള്ള നിർദ്ധേശങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. രാഷ്ട്രീയ പാർട്ടികൾക്കും ബഹുജന സന്നദ്ധസംഘടനകൾക്കും ശക്തമായ സ്വാധീനം ഈ ഗ്രാമത്തിനുണ്ട്. ജനങ്ങളാകട്ടെ കർമ്മോത്സഹരുമാണ്. ജനസംഖ്യയിൽ ഏതാണ്ട് 10,000 പേരെങ്കിലും കായിക ശേഷി ഉള്ളവരോ സാമ്പത്തിക ശേഷി ഉള്ളവരോ ആണ്. ഒരാൾ ഒരുവർഷം ചുരുങ്ങിയത് 4 ദിവസത്തെ അദ്ധ്വാനമെങ്കിലും നമ്മുടെ നാടിന് വേണ്ടി സംഭാവന ചെയ്യുകയും 5,000 പേരെങ്കിലും തയ്യാറാവുകയും ചെയ്താൽ ഒരു വർഷം 20000 മനുഷ്യാ ദ്ധ്വാനം ലഭിക്കും. ഒരു അദ്ധ്വാനത്തിന് ചുരുങ്ങിയത് 50 രൂപ വെച്ച് കണക്കാക്കിയാൽ 10 ലക്ഷം രൂപയായി. അതുപോലെ സാമ്പത്തികശേഷി ഉള്ളവർ നാടിന്റെ മുന്നേറ്റത്തിന് സംഭാവനകൾ ചെയ്യാൻ മുന്നോട്ടുവരും. ആ നിലയിൽ നമുക്ക് 5 ലക്ഷം രൂപയെങ്കിലും സമാഹരിക്കാൻ കഴിയുമെന്ന് വിശ്വസിക്കാം.

നമ്മുടെ ഗ്രാമത്തിന്റെ പരിമിധികൾക്കകത്തു നിന്നുകൊണ്ട് സമാഹരിക്കാവുന്ന വിഭവങ്ങളെ സംബന്ധച്ചാണ് ഈ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. ഗ്രാമ സഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങളും കോർ ഗ്രൂപ്പന്റെയും ഭരണസമിതിയുടെയും അഭിപ്രായങ്ങളും ഉൾപ്പെടുത്തിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. കൂടുതൽ വിഭവങ്ങളെക്കുറിച്ചുള്ള അന്വേഷണം വികസന സെമിനാറിലെ ഗ്രൂപ്പ് ചർച്ചയിലും പൊതു ചർച്ചയിലും ഉണ്ടാകുമെന്ന വിശ്വാസത്തോടെ പുതിയ നിർദ്ദേശങ്ങൾ ചേർത്തുകൊണ്ട് ഈ റിപ്പോർട്ട് സമ്പുഷ്ടമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# 18

# ഉപസംഹാരം

ഒരു പ്രദേശത്തിന്റെ വികസനമെന്നത് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ മാത്രമായി ഒതുക്കി നിർത്തിക്കൂടാ, ഉല്പാദന – വിതരണ രംഗങ്ങളിൽ ഇന്നുള്ള രീതി മാറിയാലല്ലാതെ ഐശ്വര്യപൂർണമായ ഒരു ഗ്രാമം കെട്ടിപ്പടുക്കാൻ കഴിയില്ല. ' ഒമ്പതാം പദ്ധതി ജനകീയ പദ്ധതി ' എന്നുതുകൊണ്ട് ഉദ്ദേശിക്കുന്നതും ഈ തരത്തിലുള്ള ഒരു വികസന കാഴ്ചപ്പാടാണ്.

മേൽ കാണിച്ച തരത്തിലുള്ള ഒരു പുത്തൻ വികസന സംസ്കാരം കെട്ടിപ്പടുക്കേണ്ടതിന് വളരെയേറെ പ്രവർത്തനം ആവശ്യമാണെന്ന് ഇതിനകം തന്നെ ഏവരും അറിഞ്ഞിരിക്കുമല്ലോ. ഉല്പാദന രംഗത്തെ മാന്ദ്യത്തിലുള്ള കാരണങ്ങളെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യണം. വികസന പ്രക്രിയയിലെ മുരടിപ്പ് എങ്ങിനെയെല്ലാം സംഭവിച്ചു എന്ന് വിദഗ്ദമായി പരിശോദിക്കണം.

പരിമിതമായ വിഭവങ്ങളെ കൃത്യമായി പഠിച്ച് പരമാവധി പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള പദ്ധതി പ്രവർനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. ഒരു വിഭവ ഭൂപട നിർമ്മാണത്തിലൂടെ മാത്രമെ ഇത് സാധിക്കു. അതിനാകട്ടെ ഒട്ടേറെ സമയം ആവശ്യമാണ്. എന്നാൽ ഈ സമയക്കുറവ് വികേന്ദ്രീകൃത ആസൂത്രണത്തിനുള്ള വിലങ്ങുതടിയാകാൻ പാടില്ല എന്നുള്ളതുകൊണ്ട് നമ്മുടെ ഗ്രാമ പഞ്ചായത്തിലെ വിഭവ ഭൂ പടത്തിന്റെ ഒരു ഏകദേശ ചിത്രം ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം.

ഈ വിഭവങ്ങളെ ഉൾക്കാഴ്ചയോടും ദീർഘവീക്ഷണത്തോടും കൂടി പഠിച്ച് വികസന പ്രവർത്തനങ്ങൾക്കുള്ള മൂലധനമായിക്കണ്ട് അതോടൊപ്പം നമ്മുടെ ഗ്രാമ പഞ്ചായത്തിലെ മാനുഷിക വിഭവം എന്ന അതി മഹത്തായ ധനംകൂടി കൂട്ടിച്ചേർത്ത് സാമൂഹ്യമാറ്റത്തിന് വഴിയൊരുക്കുന്ന പ്രവർത്തനങ്ങളും സംഘടിപ്പക്കണം.

ഈ റിപ്പോർട്ടിൽ നമ്മുടെ പഞ്ചായത്തിലെ മാനുഷിക വിഭവത്തെയും ഒരു പരിധിവരെ അപഗ്രഥിച്ച് പഠിക്കാനുള്ള ഒരു ശ്രമം നടത്തിയിട്ടുണ്ട്. ആ പരിശേ ാദനയിൽ വളരെയേറെ പരിമിതികൾ ആരോഗ്യ വിദ്യാഭ്യാസ ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ ഉണ്ടെന്നും ബോദ്യപ്പെട്ടിട്ടുണ്ട്.

അതിനാൽ മേൽപ്പറഞ്ഞ കുറവുകൾ കഴിയുന്നത്ര നല്ല രീതിയിൽ പരിഹരിക്കേണ്ടതാണ്. റിപ്പോർട്ടിൽ അതിനുള്ള ചില മാർഗ്ഗ നിർദ്ദേശങ്ങളും ചേർത്തിട്ടുണ്ട്.

പട്ടിണിക്കറുതി വരുത്താൻ പാടത്ത് പച്ചകേറണമെന്നും പണിശാലകളിൽ പണിയെടുത്തേ നാട് പൊന്നാക്കാനാകൂ എന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ.

സുഹൃത്തുക്കളേ, നമ്മുടെ വിഭവം പരിമിതമാണ്. അവയിൽ നിന്ന് വലിയൊരു ഫലമുണ്ടാകണമെങ്കിൽ നമ്മുടെ ത്യാഗമനോഭാവവും, ആത്മാർത്ഥയും സേവന സന്നദ്ധതയും ഒരുമിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിലൊരു വികസന സംസ്കാരം കെട്ടിപ്പടുക്കാനും അതുവഴി നമ്മുടെ ഗ്രാമ പഞ്ചായത്ത് സ്വയം സമ്പൂർണ്ണ പഞ്ചായത്താക്കി മാറ്റാനും നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. അതിനുള്ള നിർദ്ദേശ ങ്ങൾ നൽകാനും വികസന പ്രവർത്തനങ്ങളിൽ കഴിവിന്റെ പരമാവധി വിനിയോഗിക്കാനും അഭ്യർത്ഥിച്ചുകൊണ്ട് സെമിനാറിൽ പങ്കെടുത്തവരുടെ സജീവമായ, ആരോഗ്യകരമായ ചർച്ചകൾക്കായി ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

# വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

### 1. കൃഷി – ജലസേചനം

സുനിൽകുമാർ (കൃഷിഭവൻ ഓഫീസർ), സി. എൻ. ആർ. ഗുപ്തൻ, പി. കോമൻ നായർ, പ്രമോദ് കൃഷ്ണൻ (കൃഷിഭവൻ അസിസ്റ്റൻറ്), കെ. രാമകൃഷ്ണൻ.

### 2. മൃഗസംരക്ഷണം – മത്സ്യബന്ധനം

ഡോ. കെ. പി. അച്ചുതൻകുട്ടി, സി. സി. ജയശങ്കർ, കെ. അച്ചുതൻ, കെ. അച്ചുതൻ നായർ.

### 3. വിദ്യാഭ്യാസം

കെ. രാമകൃഷ്ണൻ നായർ, എം. എസ്. എൻ. സുധാകരൻ, എം. ആർ. സ്വാമിനാഥൻ.

### 4. ആരോഗ്യം – കുടിവെള്ളം

എം. എ. സതീശൻ, ടി. എസ്. സുബ്രഹ്മണ്യൻ, സൈനുദ്ദീൻ, എം. ടി. ജോസഫ്, എം. ഗോപാലകൃഷ്ണൻ എമ്പ്രാരിരി.

### 5. ഗതാഗതം – ഊർജ്ജം

പി. അച്ചുതൻ കുട്ടി, കെ. വി. ഗോപാലൻ കുട്ടി, എം. ഹരിദാസൻ, കെ. സുബ്രഹ്മണ്യൻ.

### 6. ഭവനനിർമ്മാണം _ സാമൂഹ്യക്ഷേമം

സുബ്രഹ്മണ്യൻ നമ്പൂതിരി, എം. വെങ്കിടേശ്വരൻ, എ. ബി. ഗുപ്ത, ടി. നാരായണൻ കുട്ടി.

### 7. സംസ്കാരം

പ്രൊഫ. രുദ്രവാരിയർ, എ. കെ. നാരായണൻ നായർ, പി. ഗിരീഷ്, സി. ശങ്കരൻ.

### 8. വ്യവസായം

ശ്രീനിവാസൻ, ഭാസ്കരൻ, വി. എൻ. കൃഷ്ണൻ, പ്രദീപ്.

### 9. വനിത

എം. എം. സാവിത്രി, എം. കൊമളവല്ലി, എം. ദേവകികുട്ടി, പി. വത്സല, വി. കെ. പത്മിനി, പി. ശോഭന.

### 10. സഹകരണം

പി. എസ്. നമ്പൂതിരിപ്പാട്, ടി. നീലകണ്ഠൻ, വി. ആർ. ശശി, കെ. സുബ്രഹ്മണ്യൻ.

### 11. പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം

വി. സി. ഉണ്ണികൃഷ്ണൻ, എൻ. വാസുദേവൻ, കെ. സുദീപ്.

### 12. തൊഴിൽ

കെ. അച്ചുതൻ നായർ, കെ. സുബ്രഹ്മണ്യൻ, ടി. നീലകണ്ഠൻ.

### 13. വിഭവസമാഹരണം

കെ. നാരായണൻകുട്ടി, വി. എം. ഗോപാലകൃഷ്ണൻ, സി. എൻ. ശങ്കരനാരായണൻ.

### 14. നാട്ടറിവ് – ചരിത്രം

എം. സി. വാസുദേവൻ, പി. ശങ്കരൻമാസ്റ്റർ, എം. എം. സാവിത്രി, കെ. സുബ്രഹ്മണ്യൻ, എം. കുട്ടികൃഷ്ണൻ, ഇ. എം. ത്രിവിക്രമൻ.

# അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം.
- 9–ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു.
- ബഹുജന സഹകരണം അനിവാര്യം



**ഐശ്വര്യ പൂർണ്ണമായ കേരളം**